ജന്മദിനപ്പതിപ്പ് 2021

# പ്രതിച്ഛായ

രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക



## ഓർമ്മകളിൽ മാണിസാർ




DIGITAL GADGETS | HOME APPLIANCES | EXPERT SERVICES
oxygendigitalshop.com | 9020 100 100

# പ്രതിച്ഛായ

**രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക**

ജന്മദിനപ്പതിപ്പ് 2021

₹ 50

ചീഫ് എഡിറ്റർ

**ഡോ. കുര്യാസ് കുമ്പളക്കുഴി**

PRATHICHAYA WEEKLY
Palace Road
Kottayam - 686001

Registerd RN NO. KER MAL/2007/21242
Reg. No. KL/KTM/131/2017-19
Licence No: KL/CR/KTM/WPP-10/2017-19

Licensed to Post Without Prepayment

Email - prathichayaweekly@gmail.com
prathichayanews@gmail.com
Website : www.prathichaya.com
Phone Number: 0481-2564085






## മുഖമൊഴി

സഹൃദയരായ പ്രിയ സുഹൃത്തുക്കളേ,

പ്രതിച്ഛായ വാരികയുടെ 2021 – ലെ വാർഷികപ്പതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. ഈ വർഷം കേരളാകോൺഗ്രസ് ജന്മദിനപ്പതിപ്പ് എന്ന നിലയിലാണ് ഈ പ്രസിദ്ധീകരണം വായനക്കാരുടെ കൈകളിൽ എത്തുന്നത്. മലയാളത്തിലെ പ്രമുഖരായ എഴുത്തുകാരുടെ ലേഖനങ്ങളും കവിതകളും കഥകളുംകൊണ്ട് സമ്പന്നമായ ഈ അക്ഷരോപഹാരത്തിലൂടെ സഹൃദയരായ നിങ്ങൾക്ക് വിഭവസമൃദ്ധമായ വായനാവിരുന്നൊരുക്കാൻ കഴിഞ്ഞിരിക്കുന്നു എന്ന ചാരിതാർത്ഥ്യം ഞങ്ങൾക്കുണ്ട്.

കേരളാ കോൺഗ്രസ് (എം) ചെയർമാൻ ശ്രീ. ജോസ് കെ. മാണിയുമായുള്ള അഭിമുഖം വായനക്കാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ? ഒരു സെമി കേഡർപാർട്ടിയായി കേരളാ കോൺഗ്രസ് (എം)നെ പുനഃസംഘടിപ്പിക്കാനും പാർട്ടിയുടെ പ്രതാപകാലം വീണ്ടെടുക്കാനുമുള്ള പ്രതിജ്ഞാബദ്ധത അദ്ദേഹത്തിന്റെ വാക്കുകളിൽ വ്യക്തമാണ്.

കേരളാ കോൺഗ്രസ് (എം)ന്റെ മുഖപത്രമായ പ്രതിച്ഛായ വാരികയുടെ പ്രസിദ്ധീകരണംകോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മുടങ്ങിപ്പോയിരുന്നു. അതു പുനരാരംഭിക്കുകയാണ്. അതിന്റെ തുടക്കമാണ് ഈ വാർഷികപ്പതിപ്പ്.

എല്ലാ സുഹൃത്തുക്കളുടെയും ആത്മാർത്ഥമായ സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

ഡോ. കുര്യാസ് കുമ്പളക്കുഴി
ചീഫ് എഡിറ്റർ



# Valavoor Bank

Valavoor Service Co-operative Bank Ltd. No. K 91

**CLASS 1** SUPER GRADE BANK **H.O. VALAVOOR**

Valavoor P.O. Kottayam Dt. Kerala - 686 635, ) 04822 258 001, 258 611. E.mail: valavoorbank@yahoo.com, **www.valavoorbank.in**

| ബ്രാഞ്ചുകൾ: | വലവൂർ മെയിൻ | വലവൂർ M&E | വള്ളീച്ചിറ | നെച്ചിപ്പുഴൂർ | അന്ത്യാളം | അന്തീനാട് | അന്തീനാട് M&E | പയപ്പാർ |
|---|---|---|---|---|---|---|---|---|
| | 04822 258501 | 04822 258001 | 04822 210714 | 04822 210223 | 04822 210295 | 04822 246203 | 04822 247496 | 04822 200936 |

### സ്ഥിതി വിവരക്കണക്ക്

| | |
|---|---|
| അംഗങ്ങൾ | - 24300 |
| ഓഹരിത്തുക | - 3.56 കോടി |
| നിക്ഷേപങ്ങൾ | - 281 കോടി |
| വായ്പകൾ | - 202 കോടി |
| പ്രവർത്തന മൂലധനം | - 300 കോടി |
| ജി.ഡി.സി. എസ് സല | - 6.42 കോടി |

ആഡിറ്റ് ക്ലാസിഫിക്കേഷൻ - A

വലവൂർ ബാങ്ക് A/C ഓഡിറ്റോറിയം (1000 സീറ്റ്)

A/C, Non A/C റസിഡൻഷൽ റൂം

(**Mob:** 8281658000)

കാരുണ്യസ്പർശം ചികിത്സാസഹായപദ്ധതി,

ആംബുലൻസ് സർവ്വീസ് (**Mob:** 8281258000)

ലോക്കർ, ഫോട്ടോസ്റ്റാറ്റ്,

**RTGS, NEFT, WESTERN UNION MONEY TRANSFER** സംവിധാനം

പ്രസിഡന്റ്
**കെ.ജെ. ഫിലിപ്പ് കുഴികുളം**
Mob:9495958011

സെക്രട്ടറി
**ഗോപാലകൃഷ്ണൻ നായർ കെ.കെ.**
Mob:9446863290

### ഭരണസമിതി

| | |
|---|---|
| ശ്രീ. കെ. ജെ. ഫിലിപ്പ്, കുഴികുളം, വലവൂർ (പ്രസിഡന്റ്) | Mob: 9495958011 |
| ശ്രീ. എസ്.കൃഷ്ണൻകുട്ടി നായർ, കളപ്പുരയ്ക്കൽ, ഇടനാട് (വൈസ് പ്രസിഡന്റ്) | Mob: 9495849797 |
| ശ്രീ. എം. പി. രാമകൃഷ്ണൻ നായർ,മാന്തോട്ടത്തിൽ, അന്തീനാട് | Mob: 9447432373 |
| ശ്രീ. ബെന്നി വർഗ്ഗീസ്, മുണ്ടത്താനത്ത്, വലവൂർ | Mob: 9447147029 |
| ശ്രീ. ഫ്രാൻസിസ് സെബാസ്റ്റ്യൻ, മൈലാടൂർ, കരൂർ | Mob: 9745948544 |
| ശ്രീ. ബിനോയി മാനുവൽ, പുളിച്ചമാക്കിൽ , കുടക്കച്ചിറ | Mob: 9946327570 |
| ശ്രീ. പുരുഷോത്തമൻ നായർ പി. ആർ, സൗപർണ്ണിക, വലവൂർ | Mob: 9496448417 |
| ശ്രീ. സന്തോഷ് ജെ. കുര്യത്ത്, ഇടനാട് | Mob: 9446145593 |
| ശ്രീ. ലിന്റൻ ജോസഫ്, വെളുത്തേടത്തുകാട്ടിൽ, പയപ്പാർ | Mob: 9496236569 |
| ശ്രീ. ടോമി എൻ. ജേക്കബ്, നടയത്ത്. വള്ളിച്ചിറ | Mob: 9495381504 |
| ശ്രീ. എം. കെ. അജിമോൻ,മണ്ണാട്ടിക്കാവിൽ, നെച്ചിപ്പുഴൂർ | Mob: 9447129618 |
| ശ്രീമതി ശാരദക്കുഞ്ഞമ്മ പി., പാലപ്പുഴ ഭവനം, നെച്ചിപ്പുഴൂർ | Mob: 9846720728 |
| ശ്രീമതി ലിസി ജോസ്, ചടനാക്കുഴിയിൽ, ഇടനാട് | Mob: 9539315823 |
| ശ്രീമതി റ്റ്യൂബി പി. ഉറുകുഴിയിൽ, വള്ളിച്ചിറ | Mob: 9656851973 |
| ശ്രീ. ഗോപാലകൃഷ്ണൻ നായർ കെ. കെ കോണിപ്പാട്ട്, നെച്ചിപ്പുഴൂർ സെക്രട്ടറി | Mob: 9446863290 |

# ഉള്ളടക്കം


6 **മുഖവുരയില്ലാതെ**
ജോസ് കെ. മാണി

10 **ഇങ്ങനെ പോയാൽ**
സി. രാധാകൃഷ്ണൻ

12 **കടൽ പറഞ്ഞതും പറയാതിരുന്നതും**
രവിവർമ്മത്തമ്പുരാൻ

15 **പുഞ്ചിരിച്ചിത**
പ്രഭാവർമ്മ

16 **തളരാതെ മുൻപോട്ട്**
തോമസ്ചാഴികാടൻ

18 **ശാദ്വലഭൂമി**
സിജിത അനിൽ

23 **രണ്ടാം വരവ്**
രമേഷ് പുതിയമഠം

24 **കാരുണ്യത്തിന്റെ മഹാപ്രമാണി**
റോഷി അഗസ്റ്റിൻ

28 **കഥയ്ക്ക് പിന്നിലെ കഥ**
ഡോ. പോൾ മണലിൽ

34 **ഒരു മാണിസാറേ ഉണ്ടായിരുന്നുള്ളു**
ഡോ. കുര്യാസ് കുമ്പളക്കുഴി

47 **ഓണം കഴിഞ്ഞ്**
എ. സതീഷ്

48 **കരുത്തോടെ കരുതലോടെ ജോസ് കെ. മാണി**
പയസ് കുര്യൻ

55 **അശ്വാരൂഢം**
ജോജി കൂട്ടുമ്മേൽ

72 **പ്രായോഗികതയുടെ വിത്തുവിതച്ച കർഷകർ**
ഡോ. എൻ. ജയരാജ്

77 **ഭയം**
തേക്കിൻകാട് ജോസഫ്

82 **നേതാവിലെ മനുഷ്യനും മനുഷ്യനിലെ നേതാവും**
സ്റ്റീഫൻ ജോർജ്

84 **മന്ന പൊഴിയുന്നത് എപ്പോൾ ?**
പെരുങ്കടവിള വിൻസെന്റ്

96 **ശ്രീലങ്കൻ തമിഴ് രാഷ്ട്രീയം വെള്ളിത്തിര പറയുമ്പോൾ**
എ. ചന്ദ്രശേഖർ

103 **അനശ്വരനായ ജനനേതാവ്**
അഡ്വ.ജോബ് മൈക്കിൾ

105 **തണൽ മരങ്ങൾ**
ജോസ് മംഗലശ്ശേരി

107 **ഡിജിറ്റൽ കേരള**
പ്രമോദ് നാരായണൻ

119 **കാർഷിക മേഖലയിൽ കേരളത്തിന്റെ വെല്ലുവിളികൾ**
അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

121 **ആന്റൺ ചെക്കോവ്**
രാജൻ തുവ്വാര

125 **രവീന്ദ്ര ശീർഷം**
വി.ഗീത ഏറ്റുമാനൂർ

129 **മൂന്നാമത്തെ മാലാഖ**
കെ. കെ. സുധാകരൻ

140 **കബഡി**
ഡോ. സുനിത ഗണേഷ്

141 **അവസ്ഥാന്തരം**
ജോയി നാലുന്നാക്കൽ

145 **പുതുയ പൂവിളികൾ**
സുമേഷ് മുതുകുളം

149 **ഭൂമിയുടെ അവകാശികൾ**
കിളിരൂർ രാധാകൃഷ്ണൻ


152 **സൂര്യതേജസ്സോടെ മാണിസാർ**
ആയൂർ ബിജു




**മുഖവുരയില്ലാതെ**

**ജോസ് കെ മാണി**
ചെയർമാൻ,
കേരളകോൺഗ്രസ്സ്(എം)


# എന്റെ അച്ചാച്ചൻ



എല്ലാദിവസത്തെ പ്രാർത്ഥനയിലും ഞങ്ങൾ ദൈവസന്നിധിയിലേക്കുപോയ അച്ചാച്ചനെയും ചേർത്തുവെയ്ക്കാറുണ്ട്. കേരളരാഷ്ട്രീയത്തിലെ പല നിർണ്ണായകതീരുമാനങ്ങൾക്കും സാക്ഷിയായ പാലാവീട്ടിൽ ഇപ്പോഴും അച്ചാച്ചന്റെ അനുഗ്രഹ സാന്നിധ്യമുണ്ട്. ഞാൻ ജനിച്ചതും പിച്ചവെച്ചതും പാലാവീട്ടിലായിരുന്നു. ഈ വീടുമായി ഒരു വൈകാരികബന്ധമുള്ളതും അതുകൊണ്ടാണ്. എപ്പോഴും ജനങ്ങളുടെ സാന്നിധ്യമുള്ള തിരക്കുള്ള വീട്. ആ തിരക്കുകൾക്കു നടുവിൽ അച്ചാച്ചന്റെ അടുത്ത് ഓരോ ആവശ്യങ്ങളും സഹായങ്ങളും ചോദിച്ചുവരുന്ന സാധാരണക്കാരായ മനുഷ്യർ. അവരോടെല്ലാം കാരുണ്യത്തോടെ പെരുമാറുന്ന അച്ചാച്ചൻ. കുഞ്ഞായിരിക്കുമ്പോൾ മുതൽ ആ ദൃശ്യം എന്റെ കൺമുൻപിലുണ്ട്.

പാലായിലെ സ്കൂളിലാണ് അച്ചാച്ചൻ ആദ്യം എന്നെ ചേർത്തത്. എന്നാൽ അധികം വൈകാതെ അച്ചാച്ചൻ എന്നെ തമിഴ് നാട്ടിലെ യേർക്കാട് 'മോന്റ്ഫോർട്ട്' (Montfort School Yercaud) സ്കൂളിലേക്കു മാറ്റി. വീട്ടിൽനിന്നും വളരെദൂരെ മറ്റൊരു സംസ്ഥാനത്ത് ഒറ്റയ്ക്കായപ്പോൾ ആദ്യമൊക്കെ എനിക്കു വലിയ വിഷമമായിരുന്നു. പാലാ വീട് എനിക്കു അത്രയും പ്രിയപ്പെട്ടതായിരുന്നു. സ്കൂളിലെ അപരിചിതമായ അന്തരീക്ഷം. അതുമായി പൊരുത്തപ്പെടാൻ കുറെ സമയമെടുത്തു. പിന്നീട് ആ അന്തരീക്ഷവുമായി ഞാൻ ഇഴുകിചേർന്നു. അത്ര നല്ല കാമ്പസായിരുന്നു.

---

അച്ചാച്ചൻ ഇല്ലാത്ത ശൂന്യത ഒരിക്കലും
നികത്താനാവാത്തതാണ്.
വീട്ടിലായാലും കുടുംബത്തിന്
പുറത്തായാലും അതൊരു
വലിയ വിടവ് സൃഷ്ടിക്കുന്നുണ്ട്.



*മോന്റ് ഫോർട്ട്' സ്കൂൾ*

പിന്നീട് കാലമേറെ കഴിഞ്ഞപ്പോഴാണ് എന്തുകൊണ്ടാണ് അച്ചാച്ചൻ അങ്ങനെയൊരു തീരുമാനം എടുതെന്ന് എനിക്കു ബോധ്യപ്പെട്ടത്. ഞാനൊരു സ്വതന്ത്ര വ്യക്തിയായി വളരണമെന്ന് അച്ചാച്ചന് നിർബന്ധമുണ്ടായിരുന്നു.

ഒരു വ്യക്തിയുടെ ജീവിതം വികസിക്കുന്നതിലും അത് നേരായ പാതയിലൂടെ സഞ്ചരിക്കുന്നതിലും സ്കൂളുകൾക്കും ടീച്ചേഴ്സിനും സഹപാഠികൾക്കും വലിയ പങ്കുണ്ട്. ജോസ് കെ മാണി എന്ന ഞാൻ എപ്പോഴും പോസിറ്റീവായി ചിന്തിക്കുന്നതിലും ഇത്തരം ഘടകങ്ങളും കെ എം മാണി എന്ന എന്റെ അച്ചാച്ചനും വലിയ പങ്കുണ്ട്.

ഞാൻ മോന്റ് ഫോർട്ടിൽ പഠിക്കുന്ന സമയത്ത് ഇടയ്ക്കൊക്കെ അച്ചാച്ചൻ ഫോണിൽ വിളിക്കും. അക്കാലത്ത് അകലെയുള്ള ഒരാളെ വിളിക്കണമെങ്കിൽ ട്രങ്ക് കോൾ ബുക്ക് ചെയ്യണം. മണിക്കൂറുകൾ കഴിഞ്ഞാലേ ഒരാളെ ലൈനിൽ കിട്ടുകയുള്ളു. വിളിക്കുമ്പോൾ കുറെ നേരം സംസാരിക്കും. വളരെ പോസിറ്റീവായ കാര്യങ്ങളായിരിക്കും അച്ചാച്ചൻ സംസാരിക്കുക. അപ്പോൾ എന്റെ വിഷമമൊക്കെ പോകും.

സാധാരണ ഉച്ചഭക്ഷണ സമയത്താണ് മോന്റ് ഫോർട്ട് സ്കൂളിൽ പോസ്റ്റ് വരുന്നതും വിതരണം ചെയ്യുന്നതും. ഓരോരുത്തരുടെ പേര് വിളിച്ച് സ്കൂളിലെ വൈദികൻ അന്നന്ന് വന്ന എഴുത്തുകൾ വിതരണം ചെയ്യും. എല്ലാ ദിവസവും ജോസ് കെ മാണി എന്ന പേര് അച്ചൻ വിളിക്കുന്നത് കൗതുകത്തോടെയാണ് മറ്റുകുട്ടികൾ കേട്ടിരുന്നത്. എനിക്കു വന്നിരുന്നത് എഴുത്തായിരുന്നില്ല. തലേന്നുള്ള ദീപിക പത്രമായിരുന്നു. നാട്ടിലെ വാർത്തകൾ ഞാൻ നിത്യവും അറിഞ്ഞിരിക്കണമെന്നത് അച്ചാച്ചനു നിർബന്ധമായിരുന്നു. നാട്ടിലെ വാർത്തകൾ അറിയണമെന്ന് എനിക്കും വലിയ ആഗ്രഹമുണ്ടായിരുന്നു. പത്രം ഞാൻ മാത്രമല്ല വേറെയും പലരും വായിക്കുമായിരുന്നു.

ഇടയ്ക്ക് സ്കൂളിൽ നടന്ന ഒരു സംഭവം പറയാം. തമിഴ് നാട്ടിലുള്ള പ്രധാനസ്കൂളുകൾ എല്ലാം ഒരുമിച്ചു ചേർന്ന് എല്ലാ വർഷവും അതിലൊരു സ്കൂളിൽവെച്ച് സ്പോർട്സ് ആന്റ് ഗെയിംസ് മത്സരങ്ങൾ സംഘടിപ്പിക്കും. ആ വർഷം മോന്റ്ഫോർട്ടിലാണ് മത്സരവേദി നിശ്ചയിച്ചത്.

മത്സരങ്ങളുടെ ഉദ്ഘാടനചടങ്ങ് വീക്ഷിക്കുന്നതിനായി ഞങ്ങൾ കുട്ടികളെല്ലാം ഗാലറിയിൽ ഗസ്റ്റിനെ വെയിറ്റുചെയ്ത് ഇരിക്കുമ്പോൾ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് അന്നത്തെ ചീഫ് ഗസ്റ്റായി അവിടെ വന്നിറങ്ങിയത് കേരളത്തിന്റെ മന്ത്രിയായിരുന്ന എന്റെ പ്രിയപ്പെട്ട അച്ചാച്ചനായിരുന്നു.


അച്ചാച്ചന്റെ സ്പീച്ച് ഞങ്ങളെല്ലാം കേട്ടിരുന്നു. പ്രസംഗത്തിനുശേഷം ഗെയിംസ് മത്സരങ്ങൾ മിനിസ്റ്റർ ടെന്നീസ് കളിച്ചാണ് ഉദ്ഘാടനം ചെയ്യുക എന്ന അനൗൺസ്മെന്റ് വന്നപ്പോൾ എനിക്കു ടെൻഷനായി. അച്ചാച്ചന് ടെന്നീസ് കളി അറിയുമോ? പക്ഷെ ഞാൻ ആശങ്കപ്പെട്ടതുപോലെ ഒന്നുമുണ്ടായില്ല. അച്ചാച്ചൻ ടെന്നീസ് റാക്കറ്റെടുത്ത് ബോൾ തട്ടി ഗെയിംസ് ഉദ്ഘാടനം ചെയ്തു. ആ മത്സരത്തിൽ പ്രതീകാത്മകമായി അച്ചാച്ചൻ ജയിക്കുകയും ചെയ്തു.

അന്നുവരെ മറ്റു കുട്ടികളോട് എന്റെ അച്ചാച്ചൻ മന്ത്രിയാണെന്ന് ഞാൻ പറഞ്ഞിരുന്നില്ല. സ്കൂളിലാർക്കും അറിയില്ലായിരുന്നു. ഇത്തരം കാര്യങ്ങൾ മറ്റാരോടെങ്കിലും പറയുന്ന ശീലവും എനിക്കില്ല. ഞാൻ എവിടെയായിരുന്നാലും അങ്ങനെയാണ്. അവിടത്തെ അന്തരീക്ഷവുമായി പൊരുത്തപ്പെട്ട്, അവരിൽ ഒരാളായി അങ്ങ് ജീവിക്കും.

എന്റെ പഠനകാലഘട്ടത്തെല്ലാം അച്ചാച്ചന്റെ കരുതൽ എനിക്കൊപ്പമുണ്ടായിരുന്നു. ആവശ്യമായ പുസ്തകങ്ങളൊക്കെ അധികവായനയ്ക്ക് എത്തിച്ചു തരാൻ അച്ചാച്ചൻ ശ്രദ്ധിച്ചിരുന്നു. പിന്നീട് ജീവിതത്തിലെ വിവിധഘട്ടങ്ങളിലൂടെ കടന്നുപോയപ്പോഴും അദ്ദേഹം അനുഗ്രഹസ്പർശമായി സദാ കൈയ്യെത്തും ദൂരത്തുണ്ടായിരുന്നു.നമുക്കൊരു അത്യാവശ്യമുണ്ടായാൽ ഏതു സമയത്തു വിളിച്ചാലും അദ്ദേഹത്തെ കിട്ടിയിരുന്നു.

ഞങ്ങൾ വീട്ടുകാരോ കുടുംബക്കാരോ മാത്രമല്ല ആർക്ക് ഒരാവശ്യമുണ്ടായാലും അച്ചാച്ചനെ വിളിച്ചാൽ കിട്ടുമായിരുന്നു. എല്ലാവരുടെയും കാര്യത്തിൽ എപ്പോഴും ശ്രദ്ധയുള്ളയാളായിരുന്നു അദ്ദേഹം.

ഏതു തിരക്കിനിടയിലും ആവശ്യമുള്ളിടത്ത്



അച്ചാച്ചൻ ഓടിയെത്തും. കുറച്ചു സമയമേ നമ്മളോടൊപ്പം ചെലവഴിക്കാൻ കഴിയുകയുള്ളൂവെങ്കിലും ഒരു പാടു സമയം അദ്ദേഹം നമ്മളോടൊപ്പം ഉണ്ടായിരുന്ന പോലെ അനുഭവപ്പെടും.

ഈയൊരു പ്രത്യേകതയെക്കുറിച്ച് പലരും പറഞ്ഞു കേട്ടിട്ടുമുണ്ട്. മരണ വീട്ടിൽ പോയാലും മറ്റു വിഷമഘട്ടങ്ങളിലായിരുന്നാലും അവരുടെ കൂടെ ച്ചേർന്ന് ദുഃഖത്തിൽ പങ്കുചേരും.

ഒരാൾ ഒരു സഹായം ചോദിച്ചു വന്നാൽ അയാളെ സഹായിക്കാൻ കഴിഞ്ഞില്ലെങ്കിലും അവരെ വിഷമിപ്പിക്കുകയില്ല. കഴിയുന്ന കാര്യമാണെങ്കിൽ ഉറപ്പായും സഹായിക്കും.

അച്ചാച്ചൻ കടന്നുപോയപ്പോൾ ഉണ്ടായ ശൂന്യത ഒരിക്കലും നികത്താനാവാത്തതാണ്. വീട്ടിലായാലും കുടുംബത്തിന് പുറത്തായാലും അതൊരു വലിയ വിടവ് സൃഷ്ടിക്കുന്നുണ്ട്. രാഷ്ട്രീയ രംഗത്തായാലും അങ്ങനെയാണ്.

അദ്ദേഹം ഉണ്ടായിരുന്നപ്പോൾ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ആർക്കും ആശങ്ക വേണ്ടായിരുന്നു. എല്ലാ ചുമതലയും അദ്ദേഹം തന്നെ ചെയ്യും. കുടുംബകാര്യമായാലും സംഘടനാപരമായ കാര്യമായാലും നയപരമായ കാര്യമായാലും എല്ലാം അദ്ദേഹം ചെയ്തു കൊള്ളും.

എന്തു വിഷയമുണ്ടായാലും അത് മാണിസാർ കൈകാര്യം ചെയ്തു കൊള്ളും എന്നൊരാത്മവിശ്വാസം മറ്റുള്ളവർക്കുണ്ടായിരുന്നു. പാർട്ടിയിലാണെങ്കിൽ അങ്ങനെയൊരു ധാരണ സാധാരണ പാർട്ടി പ്രവർത്തകർക്കെല്ലാമുണ്ട്. എന്തു പ്രശ്നമുണ്ടായാലും അത് മാണിസാർ നോക്കിക്കൊള്ളുമല്ലോ എന്ന്. അങ്ങനെയുള്ളൊരാൾ ഇല്ലാതെയാകുമ്പോൾ പാർട്ടിക്കകത്ത് വലിയൊരു ശൂന്യതയുണ്ടാകും. എന്നാൽ അച്ചാച്ചന്റെ ശരീരം മാത്രമേ വിട്ടുപൊയൊള്ളു എന്ന സത്യം വളരെ പെട്ടെന്നുതന്നെ അണികൾക്കുപോലും ബോധ്യപ്പെട്ടു. അദ്ദേഹത്തിന്റെ അദൃശ്യസാന്നിധ്യം ഞങ്ങളുടെ പാർട്ടിക്കു കരുത്തായി നിലകൊള്ളുകയാണ്.

അച്ചാച്ചന്റെ പല രീതികളും കൗതുകത്തോടെ നോക്കിക്കാണുകയും പലതും ജീവിതത്തിൽ പകർത്താൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ഈയുള്ളവനും.

ശുചിത്വ കാര്യങ്ങളിൽ വലിയ നിർബന്ധമുള്ളൊരാളായിരുന്നു അദ്ദേഹം. നമ്മൾ ഒരു ഒരു പുതിയ ഷർട്ട് ഇട്ടിരിക്കുന്നത് അച്ചാച്ചന്റെ ശ്രദ്ധയിൽപെട്ടു എന്നിരിക്കട്ടെ. അച്ചാച്ചനാ ഷർട്ട് ഇഷ്ടമായില്ലെങ്കിൽ ഉടനെ പറയുന്നത് "ഇത് പുതിയ ഷർട്ടാണോ? ഇത് നിനക്കു ചേരുന്നുണ്ടോ? ഇതാണോ ഇപ്പോഴത്തെ ഫാഷൻ?" എന്നായിരിക്കും. ആരോടായാലും അങ്ങനെയേ പറയുകയുള്ളൂ. പാർട്ടിക്കകത്തായാലും അങ്ങനെയാണ്.

എപ്പോഴും ഫ്രഷ് ആയിട്ടേ അച്ചാച്ചനെ ഞാൻ കണ്ടിട്ടൊള്ളു. ഇത് നമുക്കും മറ്റുള്ളവർക്കും ആത്മവിശ്വാസം നൽകും. എല്ലാവരിലും അനുകൂലമായ ഒരു ഊർജ്ജം നിറയ്ക്കും. നമ്മൾ ഒരു വീട്ടിലേക്കു കടന്നുചെല്ലുമ്പോൾ നല്ല വേഷത്തിലാണെങ്കിൽ അത് ആ വീട്ടുകാരിലും സന്തോഷവും ഊർജ്ജവും ഉണ്ടാക്കും.

സമ്മേളനത്തിൽ ആയിരം പേരെ വേണമെന്നോ നൂറു പേരെ വേണമെന്നോ ഒക്കെ അച്ചാച്ചൻ പറയും. പക്ഷെ അതിനിടയ്ക്ക് ആളു കുറഞ്ഞാലും സംഘാടകരെ കുറ്റപ്പെടുത്തുകയില്ല. മഴ ഉണ്ടായതുകൊണ്ടായിരിക്കാം ആള് കുറഞ്ഞിരിക്കുന്നത്, അല്ലെങ്കിൽ പള്ളിയിലെ പെരുനാളായതുകൊണ്ടായിരിക്കും എന്നോ മറ്റോ ഒരു ന്യായീകരണവും കണ്ടെത്തും.

ഭക്ഷണത്തിന്റെ കാര്യത്തിൽ അങ്ങനെ നിർബന്ധങ്ങളൊന്നുമില്ലായിരുന്നു. കപ്പയും മീനും ഉണക്ക മീനും മുളകു പൊട്ടിച്ചതുമൊക്കെയാണ് കൂടുതൽ ഇഷ്ടം. കിഴങ്ങു വർഗ്ഗങ്ങളും കട്ടൻ ചായയുമൊക്കെ ഇഷ്ടമായിരുന്നു. എനിക്കും അതൊക്കെ തന്നെയാണ് ഇഷ്ടം.

അച്ചാച്ചനെ ഒരാൾ പരസ്യമായി ചീത്ത പറഞ്ഞാലും അക്കാര്യം അറിഞ്ഞതായി അദ്ദേഹം ഒരിക്കലും നടിക്കാറില്ല. അതു പറഞ്ഞ ആളോട് അത്തരത്തിൽ പെരുമാറാറുമില്ല. ഒരാളെയും വ്യക്തിഹത്യ ചെയ്തു സംസാരിക്കാറില്ല. അതെല്ലാം അദ്ദേഹത്തിന്റ ഗുണങ്ങളാണ്. ശത്രുവിന് മിത്രത്തെപ്പോലെ സഹായം ചെയ്തു കൊടുക്കും. പല കാര്യങ്ങളും അദ്ദേഹത്തെ കണ്ടു പഠിച്ചിട്ടുണ്ട്.

പുറത്തു പോയിട്ടുവരുമ്പോൾ രസകരമായി എന്തെങ്കിലും ഉണ്ടായാൽ പറയും എന്നല്ലാതെ വീട്ടിൽ വന്നാൽ വീട്ടുകാര്യങ്ങൾ മാത്രമേയുള്ളൂ. കുടുംബത്തിനു വേണ്ടി തിരക്കുകൾക്കിടയിലും സമയം കണ്ടെത്തിയിരുന്നു

അമ്മ അച്ചാച്ചനൊരു ബലം തന്നെയായിയിരുന്നു. ഞങ്ങളുടേത് ഒരു വലിയ കുടുംബമാണ്.ആറുമക്കളുണ്ട്. അതുകാരണം കുടുംബത്തിൽ എന്തെങ്കിലും കുറവു വന്നുപോയാൽ അതെല്ലാം പരിഹരിച്ചു കൊണ്ടു പോകുന്നത് അമ്മയാണ്. ഇന്നും അമ്മ എനിക്കൊപ്പമുള്ളത് വലിയൊരു ആശ്വാസം തന്നെയാണ്. അച്ചാച്ചൻ പോയത് അമ്മയ്ക്ക് വലിയ ആഘാതമായി. അത്രമേൽ ഊഷ്മളമായിരുന്നു അവരുടെ കൊച്ചുജീവിതം.

അച്ചാച്ചൻ ഏതു തിരക്കുകൾക്കിടയിലും ഓരോ ഒന്നോ രണ്ടോ മണിക്കൂറുകൾക്കിടയിലും അമ്മയെ വിളിക്കും. നമുക്കൊക്കെയാണെങ്കിൽ അതിനു കഴിഞ്ഞെന്നു വരില്ല. അച്ചാച്ചനതു കഴിഞ്ഞിരുന്നു. അതാണ് അദ്ദേഹത്തിന്റെ പ്രത്യേകത.

ഓണം പോലെയുള്ള ഏത് ആഘോഷങ്ങൾക്കായാലും അച്ചാച്ചൻ ഞങ്ങളോടൊപ്പം ഉണ്ടായിരിക്കും. പ്രത്യേകം സമയം കണ്ടെത്തി വീട്ടിലെത്തും.

എന്റെ ഭാര്യ നിഷയെ മരുമകളായിട്ടല്ല അച്ചാച്ചൻ കണ്ടിട്ടുള്ളത് മകളായിട്ടായിരുന്നു.

അച്ചാച്ചന്റെയും അമ്മച്ചിയുടെയും കരുതലും സ്നേഹവും ഞങ്ങൾക്ക് ആവോളം ലഭിച്ചിട്ടുണ്ട്. ഞങ്ങളുടെ കുട്ടികളും അച്ചാച്ചനുമായി വലിയ അടുപ്പമായിരുന്നു.

ഞങ്ങളുടെ വിവാഹം നടക്കുന്ന സമയത്ത് ഞാൻ സജീവ രാഷ്ട്രീയത്തിലില്ല. നിഷയുടെ കുടുംബം രാഷ്ട്രീയ പശ്ചാത്തലത്തിലുള്ള ഒരു കുടുംബമല്ല. രാഷ്ട്രീയമെന്നാൽ അറിയുകയേയില്ലായിരുന്നു. പിന്നീട് ഞാൻ രാഷട്രീയത്തിലേക്കു വന്നപ്പോഴും നിഷയുടെ വലിയ പിൻതുണ ഞങ്ങളുടെ കുടുംബത്തിനാകെ കരുത്തേകി.

സജീവ രാഷ്ട്രീയത്തിലെത്തിയതോടെ തിരക്കായി. പാർട്ടി ചുതലകളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് കുടുംബവും തിരിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഭാര്യയും മക്കളുമെല്ലാം നന്നായി പിന്തുണയ്ക്കുന്നുമുണ്ട്. എന്നിരുന്നാലും എല്ലാ കാര്യത്തിനും അച്ഛനും അമ്മയും വേണമെന്ന നിർബന്ധം കുട്ടികൾക്കുണ്ട്.

കുടുംബത്തിനുവേണ്ടി നിലകൊള്ളുമ്പോഴും സാമൂഹ്യപ്രവർത്തനങ്ങളിലും നിഷ ശ്രദ്ധിക്കാറുണ്ട്. നിഷയുടെ നേതൃത്വത്തിൽ നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ അഭിമാനപൂർവ്വം നോക്കിക്കാണുന്ന വ്യക്തിയാണ് ഞാൻ.

രാഷ്ട്രീയത്തിലായിരിക്കുമ്പോൾ നമ്മളെപ്പറ്റി എന്തെല്ലാം മോശമായ വാർത്തകൾ വരും. കുടുംബാംഗങ്ങളെപ്പോലും അതിനിടയിലേക്ക് വലിച്ചിഴയ്ക്കും. വ്യക്തിഹത്യ നടത്തും. അപ്പോഴെല്ലാം വലിയ വിഷമം തോന്നും. അങ്ങനെയുള്ള അവസരങ്ങളിലെല്ലാം നിഷയുടെ കരുതൽ ഒപ്പമുണ്ടാകും.

നമുക്കെതിരെ മോശമായ പരാമർശങ്ങൾ ഉണ്ടാകുമ്പോൾ ആരോപണം ഉന്നയിക്കുന്നവർക്കെതിരെ അതേ നാണയത്തിൽ തിരിച്ചു പറയാത്തതു കൊണ്ടാണ് ഇതുണ്ടാകുന്നതെന്ന് പാർട്ടിക്കാർ പോലും പറഞ്ഞിട്ടുണ്ട്. എന്നിട്ടും ഞങ്ങൾ ആരെയും ആക്ഷേപിക്കാൻ പോയിട്ടില്ല. തിരിച്ചു പറഞ്ഞാൽ അവരും നമ്മളും തമ്മിലെന്തു വ്യത്യാസം. അച്ചാച്ചന്റെ ഞങ്ങളെ അങ്ങനെയാണ് പഠിപ്പിച്ചിരിക്കുന്നത്.

വേണമെങ്കിൽ പലരെക്കുറിച്ചും പറയാമായിരുന്നു. പറയാൻ ഒരുപാട് കാര്യങ്ങളുണ്ട്. അതൊക്കെ അവരുടെ വ്യക്തിപരമായ കാര്യങ്ങളായിരിക്കാം. എങ്ങനെ ആയാലും ആരെക്കുറിച്ചും മോശമായി പറയാൻ ഇഷ്ടപ്പെടുന്നതുമില്ല. നിലപാടുകളെ പോസിറ്റീവായി കാണാനാണ് ആഗ്രഹിക്കുന്നത്. അത് അച്ചാച്ചനിൽനിന്നും ലഭിച്ച കഴിവാണ്. സത്യത്തെ അസത്യംകൊണ്ടു എത്രനാൽ മൂടിവെച്ചാലും അതൊരിക്കൽ പുറത്തുവരും. സൂര്യനെ കാർമേഘംകൊണ്ട് എപ്പോഴും മറയ്ക്കാനാവില്ല. സൂര്യൻ ആ നിഴലിൽനിന്നു പുറത്തുവരികതന്നെ ചെയ്യും.

മോന്റ്ഫോർട്ടിന്റെ നീണ്ട വരാന്തയിലൂടെ ഒറ്റയ്ക്കു സഞ്ചരിച്ച സ്കൂൾ കാലഘട്ടത്തുനിന്നും, കരുത്തായി ചുറ്റും ചേർന്നുനിൽക്കുന്ന പാർട്ടിപ്രവർത്തകരുടെ സ്നേഹവലയത്തിൽ പുലരാൻ സാധിക്കുന്നത് എന്റെ പ്രിയപ്പെട്ട അച്ചാച്ചൻ നട്ടുനനച്ചു വളർത്തിയ നന്മമരങ്ങളുടെ സ്നേഹത്തണലിൽ നിൽക്കുന്നതുകൊണ്ടാണ്.

ആ കരുത്തിൽ ഞങ്ങൾ ഒരുമനസ്സോടെ മുൻപോട്ടു പോവുക തന്നെ ചെയ്യും. അച്ചാച്ചൻ എല്ലാവർക്കും മാർഗ്ഗദീപമായി, ഈ പാർട്ടിക്കു കരുത്തായി, ഒരു കെടാവിളക്കായി ജ്വലിക്കുന്നുണ്ട് ഓരോ പാർട്ടിപ്രവർത്തകുടെയും മനസ്സിൽ.



ലേഖനം

സി. രാധാകൃഷ്ണൻ

# ഇങ്ങനെ പോയാൽ

**കഴിഞ്ഞ** കാൽനൂറ്റാണ്ടിനകം ലോകത്തുണ്ടായ മാറ്റങ്ങളുടെ വെളിച്ചത്തിൽ അടുത്ത കാൽനൂറ്റാണ്ടിനകം വരാവുന്നതിനെപ്പറ്റി ആലോചിച്ചപ്പോൾ പകൽക്കിനാവു കണ്ട കാര്യങ്ങൾ വിചിത്രം തന്നെ.

എല്ലാ ജോലികളും റൊബോട്ടുകൾ ഏറ്റെടുക്കുന്നതിനാൽ ഒരാൾക്കും ഒരു പണിയും ഉണ്ടാവില്ല. കൃഷിയും വ്യവസായശാലകളും ഗതാഗത സംവിധാനങ്ങളും എല്ലാമെല്ലാം ആട്ടോമാറ്റിക്ക് സംവിധാനങ്ങൾ നിർവ്വഹിക്കും.

യന്ത്രവൽകൃത ഫാമിൽ വിളയുന്ന ധാന്യങ്ങൾ യന്ത്രങ്ങൾ പൊടിച്ചു കുഴച്ച് അപ്പം ചുട്ട് യന്ത്രങ്ങൾ തീൻമേശപ്പുറത്തെത്തിക്കും. റൊബോട്ടുകൾ വിളമ്പും, പാത്രം കഴുകും, മേശ വൃത്തിയാക്കും, വീടു നോക്കും, അലക്കും, കിടക്ക വിരിക്കും, ഭക്ഷണം പാകം ചെയ്യും. നിശ്ചിതമായ പ്രോഗ്രാമനുസരിച്ച് എല്ലാം നടക്കും.



രോഗം നിർണ്ണയിക്കുന്നതും ചികിത്സ വിധിക്കുന്നതും യന്ത്രങ്ങളാവും. ഇൻജക്ഷൻ മുതൽ വൻകിട ശസ്ത്രക്രിയകൾ വരെ റൊബോട്ടുകൾ നടത്തും. ഒരു തുള്ളി ചോര പരിശോധിച്ചാൽ വന്നതും വരാനിരി ക്കുന്നതുമായ എല്ലാ രോഗങ്ങളും കണ്ടുപിടിക്കപ്പെടും, മാറ്റം! ചിലപ്പോൾ ഒരു തുള്ളി ചോരപോലും വേണ്ട, ഒരു നഖത്തിന്റെ ചെറുതുണ്ട് മതിയാവാം!

വിവാഹം നിശ്ചയിക്കുന്നത് ദല്ലാളന്മാരോ ബ്യൂറോകളോ രക്ഷിതാക്കളോ കമിതാക്കൾ പോലുമോ ആവില്ല, ജീവശാസ്ത്രപരമായി 'മാച്ചിങ്ങ് ' നടത്തുന്ന റൊബോട്ടുകളാവും. സന്തതികളുടെ ഗുണനിലവാര സാദ്ധ്യതകളാവും നിർണ്ണായകം. പ്രേമം വേറെ, വിവാഹം വേറെ എന്നു വരാം. ശാരീരിക ബന്ധത്തിനു പങ്കാളികളായി മനുഷ്യർ തന്നെ വേണമെന്നില്ലാതെയാകാം. 'എല്ലാം തികഞ്ഞ' ഹ്യമനോയ്ഡ് റൊബോട്ടുകൾ മാർക്കറ്റിൽ ലഭ്യമാവാം! ആർഭാടക്കാറുകൾ എന്നപോലെ ഈ ഇനത്തിലും ആർഭാട ഉരുപ്പടികൾ വൻപരസ്യങ്ങളോടെ വിപണിയിലെത്താം. ഒരു രോഗവും പിടിപെടാത്ത, ഒരിക്കലും പ്രായമാകാത്ത അൽപ്പം വൈദ്യതിയല്ലാതെ മറ്റൊന്നും ആവശ്യപ്പെടാത്ത ജീവിതപങ്കാളികൾ!

സർവാശ്ലേഷിയാകുന്ന ഭരണകൂടം ജീവിതത്തിന്റെ എല്ലാ തുറകളിലും യന്ത്രങ്ങൾ വരുന്നതോടെ

അവയുടെ ദുരുപയോഗം തടയാനും മറ്റുമായി സ്റ്റേറ്റ് കൂടുതൽ പ്രസക്തമാവും; മിക്കവാറും സർവ്വാശ്ലേഷിയും ആവും. പ്രജകളുടെ സംരക്ഷണച്ചുമതല സ്റ്റേറ്റിനാകയാൽ ജീവിതത്തിന്റെ സമസ്ത മേഖലകളിലും നിയന്ത്രണം വരാം. ഉദാഹരണത്തിന്, ജനിക്കാനിരിക്കുന്ന കുട്ടികൾക്ക് വൈകല്യമോ രോഗസാദ്ധ്യതയോ ഇല്ലെന്ന് ഉറപ്പാക്കാൻ മുൻകൂർ മാച്ചിങ്ങ് നടത്താം. അനുമതി കൂടാതെയുള്ള പ്രജനനം ശിക്ഷാർഹമാവാം.


രക്ഷപ്പെടാനുള്ള സാധ്യത തീരെ ഇല്ലാത്ത രോഗികളെ ദയാവധത്തിനു വിധേയരാക്കാനുള്ള തീരുമാനം റൊബോട്ടുകൾക്ക് കൈക്കൊള്ളാൻ കഴിയുംവിധം നിയമനിർമ്മാണം നടക്കാം.

പ്രസവം എന്ന സംഗതി തീരെ ഇല്ലാതാകാനാണ് സാദ്ധ്യത.സ്വാഭാവിക പ്രസവം ഇപ്പോഴേ മിക്കവാറും ഫാഷനല്ലാതായല്ലോ,

അതൊരു രോഗമാണന്നും സിസേറിയൻ എന്ന ചികിത്സ വേണമെന്നും സർവ്വസമ്മതമായ മട്ടിലാണ് കാര്യങ്ങൾ. അടുത്തപടിയായി, ഗർഭകാലമേ വേണ്ട എന്ന സ്ഥിതി വരാം. അണ്ഡബീജ ബാങ്കുകളിൽനിന്ന് എല്ലാംകൊണ്ടും ചേർച്ചയുള്ളത് തെരഞ്ഞെടുത്ത് സംയോജിപ്പിച്ച് 'യന്ത്രഗർഭ'ത്തിൽ വളർത്താമല്ലോ. ആൺപെൺ ഭേദമില്ലാതെ ആർക്കും ഒരു കുഞ്ഞിനെ സ്വന്തമാക്കാം. വളർത്താൻ വീട്ടിൽ കൊണ്ടുപോകേണ്ടതുമില്ല. ഏതെങ്കിലും 'വളർത്തു കേന്ദ്ര'ത്തിൽഏൽപ്പിക്കാം. അവിടെ റൊബോട്ടുകൾ നോക്കും. യന്ത്രങ്ങൾക്ക് ഉറക്കം ആവശ്യമില്ലാത്തതിനാൽ എല്ലാ സമയത്തും 'സേവനം' ലഭ്യമാവും. മുലയൂട്ടുന്ന പതിവും അനുഭവവും വിസ്തൃതമാകും. മുലപ്പാലിനെക്കാൾ പോഷകസമൃദ്ധമായ ആഹാരം കൃത്യമായ അളവിലും ഇടവേളകളിലും കുഞ്ഞിനു കിട്ടും. മുലപ്പാൽ ചുരന്ന് മാറിടം കടയാതിരിക്കാനുള്ള ഹോർമോണുകൾ യഥാകാലം കുത്തിവെക്കും.

ഒരു മനുഷ്യനും മറ്റൊരു മനുഷ്യനോടും കടപ്പാടെന്നല്ല ഒരിടപാടും ഉണ്ടാവില്ല. ഓരോ വ്യക്തിക്കും ഓരോന്നുവീതം കിടപ്പാടം ഉണ്ടാവും. അതിനകം ഒരു 'വിർച്ചൽ' തിയേറ്റർ ആയിരിക്കും. ആശിക്കുന്ന എന്തും കണ്ടിരിക്കാനും എന്തു ഗെയിം കളിക്കാനും സൗകര്യമുണ്ടാവും. കംപ്യൂട്ടർ ചെസ്സ് ഇപ്പോഴേ ഉള്ളതുപോലെ കംപ്യൂട്ടർ ഫുട്ബോളും വോളിബോളും മറ്റും ഉണ്ടാവും. ബാറ്റിങ്ങോ ബൗളിങ്ങോ എത്ര വിദഗ്ദ്ധമായും ചെയ്യാം. ഇന്നുള്ള കളിക്കളങ്ങളും സ്റ്റേഡിയങ്ങളും കോഴി ഫാമുകളോ മറ്റോ ആയി മാറും!

എല്ലാ വാഹനങ്ങളും മുൻനിശ്ചിത പ്രോഗ്രാമുകളനുസരിച്ച് ഓടിക്കുന്നതും മൊത്തം വാഹനവ്യഹത്തെ നിയന്ത്രിക്കുന്നതും റൊബോട്ടുകൾ തന്നെ. ടാക്സികൾ മുതൽ ഉപഗ്രഹ ഷട്ടിലുകൾ വരെ ഒരു വാഹനവും ഒരു നിമിഷാർദ്ധം പോലും വൈകി



ല്ല. 'ഹ്യമൺ എറർ' ഒരിടത്തും വരികയുമില്ല.

നിയമസമാധാനപാലനം പൂർണ്ണമായും റൊബോട്ടുകൾ നടത്തും. ഭൂമിയിലെ എല്ലായിടവും 'ഉപഗ്രഹ സിസിടിവി' നിരീക്ഷണത്തിലായിരിക്കും. ആർക്കും ഒന്നും 'പരമരഹസ്യ'മായി ചെയ്യാനാവില്ല. ആരുടേയും വ്യക്തിവിവരങ്ങളും ദൃശ്യങ്ങളും നിയമസമാധാന പാലനത്തിനല്ലാതെ ഉപയോഗിക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തും.

എവിടെ നടക്കുന്ന ഏതു കുറ്റവും അടുത്ത നിമിഷത്തിൽ കണ്ടുപിടിക്കപ്പെടും. കോടതിയോ വക്കീൽമാരോ വിസ്താരമോ വിചാരണയോ ഒന്നുമുണ്ടാവില്ല. ശേഖരിച്ച വിവരങ്ങൾ യന്ത്രങ്ങൾ വിലയിരുത്തി വിധിയെഴുതും. ശിക്ഷാനിയമങ്ങളും വ്യവസ്ഥകളും ഈ യന്ത്രങ്ങളിൽ മുൻപേ പ്രോഗ്രാം ചെയ്തുവെച്ചിരിക്കും. വിധിക്ക് അപ്പീലുണ്ടാവില്ല.

ഭാരം പേറി കുനിഞ്ഞ് സ്കൂളിൽ പോകുന്ന വിഷമം കുഞ്ഞുങ്ങൾക്കുണ്ടാവില്ല. സ്കൂളേ ഉണ്ടാവില്ല. രണ്ടുമൂന്നു വയസ്സാകുമ്പോഴേ ഓരോ കുഞ്ഞിനും സ്വന്തം 'വിർച്ചൽ വീട് ' കിട്ടും. യന്ത്ര ആയമാർ ഭരിക്കുന്ന അതിനകത്ത് റൊബോട്ട് അദ്ധ്യാപകർ ക്ലാസ്സടുക്കും; പരീക്ഷകൾ നടത്തും. സർവ്വകലാശാലകൾപോലും ഇല്ലാതാവും. പഠനമത്രയും ഇങ്ങനെ 'വിദൂര വിദ്യാഭ്യാസ'മായി മാറും.

റൊബോട്ടിക്സാവും ഏറ്റവും മുന്തിയ പഠന വിഷയം. ഏറ്റവും ബുദ്ധിയുള്ളവരെ അതിനു നിയോഗിക്കും. ആർക്കും ഒരുവക 'ബുദ്ധിമുട്ടും ഇല്ലാത്ത' ഈ സ്വപ്നഭൂമിയിലെ പര്യടനം ഇത്രയുമെത്തിയപ്പോൾ, പക്ഷേ, ചില സംശയങ്ങൾ വന്നു. റൊബോട്ടിക്സിൽ ഗവേഷണമല്ലാതെ ആളുകൾക്ക് എന്താവും പണി? എല്ലാം ഓൺലൈനിൽ ഓർഡർ ചെയ്താൽ യന്ത്രങ്ങൾ കൊണ്ടുവരുമെന്നതിനാൽ കടകളോ മാളുകളോ പോലും ഇല്ലാത്ത സാഹചര്യത്തിൽ ആർക്കുണ്ടാവും എന്തെങ്കിലും പണി? പണിയൊന്നുമില്ലെങ്കിൽ സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും വില കൊടുക്കാൻ പണം എവിടുന്നുണ്ടാവും? വ്യായാമത്തിനുപോലും പുറത്തിറങ്ങേണ്ടതില്ലാത്ത 'സുഖവാസ'ത്തിലെ 'സുഖം' എന്തു തരമാവും?

ശേഷം ചിന്ത്യം എന്ന് തൽക്കാലം നിർത്താം!



കഥ
രവിവർമ്മത്തമ്പുരാൻ

# കടൽ പറഞ്ഞതും പറയാതിരുന്നതും

**റിസോർട്ടിലെ** കോട്ടേജിന്റെ മുറ്റത്ത്......
പടർന്നു നില്ക്കുന്ന നെല്ലിയുടെ ചോട്ടിൽ.......
സന്ധ്യയുടെ ചായക്കൂട്ടിനു താഴെ......

മൂടൽ മഞ്ഞിന്റെ നേർത്ത പാടപോലെ അതു സംഭവിച്ചു.

സന്ധ്യയുടെ മഞ്ഞപ്പും മൂടൽമഞ്ഞുംകൂടി കാഴ്ചയ്ക്കു മുമ്പിൽ അർധസുതാര്യമായൊരു തിരശ്ശീല പിടിച്ചിരുന്നു. എങ്കിലും കാര്യങ്ങളെല്ലാം ഒരു കണ്ണാടിയിലെന്നപോലെ വ്യക്തമായിരുന്നു. എനിക്കെങ്കിലും. അപ്പോൾ വീശിയ കാറ്റിന്റെ തണുപ്പ് ഞാനെങ്ങനെ വിശദീകരിക്കും. എനിക്കു മാത്രമുള്ള ഒരു അനുഭൂതിയായിരുന്നില്ലേ അത്. അദ്ദേഹം വലതു കൈകൊണ്ട് ദുപ്പട്ട എടുത്ത് മുഖത്തേക്കിടുമ്പോൾ ശ്വാസം മുട്ടലല്ല തോന്നിയത്. മൂക്കു തുളയ്ക്കുന്ന ഗന്ധമാണ്. സ്വപ്നങ്ങൾ പുഷ്പിക്കുന്നതിന്റെ ഹൃദയസ്പൃക്കായൊരു ഗന്ധം. മണമേറ്റിട്ടാവാം തേൻകൊതിയനായൊരു വണ്ട് നെല്ലിയിലെ പൂക്കളിലൊന്നിൽ പറന്നിരുന്നു. എന്റെ മനസ്സാകട്ടെ ചിറകു പിടപ്പിച്ച് അവിടെയൊക്കെ പറന്നുല്ലസിച്ചു.

സംഗീതത്തിന്റെ രാത്രിയായി. അവരെല്ലാം ആഘോഷത്തിൽ. പലതരം ബ്രാൻഡുകൾ. സ്നാക്സും വേണ്ടതിലധികം-ചിക്കനും മട്ടനും ബീഫുമൊക്കെ. പെണ്ണാണെന്ന നിസാരഭാവത്തോടെയാണ് ചിലരെങ്കിലും കണ്ടത്. വേണമെങ്കിൽ വൈൻ വാങ്ങാമെന്ന് ഹരി പറഞ്ഞു. അവനെ വെറുതെ വിടാൻ തോന്നിയില്ല. ചെവിയിൽ ഇങ്ങ നെ പറഞ്ഞു: “എടാ എനിക്കു വേണ്ടത് സ്കോച്ചാണ്.”

പക്ഷേ, തോമസ് ചാണ്ടി ആലോചിച്ചത് മറ്റൊന്നാണെന്ന് ആ നോട്ടം പറഞ്ഞു. അവനല്ലെങ്കിലും ആളൊരു കുറുക്കനാണ്. സഹോദരൻ റസാക്കിന് ഇത്തരം സന്ദർഭങ്ങളുടെ സ്വാതന്ത്ര്യമേ ഉള്ളൂ. അതുകൊണ്ട് കഴിയുന്നതും അകത്താക്കാനുള്ള വെപ്രാളത്തിലാണ് അവൻ.

കടലിരമ്പത്തിനു മീതേ, അലറിത്തല്ലുന്ന, തല്ലിത്തെറിക്കുന്ന തിരമാലകൾക്കു മീതെ മുരുടേശ്വറിൽ നവീൻ റസ്റ്റോറന്റ്. അവിടെ പക്ഷേ, പാട്ടു മാത്രമേ ഉണ്ടായുള്ളല്ലോ. ആകാശം മുട്ടുന്ന ശിവന്റെ-ചന്ദ്രമൗലിയുടെ, മഞ്ജുനാഥന്റെ പ്രതിമയ്ക്കു കീഴെ ലഹരിവില്പന വേണ്ടെന്ന് ആർ.എൻ. ഷെട്ടി തീരുമാനിച്ചിരിക്കുന്നു. കടലിലേക്ക് ഇറങ്ങിയിരിക്കുന്ന മലയുടെ മുകളിൽ, പാർവതിനാഥനെ സാക്ഷിയാക്കി ഭക്തി വിൽക്കുന്നതിൽ തെറ്റു കാണാത്ത നീതിബോധം. ശിവം, ശിവകരം, ശാന്തം. പക്ഷെ, ആ ശാന്തതയ്ക്കിടയിലും അവിടെ മനസ്സ് അശാന്തമായിരുന്നല്ലോ. നിലാവിനു പൊള്ളുന്ന ചൂടും നിശയ്ക്ക് കാളകൂടത്തിന്റെ കയ്പും.

റിസോർട്ട് കായലിലെ തുരുത്തിലാണ്. കായലോളങ്ങൾക്കു മേലേ ആകാശം മുട്ടുന്ന മഞ്ജുനാഥനില്ല. ആർ.എൻ. ഷെട്ടിയുടെ റിസോർട്ടു സമുച്ചയവുമില്ല. ഇവിടെ ഇങ്ങനെ നില്ക്കുമ്പോൾ എല്ലാം ഒരു നേർത്ത പാടപോലെ അങ്ങു താഴെ കാണാം, കിലോമീറ്ററുകൾ താഴെ.

ഭൂമിയിലേക്ക് ഇവിടെ നിന്ന് എത്ര ദൂരമുണ്ടാവും? ആവോ ആർക്കറിയാം. മുരുടേശ്വറിലേക്കോ? അതും പറയാനറിയില്ല. അല്ലെങ്കിൽ എന്തിന് അതെപ്പറ്റി

യൊക്കെ ഇപ്പോൾ ചിന്തിക്കണം. സ്വയംവര രാത്രിയിൽ, സ്വർഗത്തിന്റെ പതിന്നാലു മണിയറകളും തുറക്കുന്ന അനുഭൂതി നിമിഷത്തിൽ രുഗ്മിണി അത്തരം അനാവശ്യ കാര്യങ്ങളൊക്കെ ആലോചിക്കുന്നത് തീർച്ചയായും വകതിരിവില്ലായ്മയുമാണ്. രുഗ്മിണി–ഭഗവാൻ കൃഷ്ണന്റെ പ്രിയപ്പെട്ട സ്വയംവര കന്യക....

ചിരിയൊച്ചകൾ നിലച്ചിട്ടില്ല. പാട്ടുകളും. ആരൊക്കെയോ പാട്ടിനൊത്ത് നൃത്തം ചെയ്യുന്നുണ്ട്. നൃത്തമെന്നൊന്നും പറയാനാവില്ല. ഒരുതരം തുള്ളൽ. അദ്ദേഹം അവരുടെ കണ്ണു വെട്ടിച്ചു വരികയായിരുന്നിരിക്കണം.



അല്ലെങ്കിൽ, പിന്നാലെ ഒരാളെങ്കിലും ഒളിച്ചും പതുങ്ങിയുമൊക്കെ വന്നേനേ. അല്ല, ആൾ കൃഷ്ണനല്ലേ. മറ്റുള്ളവരുടെ കണ്ണു വെട്ടിക്കുന്നതിൽ പി.എച്ച്.ഡി. എടുത്തവൻ, കുസൃതിരാമൻ, കള്ളൻ.

തത്ത കുയിലിനോടു പറഞ്ഞു: "നിന്റെ ദളിത്, ന്യൂനപക്ഷ പക്ഷപാതം ഈയിടെയായി കൂടിവരികയാണ്."

കുയിലും വിട്ടുകൊടുത്തില്ല.

"കിളിപ്പാട്ടിന്റെ കാലം കഴിഞ്ഞെന്നോർത്തോ. സവർണ ഫാസിസ്റ്റ് മൂരാച്ചികൾ തല്ലുകൊണ്ടു മരിക്കും."

രാമചന്ദ്രൻ നായർ എന്ന രാമു കുൽസും ബീവി എന്ന കുൽസുവിനോടു പറഞ്ഞു: "ലോകത്തിനു കൊടുക്കാൻ നമുക്കൊരു സന്ദേശമുണ്ട്."

തട്ടമിട്ടു മറച്ചിരുന്ന മുഖത്തെ വെളുപ്പുമാറി അവിടം ചുവന്നു. അതിനുമേലേ നാണം പടർന്നു.

കുയിൽ അപ്പോൾ തത്തയുടെ തലയ്ക്കിട്ട് ഒരു കൊത്തുകൊടുത്തു.

"വിഡ്ഢീ, നീയേതു ലോകത്താ ജീവിക്കുന്നത്? ഇപ്പോഴും സവർണ ഫാസിസം ഇവിടെ മുതലെടുപ്പു നടത്തുകയാണ്. ദളിതുകളുടെയും ന്യൂനപക്ഷങ്ങളുടെയും പെണ്ണുങ്ങളെയാണ് അവർക്കു വേണ്ടത്."

രാമചന്ദ്രൻ നായർ കുൽസുവിന്റെ ചെവിയിൽ പറഞ്ഞു .

"മുത്തേ, ഇവരൊന്നും പറയുന്നത് നീ കൂട്ടാക്കണ്ട. നിനക്ക് ഞാനുണ്ട്. എനിക്കു നീയും." കുൽസു തട്ടംനീക്കി അയാളെ സൂക്ഷിച്ചുനോക്കി. എന്നിട്ട് ആരാധനയോടെ തലയാട്ടി. അവൾക്കതേ അറിയുമായിരുന്നുള്ളൂ.

മനയോല മുഖത്തു തേക്കുമ്പോഴാണ് ആദ്യമായി കുൽസുവിന്റെ മനസ്സ് ആട്ടപ്പദങ്ങളുടെ അതിരുവിട്ട് അല്പ്പമൊന്നു നടന്നത്. കൃഷ്ണൻ കെട്ടിയാടുമ്പോൾ രുഗ്മിണിയോടുള്ള അഭിനിവേശവും പ്രണയവും ഒക്കെച്ചേർന്ന് ഒരു വികാരസാഗരമാണ് മുഖത്ത് അലയടിക്കേണ്ടത്. അരങ്ങിൽ കൃഷ്ണനും രുഗ്മിണിയും സ്വയംവര ലഹരി പങ്കുവയ്ക്കുമ്പോൾ കാണികളിൽ ചിലരെങ്കിലും കൈകൂപ്പി കണ്ണടച്ച് പ്രാർത്ഥനയിൽ മുഴുകുന്നത് കണ്ടിട്ടുണ്ട്. കൃഷ്ണൻ അരങ്ങിന്റെ കീർത്തിമുദ്രയായിക്കൊണ്ടിരിക്കെയാണ് ഒരുനാൾ ആ കൈകൊണ്ട് മുഖത്ത് തേയ്ക്കാനെത്തിയത്. മുദ്രകൾ കാട്ടിത്തരുമ്പോഴും ചുവടുകൾ പറഞ്ഞുതരുമ്പോഴുമൊക്കെ ഗുരുഭക്തിക്കപ്പുറം ഒന്നും മനസ്സിൽ തോന്നിയിരുന്നില്ല. പക്ഷേ, അന്ന് രുഗ്മിണിയായി. കൃഷ്ണവേഷം കെട്ടിയ രുഗ്മിണി. മനസ്സിലെ മഥുരയിലേക്ക് കൃഷ്ണന്റെ കൈപിടിച്ച് തേരിലേറി.

ചന്തയ്ക്കു സമീപത്താണ് ബദറുദ്ദീനെ കുറെപ്പേർ ആദ്യം തടഞ്ഞുനിർത്തിയത്. അക്കൂട്ടർ

ഇങ്ങനെ പറഞ്ഞു:

"ആരും ഒന്നും കാണുന്നില്ലെന്നു വിചാരിക്കണ്ട. ഇതുവരെക്കഴിഞ്ഞതൊക്കെ പോട്ടെ. ഇനി ഈ കളി വേണ്ട. അതും പ്രായമായ പെണ്ണൊരുത്തി."

അന്നുതന്നെ എൽ.പി. സ്കൂളിനോടു ചേർന്നുള്ള ഇടവഴിയിൽ മറ്റൊരു കൂട്ടർ ബദറുദ്ദീന്റെ മുൻപിൽ വടിവാളുമായി ചാടിവീണു. അവർ രുഗ്മിയുടെ ഭാവം പകർന്നാടി. തിളച്ചുമറിയുന്ന അലർച്ച: "വേഷം കെട്ടി നാറ്റിക്കാനാരുന്നു പുറപ്പാട്, അല്ലേ. ഇന്നുകൊണ്ട് അവസാനിപ്പിച്ചോണം. ഇല്ലെങ്കിൽ...."

മുൻപിൽ നിന്ന ആൾ വടിവാൾ വിറപ്പിച്ചു കാട്ടി.

ഭയം വിഴുങ്ങിയ ബദറുദ്ദീന് സംസാരശേഷി നഷ്ടപ്പെട്ടു. അയാൾ വീട്ടിലെത്തി മകളോട് മതിയാക്കാൻ ആംഗ്യം കാട്ടി. മുദ്രകളെല്ലാം അറിഞ്ഞതിനാൽ ചിലതൊക്കെ എഴുതിക്കാട്ടി: എല്ലാവരും നമുക്കെതിരാ ഇവിടെനിന്ന് രക്ഷപ്പെടണം എന്നെഴുതിയതിനടിയിൽ അയാൾ തടിച്ചൊരു വരയിട്ടു.

മദ്ദളം മുറുകി. പാട്ടുകാരൻ ചേങ്ങിലയിൽ വാശിയോടെ താഡിച്ചു. തിരശ്ശീലയിൽ മുറുകെപ്പിടിച്ച് കത്തിവേഷം ഗോഗ്വാ വിളിച്ചു. ആ ഭയാനകശബ്ദം പലതവണ ആവർത്തിച്ചു.

കുൽസു ഭയത്തോടെ രാമചന്ദ്രൻ നായരെ നോക്കി.

"നമുക്കിനി ഇവിടെ ഇങ്ങനെ തുടരാനാവുമെന്നു തോന്നുന്നില്ല. ഇന്നലെ രാത്രിയിൽ മുറ്റത്ത് അടക്കിപ്പിടിച്ച് സംസാരങ്ങളായിരുന്നു. കാൽപ്പെരുമാറ്റങ്ങളും. പത്തുപന്ത്രണ്ടു പേരെങ്കിലും ഉണ്ടാകും. വാതിലടച്ചു തഴുതിട്ട് അകത്തിരുന്ന് ഞാൻ വിറച്ചു. ഇല്ല. ഇക്കൂട്ടർ നമ്മെ ജീവിക്കാൻ അനുവദിക്കില്ല."

തത്ത കുറേ ദിവസം സ്ഥലത്തില്ലായിരുന്നു. തീറ്റ തേടിയുള്ള യാത്ര.... മടങ്ങിവന്നപ്പോൾ കുയിലു പറഞ്ഞു:

"സംഗതി വല്ലതും അറിഞ്ഞോ? ആകെ പ്രശ്നമായിരിക്കുന്നു. നമ്മുടെ താത്ത്വിക ചർച്ചകൾക്കപ്പുറമാണിപ്പോൾ കാര്യങ്ങൾ."

സാഗരഗർജ്ജനത്തെ വകവയ്ക്കാതെ നിസ്സങ്കോചം തലയുയർത്തി നില്ക്കുന്ന *മുരുടേശ്വറിന്റെ ശാന്തതയല്ല ഇവിടെ ഇപ്പോൾ. കാൽപ്പെരുമാറ്റങ്ങളും വാൾത്തലക്കിലുക്കങ്ങളും. രണ്ടു ഭാഗത്തായി പകയുടെ കനലുകൾ പുകഞ്ഞു. ആസൂത്രണ ചർച്ചകൾ മുറുകി.

അപ്രതീക്ഷിതമായാണ് കടൽ ഇളകിയത്. അതങ്ങ് അലറിയടുക്കുകയാണ്. രാക്ഷസീയമായൊരു ഭാവത്തോടെ. ഒരാൾ ഉയരത്തിൽ, രണ്ടാൾ ഉയരത്തിൽ, മൂന്നാൾ, നാലാൾ..... ഇല്ല കടലിന്റെ ഉയരമൊന്നും പറയാനാവുന്നില്ല. ദയാരഹിതമായി അത് ആഞ്ഞടിച്ചു. അന്നേവരെ കണ്ടിട്ടില്ലാത്ത രൗദ്രതയോടെ. സ്വപ്നങ്ങൾക്കു മേലേയ്ക്ക്, ജീവിതങ്ങൾക്കു മേലേയ്ക്ക്.

കാൽപ്പെരുമാറ്റങ്ങളുടേതുമാത്രമായിരുന്ന ആ രാത്രിയെ കടൽ വിഴുങ്ങി. മനുഷ്യരുടെ മനസ്സിൽ അലറിക്കൊണ്ടിരുന്ന കടലിനേയും കടലെടുത്തു. കടൽ അലറിക്കയറിയപ്പോൾ വെളുത്ത നുരകൾ ചുവന്നു. പിന്നെ കറുത്തു. അതങ്ങ് പരന്നൊഴുകി. രക്തവർണ്ണത്തിൽ.... വീടുകൾക്കു മീതേ, ജീവിതങ്ങൾക്കു മീതേ. മനുഷ്യരുടേയും മറ്റു ജന്തുക്കളുടേയും കൂട്ടക്കരച്ചിലുകൾ കടലിരമ്പത്തിൽ അലിഞ്ഞുപോയി. ഉറപ്പില്ലാത്ത മണ്ണിൽ പടുത്തുയർത്തിയിരുന്ന ക്ഷണികതയുടെ തൂണുകൾ തകർന്നുവീണു. അവിവേകത്തിന്റെ തീജ്ജ്വാലകൾ. വിദ്വേഷത്തിന്റെ വാൾത്തലപ്പുകൾ.... തലപ്പൊക്കവും കവിഞ്ഞുയർന്ന തിരയിൽ അവയൊക്കെയും പെട്ടുപോയി. കാലത്തേയും കടലെടുത്തു... ഒന്നും മിച്ചമുണ്ടായില്ല.

അടുത്തൊരു തിര ആഞ്ഞടിച്ചപ്പോൾ തത്ത പറന്നുപോയി. കുയിലും. അവരുടെ ഇരിപ്പിടമാണിപ്പോൾ തിരകൾ വിഴുങ്ങിക്കൊണ്ടിരിക്കുന്നത്. ഉയരെ പറന്നുകൊണ്ടിരിക്കുമ്പോൾ തത്ത കുയിലിന്റെ ചിറകിൽ ചിറകുരസി. കുയിലിനു നാണം തോന്നി. തത്ത ചോദിച്ചു: "വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു, അല്ലേ കുൽസു."

റിസോർട്ടിലെ കോട്ടേജിന്റെ മുറ്റത്ത്....

പയർന്നു നില്ക്കുന്നനെല്ലിയുടെ ചോട്ടിൽ....

സന്ധ്യയുടെ ചായക്കൂട്ടിനുതാഴെ....

മൂടൽമഞ്ഞിന്റെ നേർത്ത പാടപോലെ അതു സംഭവിച്ചു.

സന്ധ്യയുടെ മഞ്ഞപ്പും മൂടൽമഞ്ഞുംകൂടിക്കാഴ്ചയ്ക്കു മുൻപിൽ അർദ്ധസുതാര്യമായൊരു തിരശ്ശീല പിടിച്ചിരുന്നു. എങ്കിലും കാര്യങ്ങളെല്ലാം ഒരു കണ്ണാടിയിലെന്നപോലെ വ്യക്തമായിരുന്നു. എനിക്കെങ്കിലും. അപ്പോൾ വീശിയ കാറ്റിന്റെ തണുപ്പ് ഞാനെങ്ങനെ വിശദീകരിക്കും. എനിക്കു മാത്രമുള്ള ഒരുഅനുഭൂതിയായിരുന്നിരിക്കില്ലേ അത്. അദ്ദേഹം വലതുകൈകൊണ്ട് ദുപ്പട്ട എടുത്ത് മുഖത്തേയ്ക്കിടുമ്പോൾ ശ്വാസംമുട്ടലല്ല തോന്നിയത്. മൂക്കു തുളയ്ക്കുന്ന ഗന്ധമാണ്. സ്വപ്നങ്ങൾ പുഷ്പിക്കുന്നതിന്റെ ഹൃദയസ്പൃക്കായൊരു ഗന്ധം. മണമേറ്റിട്ടാവാം. തേൻകുടിയനായൊരു വണ്ട് നെല്ലിയിലെ പൂക്കളിലൊന്നിൽ പറന്നിരുന്നു. എന്റെ മനസ്സാകട്ടെ ചിറകുപിടിപ്പിച്ച് അവിടെയൊക്കെ പറന്നുല്ലസിച്ചു.

ആഘോഷക്കാർ സ്വന്തം പാട്ടുകൾ നിർത്തിക്കഴിഞ്ഞു, ഡാൻസും. ശാന്തത ഭഞ്ജിക്കുവാൻ ടേപ്പ് റെക്കോർഡറിൽനിന്നൊരു കഥകളിപ്പദം മാത്രം. ഉറക്കത്തിലേയ്ക്കു വീഴാഞ്ഞവർ തലയും ദേഹവുമാട്ടി ആസ്വദിക്കുന്നുണ്ട്.





കവിത

പ്രഭാവർമ്മ

# പുഞ്ചിരിച്ചിത

പുഞ്ചിരി പണ്ടേ നെഞ്ചിൽ പിടഞ്ഞ ചിതാഗ്നിയിൽ
നിന്നു ഞാൻ കൊളുത്തിയ
കൈത്തിരി; അറിഞ്ഞാലും!
പുഞ്ചിരിക്കിന്നെന്തിത്ര
തിളക്കമെന്നോ?കെടു
കില്ലൊരു ചിതാഗ്നിയു
മൊട്ടൊന്നു തിളങ്ങാതെ!



**ലേഖനം**

**തോമസ്ചാഴികാടൻ എം.പി.**

# തളരാതെ മുൻപോട്ട്

സ്വാതന്ത്ര്യാനന്തരകേരളത്തിലെകോൺഗ്രസിൽ പ്രത്യാശയർപ്പിച്ചിരുന്നകർഷകജനതയ്ക്കും ലക്ഷോപലക്ഷം പാവപ്പെട്ടതൊഴിലാളികൾക്കും പി.റ്റി.ചാക്കോയുടെആകസ്മികമരണംസമ്മാനിച്ചത് ഒരുതരം രാഷ്ട്രീയഅനാഥത്വം ആയിരുന്നു. യശശരീനായ തങ്ങളുടെനേതാവ് പി.ടി.ചാക്കോയ്ക്ക് കോൺഗ്രസിൽ നിന്നും നീതികിട്ടിയില്ല എന്നും, മരണാനന്തരംപോലും നിയമസഭയിൽ അവഹേളിതനായി എന്നുമുള്ള വൈകാരികചിന്തയിൽ നിന്നും തുടങ്ങിയ രാഷ്ട്രീയമുന്നേറ്റമാണ് കേരളാകോൺഗ്രസ്പാർട്ടിയുടെ പിറവിക്കു കാരണമായത്. കേന്ദ്രസർക്കാരിന്റെ തെറ്റായനയങ്ങൾ മൂലം സംസ്ഥാനങ്ങളിൽ അസംതൃപ്തി പടരാൻ തുടങ്ങി. വടക്കേഇന്ത്യൻ ലോബിയിൽ അധികാരംകേന്ദ്രീകരിച്ചപ്പോൾ ഇന്ത്യയുടെഫെഡറൽ സ്വഭാവത്തെ തകർക്കുന്നനയങ്ങൾ മൂലംപ്രാദേശികപാർട്ടികൾ പല സംസ്ഥാനങ്ങളിലും രൂപംകൊള്ളാൻ തുടങ്ങി. അതിന്റെയുംകൂടിഭാഗമായി 1964 ഒക്ടോബർ 9 നുകോട്ടയത്തെ തിരുനക്കരമൈതാനത്ത് ഭാരതകേസരി മന്നത്തുപത്മനാഭൻ നിലവിളക്ക്കൊളുത്തി നാമകരണംചെയ്തുകൊണ്ട് കേരളാകോൺഗ്രസ്പാർട്ടി പിറവിഎടുത്തു. 1965 ൽ നടന്നതിരഞ്ഞെടുപ്പിൽ 54 മണ്ഡലങ്ങളിൽ മത്സരിച്ച കേരളാകോൺഗ്രസിനു ദിവംഗതനായ കെ.എം.മാണിസാർ ഉൾപ്പെടെ 25 എം.എൽ.എമാരെ വിജയിപ്പിക്കുവാൻ സാധിച്ചുവെങ്കിലും ഒരുകക്ഷിക്കും ഭൂരിപക്ഷംഇല്ലാതിരുന്നതിനാൽ മന്ത്രിസഭരൂപീകരിക്കാൻ കഴിഞ്ഞില്ല. പിന്നീട് എം.എൽ.എമാരുടെ എണ്ണത്തിൽ ഇത്രയുംവലിയ സംഖ്യയിലേക്ക് ഒരിക്കലും കേരളാകോൺഗ്രസിനു എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത്ചരിത്രപരമായ യാഥാർത്ഥ്യമാണ്.

'ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും' എന്നകാലികപ്രസക്തമായ മുദ്രാവാക്യവുമായി കേരളാകോൺഗ്രസ് കേരളംമുഴുവൻ വേരുകളുള്ള ശക്തമായരാഷ്ട്രീയ പ്രസ്ഥാനമായിവളരുന്നു. കേരളാകോൺഗ്രസിന്റെ ശക്തിയും പ്രസക്തിയും ജനകീയഅടിത്തറയും മനസിലാക്കിയ രാഷ്ട്രീയശത്രുക്കൾ പാർട്ടിയെ തകർക്കാനും പിളർത്തി ദുർബലമാക്കാനും ശ്രമിച്ചപ്പോൾ കെ.എം.മാണിസാറിന്റെ നേതൃത്വത്തിൽ പാർട്ടി ശക്തമായ ചെറുത്തുനിൽപ്പ് നടത്തി.

കേന്ദ്ര സംസ്ഥാന ബന്ധങ്ങളിലെതകർച്ച, വികസനത്തിന്റെ അസംതുലിതാവസ്ഥ, അസംതൃപ്തരായ തൊഴിലാളികൾ, പ്രതീക്ഷ നഷ്ടപ്പെട്ട യുവത്വം, ഇവയെല്ലാംതിരിച്ചറിഞ്ഞ് മാണിസാർ അധ്വാനവർഗസിദ്ധാന്തം അഥവാ ജനകീയസോഷ്യലിസം എന്ന രാഷ്ട്രീയസാമ്പത്തികദർശനവും, ആലുവ സാമ്പത്തിക പ്രമേയവും വഴി പാർട്ടിക്ക് സൈദ്ധാന്തിക അടിത്തറയും, സ്വന്തംപ്രത്യയശാസ്ത്രവുംനൽകി. കർഷകനും, കർഷകതൊഴിലാളിയും. പരസ്പരം പോരാടേണ്ടവരല്ല; അവർ ഒരുനാണയത്തിന്റെ രണ്ടുവശങ്ങളാണ്.

## 2

കേന്ദ്രസംസ്ഥാനബന്ധങ്ങൾ പൊളിച്ചെഴുതണം, അധികാരവികേന്ദ്രീകരണം, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയ വിപ്ലവകരവും വികസനപരവുമായ നിർദ്ദേശങ്ങൾ പാർട്ടിക്കുവേണ്ടി മാണിസാർ മുന്നോട്ടുവെച്ചു. വികസിതരാജ്യങ്ങളുടെ കൂട്ടായ്മ, യൂറോപ്യൻ യൂണിയൻ, തുടങ്ങിയ നീക്കങ്ങൾക്കുള്ളസാമ്പത്തിക രാഷ്ട്രീയ ബദൽ സംവിധാനമായി 'ഏഷ്യൻ സാമ്പത്തികസമൂഹം' എന്ന നൂതനആശയംകെ.എം. മാണിയിലൂടെകേരളാകോൺഗ്രസ്(എം) പാർട്ടിഅവതരിപ്പിച്ചു.

കേരളാകോൺഗ്രസിനെ കർഷകർക്ക് പ്രാമുഖ്യമുള്ള അധ്വാനവർഗ്ഗത്തിന്റെ വികാരമാക്കിയത് മാണിസാർ തന്നെയാണ്. പാർട്ടിയുടെ ഗതിവിഗതികളുടെ കടിഞ്ഞാൺ നിയന്ത്രിച്ചു കൊണ്ട് കേരളത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിലൂടെ മാണിസാറിന്റെനേതൃത്വത്തിൽ നടത്തിയ രാഷ്ട്രീയപടയോട്ടങ്ങൾ പാർട്ടിപ്രവർത്തകർക്ക് ഉണർവും ഉന്മേഷവും ആവേശവും പകർന്നുനൽകി. തനിക്ക് മുൻപിൽ ഓരോ ആവശ്യങ്ങളുമായി കടന്നുവരുന്ന സാധാരണപ്രവർത്തകരെപോലും അവരുടെപേരുവിളിച്ച് സ്നേഹപൂർവ്വം സ്വീകരിക്കുകയും, ഒരുടെലിഫോൺ വിളിയിലൂടെയോ, ഉത്തരവാദിത്വപ്പെട്ടവർക്ക് ശുപാർശകത്ത് കൊടുത്തുകൊണ്ടോ, തോളിൽ തട്ടിയാത്രയാക്കി അവരുടെപ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കുവാൻ അദ്ദേഹം ശുഷ്കാന്തി കാണിച്ചു. ഇന്ന് കേരളാകോൺഗ്രസ് (എം)നെ മറ്റുരാഷ്ട്രീയപാർട്ടികളിൽ നിന്നും വേർതിരിച്ചുനിർത്തുന്ന സവിശേഷത 'അധ്വാനവർഗസിദ്ധാന്തം' എന്നപാർട്ടിയുടെപ്രത്യയശാസ്ത്രമാണ്. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ്പാർട്ടികൾക്കൊഴികെ മറ്റൊരുദേശീയ/പ്രാദേശികരാഷ്ട്രീയപാർട്ടികൾക്കും സ്വന്തമായ ഒരു പ്രത്യയശാസ്ത്രം ഇല്ല എന്നത് ഇത്തരുണത്തിൽ പ്രത്യേകംശ്രദ്ധേയമാണ് .

തന്റെഇഷ്ടമേഖലയായ സാമ്പത്തികശാസ്ത്രമുൾപ്പെടെ ദേശീയ അന്തർദേശീയപ്രശ്നങ്ങളിൽ പ്രത്യയശാസ്ത്രപരമായ നിലപാടുകൾ മാണിസാറിനുണ്ടായിരുന്നു. അതിന്റെഅംഗീകാരമാണ് ബി.ജെ.പിഭരണത്തിൽ എല്ലാ സംസ്ഥാനധനമന്ത്രിമാരുംഅംഗങ്ങളായുള്ള GST Enpowered committee യുടെചെയർമാൻ ആയികെ.എം .മാണിസാർ നിയമിതനായത്.

ധനകാര്യത്തിനു പുറമെ താൻ ഭരിച്ചവിവിധവകുപ്പുകളായ ആഭ്യന്തരം, റവന്യൂ, നിയമം, ജലവിഭവം, വൈദ്യുതി, തുറമുഖം, നഗരവികസനം, ഭവനനിർമ്മാണം, ഇൻഫർമേഷൻ എന്നിവയിലൂടെതൊട്ടതെല്ലാം പൊന്നാക്കിമാറ്റുന്ന 'മാണിമാജിക്'എന്ന മാന്ത്രികവിദ്യ രാഷ്ട്രീയ എതിരാളികളുടെപോലും പ്രശംസപിടിച്ചുപറ്റി. വെളിച്ചവിപ്ലവം, സാമൂഹ്യജലസേചനപദ്ധതി, റവന്യൂടവർ, കർഷകതൊഴിലാളി പെൻഷൻ, കാരുണ്യലോട്ടറി, കാർഷികകടം എഴുതിത്തള്ളൽ, താലൂക്ക്സഭ എന്നിവയൊക്കെ കേരളജനതയ്ക്ക് അദ്ദേഹത്തിന്റെ വിലമതിക്കാനാവാത്ത സംഭാവനകൾ ആണ്.

### 3

കേരളത്തിലെഒരുരാഷ്ട്രീയവിസ്മയമായ കെ.എം.മാണിസാർ ഏറ്റവുംകൂടുതൽ കാലം എം.എൽ.എ, ഏറ്റവുംകൂടുതൽ തവണമന്ത്രി, ഏറ്റവുംകൂടുതൽ ബജറ്റുകൾ അവതരിപ്പിച്ച ധനമന്ത്രി എന്നീ റെക്കോർഡുകളുടെയെല്ലാം ഉടമയാണ് .ഇതു പുതിയതലമുറയിലെ കേരളാകോൺഗ്രസ്സുകാർ അറിഞ്ഞുൾക്കൊള്ളേണ്ട വസ്തുതകളാണ്.

മാണിസാറിനുശേഷംകേരളാകോൺഗ്രസ് (എം)നെഇല്ലാതാക്കുവാനും, മാണിസാറിന്റെപൈതൃകം തട്ടിയെടുത്ത് നേട്ടങ്ങൾ ഉണ്ടാക്കുവാനും ശ്രമിച്ചവർക്ക് ചുട്ടമറുപടി നൽകികൊണ്ട് പ്രിയപ്പെട്ട പാർട്ടി ചെയർമാൻ ജോസ്.കെ.മാണിയുടെനേതൃത്വത്തിൽ ശക്തവും സമയോചിതവുമായി നടത്തിയ ഇടപെടലുകൾ വഴി കേന്ദ്രതിരഞ്ഞെടുപ്പ്കമ്മീഷനിൽ നിന്നും, രാജ്യത്തെ പരമോന്നതകോടതിയിൽ നിന്നും യഥാർത്ഥകേരളാകോൺഗ്രസ്(എം) ജോസ്.കെ.മാണിനേതൃത്വംകൊടുക്കുന്നപാർട്ടിയാണ് എന്ന അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു.

ഇന്ന്കേരളാകോൺഗ്രസ്(എം) പുതിയ തലമുറയുടെ കൈകളിൽ കൂടുതൽ ശക്തിയാർജ്ജിച്ചിരിക്കുകയാണ്. നാലുപതിറ്റാണ്ടോളം തുടർന്ന യു.ഡി.എഫ് ബന്ധം അവസാനിപ്പിക്കുവാനുള്ള ചരിത്രപരമായ തീരുമാനം എടുക്കുവാൻ പുതിയ നേതൃത്വത്തിനു കഴിഞ്ഞു. മതേതര നിലപാട് കാത്തുസൂക്ഷിക്കുന്ന ഇടതുമുന്നണിയിൽ അംഗമാകുകയും, അതുവഴി തുടർഭരണം എൽ.ഡി.എഫ്നു സമ്മാനിക്കുന്നതിൽ നിർണായകപങ്കങ്ക് വഹിക്കുവാൻ പാർട്ടിക്ക്സാധിക്കുകയും ചെയ്തു. 2021-ലെനിയമസഭാതിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തോടൊപ്പംനിന്ന് അഞ്ച് എം.എൽ.എമാരെ വിജയിപ്പിച്ച് മുന്നണിയിലെ മൂന്നാമത്തെകക്ഷിയായി നാംമാറി. മന്ത്രിഎന്നനിലയിൽ റോഷിഅഗസ്റ്റിനും, ഗവണ്മെന്റ് ചീഫ് വിപ്പ് എന്നനിലയിൽ ഡോ. എൻ.ജയരാജും അഭിമാനകരമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. ആദ്യ നിയമസഭാസമ്മേളനത്തിൽ തന്നെ എം.എൽ.എമാർ എന്നനിലയിൽഅഡ്വ. ജോബ്മൈക്കിൾ, അഡ്വ.സെബാസ്റ്റ്യൻ കുളത്തുങ്കൽ, പ്രമോദ്നാരായണൻ എന്നിവർ നടത്തിയ ഇടപെടലുകൾ കേരളമാകെ ശ്രദ്ധിക്കുന്നതായി.

കാലഘട്ടത്തിന്റെവെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് പാർട്ടിചെയർമാൻ ജോസ്.കെ .മാണി വിഭാവനംചെയ്ത 'വിഷൻ 2030', 'കർഷകരക്ഷ, മതേതരത്വം, പുതിയകേരളം' എന്നീ മുദ്രാവാക്യങ്ങളുമായികേരളാകോൺഗ്രസ്(എം) മുൻപേ പറക്കുകയാണ് . വിവിധരാഷ്ട്രീയപാർട്ടികളിൽ നിന്നും. കേരളാകോൺഗ്രസ്സ്(എം)ലേക്കും, പാർട്ടിയുടെ പോഷക സംഘടനകളിലേക്കും നിരവധി പ്രവർത്തകരും,അനുഭാവികളും ദിനംപ്രതി കടന്നുവന്നുകൊണ്ടിരിയ്ക്കുന്നു.കെ.എസ്.സി(എം),കേരളായൂത്ത്ഫ്രണ്ട് (എം) .കേരളാവനിതാകോൺഗ്രസ്(എം), കേരളാ കർഷകയൂണിയൻ, കെ.റ്റി.യു.സി(എം) തുടങ്ങിയ പോഷക സംഘടനകളും ജനോപകാരപ്രദമായ പ്രവർത്തനശൈലികളിലൂടെ മുന്നേറുന്നു. നാം നേരിടുന്ന എല്ലാ രാഷ്ട്രീയസാമൂഹിക പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ ചർച്ചകളും, സംവാദങ്ങളും, ജനകീയഇടപെടലുകളുമായിപാർട്ടിജനങ്ങളുടെ പ്ര

തീക്ഷക്കൊത്തു മുന്നേറുന്നു. അച്ചടക്കവും, ചിട്ടയായ പ്രവർത്തനശൈലിയുമുള്ള സെമികേഡർ പാർട്ടിയായി മാറികൊണ്ട് പുതിയ രൂപഭാവങ്ങളോടെ നവകേരള സൃഷ്ടിക്കായി ശ്രീജോസ്.കെ.മാണികേരളാകോൺഗ്രസ്(എം)നെ നയിച്ചുകൊണ്ടിരിക്കുന്നു

ആനുകാലികരാഷ്ട്രീയ, സാമൂഹികവിഷയങ്ങളിലും, കർഷകരുടെയും, കർഷകതൊഴിലാളികളുടെയും, സാധാരണജനങ്ങളുടെയും, പ്രവാസികളുടെയും, പ്രശ്നങ്ങളിലും ഈ കോവിഡ് മഹാമാരികാലത്തും,തൃപ്തികരമായപരിഹാരംകാണുവാൻ വേണ്ടി ഇന്ത്യൻ പാർലമെന്റിന് അകത്തും പുറത്തും എം.പി എന്നനിലയിൽ പാർട്ടി ഏൽപ്പിച്ചഉത്തരവാദിത്വങ്ങൾ കഴിവിന്റെ പരമാവധിയിൽ നിർവഹിക്കുവാൻ ഞാനുംശ്രമിച്ചുകൊണ്ടിരിക്കുന്നു .



കവിത

**സിജിത അനിൽ പാലാ**

# ശാദ്വലഭൂമി



സ്നേഹവനികയിലുയരുന്നെതോ
പൂങ്കുയിൽ പാടും ഗാനം
സ്വരരാഗങ്ങൾ ശ്രുതികൾ മീട്ടിയ
അപൂർവ്വസുന്ദര ഗാനം.

മഴയുടെ താളപ്പെരുമകളെന്നുടെ
ധമനിയിൽ ഉത്സവമായ്
തരളിതമെതോ മന്ദസ്മിതമായ്
താരുകൾ മെല്ലെ വിടർന്നു.
ഉൾനാമ്പുകളിൽ പൂക്കും ഗന്ധം
പുതിയൊരു ഗാന്ധർവ്വമായ്.

നീർക്കുമിളകളിൽ കാമനപൂക്കേ
കലയുടെ രസമുകുളങ്ങൾ പൂത്തു
ധരണിയിൽ പ്രണയകലയുടെ
വിടർന്നപ്പൂക്കൾ ചിരിച്ചു
വിടർന്നപ്പൂക്കൾ ചിരിച്ചു.

മുട്ടിയുരുമ്മിക്കടന്നു പോകും
കെടുതികൾ യുദ്ധക്കളമാക്കി
നുരയും മാനവ ദുരതൻ ദുരിതം
ക്ഷിതിയുടെ കണ്ണീരുറവായ്

കർമ്മപഥങ്ങളിൽ ബന്ധവുമോരോ
ബന്ധനകഥകൾ പാടി
ബോധിവൃക്ഷത്തണലിലിരുന്നൊരു
ജീവിതകഥകൾ പാടി.


ഹരിതഭംഗികൾ ഭൂമിയിൽ വീണ്ടും
കാവ്യഭംഗി രചിക്കും
മാനവജീവിത മണിവീണകളിൽ
സ്വരരാഗങ്ങൾ പാടും
വീണ്ടും സ്വരരാഗങ്ങൾ പാടും

# ഓർമ്മകളിലെ മാണിസാർ

**കെ. എം മാണി ധന്യസ്മൃതി** എന്ന പേരിൽ കേരളനിയമസഭയുടെ പ്രസിദ്ധീകരണവിഭാഗം പ്രസിദ്ധീകരിച്ച പുസ്തകത്തിൽ മാണിസാറിന്റെ നിയമസഭയിലെയും അല്ലാതെയുമുള്ള ചരിത്രചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. താൻ പ്രതിനിധീകരിച്ച പാലാ നിയമസഭാ മണ്ഡലത്തിൽ നിന്നും 50 വർഷത്തിലേറെ നീണ്ട ധന്യമായ നിയമസഭാപ്രവർത്തനങ്ങൾ എന്ന അപൂർവ്വത മാണിസാറിനുമാത്രം സ്വന്തം. ആ ചരിത്ര വർഷങ്ങളിലെ സുവർണ്ണമുദ്രകളാണീ ചിത്രങ്ങളിൽ പലതും.

*(ചിത്രങ്ങൾക്ക് കടപ്പാട്: കേരളനിയമസഭയുടെ പ്രസിദ്ധീകരണവിഭാഗം)*




























കവിത
രമേഷ് പുതിയമഠം

# രണ്ടാം വരവ്

വന്നു വീണ്ടും മഹാമാരി, നമ്മളെ
കൊന്നൊടുക്കുവാൻ, കോലംകെടുത്തുവാൻ
ഒന്നു മിണ്ടുവാൻ പോലും കഴിയാതെ
നിന്ന നിൽപ്പിൽ മരിച്ചുവീണീടുന്നു


പൂട്ടിയിട്ടു സകലതും, ജീവിതം
വീട്ടിനുള്ളിൽ ചുരുങ്ങിച്ചുവക്കുന്നു
പാട്ടുനിന്നു, പകലും പകച്ചുപോയ്
ചൂട്ടിനുള്ളിൽ വെളിച്ചം നിലച്ചുപോയ്

വഴികളെല്ലാം നിശ്ശബ്ദമായ്; നോവിന്റെ
നിഴലുതീർക്കുന്നു, രോഗാണുവാഹകർ
അന്ത്യചുംബനം നൽകുവാനാകാതെ
സന്ധ്യ നമ്മളെ യാത്രയാക്കീടുന്നു

എന്നുതീരുമീ വ്യാധികൾ, കാലമേ
അന്നുകാണാം, തളിരിട്ട കാഴ്ചകൾ
തീർച്ചയായും ജയിക്കുമീ യുദ്ധവും
വീർപ്പടക്കിക്കഴിയാം അതുവരെ

തണലിൽ വീണ്ടും തണുപ്പു പടരണം
അണുവിമുക്തമായ് തീരണം, കേരളം
നുണകൾ നെയ്യും സമൂഹമായ് മാറാതെ
കണികയാവണം, നേരിന്റെ പാതയിൽ

വന്നു വീണ്ടും മഹാമാരി, നമ്മളെ
കൊന്നൊടുക്കുവാൻ, കോലംകെടുത്തുവാൻ
ഒന്നു മിണ്ടുവാൻ പോലും കഴിയാതെ
നിന്ന നിൽപ്പിൽ മരിച്ചുവീണീടുന്നു



**ഓർമ്മ**
**റോഷി അഗസ്റ്റിൻ**
(ജലവിഭവ വകുപ്പ് മന്ത്രി)

# കാരുണ്യത്തിന്റെ മഹാപ്രമാണി!

**കേരള** രാഷ്ട്രീയത്തിൽ പരാജയമെന്തെന്നറിയാതെ വിജയസോപാനത്തിൽ ആദ്യവസാനം വിരാജിച്ച ഏക ജനനേതാവും, അനന്യമായ നേതൃപാടവവും അനിതരസാധാരണമായ കർമകുശലതയും അനുകമ്പാർദ്രമായ പെരുമാറ്റവും വഴി ഒരു ജനതയുടെ അളവില്ലാത്ത സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായ കാരുണ്യത്തിന്റെ മഹാപ്രമാണിയും ആണ് മാണിസാർ.



മാണിസാറിനെക്കുറിച്ചുള്ള നൂറുനൂറു സ്മരണകൾ കേരളത്തിലെ ജനാധിപത്യ വിശ്വാസികളുടെ മനസ്സിൽ എന്നും പച്ചപിടിച്ചു നിൽക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം സർവ്വസ്വവുമായിരുന്നു മാണിസാർ. എന്റെ നേതാവ്, എന്റെ രാഷ്ട്രീയഗുരു, എന്റെ മാർഗ്ഗദർശി, എന്റെ ശക്തിസ്രോതസ്സ് – എല്ലാം ഇന്നും എന്നും മാണിസാറാണ്.


സ്കൂൾ വിദ്യാർത്ഥി ആയിരിക്കെത്തന്നെ, മാണിസാറിന്റെ പ്രസംഗങ്ങൾ എന്നെ ആവേശഭരിതനാക്കിയിരുന്നു. ചക്കാമ്പുഴയിലും ഇടക്കോലിയിലും രാമപുരത്തും പാലായിലും നിരവധി വേദികളിൽ അദ്ദേഹത്തെ ശ്രവിക്കുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചു; വാക്കിലും പ്രവൃത്തിയിലും അദ്ദേഹത്തെ അനുകരിക്കാനുള്ള ആഗ്രഹം ബാലനായിരിക്കുമ്പോൾത്തന്നെ എന്നിൽ മുളയെടുത്തു. പാലാ സെന്റ് തോമസ് കോളേജിൽ വിദ്യാർത്ഥിയായിരുന്ന എന്നെ കേരള വിദ്യാർത്ഥി കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റായി വളർത്തിയതു മാണിസാറാണ്.

കെ.എസ്.സി. പ്രസിഡന്റ് ആയിരിക്കേ, 1995 ഡിസംബർ ഒന്നു മുതൽ 1996 ജനുവരി 12 വരെ തീയതികളിൽ, അഴിമതിക്കും മദ്യവിപത്തിനും എതിരേയും വിദ്യാഭ്യാസരംഗത്തെ സമൂലപരിഷ്കരണങ്ങൾക്കുവേണ്ടിയും കാസർകോട്ടുനിന്ന് തിരുവനന്തപുരത്തേക്ക് നാൽപ്പത്തിമൂന്നു ദിവസം നീണ്ടു

നിന്ന വിമോചന പദയാത്ര നടത്താൻ മാണിസാറിന്റെ കരുത്തുറ്റ കരങ്ങളാണ് എനിക്കു ശക്തി പകർന്നത്. അന്ന് എന്റെ യാത്രയുടെ വിശദാംശങ്ങൾ ചർച്ചചെയ്യാൻ ചേർന്ന പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ, തടസ്സവാദങ്ങളും ഭേദഗതികളും ഉന്നയിച്ച ചില നേതാക്കന്മാരോട് ഞാൻ ഇങ്ങനെ വിശദീകരിച്ചു: "കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു വിദ്യാർത്ഥി പ്രസ്ഥാനം നടത്തുന്ന ഈ പദയാത്രയുടെ ഉദാത്ത ലക്ഷ്യം അഴിമതിക്കും മദ്യവിപത്തിനും എതിരേ പോരാടുക എന്നതാണെങ്കിലും, കേരള രാഷ്ട്രീയത്തിൽ അഴിമതിയുടെ കറപുരളാതെ കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലമായി സൂര്യനെപ്പോലെ ശോഭിക്കുന്ന കെ.എം. മാണിസാറിന്റെ മഹനീയ മാതൃക പുതിയ തലമുറയ്ക്കു പകർന്നുകൊടുക്കുക എന്നതാണ് ഈ പദയാത്രയുടെ യഥാർത്ഥ ലക്ഷ്യം." അതോടെ കമ്മിറ്റിയിൽ ഉയർന്ന ആരവം അടങ്ങിയപ്പോൾ മാണിസാർ പറഞ്ഞു, "എല്ലാ ജില്ലാക്കമ്മിറ്റികളും യാത്രാച്ചെലവിലേക്ക് അയ്യായിരം രൂപ വീതം ഇവനു നൽകേണ്ടതാണ്." ഒന്നര മാസം സമയമെടുത്ത്, ഇരുനൂറോളം സന്നദ്ധ സേനാംഗങ്ങളുമായി, നഗരങ്ങളും നാട്ടിൻപുറങ്ങളും കയറിയിറങ്ങി, കാസർകോട്ടുനിന്നും തിരുവനന്തപുരത്തേക്ക് ആയിരത്തോളം കിലോമീറ്റർ നടന്നെത്തുക എന്നത് ഏറ്റവും പ്രയാസകരമായ കാര്യമാണെന്ന് മാണിസാറിന് ആരെങ്കിലും പറഞ്ഞുകൊടുക്കേണ്ടതുണ്ടോ?

മാണിസാറിനെ യുവാക്കളും വിദ്യാർത്ഥികളും ആഴത്തിൽ മനസ്സിലാക്കണമെന്ന ആഗ്രഹത്തോടെ ഞാൻ തയ്യാറാക്കിയ, "കെ.എം. മാണി – പൊതുപ്രവർത്തകർക്ക് ഒരു മാതൃക" എന്ന പുസ്തകത്തിന്റെ ഒരു ലക്ഷം കോപ്പികൾ ആ ഐതിഹാസിക പദയാത്രയിൽ സൗജന്യമായി വിതരണം ചെയ്യാൻ സാധിച്ചതും കെ.എസ്.സി.-യെ സംബന്ധിച്ചിടത്തോളം ഒരു മഹാകാര്യമായിരുന്നു. പുസ്തകത്തിന്റെ കൈയെഴുത്തുപ്രതിയുമായി രാത്രി ഒരു മണി നേരത്ത് നാട്ടകം ഗസ്റ്റ് ഹൗസിൽവച്ച് മാണിസാറിനെ കണ്ടപ്പോൾ അതിലെ ഓരോ അക്ഷരവും അദ്ദേഹം ധ്യാനനിമഗ്നനായി വായിച്ചുകേട്ടു, ചാരുകസേരയിൽ കണ്ണടച്ച് കിടക്കുകയായിരുന്ന അദ്ദേഹം ഉറങ്ങിപ്പോയെന്നു വിചാരിച്ച് ഞാൻ ഇടയ്ക്കു വായന നിറുത്തിയപ്പോൾ സാർ പറഞ്ഞു, "ഞാൻ ഉറങ്ങിയിട്ടില്ല, നീ വായിക്ക്." ആ ഗ്രന്ഥത്തിൽ ഞാൻ നടത്തിയ "പഴങ്കഞ്ഞി" പ്രയോഗത്തിന് "ആറിത്തണുത്ത ഭക്ഷണം" എന്ന പാഠഭേദം നിർദ്ദേശിച്ചതൊഴിച്ചാൽ എന്റെ പുസ്തകം അതേപടി അംഗീകരിക്കാൻ മാണിസാർ സൗമനസ്യം കാണിച്ചു.

കാലാനുസൃതവും ആധുനികവുമായ പദപ്രയോഗങ്ങൾ നടത്തുന്നതിലും യുക്തായുക്തങ്ങളെ പരീക്ഷിച്ച് യുക്തം ഇന്നതെന്നു തീർച്ചപ്പെടുത്തി അതു സമർത്ഥിക്കുന്നതിലും അദ്ധ്വാനവർഗ്ഗത്തിന്റെ വലിയ പടത്തലവൻ അസാധാരണമായ വൈഭവം പുലർത്തി. നിയമസഭയിൽ അദ്ദേഹം നടത്തിയ "അഡീഷണാലിറ്റി" പ്രയോഗം വിമർശിക്കപ്പെട്ടപ്പോൾ, കേംബ്രിഡ്ജ്, ഓക്സ്ഫർഡ്, വെബ്സ്റ്റർ നിഘണ്ടുക്കളുടെ സഹായത്തോടെ തന്റെ പദപ്രയോഗത്തെ അദ്ദേഹം സമർത്ഥിച്ചതു ഞാൻ ഓർക്കുന്നു. "വാക്കുകൾക്ക് അൽപ്പം ഗൗരവം വേണം" എന്ന് അദ്ദേ



ഹം ചിലപ്പോഴെങ്കിലും എന്നെ ഓർമിപ്പിച്ചിട്ടുണ്ട്. 2001-ൽ നിയമസഭയിൽ താൻ അവതരിപ്പിച്ച കാർഷിക കടാശ്വാസ നിയമം 'കേരളത്തിലെ കർഷകരെ കടബാധ്യതയിൽനിന്നും വിടുവിക്കും' എന്നു സെക്രട്ടറി തയാറാക്കിയ പത്രക്കുറിപ്പിൽ അദ്ദേഹം ഇങ്ങനെ തിരുത്തി: "കേരളത്തിലെ ലക്ഷോപലക്ഷം കർഷകരെ ഋണഭാരത്തിൽനിന്നും വിമുക്തരാക്കും!"

1996-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ, എന്റെ ഇരുപത്താറാം വയസ്സിൽ, എന്നെ പേരാമ്പ്രയിൽ സ്ഥാനാർത്ഥിയാക്കിയതു മാണിസാറാണ്. എനിക്ക് അന്യവും അപരിചിതവും ആയിരുന്ന ആ മണ്ഡലത്തിൽ രണ്ടായിരത്തോളം വോട്ടിന്റെ വ്യത്യാസത്തിൽ വിജയം അകന്നുമാറിയപ്പോൾ ഏറ്റവുമാദ്യം എന്നെ വിളിച്ചാശ്വസിപ്പിച്ചതും അദ്ദേഹമാണ്. തുടർന്ന് 2001-ലെ തെരഞ്ഞെടുപ്പിൽ എന്നെ ഇടുക്കിയിൽ രംഗത്തിറക്കിയതും തുടർച്ചയായി അഞ്ച് പ്രാവശ്യം എനിക്കു വിജയമുണ്ടായതും മാണിസാറിലൂടെ കൈവന്ന ദൈവാനുഗ്രഹമായി ഞാൻ വില

ആശംസകൾ....

# മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 3556, മരങ്ങാട്ടുപിള്ളി

ISO 9001-2015 Certified Co-operative Bank

Ph: 04822 - 251040, 252440

E-Mail :mscb3556@gmail.com Website: www.mscbonline.in

രജിസ്റ്റർ ചെയ്ത തിയതി :08.05.1955

ആരംഭിച്ച തിയതി : 12.06.1955

**ബ്രാഞ്ചുകൾ :-**

| | |
|---|---|
| കുര്യനാട് | 230276 |
| കുറിച്ചിത്താനം | 251090 |
| മണ്ണയ്ക്കനാട് | 230645 |
| നീതി മെഡിക്കൽസ്റ്റോർ | 252240 |

**സ്ഥിതി വിവരം**

| | |
|---|---|
| അംഗങ്ങൾ | 17676 |
| ഓഹരി മൂലധനം | 1.53 കോടി |
| നിക്ഷേപങ്ങൾ | 206 കോടി |
| വായ്പകൾ | 111 കോടി |
| ലാഭം 2019-2020 | 50.75 ലക്ഷം |
| പ്രവർത്തന മൂലധനം | 219 കോടി |

- ☑ 65 വർഷത്തെ സേവന പാരമ്പര്യത്തോടെ പ്രവർത്തിച്ചു വരുന്ന കോട്ടയം ജില്ലയിലെ പ്രമുഖ ക്ലാസ് 1 സൂപ്പർ ഗ്രേഡ് ബാങ്ക്
- ☑ 25 ലക്ഷം രൂപ വരെ വായ്പ നൽകി വരുന്നു.
- ☑ സ്വർണ്ണപണയ വായ്പ 25 ലക്ഷം രൂപ വരെ
- ☑ ഹെഡാഫീസിൽ ATM സൗകര്യം
- ☑ RTGS, NEFT, IBT, SMS Alert തുടങ്ങിയ സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.
- ☑ വിദേശത്തുനിന്നും, വിദേശത്തേക്കും WESTERN UNION & XPRESS MONEY TRANSFER വഴി പണം അയക്കാവുന്നതാണ്.
- ☑ ഹെഡാഫീസിൽ 300 ൽ പരം സേവനങ്ങൾ ലഭ്യമാക്കുന്ന ജനസേവന കേന്ദ്രവും MINI ATM സൗകര്യവും

GDCS **കമ്മീഷൻ 4% മാത്രം**

**നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്ക്**

**സീനിയർ സിറ്റിസൺസിന് 1/2% പലിശ കൂടുതൽ**

**നീതി മെഡിക്കൽസ്റ്റോറിൽനിന്നും 50% വരെ വിലക്കുറവിൽ മരുന്നുകൾ ലഭിക്കുന്നു.**

**പ്രസിഡന്റ്**
എം.എം. തോമസ്, മേൽവെട്ടം
9447661322

**സെക്രട്ടറി ഇൻ-ചാർജ്ജ്**
വിൻസ് ഫിലിപ്പ്
9446717788

മതിക്കുന്നു, നന്ദിയർപ്പിക്കുകയും ചെയ്യുന്നു.

നീണ്ട പതിനെട്ടു വർഷം മാണിസാറിനോടൊപ്പം നിയമസഭാംഗമായി പ്രവർത്തിക്കാൻ കഴിഞ്ഞതു മഹാഭാഗ്യമായി ഞാൻ കരുതുന്നു, എന്റെ തലമുറയിലെ മറ്റാർക്കും ലഭിക്കാത്ത ഭാഗ്യം! അറിവിന്റെ നിറകുടമായ ഒരു അദ്ധ്യാപകൻ തന്റെ വത്സലശിഷ്യനോടെന്നപോലെ ആയിരുന്നു ജീവിതത്തിലുടനീളം അദ്ദേഹം എന്നോടു പെരുമാറിയത്. ഞാനുൾപ്പെടെ പാർട്ടിയുടെ എം.എൽ.എ.-മാരും നേതാക്കന്മാരും വിഷയങ്ങൾ ആഴത്തിൽ പഠിക്കണമെന്ന കാര്യത്തിൽ മാണിസാറിനു നിർബന്ധമുണ്ടായിരുന്നു. 2001-ൽ നിയമസഭയിലെത്തിയ സ്റ്റീഫനും ഉണ്ണിയാടനും എനിക്കും വേണ്ടി അദ്ദേഹം നിയമസഭാ സമ്മേളനത്തിനു മുമ്പ് പരിശീലന ക്ലാസ് സംഘടിപ്പിച്ചതു ഞാൻ ഓർക്കുന്നു. നിയമസഭയിൽ എങ്ങനെ പെരുമാറണമെന്നും പ്രസംഗിക്കണമെന്നും പ്രശ്നങ്ങളിൽ ഇടപെടണമെന്നും സ്വന്തം മണ്ഡലത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്തേണ്ടത് എങ്ങനെയെന്നും അദ്ദേഹം അന്നു സുദീർഘമായി പഠിപ്പിച്ചതും എന്റെ ഓർമ്മയിലുണ്ട്. ഓരോ വിഷയത്തിലും അദ്ദേഹം നടത്തുന്ന ഹോംവർക്കും ബൗദ്ധികവ്യയവും അവതരണ രീതികളുമെല്ലാം അത്ഭുതത്തോടെയാണ് ഞങ്ങളെല്ലാം നോക്കിക്കണ്ടത്.

മാണിസാറിനെക്കുറിച്ചു മലയാള മനോരമ എഴുതിയതുപോലെ, "ജനമനസ്സായിരുന്നു അദ്ദേഹത്തിന്റെ നിക്ഷേപം. സ്നേഹംകൊണ്ടും കരുതൽകൊണ്ടും കെ.എം. മാണി തനിക്കൊപ്പമുള്ളവരുടെ മനസ്സു കവർന്നു......പൂർവ്വമാതൃകകളില്ലാതെ അദ്ദേഹം കേരളരാഷ്ട്രീയത്തിന്റെ സങ്കീർണ്ണമായ അരങ്ങിൽ ആടിത്തിമർത്തു.... കെ.എം. മാണിയുടെ രാഷ്ട്രീയ വഴികളോടു വിയോജിക്കുന്നവർക്കുപോലും കേരളത്തിന്റെ വികസന ചരിത്രത്തിൽ അദ്ദേഹം പതിച്ച കയ്യൊപ്പുകൾ വിസ്മരിക്കാനാവില്ല."

രാഷ്ട്രീയ മണ്ഡലത്തിൽ പി.ടി. ചാക്കോയുടെ അനുയായി ആയി അരങ്ങേറ്റം കുറിച്ച്, ഉലയാത്ത രൂപത്തിലും ഉടയാത്ത വേഷത്തിലും ചാക്കോച്ചനെയും മറികടന്ന അജയ്യനായ ആ വീരനായകൻ 2019 ഏപ്രിൽ ഒൻപതിന്, പി.ടി.ചാക്കോയുടെ 104-ാം ജന്മദിനത്തിലാണ് നിത്യസമ്മാനത്തിനായി വിടവാങ്ങിയത്. ഇരുപത്തിയൊൻപതു വർഷം മുമ്പ്, 1992-ൽ മാണിസാർ നിയമസഭാംഗത്വ രജതജൂബിലി ആഘോഷിച്ചപ്പോൾ, മഹാകവി പാലാ നാരായണൻ നായർ രചിച്ച "ക്ഷീരപുരിക്ക് നാകസുകൃതം" എന്ന കവിതയിലെ ഏതാനും വരികൾ നമ്രശിരസ്കനായി ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ:

"പാവപ്പെട്ടവർ, പട്ടിണിപ്പരിഷകൾ,
പാരം പണക്കാർ,
കുടുംബാവശ്യത്തിനു ജോലിയുള്ളവർ,
പണിയ്ക്കാരും വിളിക്കാത്തവർ
ഏവം മിശ്രജനങ്ങളോടിടപെടാൻ
വേണ്ടും നയം മസൃണം-
ഭാവം സദ്വിനയം വിശാല ഹൃദയം;
നേതൃത്വമാർന്നു ഭവാൻ! ......
ഭദ്രം തൻ നീതിബോധം ഭരണനിപുണമാം
കർമ്മയോഗത്തിലല്ലോ ഭക്തൻ മന്ത്രീന്ദ്രനെത്തീ;
വിജയ വിഭവനാവട്ടെ മാണിപ്രമാണി!"

കവിയുടെ പ്രാർത്ഥനപോലെ, വിജയവിഭവനായി, കർമ്മസചിവനായി, നിയമസഭാംഗത്വത്തിൽ മറ്റൊരു കാൽനൂറ്റാണ്ടുകൂടി പിന്നിട്ടിട്ടാണ് സംഭവബഹുലമായ തന്റെ കർമ്മവൃത്തം മാണിസാർ പൂർത്തിയാക്കിയത്. എന്നെ ഏറെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്ത ആചാര്യനെ, പാലായുടെ മാണിക്യത്തെ, കേരള രാഷ്ട്രീയത്തിലെ ഭീഷ്മാചാര്യനെ, കർഷകനും തൊഴിലാളിക്കും വേണ്ടി നിതാന്തം മുഴങ്ങിയ സിംഹഗർജ്ജനത്തെ, അലിവിന്റെയും ആർദ്രതയുടെയും ആൾരൂപത്തെ, ആകാശമോക്ഷത്തെ കാംക്ഷിച്ച വെള്ളിനക്ഷത്രത്തെ നിത്യതയിൽ വീണ്ടും കണ്ടുമുട്ടുമെന്ന് ഞാൻ വിശ്വസിക്കുന്നു.


ആശംസകൾ....

**കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക്**
ക്ലിപ്തം നമ്പർ : 1109

ഹെഡ് ഓഫീസ് : കാഞ്ഞിരമറ്റം - **04812704393**
ബ്രാഞ്ച് : പൂവത്തിളപ്പ് - **04812552613**

**പ്രസിഡന്റ്**
ശ്രീ. മാത്തുക്കുട്ടി ഞായറുകുളം
9447567448

**സെക്രട്ടറി ഇൻചാർജ്**
ശ്രീ. ഷാജി ജോസ്
9947158872



ലേഖനം

ഡോ. പോൾ മണലിൽ

# മികച്ചതാര്? സ്ത്രീയോ പുരുഷനോ? കഥയ്ക്ക് പിന്നിലെ കഥ



ഈ കഥയെപ്പറ്റി പ്രത്യേകിച്ച് പറയാൻ കാരണം, ഇതിലെ നായകൻ ഞാനും, നായിക എന്റെ ഭാര്യയുമായതിനാലാണ്. ഞങ്ങളെപ്പറ്റി ബഷീർ ഒരു കഥയെഴുതുന്നുണ്ടെന്നു ഒരിക്കൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആ കഥ എഴുതിത്തീർന്നെന്നോ എഴുതുകയാണെന്നോ ഒരിക്കൽപോലും ബഷീർ എന്നോടു പറഞ്ഞിട്ടില്ല.

**ബഷീർ** മരിച്ചതിനു ശേഷം പുറത്തുവന്ന 'യാ ഇലാഹീ!' എന്ന ഗ്രന്ഥത്തിലെ ഒരു കഥയുടെ തല ക്കെട്ടാണ് 'മികച്ചതാര്, സ്ത്രീയോ പുരുഷനോ?'. ബഷീർ എഴുതിയ അവസാനത്തെ കഥയും ഇതുതന്നെയാണ്. 'യാ ഇലാഹീ' യിലെ മിക്ക രചനകളും ബഷീർ മരിക്കുന്നതിന് മുമ്പ് വെളിച്ചം കണ്ടിട്ടുള്ളവയാണ്. എന്നാൽ മികച്ചതാര്, സ്ത്രീയോ പുരുഷനോ? എന്ന കഥ 1997ൽ ആദ്യമായി പുസ്തകത്തിലൂടെയാണ് പ്രകാശിതമായത്.

ഈ കഥയെപ്പറ്റി പ്രത്യേകിച്ച് പറയാൻ കാരണം, ഇതിലെ നായകൻ ഞാനും, നായിക എന്റെ ഭാര്യയുമായതിനാലാണ്. ഞങ്ങളെപ്പറ്റി ബഷീർ ഒരു കഥയെഴുതുന്നുണ്ടെന്നു ഒരിക്കൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആ കഥ എഴുതിത്തീർന്നെന്നോ എഴുതുകയാണെന്നോ ഒരിക്കൽപോലും ബഷീർ എന്നോടു പറഞ്ഞിട്ടില്ല. മരിക്കുന്നതിനു ഒരാഴ്ച മുമ്പും ഞാൻ ബഷിറിനെ കണ്ടിരുന്നു. അന്നേരം ഇതൊന്നും പറയാൻ കഴിയുന്ന അവസ്ഥയിലുമായിരുന്നില്ല. അദ്ദേഹം എന്തായാലും രോഗം വന്നു കിടപ്പി

ലാകുന്നതിനു മുമ്പുതന്നെ ഈ കഥ ബഷീർ എഴുതി പൂർത്തിയാക്കിയിരുന്നു. അതു അച്ചടിച്ചു വരുമ്പോൾ ഞാൻ കണ്ടാൽ മതിയെന്നു ബഷീർ കരുതിയിരിക്കണം. എന്തായാലും അങ്ങനെ തന്നെ സംഭവിച്ചു. എന്റെ ജീവിതത്തിലെ ഒരു ഭാഗ്യം എൺപതുകളിൽ കോഴിക്കോട്ട് ജോലി ചെയ്യാൻ വന്നപ്പോൾ വൈക്കം മുഹമ്മദ് ബഷീറിനെ കണ്ടെത്തിയതാണ്. അദ്ദേഹം എനിക്കു പിതാവും ഗുരുവും സ്നേഹിതനുമായിരുന്നു. ഞാനും ബഷീറും തമ്മിലുള്ള ബന്ധത്തിന്റെ ആഴം ഇതിൽ കൂടുതലായി വിവരിക്കാനില്ല. കോഴിക്കോട്ട് ജോലി ചെയ്യുമ്പോൾ തന്നെയാണ് ഞാൻ വിവാഹം കഴിച്ചത്. ഭാര്യയുടെ പേര് ബീന. മിക്കവാറും എല്ലാ ആഴ്ചയും ഞങ്ങൾ ബഷീറിന്റെ വീട്ടിൽ പോകുമായിരുന്നു. ഞാൻ ആദ്യം ബീനയെകൂട്ടി ബഷീറിന്റെ വീട്ടിൽ ചെന്നതു കുറെ കുടുംബസുഹൃത്തുക്കളുടെ കൂടെയായിരുന്നു. ബഷീറിന്റെ ഭാഷയിൽ പറഞ്ഞാൽ കുറെ 'പരമസുന്ദരികൾ' അന്നു ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. എന്നാൽ, ചെന്നപ്പോൾ തന്നെ ബഷീർ എന്റെ ഭാര്യയെ തിരിച്ചറിഞ്ഞു. എനിക്കു നല്ല നീളമുണ്ട്. നല്ല പൊക്കമുള്ള സുന്ദരികൾ കൂടെയുണ്ടായിരുന്നെങ്കിലും ബഷീർ പറഞ്ഞു: 'പോളിന്റെ ഭാര്യ ആ ചെറുതല്ലേ?'

ബഷീറിനു കഥയെഴുത്തിന്റെ മാന്ത്രികവിദ്യ മാത്രമല്ല ആളുകളെ തിരിച്ചറിയാനുള്ള മാന്ത്രികവിദ്യയും വശമായിരുന്നു. എന്റെയും ഭാര്യയുടേയും ഇഷ്ടങ്ങൾ, രീതികൾ, സ്വഭാവം എല്ലാം ബഷീർ ക്രമേണ മനസ്സിലാക്കി. മാങ്കോസ്റ്റിന്റെ ചുവട്ടിൽ ഞങ്ങൾ എത്രയോ ദിവസങ്ങൾ പാട്ടുകേട്ട് ഇരുന്നിട്ടുണ്ട്. അവിടെയിരുന്നു എത്രയോ തവണ സുലൈമാനി കുടിച്ചിട്ടുണ്ട്.

ഞങ്ങൾ പോകുമ്പോൾ ചിലപ്പോൾ ബഷീറിനു ഇഷ്ടമുള്ള എന്തെങ്കിലും തിന്നാൻ കൊണ്ടുപോകും. ചിലപ്പോൾ കേക്കും പായസവും കൊണ്ടുപോകും.

അങ്ങനെയിരിക്കെ ബഷീറിന്റെ എൺപതാം ജന്മവാർഷിക ദിവസം ഞാൻ പത്രത്തിൽ ഒരു ലേഖനം എഴുതി. അന്നു ജന്മദിനമാണെന്നു ബഷീറിനോ വീട്ടുകാർക്കോ അറിയില്ലായിരുന്നു.

വൈലാലിലേക്ക് പോകാൻ അന്നു രാവിലെ റെഡിയായപ്പോൾ ബീന പറഞ്ഞു: 'ഞാനൊരു കേക്ക് ഉണ്ടാക്കുന്നുണ്ട്, ഉച്ചകഴിഞ്ഞുപോകാം.'

അങ്ങനെ ഉച്ചകഴിഞ്ഞ് ഞാൻ കേക്കുമായി ബേപ്പൂർക്ക് പുറപ്പെട്ടു. ഞാനന്ന് ചെല്ലുമെന്നു ബഷീറിനു അറിയാമായിരുന്നുവെന്നപോലെ തോന്നി. ചെന്നപാടെ ബീന ഉണ്ടാക്കിയ കേക്ക് മുൻപിൽ വച്ചു. ബീനയുടെ കേക്കിനെപ്പറ്റിയായിരുന്നു അന്നത്തെ ഡയലോഗ്.

ഞങ്ങളെപ്പറ്റി ഒരു കഥയെഴുതാൻ പോകുന്ന കാര്യം ഒരിക്കൽ ബഷീർ പ്രഖ്യാപിച്ചിരുന്നല്ലോ. എന്നാൽ, ഞാനതു കാര്യമാക്കിയിരുന്നില്ല. കാരണം, അവസാന നാളുകളിൽ ബഷീറിനു ഒറ്റയിരുപ്പിൽ എഴുതാൻ കഴിയില്ലായിരുന്നു.

ഒറ്റയിരുപ്പിൽ എഴുതാൻ കഴിഞ്ഞില്ലെങ്കിൽ ബഷീറിനു കഥ എഴുതി പൂർത്തിയാക്കാനും ബുദ്ധിമുട്ടായിരുന്നു. അങ്ങനെ പൂർത്തിയാക്കിയില്ലെങ്കിൽ ചിലപ്പോൾ അദ്ദേഹം ആദ്യം മുതൽ അതു വീണ്ടും എഴുതിത്തുടങ്ങുമായിരുന്നു. അങ്ങനെ വെട്ടിയും തിരുത്തിയും ആയിരുന്നു എഴുത്ത്. അത്രയ്ക്ക് പെർഫെക്ഷൻ നോക്കിയാണ് ബഷീർ എഴുതിയിരുന്നത്. അവസാനകാലത്ത് ബഷീർ സ്വന്തം കൈപ്പടയിൽ എഴുതിയ ലേഖനങ്ങളും കഥകളും കുറിപ്പുകളും പ്രത്യേകമായ താൽപര്യം കൊണ്ട് മാത്രം എഴുതിയവയാണ്. സ്നേഹബന്ധങ്ങളും അടുപ്പവും അതിനു കാരണമാണ്. ആർ. ഇ. ആഷറിനെപ്പറ്റി ഒരു ലേഖനം എഴുതണമെന്നു ഡി.സി. കിഴക്കേമുറി പലതവണ പറഞ്ഞിട്ടും അതെഴുതാൻ ഒരു വർഷമെടുത്തു. ലേഖനം പറഞ്ഞുതന്നാൽ എഴുതിയെടുക്കാമെന്നു ഞാൻ പറഞ്ഞെങ്കിലും ബഷീർ സമ്മതിച്ചില്ല. ഇഷ്ടമുള്ളവരെപ്പറ്റി എഴുതാൻ ബഷീറിനു സ്വന്തം കരങ്ങൾ തന്നെ വേണമായിരുന്നു. ആഷറിനെപ്പറ്റി ഒടുവിൽ അദ്ദേഹം കഥപോലെ ഒരു കുറിപ്പെഴുതി 'എരിവിന്റെ കരച്ചിൽ'. അതുപോലെ വേറെയും കഥകൾ ബഷീർ എഴുതിയിട്ടുണ്ട്. വ്യക്തിപരമായ ബന്ധങ്ങൾ വിവരിക്കുന്ന മട്ടിലുള്ള ഇത്തരം കുറിപ്പുകൾ വായിക്കുമ്പോൾ കേസരി പറഞ്ഞതു പോലെ അതിൽ ശുദ്ധ ഉപന്യാസരൂപം ക്ഷയിച്ചുവരുന്നതും ചെറുകഥ ഉപന്യാസരൂപം പ്രാപിച്ചുവരുന്നതും കാണാൻ കഴിഞ്ഞിട്ടുണ്ട്.

'വിഡ്ഢികളുടെ സ്വർഗം' എന്ന സമാഹാരത്തിൽ 'കാൽപാട്' എന്നൊരു കഥ ബഷീർ എഴുതിയിട്ടുണ്ട്. സഖാവ് കൃഷ്ണപിള്ളയെപ്പറ്റിയാണ് ആ കഥ. 'ഒരു ഭഗവത്ഗീതയും കുറെ മുലകളും' എന്ന സമാഹാരത്തിൽ കമ്മ്യൂണിസ്റ്റ് നേതാവായ കെ.സി. ജോർജിനെപ്പറ്റി എഴുതിയ കഥയാണ് 'കമ്മ്യൂണിസ്റ്റ് ഡെൻ'. 'ചിരിക്കുന്ന മരപ്പാവ'യിൽ 'ഭാര്യയെ കട്ടുകൊണ്ടുപോകാൻ ആളെ ആവശ്യമുണ്ട്' എന്നൊരു കഥയുണ്ട്. അതു പട്ടത്തുവിള കരുണാകരനെപ്പറ്റിയാണ്. 'യാ ഇലാഹി ' യിൽ തന്നെ ' മാമൈദിയുടെ മകൻ' എന്നൊരു കഥയുണ്ട്. യു.എ. ഖാദറിനെപ്പറ്റിയാണ് ആ കഥ. ഈ കഥകളിലെല്ലാം നേരത്തെ പറഞ്ഞപോലെ ശുദ്ധ ഉപന്യാസരൂപം ക്ഷയിച്ചുവരുന്നതും കഥ ഉപന്യാസരൂപം പ്രാപിച്ചുവരുന്നതും ആയ കാഴ്ച കാണാൻ കഴിയുന്നു. സുകുമാർ അഴീക്കോടിനേയും വൈക്കം ചന്ദ്രശേഖരൻ നായരേയും കേശവദേവിനേയും കഥാപാത്രമാക്കി എഴുതിയ 'എന്റെ നെലോൺ കുട് എന്ന കഥയിലെ കാര്യവും ഇങ്ങനെ തന്നെ. എല്ലാത്തിലും അനുഭവങ്ങൾ കഥയായി രൂപാന്തരം പ്രാപിക്കുന്നു. ബഷീർ എന്നെ പറ്റി കഥയെഴുതുമെന്നു പറഞ്ഞെങ്കിലും ഞാനതു ഗൗരവമായി എടു

ക്കാതിരുന്ന തിന്റെ കാരണം, ബഷീറിന്റെ അസുഖം തന്നെയായിരുന്നു. അദ്ദേഹത്തിന് എങ്ങനെ എഴുതാൻ കഴിയും?. അവസാന നാളുകളിൽ ഞാൻ ചെല്ലുമ്പോൾ ബഷീർ കമിഴ്ന്നു കിടപ്പാണ്. വല്ലാത്ത ശ്വാസം മുട്ടൽ വന്നാൽ അങ്ങനെയാണ്. ആ കിടപ്പിൽ മുഖത്തു നോക്കാതെയാണ് സംസാരം. അങ്ങനെ ധാരാളം അഭിമുഖങ്ങൾ ഞാൻ നടത്തിയിട്ടുണ്ട്. പൊൻകുന്നം വർക്കി, പോഞ്ഞിക്കര റാഫി എന്നിവർ മരിച്ചപ്പോൾ ഞാൻ ബഷീറിന്റെ കുറിപ്പുകൾ എഴുതിയത് അങ്ങനെയായിരുന്നു. എനിക്കു കുറച്ചു സ്വാതന്ത്ര്യം ബഷീർ തന്നതുകൊണ്ടു മാത്രമാണ് ഞാനങ്ങനെ എഴുതിയിരുന്നത്.

ഇതിനിടയിൽ ബഷീർ എന്നെപ്പറ്റി എപ്പോഴാണ് കഥ എഴുതിയതെന്നു എനിക്കറിയില്ല. എന്നാൽ 1994ൽ ബഷീർ മരിച്ചുകഴിഞ്ഞു അദ്ദേഹത്തിന്റെ അപ്രകാശിത രചനകൾ എല്ലാം കിളിരൂർ രാധാകൃഷ്ണനും ഷാഹിനയും അനീസുംകൂടി തപ്പിയെടുത്തു ഡി.സിയെ ഏൽപ്പിച്ചു. 1997ൽ ബഷീറിന്റെ ജന്മദിനത്തിൽ കിളിരൂർ രാധാകൃഷ്ണൻ എന്നെ വിളിച്ചു പറഞ്ഞു. 'യാ ഇലാഹീയിൽ ബഷീർ പോളിനെപ്പറ്റി എഴുതിയ കഥയുണ്ട്. രവി ഡി.സി എനിക്കൊരു കോപ്പി തന്നു. ഞാനതു വായിച്ചുനോക്കി. ഇതെന്തു കഥയാണെന്നു ഞാൻ വിചാരിച്ചു. ബഷീർ പണ്ട് പി. കൃഷ്ണപിള്ള, കെ. സി. ജോർജ്, പട്ടത്തുവിള കരുണാകരൻ, സുകുമാർ അഴീക്കോട് എന്നിവരെപ്പറ്റി എഴുതിയ കഥകൾ വായിച്ചപ്പോഴും എനിക്കങ്ങനെ തോന്നിയുട്ടുണ്ട്. ഇങ്ങനെ കഥയെഴുതാമോ?

ജീവിതത്തിൽ നടന്ന കാര്യങ്ങൾ അതേപടി കുറിച്ചുവയ്ക്കുന്ന രീതിയാണ് ബഷീറിന്റേത്. നടന്ന കാര്യങ്ങൾ എങ്ങനെയാണ് കഥയാകുന്നത്? ബഷീറിന്റെ മറ്റു കഥകളും അങ്ങനെ തന്നെയാണ്. ജീവിതത്തിൽ സംഭവിക്കാത്തതൊന്നും അദ്ദേഹത്തിന്റെ കഥയിലില്ല. നോവലിന്റെ കാര്യവും അങ്ങനെ തന്നെ. എന്നാൽ യഥാർത്ഥ സംഭവങ്ങൾ വിവരിക്കുമ്പോൾ അദ്ദേഹം വരികൾക്കിടയിൽ ചില കാര്യങ്ങൾ കൂടി എഴുതിച്ചേർക്കും. അതാണ് യഥാർത്ഥ സംഭവങ്ങളെ കഥയാക്കി മാറ്റുന്നത്. അതാണ് ബഷീർ ശൈലി. കലയെ കലയ്ക്കുള്ളിൽ ബഷീർ ഒളിപ്പിച്ചുവച്ചെന്നു ആഷർ പറഞ്ഞതും അതുകൊണ്ടാണ്. 'മികച്ചതാര്, സ്ത്രീയോ പുരുഷനോ?' എന്ന കഥയിലെ നായകൻ ഞാനും നായിക എന്റെ ഭാര്യ ബീനയുമാണെന്ന് പറഞ്ഞല്ലോ. ഞങ്ങളോടുള്ള സ്നേഹം കൊണ്ടുമാത്രമാണ് ബഷീർ ഈ കഥയെഴുതിയതെന്നു ഞാൻ കരുതുന്നു. ഈ കഥയിൽ പറയുന്നതുപോലെ 'മികച്ചതാര്, സ്ത്രീയോ പുരുഷനോ?' എന്ന വിഷയത്തെപ്പറ്റി ഒരു ഇന്റർവ്യൂ നടത്താൻ ഞാൻ ബഷീറിന്റെ അടുത്തു പോയിട്ടി


ആശംസകൾ....

ക്ലാസ് വൺ സൂപ്പർ ഗ്രേഡ്

**ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്**

ക്ലിപ്തം നമ്പർ 3867, ആനിക്കാട് പി.ഒ. 686503

e-mail : arfscbank3867@gmail.com, website : wwwarfscb.com

***ഹെഡ് ആഫീസ് :***

| | |
|---|---|
| പള്ളിക്കത്തോട് | 0481-2551842 |

***ബ്രാഞ്ചുകൾ :***

| | |
|---|---|
| മെയിൻ ബ്രാഞ്ച് | 8592954321 |
| എം & ഇ കൗണ്ടർ | 8593954321 |
| ഇളമ്പള്ളി | 9447047003 |
| മുക്കാലി | 9447041013 |
| ടൗൺ ബ്രാഞ്ച് | 8592854321 |
| കുറുംങ്കുടി | 9447031842 |
| അരുവിക്കുഴി | 8589054321 |

**കോട്ടയം ജില്ലയിലെ പ്രമുഖ ധനകാര്യസ്ഥാപനം....**

| | |
|---|---|
| അംഗങ്ങൾ | 20583 |
| ഓഹരി മൂലധനം | 2.92 കോടി |
| നിക്ഷേപം | 164.83 കോടി |
| വായ്പ | 105.44 കോടി |
| പ്രവർത്തന മൂലധനം | 183.02 കോടി |
| ജി.ഡി.സി.എസ്. എണ്ണം 134 സല | 2.15 കോടി |

**പ്രസിഡന്റ്**
കെ. ഗോപകുമാർ

**മാനേജിംഗ് ഡയറക്ടർ ഇൻ-ചാർജ്ജ്**
റെജിമോൾ ഫിലിപ്പ്

ല്ല. ഞങ്ങളെപ്പറ്റി ഒരു കഥയെഴുതണമെന്നു തോന്നിയപ്പോൾ വ്യക്തിപരമായ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ ബഷീർ കുറെ ഭാവനയും ചിന്തയും കൂട്ടിച്ചേർത്തു. അത്രതന്നെ. ഞാൻ ഒരിക്കൽ ഭാര്യയെക്കൂട്ടി ബേപ്പൂരിൽ ചെന്നപ്പോൾ 'ബീനയ്ക്ക് ജോലിയുണ്ടോ'യെന്നു ബഷീർ ചോദിച്ചതായി ഓർക്കുന്നു. ജോലി കിട്ടാൻ ഡൊണേഷൻ കൊടുക്കേണ്ടിവരുമെന്നു ഞാൻ പറഞ്ഞു. ഈയൊരു കാര്യം വച്ചാണ് ബഷീർ ഈ കഥ തുടങ്ങിയിരിക്കുന്നത്. ഒരു ദിവസം ഞാൻ ചെന്നപ്പോൾ അദ്ദേഹം എഴുതിയ പുസ്തകങ്ങൾ എല്ലാം പേരെഴുതി ഒപ്പിട്ടു എനിക്കു തന്നു. 'ഭാർഗവീനിലയം' ബീനയ്ക്കും 'മാന്ത്രികപ്പൂച്ച' എന്റെ മകൾ മീരയ്ക്കുമാണ് അദ്ദേഹം എഴുതിയത്. ഞാൻ പുസ്തകം ബീനയ്ക്ക് കൊടുത്തു. എനിക്കന്ന് പത്രം ഓഫീസിൽ രാത്രിയിലായിരുന്നു ജോലി. ജോലികഴിഞ്ഞു തിരിച്ചെത്തുമ്പോൾ പുലർച്ചെ രണ്ടു മൂന്നു മണിയാകും. ഒരു ദിവസം രാതിയിൽ ബീന വായിച്ചതു ഭാർഗവീനിലയമായിരുന്നു. ബീന ശരിക്കും പേടിച്ചു പോയി.

ഇക്കാര്യം ഞാൻ അടുത്ത തവണ വൈലാലിൽ ചെന്നപ്പോൾ ബഷീറിനോട് പറഞ്ഞു. 'ബീനയോട് പേടിക്കേണ്ട'യെന്നു പറയാൻ ബഷീർ പറഞ്ഞതു കൂടാതെ അദ്ദേഹം പിറ്റേന്ന് ബീനയ്ക്ക് ഒരു കത്തും എഴുതി അയച്ചു. ആ കത്തിൽ ഇങ്ങനെ എഴുതി. 'ഭാർഗവിക്കുട്ടി ബീനയെ ഒന്നും ചെയ്യില്ല. എന്റെ ഇഷ്ടക്കാരിയാണ്. ബീന പേടിക്കേണ്ട.' ബഷീറിന്റെ സ്നേഹവും കരുതലും ഈ മട്ടിലായിരുന്നു. ഇപ്പോൾ അത് നഷ്ടമായിരിക്കുന്നു. അതിന്റെ ശൂന്യത എനിക്കനുഭവപ്പെടുന്നുണ്ട്. ബഷീറിന്റെ മുമ്പിൽ പോയിരുന്നാൽ നേരം പോകുന്നതുപോലും അറിയില്ല. പാട്ട് വെച്ചു തരുന്നതു കൂടാതെ ഇടയ്ക്കിടെ അദ്ദേഹം നർമ്മവും വിളമ്പിയിരുന്നു. ആ നർമ്മവും ചിന്തയും ബഷീറിനെ അടുത്തറിയുന്നവർക്കു ഏറെ ആസ്വദിക്കാൻ കഴിഞ്ഞു. ബഷീറിന്റെ ഇഷ്ടങ്ങളും പ്രത്യേകതകളും എനിക്കും ബീനയ്ക്കും നന്നായി അറിയാമായിരുന്നു. ബഷീറിനു എന്നോടുള്ള ഇഷ്ടത്തെപ്പറ്റി ഞാൻ പ്രത്യേകിച്ച് ആലോചിച്ചിട്ടുണ്ട്. എന്നെ വലിയ വിശ്വാസവുമായിരുന്നു. അനീസിനെ എഞ്ചിനീയറിങ് കോളേജിൽ ചേർക്കാൻ പോയപ്പോൾ എന്നെയും പുനലൂർ രാജനെയുമാണ് കൂടെ കൊണ്ടുപോയത്. ഞങ്ങൾ അനീസിനെ ആദ്യം കണ്ണൂർ കോളേജിൽ കൊണ്ടുചേർത്തു. ഒരു മാസം കഴിഞ്ഞപ്പോൾ അനീസിനു പാലക്കാട് എൻ എസ് എസ് എഞ്ചിനീയറിങ് കോളേജിൽ അഡ്മിഷൻ കിട്ടി. അവിടെ അനീസിനെ ചേർക്കാൻ എന്നെയാണ് ബഷീർ അയച്ചത്. പുനലൂർ രാജൻ കഴിഞ്ഞാൽ ചില കാര്യങ്ങൾക്കു ബഷീർ ഇങ്ങനെ എന്നെ ഇടയ്ക്കിടെ വിളിക്കാറുണ്ടായിരുന്നു. ഞാൻ


ആശംസകൾ....

**ദി ഉഴവൂർ സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക്**

ക്ലിപ്തം നമ്പർ 3810, ഉഴവൂർ, കോട്ടയം

***ഹെഡ് ആഫീസ് :*** ഉഴവൂർ 04822-240138

***ബ്രാഞ്ച് :*** മോനിപ്പള്ളി 04822-242264

**മീനിച്ചിൽ താലൂക്കിലെ പ്രമുഖ ക്ലാസ് വൺ സൂപ്പർ ഗ്രേഡ് ബാങ്ക്**

| | |
|---|---|
| അംഗങ്ങൾ | 12161 |
| ഓഹരി മൂലധനം | 156 ലക്ഷം |
| നിക്ഷേപം | 20122 ലക്ഷം |
| വായ്പ | 6822 ലക്ഷം |
| ജി.ഡി.സി.എസ്. | 101 ലക്ഷം |
| പ്രവർത്തന മൂലധനം | 20964 ലക്ഷം |

പ്രസിഡന്റ്
പ്രൊഫ. ബേബി കാനാട്ട്

സെക്രട്ടറി
രമേശ് എസ് നായർ, ചേറാടിയിൽ



ആശംസകൾ
കേരള കോൺഗ്രസ് (എം)
അമ്പലപ്പുഴ നിയോജകമണ്ഡലം
വി.സി. ഫ്രാൻസിസ്
ജില്ലാ പ്രസിഡന്റ്
നസീർ സലാം
നിയോജക മണ്ഡലം പ്രസിഡന്റ്
അഡ്വ. പ്രദീപ് കൂട്ടാല
ജില്ലാ സെക്രട്ടറി
നൗഷാദ് അലി
ജില്ലാ സെക്രട്ടറി
ജിജോ തോമസ്
സംസ്ഥാന കമ്മിറ്റി അംഗം
ഇ.സി. ഉമ്മച്ചൻ
ജില്ലാ കമ്മിറ്റി അംഗം
എ.എ. ജലീൽ
ജില്ലാ കമ്മിറ്റി അംഗം
ഇ. ശ്രീദേവി
വനിത കോൺഗ്രസ് (എം.)
സംസ്ഥാന സെക്രട്ടറി
നിസാം വലിയകുളം
സെക്രട്ടറി
നിയോജക മണ്ഡലം
ടോം വണ്ടകത്തിൽ
സെക്രട്ടറി
നിയോജക മണ്ഡലം
ജയ്മോൻ മരോട്ടി പറമ്പിൽ
പ്രസിഡന്റ്
കർഷകയൂണിയൻ (എം)
നൗഷാദ് കമ്മുവടക്കൻ
പ്രസിഡന്റ്
സാംസ്കാരിക വേദി
ജോമോൻ കണ്ണാട്ടുമഠം
സോഷ്യൽ മീഡിയ
സാദത്ത് റസാഖ്
പ്രസിഡന്റ്
യൂത്ത്ഫ്രണ്ട് (എം)
തോമസ് വണ്ടകത്തിൽ
പ്രസിഡന്റ്
പുറക്കാട് മണ്ഡലം
റോയി മുട്ടശ്ശേരി
പ്രസിഡന്റ്
അമ്പലപ്പുഴ നോർത്ത്
സാബു ഗ്രിഗറി
പ്രസിഡന്റ്
പുന്നപ്ര സൗത്ത്
ക്ലീറ്റസ് വെളിയിൽ
പ്രസിഡന്റ്
പുന്നപ്ര നോർത്ത്
സിബിച്ചൻ കൂട്ടുകാരൻ
പ്രസിഡന്റ്
കളർകോട് മണ്ഡലം
ജോയി കുര്യാക്കോസ്
പ്രസിഡന്റ്,
അമ്പലപ്പുഴ സൗത്ത്
പി.സി. പോൾ
പ്രസിഡന്റ്
മുല്ലയ്ക്കൽ മണ്ഡലം
റോയി വേലിക്കെട്ടിൽ
പ്രസിഡന്റ്
സ്റ്റേഡിയം മണ്ഡലം
അസ്‌ലം യഹിയ
പ്രസിഡന്റ്
ബീച്ച് മണ്ഡലം
നേതൃസംഗമം
നേതൃസംഗമം സംസ്ഥാന ജനറൽ സെക്രട്ടറി സ്റ്റീഫൻ ജോർജ് കുതിരവേലി ഉദ്ഘാടനം ചെയ്യുന്നു.
ഇ. ശ്രീദേവി, ജിജോ തോമസ്, നസീർ സലാം, വി.സി. ഫ്രാൻസിസ്, സിബിച്ചൻ കൂട്ടുകാരൻ,
ഫിലിപ്പോസ് തോമസ്, ജെന്നിങ്സ് ജേക്കബ്, ആർസ് സ്റ്റാൻലി, ടോം വണ്ടകത്തിൽ, നൗഷാദ് അലി,
അഡ്വ. പ്രദീപ് കൂട്ടാല, നിസാം വലിയകുളം തുടങ്ങിയവർ

കോഴിക്കോട് ഉണ്ടായിരുന്നപ്പോൾ ബഷീറുമായി ഇങ്ങനെ അടുത്തിടപെട്ടു. എന്റെ മകൾ മീരയ്ക്ക് ഒരു വയസ്സു തികഞ്ഞപ്പോൾ ബഷീർ കുടുംബസമേതം എന്റെ വീട്ടിൽ വന്നതു ഒരു ചെമ്പിൽ ബിരിയാണിയുമായിട്ടായിരുന്നു. ബഷീർ അന്നുണ്ടാക്കിയ ബീഫ് ബിരിയാണിയുടെ രുചി എന്റെ നാവിൻ തുമ്പത്ത് ഇപ്പോഴുമുണ്ട്. എന്റെ മകൾക്കു നൂറു രൂപയും അന്നു ബഷീർ കൊടുത്തു. ഇങ്ങനെ വ്യക്തി പരമായ കാര്യങ്ങൾ എനിക്ക് ഒത്തിരി നിരത്താനുണ്ട്.

ഇതൊക്കെയാണെങ്കിലും ബഷീറിന്റെ സംഗീത പാണ്ഡിത്യത്തിനു മുൻപിൽ പിടിച്ചു നിൽക്കാൻ എനിക്കു കഴിവില്ലായിരുന്നു. സംഗീതം ആസ്വദിക്കാൻ കഴിവുള്ളവരെ ബഷീർ ഏറെ ഇഷ്ടപ്പെട്ടിരുന്നു. ബഷീറുമായി സംഗീതത്തിന്റെ ഭാഷയിൽ സംസാരിക്കാൻ ബീനയ്ക്ക് ഏറെ ഗ്രാഹ്യമുണ്ടായിരുന്നു. ബീനയെകൊണ്ടു ബഷീർ പാട്ടുപാടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 'മികച്ചതാര്, സ്ത്രീയോ പുരുഷനോ?' എന്ന കഥയുടെ ആദ്യത്തെ പാരഗ്രാഫിൽ തന്നെ ബഷീർ എഴുതിയിട്ടുണ്ട്. മികച്ചത് ബീനയാണോ അതോ പോളാണോ എന്ന്. എന്നാൽ കഥ വായിച്ചു കഴിയുമ്പോൾ അതിന്റെ ഉത്തരം ആർക്കും പിടികിട്ടുമെന്നു തോന്നുന്നില്ല. ബഷീറിന്റെ സ്നേഹവും കരുതലും ഞങ്ങൾ ഏറെ അനുഭവിച്ചുണ്ടെങ്കിലും 'മികച്ചതു' ബീനയാണോ ഞാനാണോ എന്ന് അദ്ദേഹത്തോട് ഞാനും ചോദിച്ചിട്ടില്ല. മാങ്കോസ്റ്റിന്റെ ചുവട്ടിൽ അദ്ദേഹത്തെ കാണാൻ വരുന്നവർക്കെല്ലാം തോന്നിയിരുന്നതു ബഷീറിനു അവരോടാണ് കൂടുതൽ ഇഷ്ടം എന്നാണ്. ഒരിക്കൽ ഞാൻ ചെന്നപ്പോൾ ബഷീർ ഒരു റോസാച്ചെടി നടുകയാണ്. നല്ല ശ്വാസം മുട്ടലുണ്ടെങ്കിലും തൂമ്പാ എടുത്ത് മണ്ണുമാന്തുകയാണ്. എന്നിട്ട് ഒരു ബക്കറ്റ് വെള്ളം ആ കുഴിയിൽ ഒഴിച്ചു. വെള്ളം താണുകഴിഞ്ഞപ്പോൾ റോസാച്ചെടി കുഴിച്ചിട്ടു. ബഷീർ അങ്ങനെ വീടിനെ ഒരു പൂങ്കാവനമാക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ചിന്തകൊണ്ടും ബഷീർ തനിക്ക് ചുറ്റും ഒരു പൂങ്കാവനമുണ്ടാക്കി. എനിക്കും ഭാര്യക്കും പലപ്പോഴും ബഷീർ ഈ പൂങ്കാവനത്തിൽ വച്ചു പാട്ടുകൾ കേൾപ്പിച്ചു തന്നു. എന്നെക്കാൾ ഏറെ പാട്ട് ആസ്വദിക്കുന്നതു ബീനയാണെന്നു ബഷീർ ഇതിനകം കണ്ടുപിടിച്ചിരുന്നു. അതുപോലെ, എനിക്ക് കേക്ക് ഉണ്ടാക്കാൻ അറിയില്ല. ബഷീർ ഇക്കാര്യത്തിൽ എന്നെ കളിയാക്കാറുണ്ടായിരുന്നു. എന്നാൽ എന്നെപ്പറ്റി കഥയെഴുതിയപ്പോൾ ബഷീർ അങ്ങനെയൊന്നും എഴുതിയില്ല. ബഷീറിന്റെ ഫലിതങ്ങൾ ഞാനും ബീനയും ആസ്വദിച്ചു. എനിക്കു തോന്നുന്നതു, ഫലിതം ആസ്വദിക്കാൻ കഴിവുണ്ടായിരുന്നവരെ അദ്ദേഹം വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു എന്നാണ്. ബഷീറിന്റെ ഫലിതം സുകുമാർ അഴീക്കോട് നന്നായി മനസ്സിലാക്കിയിരുന്നു. 'എന്റെ നെലോൺ കുട'യിലും ബഷീർ അഴീക്കോടിനെ കളിയാക്കുന്നുണ്ട്. ഇഷ്ടമുള്ളവരെയാണ് കഥകളിൽ ബഷീർ കഥാപാത്രങ്ങൾ ആക്കിയതും അവരെ മുൻനിർത്തി തനിക്ക് പറയാനുള്ളത് പറഞ്ഞതും ജീവിച്ചിരുന്നവരാണെങ്കിലും ബഷീർ അവരിലൂടെ കഥ പറഞ്ഞു.

യാഥാർത്ഥ്യവും ഭാവനയും കൂട്ടിക്കലർത്താനുള്ള കഴിവാണ് 'മികച്ചതാര്, സ്ത്രീയോ പുരുഷനോ?' എന്ന കഥയിലും ഞാൻ കാണുന്നത്. കാലത്തെ ചരിത്രമാക്കുന്ന ഈ കഥയെഴുത്തുശൈലി ബഷീറിന്റേതു മാത്രമാണ്.

'മികച്ചതാര്, സ്ത്രീയോ പുരുഷനോ?' എന്നു ബഷീർ ചോദിക്കുമ്പോൾ മികച്ചതു പോളല്ല, ബീന തന്നെയാണെന്നാണ് ബഷീർ ഇതിൽ എഴുതിയിരിക്കുന്നതെന്നു വരികൾക്കിടയിലൂടെ വായിക്കുമ്പോൾ എനിക്കു തിരിച്ചറിയാൻ കഴിയുന്നു.


ആശംസകൾ....

**കടുത്തുരുത്തി ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ്**
സൊസൈറ്റി ലിമിറ്റഡ് നമ്പർ കെ.366

കടുത്തുരുത്തി പി.ഒ.
ഹെഡ് ഓഫീസ് : കടുത്തുരുത്തി - **04829 - 282381**
സബ് ഓഫീസ് : കുറവിലങ്ങാട് - **04822 - 232134**

**പ്രസിഡന്റ്**
ജോസ് തോമസ്,
നിലപ്പനക്കൊള്ളിയിൽ
9447259284

**സെക്രട്ടറി**
നീനാ തോമസ്
8547431238



ലേഖനം


ഡോ. കുര്യാസ് കുമ്പളക്കുഴി

# ഒരു മാണിസാറേ ഉണ്ടായിരുന്നുള്ളു

**കേരള ജനത** 'മാണിസാർ' എന്നു സ്നേഹാദരങ്ങളോടെ വിളിച്ചിരുന്ന കെ.എം. മാണി സാർ വിടപറഞ്ഞിട്ട് രണ്ടര വർഷം ആവുകയാണ്. പക്ഷേ, ഇന്നും കേരള രാഷ്ടീയത്തിൽ അദ്ദേഹം സജീവ സാന്നിദ്ധ്യമാണ്. അദ്ദേഹത്തെക്കൂടാതെ ഒരു ലോക്സഭാ തെരഞ്ഞെടുപ്പും തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പും ഒരു നിയമസഭാ തെരഞ്ഞെടുപ്പും കടന്നുപോയി. എന്നാലെന്ത്? ആ തെരഞ്ഞെടുപ്പു വേളകളിലെല്ലാം മാണിസാറിന്റെ അനുകൂലികളും പ്രതികൂലികളും ഒരുപോലെ രാഷ്രീയപ്രചോദനമായിക്കണ്ടു എന്നതാണ് യാഥാർത്ഥ്യം.

ഈ നേട്ടം കെ.എം. മാണിക്കല്ലാതെ അന്തരിച്ച മറ്റൊരു രാഷ്ട്രീയ നേതാവിനും കൈവരിക്കാൻ കഴിയാത്തതാണ്. ജീവിച്ചിരുന്ന കാലത്തെന്നതുപോലെ മരണാനന്തരവും അദ്ദേഹം റിക്കാർഡുകൾ സൃഷ്ടിക്കുകയാണ്. ഇക്കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും അദ്ദേഹം നിരന്തരം ചർച്ചാവിഷയമായതു തന്നെ ഉദാഹരണം.

കേരള രാഷ്ട്രീയത്തിൽ അത്യപൂർവ്വ നേട്ടങ്ങളുടെ ഉടമയാണു കെ.എം. മാണി. നിയമസഭാംഗമെന്ന നിലയിൽ ഏറ്റവുമധികകാലം പ്രവർത്തിച്ച റിക്കാർഡ് കെ.ആർ ഗൗരിയമ്മയ്ക്കായിരുന്നു. 2014-മാർച്ച് 12 വരെ. 16874 ദിവസം. തൊട്ടടുത്ത ദിവസം കെ.എം. മാണി ഈ റിക്കാർഡ് മറികടന്നു. 2016 മെയ് 17 ന് യു.ഡി.എഫ്. മന്ത്രിസഭ കാലാവധി പൂർത്തിയാക്കിയപ്പോൾ കെ. എം. മാണിയുടെ പ്രവർത്തനകാലം 17670 ദിവസമായിരുന്നു. 48 വർഷവും 28 ദിവവും.



2016 ലെ തെരഞ്ഞെടുപ്പു വിജയത്തോടു കൂടി ഈ റെക്കോർഡ് പിന്നെയും നീണ്ടു. 2017 മാർച്ച് 13 ന് അദ്ദേഹം നിയമസഭാംഗത്വത്തിന്റെ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു. 2019 ഏപ്രിൽ 9 ന് അന്തരിക്കുമ്പോൾ മാണിസാറിന്റെ നിയമസഭാ ജീവിതം 18727 ദിവസം തികഞ്ഞിരുന്നു. 51

വർഷവും 27 ദിവസവും. ഈ തലമുറയിൽ ആർക്കും മറികടക്കാനാവാത്ത നേട്ടം!

1963–ലെ രണ്ടാം ഡീലിമിറ്റേഷൻ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണു പാലാ നിയോജകമണ്ഡലം നിലവിൽ വന്നത്. അതിനു ശേഷമുള്ള ആദ്യ തെരഞ്ഞെടുപ്പ് 1965 ൽ. കെ.എം. മാണിയുടെ ആദ്യ തെരഞ്ഞെടുപ്പു വിജയവും അക്കൊല്ലം തന്നെ. തുടർന്ന് 2016 വരെ നടന്ന 13 തെരഞ്ഞെടുപ്പുകളിലും പാലായിലെ ജനങ്ങൾ നിയമസഭയിലേയ്ക്കയച്ചത് അവരുടെ പ്രിയങ്കരനായ നേതാവ് കെ.എം. മാണിയെത്തന്നെയായിരുന്നു. അരനൂറ്റാണ്ടുകാലം ഒരാൾ തുടർച്ചയായി ഒരേ നിയോജകമണ്ഡലത്തിൽ നിന്നും ജയിക്കുക എന്ന വിസ്മയം ഇന്ത്യൻ തെരെഞ്ഞെടുപ്പു ചരിത്രത്തിൽ വേറെയില്ല. ഏറ്റവുമധികകാലം മന്ത്രി, ഏറ്റവുമധികം മന്ത്രിസഭകളിൽ അംഗം, ഏറ്റവുമധികം തവണ സത്യപ്രതിജ്ഞ ചെയ്ത മന്ത്രി, ഏറ്റവുമധികം ബജറ്റുകൾ അവതരിപ്പിച്ച ധനമന്ത്രി എന്നീ റിക്കോർഡുകളും കെഎം. മാണിക്കു സ്വന്തം. ഏറ്റവും ദീർഘമായ ബജറ്റവതരണവും 2021 വരെ അദ്ദേഹത്തിനവകാശപ്പെട്ടതായിരുന്നു. 2013 മാർച്ച് 13 ന് തന്റെ 11–ാം ബജറ്റവതരിപ്പിക്കാൻ അദ്ദേഹമെടുത്തത് രണ്ടു മണിക്കൂർ 54 മിനിറ്റ്.

1975 ഡിസംബർ 26 കെ.എം. മാണിയുടെ രാഷ്ട്രീയ ജീവിതത്തിലെ അവിസ്മരണീയ ദിനങ്ങളിലൊന്ന്, അന്നാണദ്ദേഹം ആദ്യം മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ. ആദ്യം കൈയ്യിൽ കിട്ടിയതു ധനകാര്യം. അതൊരു നിയോഗമായിരുന്നു എന്നുതന്നെ പറയാം. പില്ക്കാലത്ത് മാണിസാറിന്റെ ഇഷ്ടവകുപ്പെന്നറിയപ്പെട്ടതും ധനകാര്യമായിരുന്നല്ലോ.

1976 – മാർച്ച് 19–നായിരുന്നു കെ.എം. മാണിയുടെ കന്നിബജറ്റ്. രണ്ട് ഹെക്ടർ വരെയുള്ള തോട്ടങ്ങൾക്ക് നികുതി ഇല്ലാതാക്കിയും സ്വാകര്യ കോളേജദ്ധ്യാപകർക്ക് പെൻഷൻ പ്രഖ്യാപിച്ചും സാമൂഹിക ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചും രോഗികൾക്ക് ധനസഹായവും പാവപ്പെട്ടവർക്ക് സൗജന്യ നിയമസഹായവും ഏർപ്പെടുത്തിയും അഭിഭാഷകർക്ക് ക്ഷേമനിധി രൂപീകരിച്ചും അവതരിപ്പിക്കപ്പെട്ട ബജറ്റ് വ്യാപകമായ പ്രശംസ നേടി. ശ്രദ്ധേയമായ ഒരു വസ്തുത, പില്ക്കാലത്ത് കാരുണ്യാ പദ്ധതിയുടെ ആവിഷ്ക്കാരത്തിൽവരെ എത്തിച്ചേർന്ന, പാവപ്പെട്ടവരോടുള്ള സവിശേഷമായ കരുതൽ അദ്ദേഹത്തിന്റെ ആദ്യബജറ്റിൽത്തന്നെ പ്രകടമായിരുന്നു എന്നതാണ്.

**സൈദ്ധാന്തിക പ്രഭാഷണം**

കെ.എം. മാണി ഒരു രാഷ്ട്രീയ നേതാവും ഭരണാധികാരിയും മാത്രമല്ല രാഷ്ട്രീയ സൈദ്ധാന്തികൻകൂടിയാണ്. 1973 – ഡിംസബർ 30ന്, ആലുവായിൽ ചേർന്ന സംസ്ഥാന പ്രതിനിധിസമ്മേളനത്തിൽ കെ.എം. മാണി അവതരിപ്പിച്ച സാമ്പത്തിക പ്രമേയം ഏറെ പ്രശംസ നേടി. അന്നത്തെ മുഖ്യമന്ത്രിയും ചിന്തകനും എഴുത്തുകാരനും കൂടിയായ സി. അച്യുതമേനോന്റെ പ്രതികരണം "ദേശീയ വീക്ഷണമുള്ള ഒരു പ്രാദേശിക കക്ഷി അവതരിപ്പിച്ച ഗൗരവമേറിയ പ്രമേയം" എന്നായിരുന്നു. ഈ രേഖ 'ആലുവാ സാമ്പത്തിക പ്രമേയം' എന്നറിയപ്പെടുന്നുന്നു.

അഞ്ചു വർഷങ്ങൾക്കു ശേഷം 1978 മെയ് 28 – ന് ചരൽക്കുന്നിൽ നടന്ന പാർട്ടി സംസ്ഥാനക്യാമ്പിലാണ് പ്രഖ്യാതമായ 'അദ്ധ്വാനവർഗ്ഗസിദ്ധാന്തം' അവതരിപ്പിക്കപ്പെട്ടത്. അതോടെ ഒരു രാഷ്ട്രീയ സാമ്പത്തിക സൈദ്ധാന്തികൻ എന്ന ബഹുമതികൂടി അദ്ദേഹത്തിനു കൈവന്നു. തൊഴിലാളി – മുതലാളി വർഗ്ഗങ്ങൾക്കിടയിൽ മൂന്നാമതൊരു വർഗ്ഗമുണ്ടെന്നും അവരാണ് അദ്ധ്വാന വർഗ്ഗമെന്നും കെ.എം. മാണി മാർക്സിയൻ ചിന്തയ്ക്കൊരു അനുബന്ധം തീർത്തു. അവരുടെ മേധാവിത്വമാണ് ഒരു സോഷ്യലിസ്റ്റു സമൂഹത്തിന്റെ സൃഷ്ടിക്കാവശ്യം. വർഗ്ഗസമരത്തിലൂടെയല്ല, വർഗ്ഗസഹകരണത്തിലൂടെയാണ് സ്ഥിതിസമത്വവും വികസനവും കൈവരിക്കേണ്ടത്. ഈ പൂരണങ്ങളിലൂടെ പുതിയ കാലഘട്ടത്തിന്റെ കർമ്മപരിപാടിയായി മാറിയാണ് അദ്ധ്വാന വർഗ്ഗ സിദ്ധാന്തം.

ഈ സമയം കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ (1984)ജനക്ഷേമം ജനങ്ങളുടെ അവകാശം (1988) എട്ടാം പഞ്ചവത്സരപദ്ധതി ഒരു ബദൽ സമീപനം (1990) ആഗോള വത്കൃത ഇന്ത്യയും ഏഷ്യൻ സാമ്പത്തിക സമൂഹവും (1994) ഇന്ത്യൻ കാർഷിക രംഗം ബാധ്യതകളും സാധ്യതകളും (2001) എന്നീ താത്വിക വിശകലനങ്ങളും വിവിധ ഘട്ടത്തിൽ പുറത്തു വന്നു.

2012–ൽ കെ.എം. മാണിയെന്ന സൈദ്ധാന്തികൻ രാഷ്ട്രാന്തര ശ്രദ്ധയിലേയ്ക്ക് എത്തിയ ഒരു സന്ദർഭമുണ്ടായി. ലണ്ടനിലെ ബ്രിട്ടീഷ് ഹൗസസ്സ് ഓഫ് പാർലമെന്റിൽ ക്ഷണിക്കപ്പെട്ട രാഷ്ട്രീയ സാമ്പത്തികവിദഗ്ധരുടെ സദസ്സിൽ തന്റെ "അദ്ധ്വാന വർഗ്ഗ സിദ്ധാന്തം" അവതരിപ്പിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ഇതു 2012 സെപ്റ്റംബർ ആദ്യമായിരുന്നു. തൊട്ടടുത്ത ദിവസം ഓക്സ് ഫോർഡ് സർവ്വകലാശാലയിൽ ക്ഷണിക്കപ്പെട്ട സദസ്സിലും അദ്ധ്വാനവർഗ്ഗ സിദ്ധാന്തം ചർച്ചാവിഷയമായി.

2013 ൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 'കെ.എം.മാണി ബജറ്റു പഠന കേന്ദ്രം' എന്ന പഠന വിഭാഗം സ്ഥാപിക്കാൻ സർവ്വകലാശാല സിൻഡിക്കേറ്റു തീരുമാനമെടുത്തു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം അതേ വർഷം മാർച്ച് 17–ന് തിരുവനന്തപുരത്തു സെക്രട്ട

റിയേറ്റിലെ നിയമസഭാഹാളിൽ ചേർന്ന പ്രൗഢവൈജ്ഞാനിക സദസ്സിൽ അന്നത്തെ ഉപരാഷ്ട്രപതി ഡേ. കെ. ഹമീദ് അൻസാരി നിർവ്വഹിച്ചു. പ്രഗത്ഭ സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. ഉമ്മൻ സി. ഉമ്മനായിരുന്നു ബജറ്റു പഠനകേന്ദ്രത്തിന്റെ മേധാവി. എന്നാൽ പിന്നീടുണ്ടായ ചില രാഷ്ട്രീയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഈ പഠന കേന്ദ്രത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചുപോയി.

ഒരു രാഷ്ട്രീയ നേതാവിന്റെ മികച്ച ആയുധങ്ങളിലൊന്ന് പ്രസംഗമാണ്. അക്കാര്യത്തിലും കെ.എം. മാണി അനുഗൃഹീതനായിരുന്നു. വാക്ദേവതയുടെവരം വരമായി ലഭിച്ച പ്രഭാക്ഷകൻ എന്നദ്ദേഹത്തെ ആരും പ്രശംസിച്ചു പോകും, വസ്തുതകൾ നന്നായി പഠിച്ച് ആകർഷകമായ ശൈലിയിൽ ഇംഗ്ലീഷിലും മലയാളത്തിലും അനായാസമായി അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ശ്രോതാക്കളിൽ ആവേശത്തിന്റെ അലകൾ സൃഷ്ടിക്കാനും അവരെ ഗൗരവമേറിയ പുനർവിചിന്തനങ്ങളിലേയ്ക്ക് നയിക്കാനും കെ.എം. മാണി എന്ന പ്രഭാക്ഷകന്റെ ആസൂയാവഹമായ വാക്ചാതുര്യത്തിനും വിഷയവിശകലനവൈദഗ്ധ്യത്തിനും സാധിച്ചിരുന്നു. അതുകൊണ്ടാണ് എവിടെയും വലിയസദസ്സ് അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ എത്തിച്ചേർന്നിരുന്നത്.

**രാഷ്ട്രീയ ഹീറോ**

മാണിസാറുമായുള്ള എന്റെ വ്യക്തി ബന്ധത്തിന് കാൽ നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. കൃത്യമായി പറഞ്ഞാൽ 1996 മുതൽ. അതിനു മൂന്നു പതിറ്റാണ്ടു മുമ്പ്, കേരളാ കോൺഗ്രസ് ഉണ്ടായ കാലം മുതലേ അദ്ദേഹം എനിക്കൊരു രാഷ്ട്രീയ ഹീറോ ആയിരുന്നു. അടുത്തിടപഴകിയ കാലത്തും ആ ഹീറോ പരിവേഷത്തിനും ഒരു മങ്ങലും ഉണ്ടായില്ല. മറ്റു പലരോടുമെന്നതുപോലെ എന്നോടും അദ്ദേഹം പ്രകടിപ്പിച്ച നിറഞ്ഞ സ്നേഹം എന്റെ ഉള്ളിൽ ഇന്നും പൂത്തുലഞ്ഞു നിൽക്കുന്നു.

കെ.എം. മാണിയെന്ന രാഷ്ട്രീയ നേതാവിന്റെ വലിപ്പവും കാന്തികസ്പർശമുള്ള വ്യക്തിത്വവും ആരെയും ആകർഷിക്കുന്നതായിരുന്നു. അതീവ ദൃഢമായ ഒരു മമതാ ബന്ധം സൃഷ്ടിക്കുന്നതുമായിരന്നു. ആദ്യമായി കാണുന്ന ഒരാളോടുപോലും ചിരപരിചിതനോടെന്നതുപോലെ ഇടപെടുന്ന ആ നേതാവിനെ ആർക്കാണ് മറക്കാൻ കഴിയുക?

ക്ഷീണിതനോ മ്ലാനവദനനോ ആയി നമ്മുക്കൊരിക്കലും കെ.എം. മാണിയെ കാണാൻ കഴിഞ്ഞിട്ടുണ്ടാവില്ല. എപ്പോഴും പുഞ്ചിരിക്കുന്ന പ്രസാദ പൂർണ്ണമായ മുഖം. പക്ഷേ, ആലോചന ആവശ്യമുള്ള വിഷയങ്ങൾ വരുമ്പോൾ ഗൗരവം കൊള്ളും. ആരോടും അദ്ദേഹം പെട്ടെന്നു 'നോ' പറയില്ല. നിവേദനവുമായി വരുന്നവരോടു വളരെ അനുഭാവ പൂർണ്ണമായ പെരുമാറ്റം. പരാതിയോ അപേക്ഷയോ എന്തായാലും ശ്രദ്ധയോടെ വായിച്ചുനോക്കി ബന്ധപ്പെട്ടവർക്കു വേണ്ട നിർദ്ദേശങ്ങളും പരാതിയിൽ എടുക്കേണ്ട തീരുമാനവും മാർജിനിൽ കുറിക്കും. കാര്യം സാധിച്ചു കിട്ടിയില്ലെങ്കിൽപോലും പിന്നീടു പരാതി പറയാൻ തോന്നാത്ത വിധം ഹൃദ്യമായിരിക്കും സമീപനം.

ആജന്മ ശത്രുവിനെക്കണ്ടാലും അസ്വസ്ഥത പ്രകിപ്പിക്കാറില്ല. അയാൾക്കെന്തെങ്കിലം പറയാനുണ്ടെങ്കിൽ കേൾക്കാനുള്ള സൗമനസ്യവുമുണ്ടാകും. എന്തെങ്കിലും ആവശ്യവുമായാണ് വരുന്നതെങ്കിൽ അത് സാധിച്ചുകൊടുക്കാൻ കഴിയുമെങ്കിൽ അത്തരക്കാരെ ഒരിക്കലും നിരാശപ്പെടുത്തില്ല. എന്നല്ല, അവർക്ക് പരിഗണന കുറച്ചു കൂടുതൽ നല്കുന്നില്ലേ എന്നുപോലും തോന്നുമായിരുന്നു.

കെ.എം. മാണിയുടെ നടപ്പും എടുപ്പും അത്യാകർഷകം. ആ ചുവടുവയ്പുകൾ ചടുലമാണ്. ശാരീരികാസ്വാസ്ഥ്യമുണ്ടെങ്കിൽപ്പോലും അത് മറ്റുള്ളവർക്ക് മനസ്സിലാവാത്ത വിധമായിരിക്കും ചലനങ്ങളും സംസാരവും, നല്ലതുപോലെ സ്റ്റാർച്ചു ചെയ്തു തേച്ചു ഭംഗിയാക്കി ധരിക്കുന്ന ഖദർജുബ്ബ ഒരിക്കലും മുഷിഞ്ഞതോ കേടു പറ്റിയതോ ആയിരിക്കില്ല. എത്രയേറെ തിരക്കുണ്ടെങ്കിലും വസ്ത്രധാരണത്തിൽ അദ്ദേഹം ഉദാസീനത കാണിക്കാറില്ല ആന്തരിക ജീവിതത്തിന്റെ കരുത്തും സുതാര്യതയും ബാഹ്യതലത്തിൽ പ്രതിഫലിപ്പിക്കുന്നതാണ് ഈ നേതാവിന്റെ കെട്ടും മട്ടും. ജീവിതത്തിന്റെ എല്ലാ മേഖലകളിലും കെ. എം. മാണിയെ ഇഷ്ടപ്പെടുന്ന ആയിരക്കണക്കിന് സുഹൃത്തുക്കളും ആരാധകരും ഉണ്ടായത് വെറുതെയല്ല.

മഹാകവി കാളിദാസന്റെ രഘുവംശം കാവ്യത്തിൽ ദിലീപ് ചക്രവർത്തിയെ പരിചയപ്പെടുത്തുന്ന ഒരു സന്ദർഭമുണ്ട്. അതിങ്ങനെ: "ആകാരത്തിന് അനുയോജ്യമായ ബുദ്ധിചാതുര്യം. ബുദ്ധി ശക്തിക്കനുസരിച്ചുള്ള വിജ്ഞാന സമ്പത്ത്. വിജ്ഞാനം തുളുമ്പുന്ന പ്രവർത്തനങ്ങൾ ആ പ്രവർത്തനങ്ങളോ ഫലസമൃദ്ധവും."

മാണിസാറിനോട് അടുത്തിടപെടുമ്പോളൊക്കെ എന്റെ മനസ്സിൽ ഈ വാങ്മയചിത്രം തെളിയുമായിരുന്നു. അഭിജാതവും ധിഷണാസമ്പന്നവുമായ ആ വ്യക്തി പ്രഭാവം എന്നെ വീണ്ടും വീണ്ടും കീഴ്പെടുത്തിക്കൊണ്ടുമിരുന്നു.

ഒരിക്കൽ മാതൃഭൂമി പത്രധിപർ എം.പി. വീരേന്ദ്രകുമാറിനെ, മാണിസാർ പറഞ്ഞതനുസരിച്ച് ഞാൻ വിളിച്ചു സംസാരിച്ചു. ഫോൺ വച്ചു കഴിഞ്ഞപ്പോൾ എനിക്കു സംശയം മാണിസാർ എന്നു മാത്രം പറഞ്ഞത് അദ്ദേഹത്തിനു മനസ്സിലായിക്കാണുമോ? ഞാൻ വീണ്ടും വിളിച്ചു. മാണിസാർ എന്നു പറഞ്ഞത് കെ.എം. മാണിസാറിനെക്കുറിച്ചാണെന്ന് വ്യക്തമാക്കി. അപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം 'നമ്മുക്കൊരു മാണിസാറെയുള്ളു.'

**അതേ നമുക്കൊരു മാണിസാറേ ഉണ്ടായിരുന്നുള്ളു..**



ആശംസകൾ
യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ കമ്മററി
രാജേഷ് വാളിപ്ലാക്കൽ
Adv. സുമേഷ് ആൻഡ്രൂസ്
ജോസഫ് സൈമൺ
സന്തോഷ് കമ്പകത്തിങ്കൽ
ബിജു പാതിരമല
അഖിൽ ഉള്ളംപള്ളിൽ
നിധിൻ മാത്യു
ശ്രീകാന്ത് എസ്.ബാബു
ജാൻസ് വയലിക്കുന്നേൽ
യൂജിൻ കൂവെള്ളൂർ
റെജി ആറാക്കൽ
ഡിനു കിങ്ങണംചിറ
അഭിലാഷ് തെക്കേതിൽ
സുനിൽ പയ്യപ്പള്ളിൽ
നിഖിൽ കൊടൂർ കാഞ്ഞിരം
ജിൻസ് കുര്യൻ
തോമസ്കുട്ടി വരിക്കയിൽ
സിജോ പ്ലാത്തോട്ടം
ബിനു പുലിയൂറുമ്പിൽ
റിജോഷ് ആഞ്ഞിലിമൂട്ടിൽ
അനീഷ് തേവരപ്പടിക്കൽ
ഷോജി ആയില്യക്കുന്നേൽ
സെബാസ്റ്റ്യൻ മുല്ലക്കര
ഫിലിപ്പ് തോമസ്

ആശംസകൾ....

# മീനച്ചിൽ സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ കെ. 271

***ഹെഡ് ആഫീസ്:-***
ഇടമറ്റം – 236483
***ബ്രാഞ്ചുകൾ:-***
വിളക്കുമാടം – 225361
പൂവരണി – 225254
കിഴപറയാർ – 237403
***പ്രഭാതസായാഹ്നശാഖ:-***
പൈക – 227252

- ആകർഷകമായ നിക്ഷേപ പദ്ധതികൾ
- ഉയർന്ന പലിശ നിരക്കുകൾ
- വിവിധയിനം വായ്പകൾ
- കിഴപറയാർ, വിളക്കുമാടം, പൈക ബ്രാഞ്ചുകളിൽ സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം
- NEFT / RTGS സൗകര്യം
- നിക്ഷേപ ഗ്യാരന്റി സ്കീം
- കുടുംബശ്രീ വായ്പകൾ 15 ലക്ഷം രൂപ വരെ

| പ്രസിഡന്റ് | സെക്രട്ടറി | വൈസ് പ്രസിഡന്റ് |
|---|---|---|
| അഡ്വ. ജോസ് ടോം പുലിക്കുന്നേൽ | സെല്ലിജോസ് പന്തലാനിക്കൽ | പി.എൻ. രാധാകൃഷ്ണൻ പത്മവിലാസം |

# കാഞ്ഞിരപ്പള്ളി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്

## ക്ലിപ്തം നമ്പർ കെ. 1120

H.O. കാഞ്ഞിരപ്പള്ളി, ഫോൺ : 04828 202754, 201754

ബ്രാഞ്ച് എരുമേലി
ഫോൺ : 04828 212754

ബ്രാഞ്ച് : മുണ്ടക്കയം
ഫോൺ: 04828 272524

## ബാങ്കിൽ നിന്നും നൽകി വരുന്ന വായ്പകൾ



പ്രസിഡന്റ്
**സണ്ണിക്കുട്ടി അഴകംപ്രായിൽ**
**Mob: 9446665201**

- കാർഷിക വായ്പ
- കാർഷികേതര വായ്പ
- വ്യവസായ വായ്പ
- കൃഷിഭൂമി വാങ്ങാൻ വായ്പ
- ഭവന നിർമ്മാണ വായ്പ
- ഭവന പുനരുദ്ധാരണ വായ്പ
- വീടും സ്ഥലവും വാങ്ങുന്നതിന് വായ്പ
- വാഹന വായ്പ
- വിവാഹാവശ്യത്തിന് വായ്പ
- ഗൃഹോപകരണ വായ്പ
- സ്വരാജ് ഗാർ ക്രെഡിറ്റ് കാർഡ് വായ്പ
- ക്യാഷ് ക്രെഡിറ്റ് വായ്പ



സെക്രട്ടറി ഇൻ ചാർജ്
**അജേഷ്കുമാർ കെ**
**Mob: 9495362183**

"ലളിതമായ വ്യവസ്ഥയിൽ ദീർഘകാല വായ്പകൾ നൽകുന്ന കാഞ്ഞിരപ്പള്ളി താലൂക്കിലെ ഏക ബാങ്ക്"


ANANTHAPURI
ADVANCED CENTRE FOR
CARDIOLOGY &
CARDIO VASCULAR SURGERY
VALVE SURGERY, AORTIC SURGERY, THORACIC SURGERY
CORONARY ARTERY BYPASS SURGERY (CABG)
CARDIAC ELECTROPHYSIOLOGY PROGRAM
INTERVENTIONAL CARDIOLOGY PROGRAM
STRUCTURAL HEART DISEASE PROGRAM
PERIPHERAL VASCULAR PROGRAM
9400332777
Ananthapuri Hospitals
AND RESEARCH INSTITUTE
PATIENT SAFETY & QUALITY OF CARE
NABH
ACCREDITED
TÜV
SÜD
ISO 9001
Chacka NH Bypass, Trivandrum-24
Ph: 0471-2579900, 6609900
www.ananthapurihospitals.com


Kosamattam Finance
SUPER GOLD LOAN
Simple ആണ്
Super ആണ്
കൊശമറ്റം ഫിനാൻസ് നിങ്ങൾക്കായ്
അവതരിപ്പിക്കുന്നു സൂപ്പർ ഗോൾഡ് ലോൺ.
നിങ്ങളുടെ ഓരോ ആവശ്യങ്ങൾക്കുമുള്ള
സുതാര്യമായ ഒരു ഗോൾഡ് ലോൺ സ്കീം.
മറഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഇല്ലാത്ത ഗോൾഡ് ലോൺ
ഗ്രാമിന് പരമാവധി വായ്പ
ഉടനടി പണം
ഏറ്റവും കുറഞ്ഞ പലിശ
*Conditions Apply
കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ അടുത്തുള്ള കൊശമറ്റം ശാഖയുമായി ഉടൻ ബന്ധപ്പെടുക
Kosamattam Finance Limited
Regd. Office: Kosamattam M.K.C Building, Market Jn., M.L.Road, Kottayam.
Ph: 0481-2586400 www.kosamattam.com


പൂവരണി സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ 2882, പൂവരണി പി.ഒ., H.O. പൂവരണി , ഫോൺ : 225353
പൈക ഫോൺ: 225253
മീനച്ചിൽ ഫോൺ: 211631
M&E പൈക ഫോൺ:225777
നീതി മെഡിക്കൽ സ്റ്റോർ പൈക ഫോൺ: 225435
നീതി മെഡിക്കൽ സ്റ്റോർ പൂവരണി (അമ്പലം ജംഗ്ഷൻ) ഫോൺ: 9188252533
2016-2017 വർഷത്തെ പ്രവർത്തന മികവിനുള്ള സംസ്ഥാന സഹകരണ വകുപ്പിന്റെ അവാർഡ് ( PACS വിഭാഗം 3-ാം സ്ഥാനം) ലഭിച്ച ബാങ്ക്
മീനച്ചിൽ താലൂക്കിൽ Special Grade Bank
• അംഗത്തിന് 50 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.
• 25000 മുതൽ 10 ലക്ഷം രൂപവരെ സലയുടെ GDCS കൾ ഹെഡാഫീസിലും ബ്രാഞ്ചുകളിലും നടത്തി വരുന്നു.
• തുടർച്ചയായ വർഷങ്ങളിൽ 25% ലാഭ വിഹിതം നൽകി വരുന്നു.
പൈകയിൽ ബാങ്കിംഗ് സൗകര്യം
രാവിലെ 7.30 മുതൽ വൈകിട്ട് 8 വരെ
പ്രവർത്തന സമയം: രാവിലെ 9.30 മുതൽ
തുടർച്ചയായി വൈകുന്നേരം 4.30 വരെ
പ്രസിഡന്റ്
പ്രൊഫ. എം. എം. അബ്രാഹം
മാപ്പിളകുന്നേൽ, 9447148139
സെക്രട്ടറി
ജോർജ് ജോസഫ് ഈറ്റത്തോട്ട്
9495480321
ഭരണസമിതി അംഗങ്ങൾ
പ്രൊഫ. എം. എം. അബ്രഹാം മാപ്പിളക്കുന്നേൽ (പ്രസിഡന്റ്) 9447148139
ശ്രീ. കെ. കരുണാകരൻ നായർ, കല്ലുപുരയ്ക്കകത്ത് 9446061628
ശ്രീ. റ്റി. വി. എമ്മാനുവൽ, തൊടുകയിൽ 9562742404
ശ്രീ. പി. ബി. രഘു, പ്ലാപ്പള്ളിൽ 9447538102
ശ്രീ. സാൻ കെ. ജെ. കാവുംപുറത്ത് 9349599161
ശ്രീ. ജോർജ്ജ് തോമസ് മൊളോപ്പറമ്പിൽ 9447660162
ശ്രീ. മോൻസ് സെബാസ്റ്റ്യൻ കുമ്പളന്താനം 9447599478
ശ്രീ. ശിവദാസൻ നായർ എൻ. ബി. നെല്ലാലയിൽ 9447284779
ശ്രീ. തങ്കച്ചൻ ആന്റണി ഓടയ്ക്കൽ 9447516894
ശ്രീമതി അന്നക്കുട്ടി ജയിംസ്, പരിപ്പീറ്റത്തോട്ട് 9447149794
ശ്രീമതി മേരിക്കുട്ടി തോമസ്, പാറേക്കാട്ട് 9495022107
ശ്രീമതി മേഴ്സി ബാബു, കല്ലക്കുളം 9645499882
ശ്രീമതി ശശികല വി. എസ്. വരിക്കയിൽ 9747499797

golden treasury of common man

ഇടനാട് ബാങ്ക്

EDANAD SERVICE CO-OPERATIVE BANK LTD.No.1768

Since-1928

Secretary: Remeshkumar P S
Mob:9495214991

President: Jayakumar P S
Mob:9846078409

NEW FACE OF SMARTER ESC BANK FROM APRIL 2020

**MOBILE BANKING**

MOBILE APPLICATION / E-PASS BOOK / SMS ALERT / RTGS / NEFT / IMPS

Head Office: Edanad, Edanad P.O., Kottayam Dist, Pin: 686574, Tel: 04822 - 259672, 258873, Mob: + 91-9526218880 ,
Branches: Edanad Mob: + 91 - 9526218885 / Nechipuzhoor Mob: + 91 - 9526218882 / Vallichira Mob: + 91 - 9526218884 / Valavoor M&E Mob: + 91 - 9526218883

*With Best Compliments from*




A project of Palazhy Agro Farms And Tourism Ltd:
Valavoor, Pala, Kottayam-686635
ph: 04822 258680. e-mail: palazhyfarmcottages@gmail.com

Prof.K.I.Antony
Chairman

K.J.Philip
Managing Director

SINCE 1984

# Brilliant® STUDY CENTRE PALA

## INDIA'S LEADING

# MEDICAL / ENGINEERING
## ENTRANCE COACHING CENTRE

THE BEST THING ABOUT BRILLIANT IS THAT YOUR WARD KNOWS WHICH TEAM IS GOING TO TEACH THEM

# JEE/NEET

ONLINE / CLASSROOM BATCHES

| JEE MAIN 2021 | CUSAT-CAT 2021 | KERALA ENGG. 2020 | JEE ADV. 2020 | JEE MAIN 2020 | NEET-UG 2020 |
|---|---|---|---|---|---|
| STATE TOPPER | AIR 1 | KERALA RANK 1 | KERALA RANK 1 | KERALA RANK 1 | KERALA RANK 2 |
| FAIZ HASHIM 99.9874647 | VIGHNESH.J.R | VARUN K S | EBRAHIM SOHAIL HARIS | ADVAID DEEPAK | LULU A |



ADMISSION CONTINUES

+2 COMPLETED STUDENTS

# REPEATERS NEET | JEE (MAIN & ADV.)

ONLINE / CLASSROOM*

സൗജന്യപഠനം
സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി ബ്രില്ല്യന്റിൽ പഠിക്കാൻ അവസരം.
9446757446, 9447234127
ST വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ പഠന സൗകര്യം
9946994820

## 10%-100% SCHOLARSHIPS

കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക
9605280655

Every students who gets admission in offline batches will be given TABLET* BY THE BRILLIANT

*conditions apply

NEET: 04822-206100, 9400946597, 9447120625, 9495805016, 8921625507
JEE (Main): 9446714153, 7012965203 JEE (Adv.): 9447154371, 9446200362



## SCHOOL PLUS E-PROGRAMME (BSEP)

CLASS 8, 9, 10 ONLINE ONLY

7907946110
9946898123
8089471348
9567508310

Highly useful for Board exams

## BOARD PLUS E-PROGRAMME (BBEP)

CBSE 12 STUDYING ONLINE ONLY

7907749792
7907941180
7907414954

BrilliantStudyCentrePala | brilliantpala | BrilliantOnline | BrilliantPala | brilliantstudycentrepala

Ph: 04822-206100, 206800 www.brilliantpala.org


The Palette of
Excellent Services
NCS Group
Giving wings to your dreams
FINANCE • AUTOMOTIVES • EDUCATION • TEXTILE
ESTATES & PLANTATIONS • TRAVEL • RETAIL • MEDIA
Planthottam Complex | Near KSRTC Bus Terminal | Thiruvalla 689 101 | Ph: 0469 2631 308 | www.ncsfinance.in
Ennikattil Estate | Near KSRTC Bus Terminal | Thiruvalla 689 101 | Ph : 1800 891 9814 | www.ncsgroup.co.in


Best compliments from
JACOBZ
International Consultants. LLC.
വിദേശത്ത് കുറഞ്ഞ
ചിലവിൽ ഉപരിപഠനത്തിന്
ആഗ്രഹിക്കുന്നവരാണോ
നിങ്ങൾ ?
Jacob channapetta
Member Loka kerala
www.jacobzintl.com
Jacobz.consultants@gmail.com
വിളിക്കൂ...
0091 7559815575
00965 60449923


Best Wishes from,
Vijaya
TYRES
Karukachal, Kottayam
VIJAYA TRAVELS
Karukachal, Kottayam
MULTIVISION
INTERIOR & DECORATION
Dubai - UAE
BEUREX
TRADINGW.L.L.
Bahrain
AQUA MARIS
SHIP SUPPLY LLC
Ajman - UAE
BROOK
international
Ajman - UAE




ആശംസകൾ....

കോട്ടയം ജില്ലയിലെ ഒരു പ്രമുഖ ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്

# കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ :1049

e-mail : kuravilangadscb@gmail.com

ഹെഡ്ഡോഫീസ് – കുറവിലങ്ങാട് – **230347, 232367**

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
- സീനിയർ സിറ്റിസൺസിന് 0.5% പലിശ കൂടുതൽ
- ഉദാരവ്യവസ്ഥയിൽ വായ്പകൾ
- പ്രതിമാസ നിക്ഷേപ പദ്ധതി
- ലോക്കർ സൗകര്യം
- സ്വർണ്ണപ്പണയത്തിന്മേൽ 5 ലക്ഷം രൂപാ വരെ വായ്പ – സുതാര്യമായ ഇടപാടുകൾ

**നീതി മെഡിക്കൽ സ്റ്റോർ**

എല്ലാവിധ മരുന്നുകൾക്കും 13% മുതൽ 40% വരെ വിലക്കുറവ്.
സെൻട്രൽ ജംഗ്ഷൻ (വലിയവീട്ടിൽ കവല), സപ്ലൈകോ സൂപ്പർ മാർക്കറ്റിനു സമീപം
ഫോൺ : **04822 230255**

**പ്രസിഡന്റ്**
പ്രൊഫ. പി.ജെ. സിറിയക്
പൈനാപ്പള്ളിൽ – 9495216242

**സെക്രട്ടറി**
ശ്രീമതി ശോഭനകുമാരി റ്റി.കെ.
9495314918


SREE GOKULAM
GOLD & DIAMONDS
"അമൂല്യമായ ആത്മബന്ധം"
Mehndi collections
CELESTIAL DIAMONDS
Rhea collections
kshetra
Grace Bridal Collections
muhurtham collections
ANCHAL GOKULAM TOWER 0475 - 2277111
VADAKARA GOKULAM TOWER 0496 - 2525800
KANHANGAD GOKULAM TOWER 0467 - 2206622
Space Courtesy By
SREE GOKULAM
CHIT & FINANCE Co. (P) LTD.,

## ഓണം കഴിഞ്ഞ്

എ. സതീഷ്




ഹലോ........ ഇതെന്താ ഇങ്ങനെ ? സദ്യഷ്ണാണ് ഓർഡർ ചെയ്യത്........
ഹലോ....സാർ...ഇത്തവണ ഓർഡർ കൂടുതലായിരുന്നു..... പാചകത്തിന് ബംഗാളിയെ കിട്ടിയില്ല..... പ്ലീസ് സഹകരിക്കണം.....
RICE
OIL
PAPPAD
CATERING online
ഓണ സദ്യ


മൃഗാശുപത്രി
സാറെ, പുളളിക്കാരൻ ആളൊരു പുലിയ.....


മടുത്തുകാണും........ അതാ തിരികെ പോകുന്നത്.........
നമുക്ക് മാത്രമാണ് ഇവിടം ഒരിക്കലും മടുക്കാത്തത്



**സംഭാഷണം**

**പയസ് കുര്യൻ**

# കരുത്തോടെ കരുതലോടെ ജോസ് കെ. മാണി



**പാലായിൽ** കരിങ്ങോഴയ്ക്കൽ വീടിന്റെ പൂമുഖം ഇപ്പോഴും സജീവമാണ്. കെ.എം.മാണി സാറിന്റെ അഭാവത്തിലും വിവിധ ആവശ്യങ്ങളുമായി എത്തുന്ന സന്ദർശകരുടെ തിരക്കിനു കുറവൊന്നുമില്ല. കഴിഞ്ഞ 60 വർഷമായി തുടരുന്ന ആ പതിവിനു ഇന്നും ഒരു മാറ്റവും വന്നിട്ടില്ല. ആളുകൾക്ക് അഭയവും ആശ്വാസവും നൽകിയിരുന്ന വലിയൊരു തണൽമരം ആയിരുന്ന

മാണി സാറിന്റെ പാരമ്പര്യം ഒരു നിയോഗം പോലെ മകൻ ജോസ് കെ. മാണി പിന്തുടരുന്നു.

ഇപ്പോൾ കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മൂന്നാമത്തെ കക്ഷിയുടെ സമുന്നതനായ നേതാവ് ജോസ് കെ. മാണി, കേരളാ കോൺഗ്രസ് എമ്മിന്റെ പ്രിയങ്കരനായ ചെയർമാനുമാണ്. നാടിനും നാട്ടുകാർക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം എപ്പോഴും സജീവമാണ്.

പിതാവായ കെ.എം. മാണി സാറിന്റെ രാഷ്ട്രീയം മാത്രമല്ല സാമർത്ഥ്യവും കൈമുതലായുള്ള ജോസ് കെ. മാണിയുടെ സ്ഥാനം ഇന്ന് കേരളത്തിലെ മുൻനിര രാഷ്ട്രീയ നേതാക്കൾക്കൊപ്പമാണ്.

കേരളാ കോൺഗ്രസ് എമ്മിന്റെ സർവ്വസമ്മതനായ നേതാവായും അദ്ദേഹം വളർന്നിരിക്കുന്നു.

പാർട്ടിക്ക് നൂതനമായ ഒരു രാഷ്ട്രീയ പ്രവർത്തനശൈലി രൂപപ്പെടുത്തുന്ന തിരക്കിലാണ് ചെയർമാൻ ജോസ് കെ. മാണി ഇപ്പോൾ. വ്യക്തമായ ലക്ഷ്യബോധവും അതിന് അനുസൃതമായ പ്രവർത്ത

ന പരിപാടികളും കേരളാ കോൺഗ്രസ് എം. ആവിഷ്കരിച്ചിരിക്കുന്നുവെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ വ്യക്തമാക്കുന്നു.

പാർട്ടിയിൽ അടുത്തകാലത്തായി നടക്കുന്ന പരിഷ്കാരങ്ങളെപ്പറ്റിയും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെപറ്റിയും ജോസ് കെ. മാണി പറഞ്ഞുതുടങ്ങി: പാർട്ടിയുടെ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുക, ജനകീയ അടിത്തറ വിപുലീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെയുള്ള പരിശ്രമങ്ങൾക്ക് കേരളാ കോൺഗ്രസ് എം. തുടക്കം കുറിച്ചു കഴിഞ്ഞു.

വാർഡ് തലത്തിൽ തന്നെ പാർട്ടിയുടെ സംഘടനാസംവിധാനം സജീവമാകണം. പാർട്ടിയുടെയും സർക്കാരിന്റെയും പ്രവർത്തനങ്ങളും ജനക്ഷേമ പരിപാടികളും താഴേത്തട്ടിലുള്ള ജനങ്ങൾക്കിടയിൽ എത്തണമെങ്കിൽ പാർട്ടിക്ക് ഒരു കേഡർ സ്വഭാവം ആവശ്യമാണ്. വാർഡ്, മണ്ഡലം, നിയോജകമണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിൽ കമ്മിറ്റികൾ കൃത്യമായി സംഘടിപ്പിക്കുകയും പ്രവർത്തിക്കുകയും വേണം. കേഡർ പാർട്ടി ആയി മാറുക എന്നതിനർത്ഥം പട്ടാളച്ചിട്ടയോടെയുള്ള പ്രവർത്തനശൈലി നടപ്പാക്കുക എന്നല്ല. ജനാധിപത്യസ്വഭാവത്തോടെ കാലഘട്ടത്തിന് അനുപേക്ഷണീയമായ സംഘടനയായി പാർട്ടിയെ മാറ്റുക ഒരു സെമികേഡർ സ്വഭാവം കൈവരിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ശരിയായരീതിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനകമ്മിറ്റി ഇങ്ങനെയൊരു നിർദേശം മുന്നോട്ടുവച്ചിട്ടുള്ളത്.

*കേരളാകോൺഗ്രസ് എമ്മിന്റെ പോഷകസംഘടനകൾ എന്ന നിലയിൽ പുതിയ ഫോറങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ സജീവമാണല്ലോ. ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത് എന്താണ്?*

ഇപ്പോൾ പാർട്ടിക്ക് ആറ് പോഷക സംഘടനകളാണ് ഉള്ളത്.എല്ലാ വിഭാഗം ജനങ്ങളുടെയും ഇടയിലേക്ക് ഇറങ്ങിച്ചെല്ലുക, പാർട്ടിയുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുക, ജനകീയ അടിത്തറ വിപുലീകരിക്കുക എന്നിവയൊക്കെ പുതിയ ഫോറങ്ങൾ രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങളാണ്. പ്രൊഫഷണലുകൾ, പ്രവാസികൾ,ഡോക്ടർമാർ, എൻജിനീയർമാർ, നഴ്സുമാർ, സഹകരണ മേഖലയിലെ ജീവനക്കാർ,സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർ, വിദേശത്തുനിന്നും തിരികെ എത്തിയ പ്രവാസികൾ, എക്സ് സർവ്വീസ്മെൻ തുടങ്ങിയവർക്കൊക്കെ പാർട്ടിയുമായി ചേർന്നു നിൽക്കാൻ ഈ ഫോറങ്ങൾ അവസരമൊരുക്കുന്നു. സമൂഹത്തിലെ ഇത്തരത്തിലുള്ള ഒട്ടേറെ ചെറിയ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും ഇത്തരം ഫോറങ്ങൾ ഫലപ്രദമാകുകയും ചെയ്യും.

*മെമ്പർഷിപ്പിന്റെ കാര്യത്തിലും ചില പുതുമകൾ നടപ്പിലാക്കുന്നതായി വാർത്ത ഉണ്ടല്ലോ?*

ശരിയാണ്, എന്നാൽ പഴയ രീതിയിൽ രസീത് നൽകിയുള്ള മെമ്പർഷിപ്പ് തുടരും. അതിനു മാറ്റമില്ല. അതിനു പുറമേയാണ് പുതിയതായി ഓൺലൈൻ മെമ്പർഷിപ്പ് ഏർപ്പെടുത്തുന്നത്. ഇപ്പോൾ മീറ്റിംഗുകൾ പോലും ഓൺലൈനായി നടക്കുന്ന കാലമാണല്ലോ. ഓൺലൈൻ മെമ്പർഷിപ്പ് പ്രധാനമായും കേരളാ കോൺഗ്രസ് എം. ആശയങ്ങളോട് ചേർന്നുനില്ക്കുന്ന അനുഭാവികൾക്ക് കൂടിയുള്ളതാണ്. ഡോക്ടർമാർ, എഞ്ചിനീയർമാർ, ചാർട്ടേഡ് അക്കൗണ്ടന്റ്മാർ കൂടാതെ വിദേശത്തുള്ളവർ തുടങ്ങി വിവിധ പ്രൊഫഷനുകളിൽ പ്രവർത്തിക്കുന്നവർ ഒക്കെ ഉണ്ടാകാം. അവർക്ക് സാധാരണ പാർട്ടി പ്രവർത്തനം സാധ്യമല്ലല്ലോ. പാർട്ടിയോട് ആഭിമുഖ്യമുള്ള ഇവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയാനും ആശയവിനിമയം നടത്താനുമുള്ള വേദിയൊരുക്കുക എന്നതും ലക്ഷ്യമാണ്. ഈ



നിർദേശം ഉണ്ടായപ്പോൾ തന്നെ വിവിധ മേഖലകളിൽ നിന്നും ധാരാളം പ്രൊഫഷണലുകൾ താത്പര്യം പ്രകടിപ്പിച്ചു കഴിഞ്ഞു. നമ്മൾ പ്രതീക്ഷിച്ചതിനേക്കാൾ വലിയ പ്രതികരണമാണ് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും ഉണ്ടായിരിക്കുന്നത്.

പാർട്ടിയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതോടൊപ്പം എല്ലാ വിഭാഗം ആളുകളെയും ഉൾക്കൊള്ളുവാനും, അവരുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുവാനും കഴിയുന്ന തരത്തിൽ പാർട്ടിയെ സജ്ജമാക്കുകയെന്നതും ലക്ഷ്യമാണ്.

ചെറിയ ചെറിയ വിഭാഗങ്ങളെ പോലും പരിഗണിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനശൈലിക്കാണ് കേരളാ കോൺഗ്രസ് എം. രൂപം കൊടുക്കുന്നത്.

*ജനാധിപത്യപാർട്ടികളുടെ സമീപകാല ചരിത്രം പരിശോധിച്ചാൽ ജംബോ കമ്മിറ്റികൾ ഒഴിവാക്കാനാവാത്ത ഒന്നായിട്ടാണല്ലോ കരുതുന്നത്. എന്നാൽ പാർട്ടി കമ്മിറ്റികൾ ചെറുതാക്കാൻ ഉള്ള നിർദ്ദേശവും മുന്നോട്ടു വച്ചിട്ടുണ്ടല്ലോ. ഇത് എത്രമാത്രം പ്രായോഗികമാകും?*

അതെ, ഭാരവാഹികളുടെ എണ്ണം കുറച്ചുകൊണ്ട് ഒരു പുതിയ ശൈലിയിലേക്കും സംസ്കാരത്തിലേക്കും പാർട്ടിയെ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്.

ജംബോ കമ്മറ്റികൾ ആകുമ്പോൾ ഭാരവാഹികളുടെ വിലയും ഉത്തരവാദിത്വവും കുറയുകയാണ്. ഇപ്പോൾ നമ്മൾ, ഓരോ ജനറൽസെക്രട്ടറിക്കും ഓരോ ജില്ലയുടെ അല്ലെങ്കിൽ പോഷകസംഘടനയുടെ ചുമതല കൊടുത്തിരിക്കുകയാണ്. ഭാരവാഹികളുടെ എണ്ണം കുറയുമ്പോൾ ഉത്തരവാദിത്വം വർധിക്കുകയാണ്. കഴിവും അദ്ധ്വാനിക്കുവാൻ തയ്യാറുള്ളവരെയും ഭാരവാഹികളായി പരിഗണിക്കണമെന്ന കാഴ്ചപ്പാടാണ് ഉള്ളത്. എല്ലാവർക്കും ഭാരവാഹിത്വം എന്നത് ഒരു പാർട്ടിയിലും സാധ്യമല്ലല്ലോ. അത് സ്വാഭാവികമായും പാർട്ടിയുടെ കെട്ടുറപ്പിനെ ബാധിക്കുകയും ചെയ്യും.

*പാർട്ടി അംഗങ്ങളായ ജനപ്രതിനിധികൾക്ക് ലെവി ഏർപ്പെടുത്താനുള്ള നിർദ്ദേശം ഉണ്ടല്ലോ. അതും കേഡർ പാർട്ടി ആകുന്നതിന്റെ ഭാഗമാണോ?*

ലെവി ഏർപ്പെടുത്തുന്നതു കൊണ്ട് വലിയൊരു തുക സമാഹരിക്കാം എന്ന ലക്ഷ്യം ഒന്നുമില്ല. ജനപ്രതിനിധികളുടെ ലെവി കൊണ്ടുമാത്രം പാർട്ടി പ്രവർത്തനം സാധ്യമാവുകയില്ലല്ലോ. അങ്ങനെയൊരു ഉദ്ദേശ്യമല്ല ഇതിനുള്ളത്. പാർട്ടിയോടുള്ള പ്രതിബദ്ധതയുടെ ഭാഗമായും അടയാളമായും ലെവിയെ കരുതിയാൽ മതി.

*കേരളാ കോൺഗ്രസ് എമ്മിലേക്ക് പുതിയതായി ധാരാളം ആളുകൾ കടന്നു വരുന്നു എന്ന് പറഞ്ഞല്ലോ. എന്തായിരിക്കും ഇതിനു കാരണം?*

അടുത്തകാലത്തായി കേരളാ കോൺഗ്രസ് എമ്മിലേക്ക് വിവിധ മേഖലകളിൽ നിന്നും ധാരാളം ആളുകൾ വന്നു കൊണ്ടിരിക്കുന്നു. ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടാനും പരിഹാരം കണ്ടെത്താനും പാർട്ടിക്ക് കഴിയുമെന്ന പ്രതീക്ഷയും വിശ്വാസവുമാണ് മറ്റു കക്ഷികളിൽ നിന്നും ആളുകൾ പാർട്ടിയിലേക്ക് കടന്നു വരാൻ പ്രേരണയാകുന്നത് എന്നു വേണം മനസ്സിലാക്കാൻ. കഴിഞ്ഞ കുറേ മാസങ്ങൾക്കുള്ളിൽ തന്നെ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാനും ആവശ്യങ്ങൾ നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്. റബ്ബറിന്റെ തറവില വർദ്ധിപ്പിക്കാൻ, കാർഷിക ക്ഷേമനിധി ബോർഡ്, ഓണകിറ്റിൽ ഏലക്ക ഒരു ഇനമായി ഉൾപ്പെടുത്താൻ, കെ.എം.മാണി ജലസേചന പദ്ധതിക്ക് രൂപം കൊടുക്കുവാൻ, സന്യസ്തർക്ക് റേഷൻകാർഡ് അനുവദിക്കുവാൻ ..... ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ യാഥാർത്ഥ്യമാക്കാൻ നമുക്ക് കഴിഞ്ഞു. ഇവിടെ നമ്മൾ ശ്രദ്ധിക്കേണ്ട ഒരു സംഗതി ആളുകൾ നമ്മളിൽ പ്രതീക്ഷയർപ്പിക്കുന്നു എന്നതാണ് .

*മറ്റു പാർട്ടികളിൽ നിന്നും നേതാക്കന്മാർ കേരളാ കോൺഗ്രസ് എമ്മിലേക്ക് വരുമെന്ന് പറഞ്ഞിരുന്നല്ലോ?*

ഞാൻ പറഞ്ഞല്ലോ, മറ്റു പാർട്ടികളിൽ നിന്നും ധാരാളം പേർ കേരളകോൺഗ്രസ് എമ്മിൽ ചേരുന്നുണ്ട്. ജില്ല, നിയോജകമണ്ഡലം, പഞ്ചായത്ത് തലത്തിൽ പാർട്ടി ഭാരവാഹികളും ജനപ്രതിനിധികളുമൊക്കെ ആയിരുന്നവരാണ് പാർട്ടി അംഗത്വം സ്വീകരിക്കാൻ മുന്നോട്ടുവരുന്നത്. വരുന്നവർ നേതാക്കന്മാർ ആണെങ്കിൽ നൂറു പേരെയെങ്കിലും വിളിച്ചുകൂട്ടാൻ കഴിയുന്നവരാകണമല്ലോ. വരുന്ന നേതാവിന് അയാളുടെ വാർഡിൽ ഒരു കമ്മിറ്റി പോലും ഇല്ലെങ്കിൽ അത്തരം നേതാക്കളെ സ്വീകരിക്കുന്നതിൽ വലിയ കാര്യമൊന്നുമില്ല. സംസ്ഥാനതലത്തിൽ പല നേതാക്കന്മാരും ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും, ഓരോരുത്തരുടെ കാര്യത്തിലും വിശദമായ വിലയിരുത്തലിനു ശേഷം മാത്രമേ തീരുമാനം എടുക്കുകയുള്ളു. പാർട്ടിയുടെ നേതൃനിര വലുതാക്കുക എന്നതല്ല ജനകീയ അടിത്തറ വിപുലപ്പെടുത്തുക എന്നതിനാണ് കേരളാ കോൺഗ്രസ് എം മുൻഗണന നൽകുന്നത്.

*കേരളാ കോൺഗ്രസ് എമ്മിന്റെ വിദ്യാർത്ഥിയുവജന നേതൃനിരയിലേക്ക് പെൺകുട്ടികൾ ഭാരവാഹികളായി കടന്നുവരുന്നുണ്ടല്ലോ. ഇതും ശൈലി മാറ്റത്തിന്റെ ഭാഗമാണോ?*

അടുത്ത ഏഴെട്ടു വർഷം കഴിയുമ്പോൾ, ലോകത്തിൽ ഏറ്റവും കൂടുതൽ യുവജനങ്ങൾ ഉള്ള രാജ്യമായി ഭാരതം മാറും. ഈ യുവജനങ്ങൾ ആയിരിക്കും പൊതുപ്രവർത്തന രംഗത്തും രാഷ്ട്രീയത്തിലും വിദ്യാഭ്യാസ ശാസ്ത്രസാങ്കേതികമേഖലകളിലുമെല്ലാം നേതൃത്വപരമായ പങ്കു വഹിക്കുന്നത്. യുവജനങ്ങളുടെ കർമ്മശേഷിയും പ്രതിഭയും അതി

ന്റെ സാധ്യതകളും പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം. സ്വാഭാവികമായും പാർട്ടിയിലേക്ക് യുവജനങ്ങൾ കടന്നുവരുന്നതിനെ നമ്മൾ സ്വാഗതം ചെയ്യുന്നു.

അടുത്തകാലത്തായി കേരളാകോൺഗ്രസ് എമ്മിൽ ചേർന്ന് പ്രവർത്തിക്കാൻ ധാരാളം വനിതകൾ താത്പര്യം പ്രകടിപ്പിച്ച് മുന്നോട്ടു വരുന്നുണ്ട്. കെ.എസ്.സി എമ്മിന്റെയും യൂത്ത്ഫ്രണ്ട് എമ്മിന്റെയും നേതൃത്വത്തിൽ ഇതിനകം തന്നെ പല വനിതകളും ചുമതലയേറ്റു കഴിഞ്ഞു. പാർട്ടിയുടെ ഭാവി യുവജനങ്ങളാണ്. ഇന്നത്തെ യുവജനങ്ങളാണല്ലോ നാളെ പാർട്ടിയെ നയിക്കേണ്ടത്.

*കേരള കോൺഗ്രസ് എമ്മിന് സംസ്ഥാനതലത്തിലും യുവനേതൃത്വം ആണല്ലോ ഇപ്പോൾ. പാർട്ടിയുടെ പ്രവർത്തനങ്ങളിൽ ഈ തലമുറ മാറ്റം എങ്ങനെയാണ് പ്രതിഫലിക്കുന്നത്?*

യുവാക്കളെ നേതൃത്വത്തിലേക്ക് കൊണ്ടുവരുന്നതിൽ പാർട്ടി എല്ലാ കാലത്തും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. 1964 ൽ രൂപം കൊണ്ട ഈ പാർട്ടി ഇന്നും കരുത്തോടെ നിലനിൽക്കുന്നത്, എല്ലാ കാലത്തും യുവജനങ്ങളെ ഉൾക്കൊള്ളാനും നേതൃത്വത്തിലേക്ക് കൈപിടിച്ചുയർത്താനും സീനിയർ നേതാക്കൾ ശ്രദ്ധിച്ചിരുന്നതുകൊണ്ടാണ്. അടുത്തകാലത്തുണ്ടായ പിളർപ്പിനെ തുടർന്ന് മുതിർന്ന നേതാക്കളിൽ ചിലർ വ്യക്തിതാല്പര്യങ്ങളുടെ പേരിൽ പാർട്ടി വിട്ടു പോയി എന്നത് ശരിയാണ്. എന്നാൽ മാണിസാറിന്റെ മരണശേഷം ഉണ്ടായ പ്രതിസന്ധിഘട്ടത്തിലും മാണിസാറിനെയും പാർട്ടിയെയും സ്നേഹിക്കുന്ന മുഴുവൻ പ്രവർത്തകരും നേതാക്കന്മാരും പ്രായഭേദമന്യേ പാർട്ടിയിൽ ഉറച്ചുനിന്നു.

കഴിഞ്ഞ 40 വർഷം പ്രവർത്തിച്ച യുഡിഎഫിൽ നിന്ന് കേരളാ കോൺഗ്രസ് എമ്മിനെ പുറത്താക്കിയ അവസരത്തിൽ നമ്മൾ എൽഡിഎഫിൽ ചേരുവാനുള്ള നയപരമായ തീരുമാനം എടുത്തപ്പോൾ ഉൾപ്പെടെ എല്ലായിപ്പോഴും പാർട്ടിയോടൊപ്പം ഉറച്ചുനിന്ന പ്രവർത്തകരാണ് നമ്മുടെ കരുത്ത്.

*കേരളാ കോൺഗ്രസ് എമ്മിനെ പുറത്താക്കിയ വിഷയത്തിൽ കോൺഗ്രസിനും യുഡിഎഫിനും എവിടെയാണ് പിഴച്ചത്?*

കേരളാ കോൺഗ്രസിന്റെ കാര്യത്തിൽ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയമാണ് എല്ലാ കാലത്തും കോൺഗ്രസ് സ്വീകരിച്ചിരുന്നത്. നമ്മളെ തകർക്കാനുള്ള ശ്രമങ്ങളാണ് അവരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. അതിന്റെ ഒരു ഉദാഹരണമാണ് പാലാ ഉപതെരഞ്ഞെടുപ്പിൽ ചിഹ്നം വാങ്ങിത്തരാൻ ശ്രമിക്കാതിരുന്നത്. പുറത്താക്കിയാൽ നമ്മൾ ചിന്നിച്ചിതറി ഇല്ലാതായി കൊള്ളുമെന്ന് അവർ കരുതി. എന്നാൽ നമ്മൾ ചിന്നിചിതറിയില്ലെന്നു മാത്രമല്ല കൂടുതൽ ഐക്യത്തോടെയും ആവേശത്തോടെയും ശക്തി പ്രാപിക്കുകയാണ് ഉണ്ടായത്. അക്കാലത്ത്



നടന്ന പല ഉപതെരഞ്ഞെടുപ്പുകളിലും കേരളാ കോൺഗ്രസ് എം വിജയിച്ചു.

നമ്മളെ തീർത്താൽ മറ്റു കേരളാ കോൺഗ്രസ് ഗ്രൂപ്പുകളെ എളുപ്പം തീർക്കാൻ കഴിയുമെന്നും ചിലരെങ്കിലും കണക്കുകൂട്ടി.

*മാണിസാറിന്റെ അഭാവത്തിൽ ഈ പ്രതിസന്ധികളെയും വെല്ലുവിളികളെയും നേരിടാനും അതിജീവിക്കാനും കഴിഞ്ഞത് എങ്ങനെയാണ്?*

1964 മുതൽ ഒട്ടേറെ പരീക്ഷണങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും പാർട്ടി കടന്നുപോയിട്ടുണ്ട്. എങ്കിലും 2019 മുതലുള്ള രണ്ടുവർഷക്കാലം ഏറ്റവും വലിയ പരീക്ഷണഘട്ടമായിരുന്നു. പാർട്ടി പ്രവർത്തകരും അനുഭാവികളും ഒറ്റക്കെട്ടായി പാർട്ടിയോടൊപ്പം നിന്നു. കേരളാ കോൺഗ്രസ് എം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായി. പാർട്ടി ചിഹ്നവും അംഗീകാരവും നമുക്കു കിട്ടി. പഞ്ചായത്ത്, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മികച്ച വിജയം നേടി. യുഡിഎഫ് മേഖലകളിൽ എൽഡിഎഫിന് വ്യക്തമായ വിജയം നേടാനും കഴിഞ്ഞു. ഇതെല്ലാം യുഡിഎഫിന്റെയും മറ്റ് തല്പരകക്ഷികളുടെയും കണക്കുകൂട്ടലുകൾ തെറ്റിച്ചു കളഞ്ഞു



എന്നതാണ് വാസ്തവം.

*പാലായിലെ തെരഞ്ഞെടുപ്പ് പരാജയത്തെ എങ്ങനെ വിലയിരുത്തുന്നു?*

കേരളാ കോൺഗ്രസ് എമ്മിനെ ഇല്ലായ്മ ചെയ്യുക എന്ന അജണ്ട നടപ്പാക്കാൻ നേതൃത്വത്തെ അടിച്ചു വീഴിക്കുക എന്നതാണ് എളുപ്പം എന്നവർ കരുതി. ആ ലക്ഷ്യത്തിനായുള്ള പ്രവർത്തനത്തിൽ പ്രധാനമായും അവർ പ്രയോഗിച്ചത് വ്യക്തിഹത്യ ചെയ്യുക എന്ന തന്ത്രമാണ്. എങ്കിലും ഞാൻ ഒരാളെക്കുറിച്ചും, മോശമായി ഒരു വാക്കുപോലും പറയാൻ തയ്യാറായില്ല . ആരോടും പരിഭവമില്ല.

എന്നെ സംബന്ധിച്ചിടത്തോളം കേരളാ കോൺഗ്രസ് എം പാർട്ടിയെ ശക്തിപ്പെടുത്തുക, വിജയത്തിലേക്ക് നയിക്കുക എന്നതാണ് പ്രധാനം എന്ന് ഞാൻ കരുതുന്നു. തീർച്ചയായും ഇക്കാര്യത്തിൽ ജനങ്ങളുടെ ഭാഗത്തുനിന്നും നമ്മുടെ പാർട്ടി നേതാക്കളുടെ ഭാഗത്തുനിന്നും വലിയ പിന്തുണയും സഹകരണമാണ് ലഭിച്ചിട്ടുള്ളത്. പ്രത്യേകിച്ച് പാർട്ടിയുടെ പ്രതിസന്ധിഘട്ടങ്ങളിൽ ഒപ്പം നിലകൊണ്ട തോമസ് ചാഴികാടൻ എം പി, എം.എൽ.എമാരായ റോഷി അഗസ്റ്റിൻ എൻ. ജയരാജ് എന്നിവർ . നമ്മോടൊപ്പം ഉണ്ടാകുമെന്ന് ഉറച്ച് വിശ്വസിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തിരുന്ന പലരും പാർട്ടി വിട്ടുപോയപ്പോഴും ഇവരൊക്കെ വെല്ലുവിളികളെ നേരിടാൻ പാർട്ടിയോടൊപ്പം നിന്നവരാണ്. മറ്റ് ജനപ്രതിനിധികൾ, സംസ്ഥാന സമിതി അംഗങ്ങൾ, വിവിധ തലങ്ങളിലുള്ള പാർട്ടി ഭാരവാഹികൾ തുടങ്ങിയവരൊക്കെ പാർട്ടിയോടൊപ്പം അചഞ്ചലരായി നിലകൊണ്ടു. ഇന്ന് കേരളാ കോൺഗ്രസ് എമ്മിന് രണ്ടു ക്യാബിനറ്റ് പദവി ഉൾപ്പെടെ ( മന്ത്രിയും ചീഫ് വിപ്പും) അഞ്ച് എംഎൽഎമാരും ഒരു എം.പിയും ഉണ്ട്.

*എൽഡിഎഫിൽ ചേരുന്നതിനെ വലിയ സാഹസം ആയിട്ടായിരുന്നല്ലോ പലരും വിശേഷിപ്പിച്ചിരുന്നത്. ഇത്തരം ഒരു തീരുമാനത്തിൽ എത്താൻ എളുപ്പം കഴിഞ്ഞോ?*

യുഡിഎഫിൽ നിന്ന് പുറത്താക്കിയ ശേഷം രണ്ടുമൂന്ന് മാസം നമ്മൾ ഒറ്റയ്ക്ക് പുറത്തുനിന്നു. അക്കാലത്ത് പാർട്ടിക്കുള്ളിൽ പലതരത്തിൽ വിപുലമായ ആശയവിനിമയം നടത്തുവാൻ കഴിഞ്ഞു. പുറത്താക്കിയ യുഡിഎഫിന് എതിരായിരുന്നു പാർട്ടിപ്രവർത്തകരുടെയും നേതാക്കന്മാരുടെയും പൊതുവികാരം. അതുകൊണ്ടുതന്നെ എൽഡിഎഫിൽ ചേരുക എന്ന തീരുമാനത്തിലെത്താൻ ബുദ്ധിമുട്ടേണ്ടി വന്നിട്ടില്ല.

*യുഡിഎഫിൽ ആയിരുന്നുവെങ്കിൽ ഇത്തവണ കേരളാ കോൺഗ്രസ് എമ്മിന് ഇത്ര മികച്ച വിജയം ലഭിക്കുമായിരുന്നോ?*

കേരളാ കോൺഗ്രസ് എം ഇത്തവണ വിജയിച്ചത് യുഡിഎഫ് മേഖലയിൽ നിന്നാണ് . യുഡിഎഫിൽ ആയിരുന്നുവെങ്കിൽ എന്ന ചോദ്യം ഒരർത്ഥത്തിൽ പ്രസക്തമാണ്. മാണിസാർ പറഞ്ഞിട്ടുള്ളതുപോലെ ചതിയും വഞ്ചനയും ഒക്കെ ന്യായമായും പ്രതീക്ഷിക്കാമായിരുന്നു. പ്രത്യേകിച്ച് മാണിസാർ ഇല്ലാത്ത ആദ്യ തെരഞ്ഞെടുപ്പ് എന്ന നിലയിൽ നമ്മളെ രാഷ്ട്രീയമായി തീർത്തു കളയാനുള്ള അവസരമായി ഉപയോഗപ്പെടുത്തിയാൽ അത്ഭുതപ്പെടാനില്ലല്ലോ.

*ഒരു ജനാധിപത്യകക്ഷി എന്ന നിലയിൽ കേരളാ കോൺഗ്രസ് എമ്മിന് എൽഡിഎഫിൽ അധികകാലം തുടരാൻ കഴിയില്ല എന്ന ആശ്വാസത്തിലും പ്രതീക്ഷയിലും ആണല്ലോ മറുപക്ഷത്തുള്ള പലരും .അതേ കുറിച്ച് എന്താണ് പ്രതികരണം?*

ഒരു കാര്യം പറയാം. കേരളാ കോൺഗ്രസ് എമ്മിനെ സംബന്ധിച്ചടത്തോളം അങ്ങനെയുള്ള ബു

ദ്ധിമുട്ടുകളൊന്നുമില്ല. എൽഡിഎഫും, യുഡിഎഫും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം വ്യക്തമാക്കാം. എൽഡിഎഫ് ഒരു കാര്യം ചെയ്യാൻ തീരുമാനിച്ചാൽ അത് നടപ്പിലാക്കിയിരിക്കും. നമ്മൾ ഒരു വിഷയം ഉന്നയിക്കുമ്പോൾ ചിലപ്പോൾ തീരുമാനം'നോ' എന്നായിരിക്കാം. എന്നാൽ യുഡിഎഫിൽ എല്ലാറ്റിനും ഉത്തരം 'യേസ്' ആയിരിക്കും. പക്ഷേ ഒന്നും നടക്കില്ല എന്നു മാത്രം.

*പാർലമെൻറ് അംഗമെന്ന നിലയിൽ ഒട്ടേറെ വേറിട്ട വികസനപദ്ധതികൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടല്ലോ. വികസനത്തെ സംബന്ധിച്ച കാഴ്ചപ്പാട് ഒന്ന് വിശദീകരിക്കാമോ?*

ഞാൻ എപ്പോഴും വ്യക്തിപരമായി മുൻഗണന നല്കുന്നത് വിദ്യാഭ്യാസത്തിനാണ്. കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ നടപ്പിലാക്കിയ സയൻസ് സിറ്റി, ട്രിപ്പിൾ ഐടി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, രണ്ടാമത്തെ കേന്ദ്രീയ വിദ്യാലയം, ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതികൾ എല്ലാം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതാണ്. വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റ്മെന്റ് ഒരിക്കലും നഷ്ടമല്ല. മറിച്ച് വിദ്യാഭ്യാസത്തിനു തുക ചെലവഴിക്കാതിരുന്നാൽ ഉണ്ടാകുന്ന നഷ്ടം ഇരട്ടിയാണ്. നമ്മുടെ നാടിന്റെ വികസനം ഉറപ്പാക്കാൻ, സംസ്കാരം സംരക്ഷിക്കാൻ മെച്ചപ്പെട്ട വിദ്യാഭ്യാസം കുട്ടികൾക്ക് നല്കണം. അതിന് ആവശ്യമായ സൗകര്യം ഉണ്ടാകണം.

അതുപോലെതന്നെ സാമൂഹ്യമായി പിന്നോക്കം നില്ക്കുന്ന മേഖലകൾ കണ്ടെത്തി അവയുടെ ഉന്നമനത്തിനായി സന്നദ്ധസംഘടനകളെ കൂടി ഉൾപ്പെടുത്തി പ്രവർത്തിക്കുവാൻ പദ്ധതികൾ ഉണ്ടാകണം. ഇത്തരം പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകൾക്ക് വലിയ സംഭാവന ചെയ്യാൻ കഴിയും. സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെയുള്ള പരിശോധനാ സംവിധാനങ്ങൾ ഉണ്ടാകണം. അങ്ങനെ ഇത്തരം പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കും.

*സാമ്പത്തിക വികസന മേഖലകളിൽ കേരളം നേരിടുന്ന ഇന്നു നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്? ഈ മേഖലകളെ കോവിഡ് എങ്ങനെ ബാധിച്ചു?*

തീർച്ചയായും കോവിഡ് പശ്ചാത്തലം കൂടി കണക്കിലെടുത്തുകൊണ്ടു വേണം ഈ വിഷയങ്ങളെ സമീപിക്കേണ്ടത്. കോവിഡ് ജനജീവിതത്തിന്റെ എല്ലാ മേഖലകളെയും ഏതാണ്ട് നിശ്ചലമാക്കിക്കൊണ്ടാണല്ലോ കടന്നുപോകുന്നത്. ഉത്പാദനസേവനമേഖലകളിലൊക്കെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചു. കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് വലിയ സംഭാവന നൽകിക്കൊണ്ടിരുന്ന പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ നമ്മളെ സാരമായി ബാധിക്കുന്നുണ്ട്. ഒട്ടേറെ പ്രവാസികൾക്ക് തൊഴിൽ നഷ്ടം മൂലം നാട്ടിലേക്ക് മടങ്ങേണ്ടി വരുന്നു. വിദേശരാജ്യങ്ങളിൽ ജോലി ഉള്ളവർക്കും വരുമാനവും ശമ്പളവും കാര്യമായി കുറഞ്ഞിരിക്കുന്നു. ഇതെല്ലാം നമ്മുടെ വരുമാനത്തെയും സാമ്പത്തികസ്ഥിതിയെയും പ്രതിസന്ധിയിൽ ആക്കുകയും ചെയ്യുന്നു. ഇനിയുള്ള കാലത്ത് കോവിഡാനന്തര കാലത്ത് ആസൂത്രണത്തിലും വികസന കാര്യങ്ങളിലും പ്രത്യേകമായ തയ്യാറെടുപ്പുകൾ ആവശ്യമുണ്ടെന്നു ഞാൻ കരുതുന്നു. നമ്മളെ സംബന്ധിച്ചിടത്തോളം പ്രധാനം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ, ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയായി പരിവർത്തനം ചെയ്യുക എന്നതാണ്. അതുകൊണ്ടുതന്നെ വിജ്ഞാനവുമായി ബന്ധപ്പെട്ട, അതിനെ അടിസ്ഥാനമാക്കിയുള്ള ഒരു സമ്പദ് വ്യവസ്ഥയ്ക്കാണ് കേരളം സജ്ജമാകേണ്ടത്.

*കാർഷികരംഗത്ത് കേരളം പിന്നോക്കം പോകുന്നു. കർഷകർ വലിയ സാമ്പത്തിക പ്രതിസന്ധിയിലുമാണ്. ഇതേക്കുറിച്ച് എന്താണ് പ്രതികരണം?*

കഴിഞ്ഞ കുറേ നാളുകളായി കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്കുള്ള ഒരു പ്രധാന കാരണം, ആഗോളകരാറുകൾ ഒപ്പിടുന്ന കേന്ദ്ര സർക്കാരിൻറെ നയങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. ഉത്പാദന ചെലവിന് അനുസരിച്ച് കാർഷികോത്പന്നങ്ങൾക്ക് ഉയർന്നവില ലഭിക്കുന്നില്ലെന്നതാണ് കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. കൃഷി ലാഭകരമല്ലാത്ത ഒരു മേഖലയായി മാറിക്കഴിഞ്ഞു.

ഇവിടെ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. കർഷകർ കൃഷി ചെയ്തു ഉത്പന്നങ്ങൾ വിളയിക്കുന്നത് അവർക്ക് വേണ്ടി മാത്രമല്ല.രാജ്യത്തെ മുഴുവൻ ജനതക്കും വേണ്ടിയാണ്. അതിനാൽ കൃഷിക്കാരെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ട ഉത്തരവാദിത്വം സമൂഹത്തിനും സർക്കാരിനും ഉണ്ട്. ഇക്കാര്യത്തിൽ നയപരമായ സമീപനം സ്വീകരിക്കാനും നിയമനിർമാണം നടത്താനും സർക്കാർ തയ്യാറാകണമെന്ന അഭിപ്രായമാണ് കേരളാ കോൺഗ്രസ് എമ്മിന് ഉള്ളത്.

ഈ ബോധ്യത്തോടെയാണ് കെ. എം. മാണി സാർ റബ്ബിനു വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തിയത്. ഇതിനോടകം തന്നെ 16 ഇനം പച്ചക്കറികൾക്ക് തറവില ഏർപ്പെടുത്താനും റബ്ബർ കർഷകർക്കായി സിയാൽ മോഡൽ കമ്പനി രൂപീകരിക്കാനുള്ള എൽഡിഎഫ് സർക്കാരിന്റെ തീരുമാനം ഏറെ സ്വാഗതാർഹമായ നടപടിയാണ്. കാർഷിക മേഖലയുടെ വികസനത്തിനു കൂടുതൽ പ്രാധാന്യം കൊടുക്കണം. കാർഷിക ബജറ്റ് അവതരിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

*കേരളാ കോൺഗ്രസ് എം.ചെയർമാൻ എന്ന നിലയിൽ നേരിടുന്ന വെല്ലുവിളികൾ അല്ലെങ്കിൽ നിർ*



*വഹിക്കേണ്ട ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ്?*

വെല്ലുവിളികൾ ഒക്കെ കഴിഞ്ഞില്ലേ? കേരളത്തിൽ തുടർഭരണം സാധ്യമാക്കിയതിൽ ചരിത്രപരമായ പങ്ക് നിർവഹിക്കാൻ കഴിഞ്ഞ ഒരു പാർട്ടിയാണ് കേരളാ കോൺഗ്രസ് എം. തദ്ദേശ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും അതാണല്ലോ തെളിയിച്ചത്. കേരള രാഷ്ട്രീയത്തിൽ ഇതിഹാസമായിരുന്ന കെ.എം. മാണി സാറിന്റെ അഭാവം മുതലെടുത്ത് കേരളാ കോൺഗ്രസ് എം.പാർട്ടിയെ ശഥിലമാക്കാൻ നടത്തിയ ശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കാൻ നമുക്ക് കഴിഞ്ഞു. ഇനി കേരളാ കോൺഗ്രസ് എമ്മിനെ സംഘടനാപരമായി ശക്തിപ്പെടുത്തുന്നതിനും വളർത്തുന്നതിനുമാണ് മുൻഗണന നൽകുന്നത്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ പാർട്ടി ഒരു സെമി കേഡർ സ്വഭാവത്തിലേക്ക് മാറ്റുകയാണ്. പാർട്ടിയുടെ എല്ലാ തലത്തിലുമുള്ള കമ്മിറ്റികളും കൂടുതൽ ചലനാത്മകമാകുവാനും ജനകീയ വിഷയങ്ങളിൽ കൂടുതൽ ഫലപ്രദമായും സജീവമായും ഇടപെടാൻ കഴിയുന്ന തരത്തിൽ പാർട്ടിയുടെ ഘടനയും പ്രവർത്തനശൈലിയും മാറ്റുവാനും ആണ് തീരുമാനിച്ചിരിക്കുന്നത്.

*പാർട്ടിയുടെ ഭാവി, ലക്ഷ്യം എന്താണ് ?*

നമ്മുടെ പാർട്ടിയെ ശിഥിലമാക്കാൻ വിവിധ ശക്തികൾ നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തിക്കൊണ്ട് കേരളാ കോൺഗ്രസ് എം ആണ്, യഥാർത്ഥ കേരളാ കോൺഗ്രസ് എന്ന് തെളിയിക്കാൻ ശക്തിപകർന്നത് കെ.എം. മാണി സാറിനെയും പാർട്ടിയെയും സ്നേഹിക്കുന്ന ആയിരക്കണക്കിന് പ്രവർത്തകരാണ്. പ്രാദേശിക കക്ഷികളിൽ ഡി.എം.കെ. കഴിഞ്ഞാൽ ഇന്ത്യയിൽ തന്നെ ദീർഘകാലത്തെ പ്രവർത്തന ചരിത്രമുള്ള ഈ പാർട്ടിക്ക്, പ്രധാനമായും രണ്ട് തരത്തിലുള്ള ചുമതലകളാണ് നിർവഹിക്കുവാൻ ഉള്ളത്. അധ്വാനവർഗവിരുദ്ധ നടപടികളും നിയമങ്ങളും നിലപാടുകളും ഉണ്ടാകുമ്പോൾ അതിനെതിരെയുള്ള ചെറുത്തുനില്പ് പാർട്ടിയുടെ മുഖ്യ ഉത്തരവാദിത്വമായി കരുതുന്നു. ഇത്തരം വിഷയങ്ങളിൽ കേരളാ കോൺഗ്രസ് എമ്മിന്റെ ശബ്ദവും നിലപാടും പ്രവർത്തനങ്ങളും ഉണ്ടാകും. മറ്റൊന്ന് നാടിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. കേരളത്തിന്റെ വികസനവും ജനക്ഷേമവും ഉറപ്പാക്കുന്ന ശ്രദ്ധേയമായ ഒട്ടുമിക്ക പദ്ധതികളുടെയും പിന്നിൽ കേരളാ കോൺഗ്രസ് എമ്മിന്റെ അല്ലെങ്കിൽ കെ.എം. മാണി സാറിന്റെ കരസ്പർശം ഉണ്ട്. കർഷക തൊഴിലാളി പെൻഷൻ മുതൽ കാരുണ്യാ ലോട്ടറി വരെയുള്ള പദ്ധതികൾ തന്നെ ഉദാഹരണം. കേരളത്തിന്റെ വികസനവും ജനക്ഷേമവും ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന കാര്യത്തിലും കേരളാ കോൺഗ്രസ് എം. സജീവമായിരിക്കും.

കഴിഞ്ഞ 25 വർഷത്തിനിടയിൽ ഇന്ത്യയിൽ പല പ്രാദേശിക പാർട്ടികളും രംഗത്തുവരികയും ഭരണം നേടുകയും വിപ്ലവകരമായ മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ട്. മാണി സാർ ഉണ്ടായിരുന്നപ്പോൾ തന്നെ ' വിഷൻ 2030' പാർട്ടി ചർച്ച ചെയ്തു തീരുമാനിച്ചിട്ടുള്ളതാണ്. 2030 ആകുമ്പോൾ സംസ്ഥാന നിയമസഭയിൽ കേരളാ കോൺഗ്രസ് എമ്മിന് മുപ്പത് ജനപ്രതിനിധികൾ ഉണ്ടാകണമെന്നാണ് നമ്മുടെ ലക്ഷ്യം. ശക്തമായ പ്രാദേശിക പാർട്ടിയായി മാറുക, മലയാളിയുടെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുക എന്നിവയൊക്കെ കേരളാ കോൺഗ്രസ് എമ്മിന്റെ ലക്ഷ്യങ്ങളാണ്....

*ജോസ് കെ. മാണി പറഞ്ഞു നിർത്തി.*

*രാഷ്ട്രീയ വെല്ലുവിളികളെ അതിജീവിച്ച് കേരളാ കോൺഗ്രസ് എമ്മിനെ ഭരണത്തിൽ എത്തിച്ച ചെയർമാൻ ജോസ് കെ.മാണി കൂടുതൽ കരുത്തനായി പാർട്ടിയെ കരുതലോടെ മുന്നോട്ടു നയിക്കുകയാണ്. പാർട്ടി പ്രവർത്തകർക്ക് ആവേശവും ആത്മവിശ്വാസവും പകർന്നു നല്കികൊണ്ടുള്ളതാണ് അദ്ദേഹത്തിന്റെ മുന്നോട്ടുള്ള ഓരോ ചുവടുവെപ്പും.*



കഥ

ജോജി കൂട്ടുമ്മേൽ

# അശ്വാരൂഢം



**കുന്നിൻ** മുകളിൽ മഞ്ഞ് പെയ്ത് തുടങ്ങിയ ഒരു തണുത്ത സായാഹ്നത്തിലാണ് അയാൾ കുതിരയോടിച്ച് വരുന്ന ദൃശ്യം ലില്ലിക്കുട്ടി ടീച്ചർ ആദ്യം കണ്ടത്. ടീച്ചർ വീടിന്റെ മട്ടുപ്പാവിൽ നിൽക്കുകയായിരുന്നു. കുന്നിന്റെ മുകളിൽ നിന്ന് പെരുമ്പറ നാദങ്ങൾ ഒന്നിനു പുറകെ ഒന്നായി താഴ്വരയിലേയ്ക്ക് ഉരുണ്ട് വന്ന് വീഴുന്നത് പോലെയുള്ള കുതിരക്കുളമ്പടി താളം കേട്ടാണ് അവർ ഇടതൂർന്ന മരങ്ങൾ വളർന്ന് നിൽക്കുന്ന കുന്നിൻ നെറുകയിലേയ്ക്ക് എത്തി നോക്കിയത്. വസന്തകാലത്തിന്റെ അവസാനദിനങ്ങളിലൊന്നായിരുന്നു, അത്. ടീച്ചർ തന്റെ അതിപുരാതനമായ തറവാട്ടിൽ, ഏകയായി താമസിച്ച് പോരുന്ന കാലവും. അത്രയും പഴക്കം ചെന്ന ഒരു ഭവനം ആ ഗ്രാമത്തിലോ അടുത്ത പ്രദേശങ്ങളിലോ ഉണ്ടായിരുന്നില്ല. ലില്ലിക്കുട്ടി ടീച്ചർക്ക് ആ ഭവനത്തോട് വല്ലാത്ത ഒരിഷ്ടമുണ്ടായിരുന്നു. പിറന്ന് വീണതും പിച്ച നടന്നതും കളിച്ച് വളർന്നതും ചിരിച്ച് മദിച്ചതും കരഞ്ഞു തളർന്നതും കൂട്ട് കൂടിയതും പാട്ടുപാടിയതും കൊന്ത ചൊല്ലിയതും സ്വസ്തി പറഞ്ഞതും ആദ്യകുർബാനയുടെ പടം ചില്ലിട്ട് വച്ചതും മന്ത്രകോടിയുടുത്ത് മണവാട്ടിയായി ഒരുങ്ങി നിന്നതും ഈ ഭവനത്തിലായിരുന്നു. അടിയേറ്റ് തിണർത്ത കവിളും മുറിഞ്ഞ് ചോര കിനിഞ്ഞ ചുണ്ടുകളും നിദ്രാരഹിതമായ രാത്രിയുടെ ബാക്കിപത്രമായി വരണ്ടുണങ്ങിയ കണ്ണുകളുമായി മന്ത്രകോടി അഴിച്ചുവച്ച് തിരിച്ച് വന്നതും ഈ ഭവനത്തിലേയ്ക്കായിരുന്നു. ആ പുലർച്ചയിൽ അപ്രതീക്ഷിതമായി അവൾ കയറിവന്നപ്പോൾ തകർന്ന് പോയ അപ്പന്റെ മുഖം അവളുടെ ഓർമ്മയിലുണ്ട്. എന്നിട്ടും പക്ഷേ അയാൾ പറഞ്ഞത്, ഈ വീട് എന്നും നിനക്ക് വേണ്ടി ഇവിടെയുണ്ടാകും. നീ അനാഥയല്ല, അധിപയാണ് എന്നായിരുന്നു. പിന്നീട് ഉദ്യോഗത്തിൽ നിന്ന് വിരമിച്ച നേരം സഹപ്രവർത്തകർ അനുയാത്രചെയ്തതും ഈ ഭവനം വരെയായിരുന്നു.

ആ വീട് നിറയെ ടീച്ചറുടെ ഓർമ്മകളും അനുഭവങ്ങളുമായിരുന്നു എന്ന് പറഞ്ഞാൽ അത് ശരിയായിരിക്കില്ല. ആ വീട് നിർമ്മിച്ചിരുന്നത് തന്നെ ടീച്ചറുടെ ഓർമ്മകളും അനുഭവങ്ങളും കൊണ്ടാണ്.

പഴകി നിറം മങ്ങിയിരുന്നെങ്കിലും ചുമരുകളൊക്കെ തുടച്ച് വൃത്തിയാക്കിയിരുന്നു. ഓർമ്മകളുടെ നിഴൽ വീണ് ഇരുണ്ട് പോയ തറയോടുകളിൽ അഴുക്ക് പുരണ്ടിരുന്നേയില്ല. പ്രധാനമുറിയിൽ നിന്ന് മട്ടുപ്പാവിലേയ്ക്കുള്ള മരം കൊണ്ടുള്ള കോണി കരുത്തുറ്റ വാർദ്ധക്യത്തിന്റെ ഗൂഢസ്മിതം പോലെ ഉയർന്ന് നിന്നു.

അപ്പൻ ജീവിച്ചിരുന്ന കാലത്ത് ടീച്ചർ ഒരു രാജകുമാരിയായിരുന്നു. എന്നിട്ടും പക്ഷേ ലില്ലിക്കുട്ടി ആഗ്രഹിച്ചത് ചെറിയ കുട്ടികളെ പഠിപ്പിക്കുന്ന ഒരു ടീച്ചറാവാനായിരുന്നു. അങ്ങനെയാണ് കൗമാരം പിന്നിട്ട് യുവത്വത്തിലേയ്ക്ക് കാലൂന്നിയ ആദ്യവസരത്തിൽ തന്നെ ലില്ലിക്കുട്ടി ഗ്രാമത്തിലെ വിദ്യാലയത്തിൽ അദ്ധ്യാപികയായി ചേർന്നത്.വർണ്ണബലൂണുകൾ പാറിക്കളിക്കുന്ന ഒരു മിഥുനമദ്ധ്യത്തിലെ തുള്ളിക്കൊരുകുടം പെയ്യുന്ന മഴനൂലുകൾക്കിടയിലൂടെയാണ് അന്ന് ടീച്ചർ സ്കൂൾ വരാന്തയിലേയ്ക്ക് കയറിയത്. കയ്യിലുണ്ടായിരുന്ന ഇളം റോസ് നിറത്തിലുള്ള ചെറിയ കുട അവളെ അൽപ്പവും സംരക്ഷിച്ചില്ല. ആകാശനീലിമയിൽ വെള്ളനക്ഷത്രപ്പൂക്കൾ തുന്നിച്ചേർത്തതും മടക്കുകളിൽ പാൽനുര പോലെ വെള്ളനൂലുകൾ ഒളിച്ചു കളിക്കുന്ന നീണ്ട മുന്താണിയോടു കൂടിയതുമായ മനോഹരമായ കോട്ടൺ സാരി ആകെ നനഞ്ഞിരുന്നു. എങ്കിലും ഒട്ടും ആത്മവിശ്വാസം ചോരതെ തന്നെയാണ് അവൾ ഹെഡ് മിസ്സിന്റെ മുറിയിൽ ഹാജർ പുസ്തകത്തിൽ ഒപ്പുവച്ചതും പാഠപുസ്തകവും ബലൂണുകളും ചിത്രം വരയ്ക്കാനുള്ള പലനിറത്തിലുള്ള മെഴുക് പെൻസിലുകളും വലിയ കടലാസും മിഠായിപ്പൊതിയും വർണ്ണച്ചോക്കുകളുമായി ഒന്നാം ക്ലാസ്സിലേയ്ക്ക് കയറിയതും. ആനന്ദകരമായ ചെറുസംഭാഷണത്തിന് ശേഷം ടീച്ചർ കുട്ടികളെ പരിചയപ്പെടാൻ തുടങ്ങി. ഇടയ്ക്ക് വെറുതേ ഒരു ചോദ്യം, വളർന്ന് വലുതാകുമ്പോൾ ആരാകാനാണ് നിങ്ങൾക്കാഗ്രഹം?

എനിക്കൊരു കാറ് മേടിക്കണം, ഒന്നാം ബെഞ്ചിലിരുന്ന, ചെറിയ കണ്ണുകളും തുടുത്ത കവിളുകളുമുള്ള വെളുത്ത ആൺകുട്ടി പറഞ്ഞു. ഒരു കോടി രൂപ വിലയുള്ള കാറ്! എന്നിട്ട് അത് വെറുതേ ഓടിച്ചോടിച്ച് നടക്കണം!

ആ ആഗ്രഹം ടീച്ചർക്കിഷ്ടമായി. അത്രയും കാൽപ്പനികമായ ഒരു സ്വപ്നം തനിക്കിതുവരെ ഉണ്ടായിട്ടില്ലല്ലോ എന്നവൾ ഖേദിച്ചു. എന്ത് രസമായിരിക്കും അത്. ഉദയസൂര്യന് അഭിമുഖമായി കുന്നിൻ മുകളിലേയ്ക്ക്, അസ്തമയനേരത്ത് കടൽ തീരത്ത് കൂടി, മദ്ധ്യാഹ്നത്തിൽ സ്വസ്ഥതയില്ലാതെ എരിപൊരികൊള്ളുന്ന നഗരവീഥികളിലൂടെ, സായന്തനങ്ങളിൽ വിളഞ്ഞ് കിടക്കുന്ന ഗോതമ്പ് പാടങ്ങൾക്ക് നടുവിലുള്ള ഗ്രാമപാതയിലൂടെ, കുഞ്ഞോളങ്ങൾ തുള്ളിത്തുളുമ്പുന്ന തടാകത്തിന്റെ കരയിലൂടെ, അങ്ങനെ വെറുതേ കാറോടിച്ച് പോകുക. അത്യന്തം കൊതിയോടെ ടീച്ചർ ആ മായികാനുഭവത്തിലൂടെ ഒരു നിമിഷം കടന്നുപോയി.

പക്ഷേ ഒരു കുഴപ്പമുണ്ടല്ലോ, മോനെവിടുന്നാ ഒരു കോടി രൂപ? മോൻ എന്ത് ജോലിക്കാ പോവുക?


ജോലിക്കൊന്നും പോവില്ലാ ടീച്ചർ, അവൻ ഉത്സാഹത്തോടെ പറഞ്ഞു. വലുതാവുമ്പോ ഞാൻ കല്യാണം കഴിക്കുമല്ലോ? അപ്പോൾ ഒരു കോടി രൂപ സ്ത്രീധനം കിട്ടും. അതുകൊണ്ട് ഞാൻ....

ടീച്ചർ നടുങ്ങി. അവൾ പൊടുന്നനെ തടാകക്കരയിലെ ഇളംകാറ്റിൽ നിന്ന് മിഥുനമഴയിലേയ്ക്ക് വലിച്ചെറിയപ്പെട്ടു. മലമുകളിലെ മഹാവൃക്ഷങ്ങളുടെ ചില്ലകളിൽ ഹൂങ്കാരവമുയർത്തിയ മിഥുനക്കാറ്റിലും അവൾ നിന്ന് വിയർത്തു. വൃത്തികെട്ട ആൺകോയ്മാബോധത്തിന്റെ കുന്തമുന കൊണ്ട് തന്റെ സ്ത്രീത്വം കുത്തിപ്പിളർക്കപ്പെടുന്നതായി അവൾക്ക് തോന്നി. ഇതാദ്യമായി ഹൃദയത്തിൽ മുറിവേറ്റിരിക്കുന്നതായി അവൾ വേദനിച്ചു. ആ നിമിഷത്തിൽ അന്തരീക്ഷത്തിൽ  ഒരിടിമുഴക്കമുണ്ടായി.

ലില്ലിക്കുട്ടി ടീച്ചറുടെ ഓർമ്മകൾ അവിടെവരെയെത്തിയ കൃത്യം ആ നിമിഷത്തിലാണ് കുന്നിൻ മുകളി ൽ നിന്ന് കുതിരക്കുളമ്പടിനാദമുയർന്നത്. ഓർമ്മകളിൽ നിന്ന് നടുങ്ങിയുണർന്ന ടീച്ചർ പരിഭ്രമത്തോടെ ചെവിയോർത്തു. ഓർമ്മകളിൽ മുഴങ്ങുന്ന ആ പഴയ ഇടിമുഴക്കത്തിന്റെ പ്രതിദ്ധ്വനികൾ ഇപ്പോഴും തന്നെ വേട്ടയാടുകയാണ് എന്നാണാദ്യം വിചാരിച്ചത്. അല്ല, അത് കുതിരക്കുളമ്പടിയൊച്ചകളാണ് എന്ന് തിരിച്ചറിഞ്ഞപ്പോൾ അവരുടെയുള്ളിൽ ആദ്യം ഒരു വിസ്മയവും പിന്നാലെ അകാരണമായ ഒരുത്ക്കണ്ഠയും വിടർന്നു. ഇക്കാലത്ത് ആരാണ് ഇവിടെ കുതിരയോടിച്ച് വരാൻ?

അപ്പോഴാണ് മട്ടുപ്പാവിലേയ്ക്ക് ഒഴുകിയെത്തുന്ന നേർത്ത മഞ്ഞിന്റെ നിചോളം തുളച്ച് അവർ പുറത്തേയ്ക്ക് നോക്കിയത്. തലയെടുപ്പുള്ള ഒരു ചെമ്പൻ കുതിരയായിരുന്നു അത്. മദ്ധ്യവയസ്സ് പിന്നിട്ട, അരോഗദൃഢഗാത്രനായ ഒരാളാണതിൽ സവാരി ചെയ്യുന്നത്. അവൾ നോക്കി നിൽക്കേ ആ കുതിര കുന്നിന്റെ മറുവശത്തുള്ള പാതയിലേയ്ക്ക് തിരിഞ്ഞു പോയി.

ആരാവും അയാൾ എന്ന വിസ്മയം അവളിൽ കൗതുകം കലർന്ന പേടി സൃഷ്ടിച്ചു. പിന്നെയും ഇടയ്ക്കിടെ ആ കാഴ്ച അവർ കണ്ടു. ചിലപ്പോൾ



കുന്നിൻ മുകളിൽ, ചിലപ്പോൾ താഴ്വരയിലേയ്ക്കുള്ള പാതയിൽ, ചിലപ്പോൾ മരക്കൂട്ടത്തിനിടയിൽ. ചിലപ്പോൾ ഊർജ്ജസ്വലനായി, ചിലപ്പോൾ ചെറിയൊരലസഭാവത്തോടെ ആ കുതിര അങ്ങനെ വരുന്നുണ്ടാവും. ആരാണയാൾ എന്നറിയാൻ ടീച്ചർ വെറുതേ വെമ്പൽ കൊണ്ടു. ആരോടെങ്കിലും അതേക്കുറിച്ച് ചോദിക്കാമെന്ന് ആദ്യം കരുതി. പിന്നീട് അത് വേണ്ടെന്ന് വച്ചു. ഉള്ളിലെവിടെയോ മുളയ്ക്കുന്ന ഒരു സ്വകാര്യലജ്ജയ്ക്ക് തിടം വയ്ക്കുന്നത് പോലെ.ടീച്ചറെ ഏറ്റവും അത്ഭുതപ്പെടുത്തിയത് ഇതേക്കുറിച്ച് മറ്റാരും അവരോടും ഒന്നും പറഞ്ഞില്ല എന്നതായിരുന്നു. എന്താണാരും അതേക്കുറിച്ചൊന്നും പറയാത്തത്? അതോ ഇത് തന്റെ മാത്രം അനുഭവമാണോ?

ടീച്ചർ ഒന്നു ഭയന്നു. ആകെയൊരസ്വസ്ഥത. ഭൂതകാലത്ത് നിന്ന് അജ്ഞാതനായ ഒരാത്മാവ് തിരികെ വന്നത് പോലെ.ടീച്ചർ തനിച്ചിരുന്ന് അസ്വസ്ഥയായി.രാത്രി മട്ടുപ്പാവിലെ അരണ്ട വെളിച്ചത്തിൽ ചാരുകസേരയിൽ വെറുതെ മലർന്നുകിടന്ന് കാതോർത്തു. കുന്നിൻ മുകളിലെ ഇടതൂർന്ന മരങ്ങൾക്കിടയിൽ കുളമ്പടിനാദം കേൾക്കുന്നുണ്ടോ? അയാളിന്നും വന്നിട്ടുണ്ടാവുമോ? അങ്ങേച്ചെരുവിൽ കുന്നിന് വെള്ളിയരഞ്ഞാണം തീർക്കുന്ന പുഴക്കരയിലൂടെ കുതിരയോടിച്ച് പോകുന്നുണ്ടാവുമോ? വെള്ളിയരഞ്ഞാണം തീർക്കുന്ന പുഴ എന്നോർത്തപ്പോൾ അവർക്കൊരു ചിരി വന്നു. അത് പലവട്ടം ആവർത്തിച്ചുപയോഗിച്ച് തിളക്കം നഷ്ടപ്പെട്ട ഒരുപമയാണല്ലോ എന്നും അവർ ഓർത്തു. അടുത്തനിമിഷം, പൊന്നരഞ്ഞാണം ഭൂമിക്ക് ചാർത്തിയ പുഴയുടെയേകാന്ത പുളിനത്തിൽ ....എന്ന സിനിമാപ്പാട്ട് അവർ വെറുതേ മൂളി. പൊന്നരഞ്ഞാണം എന്ന് ഒന്നു കൂടി പറഞ്ഞിട്ട് അവർ പെട്ടെന്ന് നിശബ്ദയായി. പെട്ടെന്ന് ഒരു അനൈച്ഛികപ്രതികരണം പോലെ അവർ ഇട്ടിരിക്കുന്ന വീട്ടുകുപ്പായത്തിന് മുകളിലൂടെ സ്വന്തം അരക്കെട്ടിൽ സ്പർശിച്ചു. അവിടെയുണ്ട് പത്ത് മുപ്പത് കൊല്ലം മുമ്പ് ഒരു കൊതി തോന്നി വാങ്ങിയ സ്വർണ്ണ അരഞ്ഞാണം. അലക്സുമായി പിരിഞ്ഞതിന് ശേഷമാണത് വാങ്ങിയത്. വാങ്ങുമ്പോൾ അലക്സിനോടുള്ള തന്റെ പ്രതികാരം നിർവ്വഹിക്കുന്നതായി അവൾ വെറുതേ വിചാരിച്ചിരുന്നു. അപ്പോൾ തന്നെ ഇനിയിതാരു കാണാൻ എന്ന് വെറുതേ മനസ്സിലോർക്കുകയും ചെയ്തിരുന്നു. ഇതുവരെയും മറ്റൊരാൾ അത് കണ്ടിട്ടില്ലല്ലോ എന്നോർത്തപ്പോൾ അവർക്ക് തെല്ല് നഷ്ടബോധം തോന്നാതിരുന്നില്ല.

പിന്നെ കുറച്ച് ദിവസത്തേയ്ക്ക് അയാളെ കണ്ടില്ല. എന്നാൽ അപ്രതീക്ഷിതമായി ഒരു നട്ടുച്ചയ്ക്ക് ടീച്ചർ ആ കുളമ്പടിയൊച്ചകൾ കേട്ടു. ഓടിച്ചെന്ന് നോക്കുമ്പോഴുണ്ട്, അയാൾ അവരുടെ ആ പഴയ ഭവനത്തിന്റെ കവാടത്തിൽ കുതിരയെ നിർത്തി ചിരിച്ചുകൊണ്ട് താഴെയിറങ്ങുന്നു. അതുവരെ മുഖം പാതി മറച്ചിരുന്ന തൊപ്പിയുരി. അയാൾക്ക് ലേശം ഇരുണ്ട നിറമാണ്. അല്ല, തനിക്കറുപ്പോ? ചെറുപ്പക്കാരനോ മധ്യവയസ്കനോ എന്ന് തിരിച്ചറിയാൻ പറ്റാത്ത ഒരു രൂപം.അയാൾ മുന്തിരിവള്ളികൾ പടർന്ന് കിടക്കുന്ന വലിയ കവാടത്തിലെ ഇരുമ്പ് വാതിലുകൾ തള്ളിത്തുറന്ന് അകത്ത് കയറി.

ആരാണ്? ടീച്ചർ ചോദിച്ചു.

അയാളൊന്ന് ചിരിച്ചു. പൂന്തോട്ടം വാങ്ങാൻ വന്നതാണ്.

ടീച്ചറൊന്ന് ഞെട്ടി. പൂക്കളും ചെടികളും വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവരെ കണ്ടിട്ടുണ്ട്. പക്ഷേ ഒരു പൂന്തോട്ടം മുഴുവനായി വാങ്ങാൻ വന്ന ഇയാളാരാണ്? ടീച്ചറാണെങ്കിൽ മനോഹരമായ ഒരു പൂന്തോട്ടം മുറ്റത്ത് ഒരുക്കിയിട്ടുമുണ്ട്. വളച്ചുവാതിലുള്ള വലിയ കവാടം കടന്ന് അകത്തേയ്ക്ക് കയറുന്നത് തന്നെ ഒരു മുന്തിരിപ്പന്തലിലേയ്ക്കാണ്. സാധാരണയായി മുന്തിരി വിളയുന്ന പ്രദേശമല്ല അവിടം. പക്ഷേ ടീച്ചറുടെ മുന്തിരിവള്ളികൾ യഥാസമയം തളിർക്കുകയും കായ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. വല്ലപ്പോഴും വരുന്ന സന്ദർശകർക്ക് ടീച്ചർ മുന്തിരിപ്പഴങ്ങളാണ് സമ്മാനിക്കാറുണ്ടായിരുന്നത്. ഇളം പച്ചനിറമുള്ള, സുതാര്യമെന്ന് തോന്നിപ്പിക്കുന്ന, എന്നാൽ അകത്തുള്ളത് പൂർണ്ണമായി പുറത്ത് കാണിക്കാൻ മടിക്കുന്ന, പ്രലോഭനത്തിന്റെ മുന്തിരിമുത്തുകൾ ചെറിയ കുലകളായിക്കിടക്കുന്ന കാഴ്ച തന്നെ നല്ലൊരു ദൃശ്യമാണ്. മുന്തിരി മാത്രമല്ല നാട്ടുചെടികളായ ചെത്തിയും ചെമ്പരത്തിയും നന്ത്യാർവട്ടവും ചേമന്തിയും കുടമുല്ലയും വാടാമല്ലിയും കാശിത്തുമ്പയും വാഴപ്പടത്തിയും വെള്ളിലയും അവിടെ ഭംഗിയിൽ പൂത്തുവിലസുന്നുണ്ട്. വിദേശ ചെടികളും ധാരാളമുണ്ട്. പിങ്ക് വർണ്ണപ്പൂങ്കുലകൾ തൂങ്ങിക്കിടക്കുന്ന മെഡിനെല്ല. അതിന്റെ ഇരുണ്ട പച്ചനിറമുള്ള വലിയ ഇലകൾ അതിസുന്ദരമാണ്. ഡീപ് പർപ്പിൾ ഇലകളും പിങ്ക് പൂക്കളുമുള്ള ലാറോപെറ്റാലം, ചെമ്പരത്തിയുടെ അകന്ന ചാർച്ചക്കാരിയായ, കടും ചെമപ്പ് പൂക്കളുണ്ടാകുന്ന അബൂട്ടിലോൺ, പിന്നെ ഏത് പഴയ കൃസ്ത്യീയ വീടുകളിലും കാണുന്ന ബൊഗെയ്ൻ വില്ല. അങ്ങനെയങ്ങനെ... .

ഞാനിത് വിൽക്കാനുദ്ദേശിക്കുന്നില്ലല്ലോ, എന്ന് ടീച്ചർ പറഞ്ഞു.നിങ്ങളാരാണ്, എന്താണ് കുതിരപ്പുറത്ത്? ഒരുപാട് ചോദ്യങ്ങൾ ടീച്ചർ ഒന്നിച്ച് ചോദിച്ചു.


ആശംസകൾ....

An ISO 9001 : 2015 COMPANY

**J.S.TYRES & ALLIED SERVICE**

Anchal Road, Ayoor-691533, Kerala
Ph:0475 2294033
e-mail : j.s.tyres123@gmail.com

**Mob: 9656 886 123**
**8078 806 123**
**9188 244 043**
**9188 254 043**

❖ AUTOMATIC CAR WASHING ❖ 3D WHEEL ALIGNMENT ❖ TRUCK & BUS WHEEL ALIGNMENT ❖ AUTOMATIC TYRE CHANGING & NITROGEN FILLING ❖ SALES & SERVICE ❖ ENTIRE RANGE OF MULTI BRAND TYRES

വിൽക്കാതെ നിങ്ങൾ എത്രകാലം ഇത് സൂക്ഷിച്ച് വയ്ക്കും? അയാൾപൂന്തോട്ടത്തിന്റെ ഭംഗി മുഴുവൻ ആസ്വദിച്ചുകൊണ്ട് ചോദിച്ചു. പിന്നെ, ഞാൻ കുറച്ച് പഴയകാലത്ത് നിന്നാണ് വരുന്നത്. അയാളൊന്നു ചിരിച്ചു. ആ ചിരിക്ക് നല്ല ഭംഗിയുണ്ടെന്ന് അവർക്ക് തോന്നി.

വിൽക്കാനല്ല ഞാനിത് നിർമ്മിച്ചത്. ടീച്ചർ തന്നോട് തന്നെയെന്നോണം പറഞ്ഞു. ബാല്യം മുതലേ ഉള്ള ഒരു വിനോദമാണിത്. എല്ലാവർക്കും ഇതിഷ്ടമായിരുന്നു.

അലക്സിനൊഴികെ... അയാൾ മന്ത്രിച്ചു.

ടീച്ചർ നടുങ്ങി. കനൽ വിഴുങ്ങിയിട്ടെന്നോണം അവർ തലകുടഞ്ഞു. കണ്ണുകളിൽ ക്രോധവും അപമാനവും ചേർന്ന വല്ലാത്ത ഒരു ഭാവം തെളിഞ്ഞു.

എങ്ങനറിഞ്ഞു? ടീച്ചർ വെറുപ്പോടെ ചോദിച്ചു.

എനിക്കറിയാം. അയാൾ പറഞ്ഞു. അയാളപ്പോൾ പൂന്തോട്ടത്തിലെ ഹോട്ട് ലിപ്സ് എന്ന ഓമനപ്പേരുള്ള സൈക്കോട്രിയ എലേറ്റ ചെടിയുടെ സമീപത്ത് എത്തിയിരുന്നു. ചുവന്ന് തുടുത്ത പെണ്ണധരം പോലെയായിരുന്നു അതിന്റെ പൂവ്. അതിനപ്പുറത്ത് കടും പച്ചനിറത്തിൽ വിരൽ ചുറ്റിപ്പിടിച്ചാൽ എത്താത്തതരത്തിൽ വണ്ണമുള്ള ഉരുണ്ട തണ്ടും തടിച്ച് നീണ്ട് വീതികുറഞ്ഞ പച്ചയിലകളുമുള്ള, പൂക്കളുണ്ടാകാത്ത, പേരറിയാത്ത ഒരുചെടി. കോഴിമുട്ടയുടെ ആകൃതിയുള്ള വിസ്താരമേറിയ മൺപാത്രത്തിലാണത് നട്ടിരിക്കുന്നത്. ചട്ടിയുടെ മദ്ധ്യത്തിൽ കുത്തനെ ഉയർന്ന് നിൽക്കുന്ന ചെടി. ചട്ടിയിൽ ചെടിക്ക് ചുറ്റും പലനിറത്തിലുള്ള ടേബിൾ റോസ് ചെടികൾ പൂത്തുനിൽക്കുന്നു. അവ ഒരേ പൊക്കത്തിൽ വെട്ടിയൊതുക്കിയിട്ടുണ്ട്.

എന്തായാലും കച്ചവടമില്ല. പൊയ്ക്കോളൂ. ടീച്ചർ പറഞ്ഞു.

അയാൾ തൊപ്പി തലയിൽ വച്ചു. കൈ ഉയർത്തി അവരെ അഭിവാദ്യം ചെയ്തു. എന്നിട്ട് പതിയെ അവളോട് പറഞ്ഞു, 'നിനക്കിത് വിൽക്കാതിരിക്കാനാവില്ല. കാരണം ഇപ്പോഴും മഴവില്ലു തെളിയുന്ന ഒരാകാശവും ചിപ്പികൾ വിളയുന്ന ഒരാഗാധതയും നിന്നിൽ ബാക്കിയുണ്ട്. അതുകൊണ്ട് ഞാൻ വീണ്ടും വരും." പിന്നെ അയാൾ തിരിഞ്ഞ് കുതിരപ്പുറത്ത് ചാടിക്കയറി. തെരുവിൽ കുളമ്പടിയൊച്ചകൾ മുഴക്കി ആ കുതിര പാഞ്ഞ് പോയി. മുറിവുകളാൽ അലങ്കരിക്കപ്പെട്ട ഒരു ഹൃദയമാണ് തനിക്കുള്ളതെന്ന് അയാളോട് പറയണമായിരുന്നു എന്ന് ടീച്ചർ ഓർമ്മിച്ചത് പിന്നെയും കുറെ കഴിഞ്ഞിട്ടാണ്. വേദനയാൽ വാഴ്ത്തപ്പെട്ട ഒരു ബലിയും പരിത്യക്തയുടെ വിലാപഗാഥയും പോലെ ഒന്ന്. ഉച്ചകൾ കത്തുന്ന ആകാശങ്ങളിലും മുൾക്കാട് പൂക്കുന്ന മരുഭൂമിയിലും ഇടയൻ ഉപേക്ഷിച്ച് പോയ കുഞ്ഞാടിനെപ്പോലെ ആ നിമിഷം എന്തിനെന്നറിയാതെ അവൾ തേങ്ങിപ്പോയി. പടയാളികൾ കുതിരയോടിച്ച് തകർന്നുടഞ്ഞ ഗ്രാമപാത പോലെ താനാകെ കീറിപ്പറിഞ്ഞിരിക്കുന്നു എന്നവൾക്ക് തോന്നി.

അവളുടെ മനസ്സിലേയ്ക്ക് അലക്സിന്റെ രൂപം കടന്നുവന്നു. വല്ലാത്തൊരു ദുസ്വപ്നം കണ്ടിട്ടന്ന വണ്ണം ലില്ലിക്കുട്ടിയുടെ മുഖം ഭയചകിതമായി. അറപ്പും വെറുപ്പും കോപവും എല്ലാം കൂടിച്ചേർന്ന വിചിത്രവും ഭയാനകവുമായ ഒരു ഭാവം അവളിൽ തെളിഞ്ഞു വന്നു. ആ നിമിഷം സ്വന്തം ശരീരം അഴുകിജീർണ്ണിച്ച് ദുർഗന്ധം വമിക്കുന്നതായി അവൾക്ക് തോന്നി. നഗ്നതയാൽ പുതയ്ക്കപ്പെട്ട ഒരു ശരീരം പ്രദർശനശാലയിൽ വച്ചിരിക്കുന്നത് പോലെയായിരുന്നു ആ ദാമ്പത്യം. കയ്യേറ്റം ചെയ്യപ്പെട്ട ഉപ്പളങ്ങളുടെ ഭൂപടം പോലെ വിണ്ടുകീറിയ ഒരു ജീവിതം.

അലക്സ് സുന്ദരനായിരുന്നു. സമ്പന്നനും. പക്ഷേ ആദ്യകാഴ്ചയിൽതന്നെ ലില്ലിക്കുട്ടിക്ക് ഇഷ്ടമായില്ല. ആളിന് ഒരു കുട്ടിത്തമാണ്. ഒരു ഇളയ അനുജനോട് തോന്നുന്ന വാത്സല്യമാണ് അലക്സിനെ കണ്ടപ്പോൾ അവൾക്കാദ്യം തോന്നിയത്. പക്ഷേ അപ്പന് അലക്സിനെ വല്ലാതങ്ങ് ഇഷ്ടപ്പെട്ടുപോയി. അങ്ങനാണ് ആ കല്യാണം നടന്നത്. കല്യാണത്തിന്റെ ആദ്യനാളുകൾ പിന്നിട്ട ഒരു ദിവസമാണ് അലക്സത് പറഞ്ഞത്.

ഒരു കാറ് വാങ്ങണം. അയാളൊരു കമ്പനിയുടെ പേരു പറഞ്ഞു. ഒരൊന്നേകാൽ കോടി രൂപയാകും. നീ അപ്പനോട് പറയണം.

ലില്ലിക്കുട്ടി അയാളെ തുറിച്ച് നോക്കി. അവളുടെ മുന്നിൽ ഒന്നാം ക്ലാസ്സിലെ ബാബുമോൻ നിന്ന് ചിരിച്ചു. അവനിൽ നിന്ന് ഒരു വ്യത്യാസവുമില്ല ഇയാൾക്കും. അവൾക്കയാളോട് ഒരറപ്പ് തോന്നി.

ഞാനപ്പനോട് പറയില്ല. അവൾ പറഞ്ഞു.

നീ പറയില്ലേ, അയാളുടെ മുഖം ക്രുദ്ധമായി.

ഇല്ല.

മുഖമടച്ച് ഒരടിയായിരുന്നു ആദ്യം. അവൾ വീണുപോയി. മറ്റൊരിക്കൽ ഇതേ കാര്യത്തിന് വലത് കയ്യുടെ തള്ളവിരലും ചൂണ്ടുവിരലും ചേർത്ത് അയാളവളുടെ ഇരു കവിളുകളിലും കുത്തിപ്പിടിച്ചു.അവൾ പുളഞ്ഞു. വല്ലാതെ ദാഹം തോന്നി. ചുണ്ടും തൊണ്ടയും വരണ്ടു. കൃഷ്ണമണികൾ പുറകോട്ട് മറിഞ്ഞു. ജുഗപ്സാവഹമായ പുച്ഛത്തോടെ അയാളവളെ കട്ടിലിലേയ്ക്ക് തള്ളിയിട്ടു.

പിന്നീട് പലപ്പോഴും അതാവർത്തിച്ചു, അപ്പനോട് പറഞ്ഞാൽ ആ കാറ് വാങ്ങിക്കൊടുത്തേക്കും. എന്തുവന്നാലും അത് ചെയ്യില്ല എന്നവൾ തീരുമാനിച്ചു. അലക്സിന്റെ വൃത്തികെട്ട ഈഗോയ്ക്ക് മുറിവേറ്റ് കഴിഞ്ഞിരുന്നു. ക്രൂരത അതിന്റെ പാരമ്യത്തിലെത്തിയ ദിവസം ഒരു രാത്രി മുഴുവൻ അയാളവ

ളെ ഉറങ്ങാനനുവദിച്ചില്ല. ഉറക്കം കൺപോളകളെ തഴുകി വരുമ്പോഴൊക്കെ അയാളവളുടെ മുഖത്ത് വെള്ളം കുടഞ്ഞ് ഉണർത്തിക്കൊണ്ടിരുന്നു.

അയാൾക്കാണെങ്കിൽ പലരാത്രികളിലും ഉറക്കമില്ല. അടുത്ത പുലർച്ചയിൽ അവൾ മടങ്ങി. അവളുടെ വീട് അവിടെയുണ്ട്. ഒരു പോറൽ പോലുമില്ലാതെ ആ പുരാതനഭവനം അവൾക്ക് വേണ്ടി കാത്തിരിക്കയായിരുന്നു. പിന്നെ പൂന്തോട്ടനിർമ്മാണത്തിന്റെ പകലുകളും കണ്ണുനീർ വാർക്കലിന്റെ രാത്രികളുമായി കുറേക്കാലം.

ഇടയ്ക്ക് അപ്പൻ ചോദിക്കും, എന്താ നിന്റെ പരിപാടി?

അവൾ പറയും, അപ്പാ എനിക്ക് രണ്ട് പൂന്തോട്ടം നിർമ്മിക്കാനുണ്ട്. ഒന്ന്, ഈ അതിപുരാതന വീടിന്റെ അങ്കണത്തിൽ. മറ്റൊന്ന് സ്കൂളിൽ. വേറൊന്നും ഇനി വേണ്ട.

അപ്പനൊന്നും മിണ്ടിയില്ല. എന്നാലും ഇടയ്ക്കിടെ അയാൾ പറയും. ലില്ലീ, ഞാൻ പോയിക്കഴിഞ്ഞാൽ നീ..

അപ്പനിപ്പഴൊന്നും പോവണ്ട. ചിരിച്ചുകൊണ്ട് അവൾ പറയും. പക്ഷേ ഒരുദിവസം അപ്പൻ പോയി. അവളോടൊന്നും പറയാതെ. അന്നാദ്യമായി ലില്ലിക്കുട്ടി പൊട്ടിക്കരഞ്ഞു.

അങ്ങനെയെത്രവർഷങ്ങൾ!

ജോലിയിൽ നിന്ന് വിരമിച്ചതിൽ പിന്നീടാണ് മൗനം ജീവിതത്തെ പൊതിഞ്ഞു നിൽക്കുന്നതിന്റെ ഭയാനകത അവൾക്ക് അനുഭവപ്പെട്ടുതുടങ്ങിയത്.ആ വീട് കൂടുതൽ കൂടുതൽ പഴയതായിക്കൊണ്ടിരുന്നു ചുമരുകളിൽ സ്മരണകളുടെ പായൽ പിടിക്കുന്നത് പോലെ. അവൾക്ക് ആത്മാവിൽ തറഞ്ഞ് പോയ ഒരു മുള്ള് ബാക്കിനിൽക്കുന്നത് പോലെയും. ഹൃദയം കൊണ്ട് മുദ്രവയ്ക്കപ്പെട്ടതും സ്വപ്നം കൊണ്ട് സ്നാനം ചെയ്യപ്പെട്ടതുമായ ഒരു മുറിവിൽ അതങ്ങനെ തറഞ്ഞിരിക്കുന്നു. വേരുകൾ ആഴങ്ങളിലേയ്ക്കും ചില്ലകൾ ഉയരങ്ങളിലേയ്ക്കും വളർന്ന് അത വളെ വേദനിപ്പിച്ച് കൊണ്ടേയിരിന്നു.

പിറ്റേന്ന് പുലർച്ചെ വീണ്ടും മലമുകളിൽ നിന്ന് കുതിരക്കുളമ്പടി നാദമുയർന്നു. അത് ലില്ലിക്കുട്ടി മാത്രമല്ല, ഗ്രാമത്തിലെല്ലാവരും കേട്ടു. ആരാണീ അശ്വാരൂഢൻ? അന്നത്തെ പ്രഭാതത്തിന് പതിവിൽ കൂടുതൽ തിളക്ക മുണ്ടെന്ന് ആ പാവം ഗ്രാമീണർക്ക് തോന്നി. ലില്ലിക്കുട്ടി ടീച്ചറുടെ വീടിന് മുന്നിൽ എല്ലാച്ചെടികളും കൂടുതൽ കരുത്തോടെ പൂത്തുനിന്നു. ഇളംകാറ്റിൽ അവ തലയാട്ടിക്കൊണ്ടിരുന്നു. പക്ഷേ അന്ന് നേരം ഏറെ പുലർന്നിട്ടും ലില്ലിക്കുട്ടി ടീച്ചർ കതക് തുറന്ന് പുറത്ത് വന്നില്ല. അന്ന് മാത്രമല്ല, പിന്നീടൊരിക്കലും.


ആശംസകൾ....

**തൊടുപുഴ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്**

ക്ലിപ്തംനമ്പർ. 4388, തൊടുപുഴ.
e-mail : adbtdpa@gmail.com

**ഹെഡ് ഓഫീസ്:** തൊടുപുഴ - 04862 - 222574, 9447563004
**സബ് ഓഫീസ്:** കരിമണ്ണൂർ : 04862 263400, കാഞ്ഞാർ : 04862 257055

ലളിതമായ വ്യവസ്ഥയിൽ കുറഞ്ഞപലിശനിരക്കിൽ ഹ്രസ്വകാല ദീർഘകാല വായ്പകൾ

ആകർഷകമായപലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു നിക്ഷേപത്തിന് ഉയർന്ന പലിശയും സർക്കാർ ഗാരന്റിയും

വായ്പാ പദ്ധതികൾ

●കാർഷിക വായ്പ ●സാധാരണ വായ്പ ●കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പ, ●വ്യവസായ വായ്പ ●വാഹനവായ്പ, ●വിദ്യാഭ്യാസ വായ്പ ●ക്യാഷ് ക്രഡിറ്റ് ●വിവാഹാവശ്യത്തിനുള്ള വായ്പ, ●കൺസ്യൂമർ വായ്പ ●ഭവന വായ്പ ●ഹൗസ് പർച്ചേസ് വായ്പ, ●പേഴ്സണൽ ലോൺ, ●റബ്ബർ സ്ലോട്ടർ ടാപ്പിംഗ് വായ്പ എന്നിങ്ങനെ വിവിധതരം വായ്പകൾ നൽകി വരുന്നു.

പ്രസിഡന്റ്
പ്രൊഫ.കെ.ഐ.ആന്റണി.
04862-224211(O), 222019(R), 9447918248(M)

സെക്രട്ടറി
ശ്രീമതി.ഹണിമോൾ. എം
04862 222574(O), 9746062611(M)

ആശംസകൾ....

# ഉറുകുന്ന് റൂറൽ സഹകരണസംഘം

## ക്ലിപ്തം നമ്പർ ക്യൂ 1468. ഉറുകുന്ന്

ഫോൺ: 0475-2335500, Mob: 9188831468

**ഉപശാഖ: കുളത്തൂപ്പുഴ. ഫോൺ: 0475 2319955**

- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക്
- പൂർണ്ണ സുരക്ഷിതത്വം
- ഗവൺമെന്റ് പരിരക്ഷ

RTGS/NEFT സൗകര്യം

എല്ലാ ഇടപാടുകൾക്കും SMS സൗകര്യം

10 ലക്ഷം രൂപവരെ സലയുള്ള MDS/ചിട്ടി പദ്ധതികൾ സ്വർണ്ണപണയം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്ക് വായ്പ അനുവദിക്കുന്നു.

പ്രസിഡന്റ്
കെ. ശശിധരൻ

സെക്രട്ടറി
എസ്. ജയചന്ദ്രൻ

ആശംസകൾ....

# ഇരട്ടയാർ സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ : കെ. 279

ഇരട്ടയാർ പി.ഒ., ഇടുക്കി ജില്ല, **04868-276044, 9400256044**

e-mail : cscbk279@gmail.com

- വൈവിധ്യമാർന്ന നിക്ഷേപ പദ്ധതികൾ
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശനിരക്കും, സർക്കാർ ഗ്യാരന്റിയും
- ലളിതമായ വ്യവസ്ഥകളിൽ കുറഞ്ഞ പലിശ നിരക്കുകളിൽ, കാർഷിക കാർഷികേതര വായ്പകൾ
- കാർഷിക, കാർഷികേതര സ്വർണ്ണപണയ വായ്പകൾ
- ലോക്കർ സൗകര്യം
- RTGS, NEFTസൗകര്യം
- എല്ലാ മാസവും ആരംഭിക്കുന്ന MBS / MDS സ്കീമുകൾ

**നീതി മെഡിക്കൽ സ്റ്റോർ**

Phone No: 8848382568

എല്ലാവിധ അലോപ്പതി, ആയുർവ്വേദ വെറ്ററിനറി മരുന്നുകളും, മെഡിക്കൽ ഉപകരണങ്ങളും മിതമായ വിലയിൽ ലഭ്യമാണ്.

പ്രവർത്തന സമയം 8.30 am – 8.00 pm

**വളം ഡിപ്പോ**

Phone No: 9446948003

പ്രമുഖ കമ്പനികളുടെ എല്ലാവിധ രാസവളങ്ങളും, ജൈവ വളങ്ങളും, കാർഷിക മരുന്നുകളും, കാർഷിക ഉപകരണങ്ങളും മിതമായ വിലയിൽ ലഭ്യമാണ്.

**ആംബുലൻസ് സർവ്വീസ് (24X7)**

Phone: 9446096279
6235044279

24X7 – ആംബുലൻസ് സൗകര്യം ലഭ്യമാണ്.

പ്രസിഡന്റ്
ജിൻസൺ വർക്കി
9495976053

സെക്രട്ടറി
ഉല്ലാസ് സെബാസ്റ്റ്യൻ
9020420021




ആശംസകൾ....

***Opening Shortly.....***

# ജോബ് ടൈൽ & മാർബിൾസ്

**പെരിങ്ങള്ളൂർ, ആയൂർ**

സഹോദര സ്ഥാപനം:-

***ജോബ് ഹാർഡ്‌വെയർ - പെരിങ്ങള്ളൂർ***

***ജോബ് എർത്ത് മൂവേഴ്സ് - ആയൂർ***

ആശംസകൾ....

# വനിതാ കോൺഗ്രസ് സ്റ്റേറ്റ് കമ്മിറ്റി



നിർമ്മല ജിമ്മി
**സംസ്ഥാന പ്രസിഡന്റ്**



സാറാമ്മ ജോൺ
**വൈസ് പ്രസിഡന്റ്**



അമ്മിണി തോമസ്
**ജനറൽ സെക്രട്ടറി**



ബെറ്റി റോയ്
**ട്രഷറാർ**



സെല്ലി ജോർജ്ജ്
**സംസ്ഥാന സെക്രട്ടറി**



മിനി സാവിയോ
**ജനറൽ സെക്രട്ടറി**



എത്സമ്മ മാത്യു
**ജനറൽ സെക്രട്ടറി**



ഷീലാ തോമസ്
**കോട്ടയം ജില്ലാ പ്രസിഡന്റ്**



മേഴ്സി ജോസഫ്
**എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം**



ജെസ്സി ഷാജൻ
**സ്റ്റേറ്റ് കമ്മിറ്റി അംഗം**

# ലോയേഴ്സ് കോൺഗ്രസ് സംസ്ഥാന കമ്മിറ്റി

പാവനസ്മരണയ്ക്ക്



അഡ്വ. ജോർജ്ജ് മേച്ചേരിൽ
മുൻ സംസ്ഥാന പ്രസിഡന്റ്



അഡ്വ. ജസ്റ്റിൻ ജേക്കബ്
ആക്റ്റിംങ് പ്രസിഡന്റ്




അഡ്വ. സന്തോഷ് കുര്യൻ
വൈസ് പ്രസിഡന്റ്



അഡ്വ. ജോസഫ് ജോൺ
ജനറൽ സെക്രട്ടറി




അഡ്വ. എം.എം. മാത്യു
ജനറൽ സെക്രട്ടറി



അഡ്വ. ജോർജ്ജ് കോശി
ജനറൽ സെക്രട്ടറി



അഡ്വ.ജോബി ജോസഫ്
ജനറൽ സെക്രട്ടറി



അഡ്വ. സി.എ. ജോണി
ട്രഷറാർ



അഡ്വ. അലക്സ് ജേക്കബ്
തിരുവനന്തപുരം ജില്ലാ
പ്രസിഡന്റ്



അഡ്വ. രജ്ഞിത് തോമസ്
കൊല്ലം ജില്ലാ
പ്രസിഡന്റ്




അഡ്വ. ബിജോയ് തോമസ്
പത്തനംതിട്ട ജില്ലാ
പ്രസിഡന്റ്



അഡ്വ. പ്രദീപ് കൂട്ടാല
ആലപ്പുഴ ജില്ലാ
പ്രസിഡന്റ്



അഡ്വ. റോയ്സ് ചിറയിൽ
കോട്ടയം ജില്ലാ
പ്രസിഡന്റ്



അഡ്വ. ബിനു. കെ.
തോട്ടുങ്കൽ
ഇടുക്കി ജില്ലാ പ്രസിഡന്റ്



അഡ്വ. സിറിയക് കുര്യൻ
ഹൈക്കോർട്ട് കമ്മിറ്റി
പ്രസിഡന്റ്



അഡ്വ. ജോസ് വർഗീസ്
എറണാകുളം ജില്ലാ
പ്രസിഡന്റ്



അഡ്വ. ജോയി ജോർജ്ജ്
തൃശ്ശൂർ ജില്ലാ
പ്രസിഡന്റ്



അഡ്വ. ജിസ്സൻ പി. ജോസ്
മലപ്പുറം ജില്ലാ
പ്രസിഡന്റ്



അഡ്വ. ഷിബു ജോർജ്ജ്
കോഴിക്കോട് ജില്ലാ
പ്രസിഡന്റ്



അഡ്വ. ജോസഫ്
സഖറിയാസ്
വയനാട് ജില്ലാ പ്രസിഡന്റ്

ആശംസകൾ....


# കേരള എൻ.ജി.ഒ. ഫ്രണ്ട് സംസ്ഥാന കമ്മിറ്റി



ഷിജു വി കുര്യൻ (കോട്ടയം)
**പ്രസിഡന്റ്**



ചെറിയാൻ പോളച്ചിറയ്ക്കൽ
**കേരളാ കോൺഗ്രസ് (എം)**
**സംസ്ഥാന ജനറൽ സെക്രട്ടറി**



സജി ചിറയിൽ (കോട്ടയം)
**സീനിയർ വൈസ് പ്രസിഡന്റ്**



അശ്വനി കുമാർ (കൊല്ലം)
**വൈസ് പ്രസിഡന്റ്**




അനിൽ ആർ.റ്റി.
**വൈസ് പ്രസിഡന്റ്**




ജോബി യൂസിഫൈൻ (തൃശൂർ)
**ജനറൽ സെക്രട്ടറി**




ഷാജി ബി (കൊല്ലം)
**സെക്രട്ടറി**



ബിജു കെ.എൻ. (എറണാകുളം)
**സെക്രട്ടറി**



സോജൻ വർഗീസ്
**ഓഡിറ്റർ**



സമീർ ലെള്ളിയൂർ
**ട്രഷറർ**



ബിൻസി ജോസഫ് (കോട്ടയം)
**ഓഡിറ്റർ**

ആശംസകൾ....

# യൂത്ത് ഫ്രണ്ട് സ്റ്റേറ്റ് കമ്മിറ്റി



സാജൻ തൊടുക
**പ്രസിഡന്റ്**



ബിപിൻ ഏടൂർ
**ജനറൽ സെക്രട്ടറി**



ഷെയിൻ കാരയ്ക്കൽ
**വൈസ് പ്രസിഡന്റ്**



അഡ്വ. ദീപക്
മാമ്മൻമത്തായി
**വൈസ് പ്രസിഡന്റ്**



അഡ്വ. പിള്ളൈ
ജയപ്രകാശ്
**വൈസ് പ്രസിഡന്റ്**



അഭിലാഷ് മാത്യു
**വൈസ് പ്രസിഡന്റ്**



ജോസഫ് സൈമൺ
**സെക്രട്ടറി**



അഡ്വ. റോണി മാത്യു
**സെക്രട്ടറി**




സാബു കുന്നേൽ
**സെക്രട്ടറി**

ആശംസകൾ....

# യൂത്ത് ഫ്രണ്ട് സ്റ്റേറ്റ് കമ്മിറ്റി



ജെസ്മോൻ ചാക്കുണ്ണി
**സെക്രട്ടറി**



സിറിയക്ക് ചാഴിക്കാടൻ
**സെക്രട്ടറി**



ബിജു ഇളംതുരുത്തിയിൽ
**സെക്രട്ടറി**



ഷിനോജ് ചാക്കോ
**സെക്രട്ടറി**



ഷെയ്ക്ക് അബ്ദുള്ള
**സെക്രട്ടറി**



ബിനോയി ആനവിലാസം
**സെക്രട്ടറി**



സതീഷ് എറമനങ്ങാട്ട്
**സെക്രട്ടറി**




അഡ്വ. മധു നമ്പൂതിരി
**സെക്രട്ടറി**



ആൽബിൻ പേണ്ടാനം
**ട്രഷറർ**

# കേരളാ കോൺഗ്രസ് (എം) സംസ്കാര വേദി


ഡോ. വർഗീസ് പേരയിൽ
**പ്രസിഡന്റ്**


അഡ്വ. മനോജ് മാത്യു
**സെക്രട്ടറി**


ഡോ. ബിബിൻ കെ. ജോസ്
**ഓർഗനൈസർ**

## സ്റ്റേറ്റ് കമ്മറ്റി മെമ്പേഴ്സ്


ബാബു റ്റി. ജോൺ
കോട്ടയം


രാജു കുന്നക്കാട്ട്
അയർലണ്ട്


പി.എ. ജയപ്രകാശ്
കോഴിക്കോട്


ആലീസ് ജോസ് മാനന്തവാടി
വയനാട്


ബേബി ജോസഫ് പുതുമന
കാസർഗോഡ്


ഡോ. അലക്സ് മാത്യു
പത്തനംതിട്ട


ഡോ. ജോയി ഉഴമലാക്കൽ
തിരുവനന്തപുരം


പ്രൊഫ. ചാർലി കട്ടക്കയം
കോഴിക്കോട്


ബഷീർ
വടകര


ഡാനിയേൽ ജോൺ പുനലൂർ
കൊല്ലം


സാം സി ജോൺ പട്ടാഴി
കൊല്ലം

## ആശംസകളോടെ,.... കേരളാ കോൺഗ്രസ് (എം) പാലാ മുൻസിപ്പൽ പാർലമെന്ററി പാർട്ടി



ആന്റോ ജോസ് പടിഞ്ഞാറേക്കര
**ചെയർമാൻ**



ബിജു പാലുപ്പടവിൽ
**മണ്ഡലം പ്രസിഡന്റ് പാലാ ടൗൺ**




ലീനാ സണ്ണി പുരയിടം
**മുൻ ചെയർപേഴ്സൺ,**
**കൗൺസിലർ**



ബിജി ജോജോ
**മുൻ ചെയർപേഴ്സൺ,**
**കൗൺസിലർ**



ഷാജു തുരുത്തൻ
**സ്റ്റാൻഡിംഗ് കമ്മിറ്റി**
**ചെയർമാൻ**



ബൈജു കൊല്ലംപറമ്പിൽ
**സ്റ്റാൻഡിംഗ് കമ്മിറ്റി**
**ചെയർമാൻ**



നീനാ ജോർജ്ജ് ചെറുവള്ളി
**സ്റ്റാൻഡിംഗ് കമ്മിറ്റി**
**ചെയർമാൻ**



തോമസ് പീറ്റർ
**സ്റ്റാൻഡിംഗ് കമ്മിറ്റി**
**ചെയർമാൻ**



സാവിയോ കാവുകാട്ട്
**കൗൺസിലർ**



മായാ പ്രദീപ്
**കൗൺസിലർ**



ജോസ് ചീരാംകുഴി
**കൗൺസിലർ**

ആശംസകൾ....

# കൊല്ലം ജില്ലാ കമ്മിറ്റി


വഴുതാനത്ത് ബാലചന്ദ്രൻ
ജില്ലാ പ്രസിഡന്റ്


ബെന്നി കക്കാട്
സംസ്ഥാന സെക്രട്ടറി


ഉഷാലയം ശിവരാജൻ
ദളിത് ഫ്രണ്ട് (എം)
സംസ്ഥാന പ്രസിഡന്റ്


സജി ജോൺ, കുറ്റിയിൽ
സെക്രട്ടറി


ജി മുരുകദാസൻ നായർ
വൈസ് പ്രസിഡന്റ്


അനിൽ പട്ടാഴി
വൈസ് പ്രസിഡന്റ്


ആയൂർ ബിജു
സെക്രട്ടറി



ആദിക്കാട് മനോജ്
സെക്രട്ടറി


എ ഇക്ബാൽകുട്ടി
സെക്രട്ടറി


അഡ്വ. അജു മാത്യു
പണിക്കർ - സെക്രട്ടറി


എസ്.എം. ഷെറീഫ്
സെക്രട്ടറി


ഇഞ്ചക്കാട് രാജൻ
സെക്രട്ടറി


അജികുമാർ
ചെറുവക്കൽ - സെക്രട്ടറി


ചവറ ഷാ
സെക്രട്ടറി


വാളത്തുങ്കൽ വിനോദ്
സെക്രട്ടറി


അബ്ദുൾ സലാം
അൽഹാന - സെക്രട്ടറി


ജോൺ പി കരിക്കം
ട്രഷറാർ


ബിജു റ്റി ഡിക്രൂസ്
യൂത്ത് ഫ്രണ്ട്
സംസ്ഥാന സെക്രട്ടറി


എസ്. രവീന്ദ്രൻപിള്ള
കെ.റ്റി.യു.സി.
ജില്ലാ പ്രസിഡന്റ്


ഷീലാ ഉണ്ണി
വനിതാ കോൺഗ്രസ്
ജില്ലാ പ്രസിഡന്റ്


അഡ്വ. എം. ജയചന്ദ്രൻ
പ്രവാസി കോൺഗ്രസ്
ജില്ലാ പ്രസിഡന്റ്


കെ.വൈ. സുനറ്റ്
യൂത്ത് ഫ്രണ്ട്
ജില്ലാ പ്രസിഡന്റ്

ആശംസകൾ....




KM Oil Industries

# മലയോരം വെളിച്ചെണ്ണ

കണ്ണൂർ



# ADMISSION NEXT YEAR

**B.Sc (N)**
MLT, OT, Dialysis, Neuro
**BPT | B.D.S**

**Post B.Sc**
**M.Sc (N)**
(ജോലി ചെയ്തുകൊണ്ടും പഠിക്കാം)
PARAMEDICAL
MLT, OT, Optometry, X-ray



TITUS ABRAHAM
Admission Co-ordinator

**BSc Nursing Admission പ്രൊഫഷണൽ മെഡി. കോളേജുകളിൽ അഡ്മിഷന്**

Narayana Medi. College, Nelloor, AP, / Kaminani Medi. College, Narketpalli, Thelungana,
HillSide Group of institions, Bangalore, / Indian Academy College of Nursing, Bangalore
BGS Global & SJB Group Medi. College, Bangalore, / Manjushree institutions, Bangalore
Florence College of Nursing & Physiotherapy, Bangalore, / Pavan College of Nursing, Bangalore
Rosy Roayal Institutions, Bangalore (BSc, MSc & Post BSc Nursing), / RR Institutions, Bangalore,
KP Bellal College of Nursing, Mangalapuram, Vikram College of Nursing, Mysore
Kongunad College of Nursing, Coimbatore, Tamilnadu

15 വർഷമായി വിശ്വസ്തതയോടെ തുടർന്ന് പ്രവർത്തിക്കുന്ന സ്ഥാപനം

**TITAN EDUCATIONAL & EMPLOYMENT CONSULTANCY**

Near Village Office, St. George Building, ETTUMANOOR

**Mob: 9447936948, 9447125948, 9961948103**

e-mail: titaneduemplconsult@gmail.com, www.titaneducationgroup.com



ലേഖനം

**ഡോ. എൻ. ജയരാജ്**

ഗവൺമെന്റ് ചീഫ് വിപ്പ്


# പ്രായോഗികതയുടെ വിത്തുവിതച്ച കർഷകർ

**എന്റെ** നിയോജകമണ്ഡലത്തിലെ കർഷകനും ബിസിനസുകാരനുമായ ഹൈൻസ് അപ്രേം എന്ന കർഷകനെക്കുറിച്ചുള്ള പത്രവാർത്ത ഒരു സുഹൃത്താണ് ശ്രദ്ധയിൽപ്പെടുത്തിയത്. വായിച്ചപ്പോൾ രസകരമായി തോന്നി. പത്തുവർഷങ്ങൾക്കുമുൻപ് റബർ വെട്ടി വാനില വച്ച് അവസാനം വാനിലയുടെ വില കുത്തനെ തകർന്നപ്പോൾ നഷ്ടങ്ങളുണ്ടായ കേരളത്തിലെ വാനിലകൃഷിക്കാരിൽ ഒരാളായ വ്യക്തി. കിലോയ്ക്ക് 27000 രൂപ വരെ 2005-06 കാലഘട്ടത്തിൽ എത്തിയപ്പോൾ കേരളത്തിൽ 'വാനില' തരംഗമായിരുന്നു. റബറും മറ്റു കൃഷികളും വെട്ടിനിരത്തി വച്ചുപിടിപ്പിച്ച വിലകൂടിയ വാനില വള്ളികളുടെ മോഷണം തടയാൻ രാത്രിയിൽ കാവലിരുന്നു മലയാളി കർഷകൻ. പക്ഷേ പെട്ടെന്നാണ് അതിന്റെ വില 500 രൂപയിലേക്ക് കൂപ്പുകുത്തിയത്. വിലത്തകർച്ചയിൽ പരക്കം പാഞ്ഞ കർഷകർ അവസാനം കിലോയ്ക്ക് 60 രൂപയ്ക്കുവരെ വാനില വിറ്റു. പല സ്ഥലത്തും കൃഷി ഉപേക്ഷിച്ചപ്പോൾ പൂന്താനത്തിന്റെ 'മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പ്' എന്ന വരികൾ ഓർമ്മിപ്പിച്ച് ആരും തിരിഞ്ഞുനോക്കാതെ പറമ്പുകളിലും തൊടികളിലും കിടന്നു. വാനിലയുടെ വസന്തകാലത്തെ മലയാളികൾ മറന്നു. ഇന്ന് ഇതെഴുതുമ്പോൾ വാനില പുതിയ പൂക്കാലത്തിന്റെ പ്രതീക്ഷകളുമായി മടങ്ങിവരുന്നു. പച്ച ബീൻസിനു കിലോയ്ക്ക് 2000 രൂപയും ഉണങ്ങിയതിന് കിലോയ്ക്ക് 10000 രൂപയുമൊക്കെയായി കമ്പോളമുണരുന്ന കാഴ്ചകൾ കാണാം. വാനിലയുടെ വിലവർധനവും മറ്റുവിളകൾക്ക് ഉണ്ടാകുന്ന വിലയിടിവും രോഗങ്ങളും വീണ്ടും വാനിലയിലേക്ക് ശ്രദ്ധതിരിയാൻ കാരണമാകുന്നു. വെളിച്ചമാണെന്നു കരുതിയെത്തുന്ന ഈയാംപാറ്റകളുടെ ഗതി ഇനിയുമുണ്ടാകുമോയെന്നതാണ് എന്റെ ആശങ്ക. ഇതെത്രകാലമെന്നതാണ് അതിനു കാരണം.

പഴയ വാനിലാ തരംഗത്തിന്റെ പിന്നിലൊരു കാരണമുണ്ടായിരുന്നു. ലോകത്തിൽ വാനിലയുടെ പ്രധാന ഉത്പാദകരായ മഡഗാസ്കറിൽ ഉണ്ടായ കൊടുങ്കാറ്റും കൃഷിനാശവുമാണ് 2000-2001 കാലഘട്ടത്തിൽ കേരളത്തിൽ വാനിലയുടെ വില വർദ്ധിക്കാനും കൃഷി വ്യാപകമാകാനും ഇടയാക്കിയത്. മഡഗാസ്കറിലെ കൊടുങ്കാറ്റ് എന്നും നിലനിൽക്കുമെന്ന് ധരിച്ചതുകൊണ്ടോ അത്തരമൊരു പ്രകൃതിദുരന്തമാണ് ഈ വിലവർധനക്കു കാരണമെന്നു മനസിലാക്കാതെയോ എല്ലാവരും വാനില കൃഷി തുടങ്ങി. അവസാനം ഉത്പാദനം കൂടി, വിലയും തകർന്നു. മഡഗാസ്കറിൽ വീണ്ടും വാനില പുഷ്പിച്ചുതുടങ്ങി. കഥയറിയാതെ നാം പരസ്പരം പഴിച്ചു.

ഞാൻ സൂചിപ്പിച്ച ചെറുവള്ളിയിലെ കർഷകൻ ഒരു ലൈഫ് സയൻസ് ബിരുദധാരിയാണ്. അതുകൊണ്ട് വാനിലയുടെ വിലയിടിവിന്റെ കാരണങ്ങളെക്കുറിച്ച് പഠിച്ചു. മാത്രമല്ല കൊടുങ്കാറ്റും കാലാവസ്ഥാ വ്യതിയാനവും അവിടെ ചാക്രികമായി സംഭവിക്കുന്ന കാര്യവും മനസിലാക്കി. കൈവശമിരുന്ന 7 കിലോ വാനില ഉണങ്ങി സംഭരിച്ചു വച്ചു. എപ്പോഴെങ്കിലും മഡഗാസ്കറിൽ കൃഷിനാശം സംഭവിച്ചാൽ തന്റെ വാനിലയ്ക്ക് വില കിട്ടുമെന്ന് കണക്കുകൂട്ടി. 10 വർഷത്തെ കാത്തിരിപ്പിനുശേഷം മഡഗാസ്കറിൽ വീണ്ടും കൊടുങ്കാറ്റും പേമാരിയും വന്നപ്പോൾ കിലോയ്ക്ക് 30000 രൂപയ്ക്ക് വാനില വിറ്റു. 3500 രൂപ കിട്ടുമായിരുന്ന സ്ഥാനത്ത് കിട്ടിയത് 210000 രൂപ!.

കർഷകർ ഇപ്പോൾ കൂട്ടത്തോടെ വാനില കൃഷി തുടങ്ങിയെന്ന വാർത്ത വന്നപ്പോൾ ഞാനോർ

ത്തു വീണ്ടും വിലയെ മാത്രം കരുതി വിപണിയറിയാതെയുള്ള വാനില കൃഷി കൊടുങ്കാറ്റിനുശേഷം മഡഗാസ്കർ പഴയ നിലയിലെത്തിയാൽ നമ്മുടെ കർഷകർക്കു നഷ്ടത്തിന്റെ ഒരു എപ്പിസോഡുകൂടി സമ്മാനിക്കില്ലേയെന്ന്. ഈ അനുഭവത്തിലെ കർഷകൻ സ്വയം കണ്ടെത്തിയ രീതിയിലാണ് തന്റെ പ്രതിസന്ധിയെ മറികടന്നത്. സഹായിക്കാൻ കാർഷിക സർവകലാശാലകളോ, ഗവേഷണ സ്ഥാപനങ്ങളോ, ഇന്റലിജൻസ് സംവിധാനങ്ങളോ ഇല്ലായിരുന്നു. കേവലം ഏഴ് കിലോ സംരക്ഷിച്ചു സൂക്ഷിക്കാൻ അയാൾക്കു കഴിയുമായിരുന്നു. കൂടുതൽ അളവ് കൈവശമുണ്ടായിരുന്നെങ്കിൽ ആ കർഷകൻ കിട്ടിയ വിലയ്ക്ക് വിറ്റ് ഒഴിവാക്കേണ്ടി വരുമായിരുന്നില്ലേ? ഇത്തരം പ്രതിസന്ധി വരുമ്പോൾ നമ്മുടെ കർഷകരെ ആര് സഹായിക്കും എന്നതാണ് പ്രശ്നം. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും മറ്റു കാരണങ്ങൾ കണ്ടെത്തി സ്ഥിരം കലാപരിപാടിയായി സമാശ്വസിപ്പിക്കാൻ കഴിയുമെന്നല്ലാതെ പ്രയോഗികമായി ഈ കർഷകരെ സഹായിക്കാൻ നമുക്ക് കഴിയാത്തതെന്താണ്? മറ്റു രാജ്യങ്ങളിലും നമ്മുടെതന്നെ മറ്റു സംസ്ഥാനങ്ങളിലുമൊക്കെ എന്താണ് നടക്കുന്നതെന്നുകൂടി ഒന്നു അന്വേഷിക്കേണ്ടതല്ലേ?

കർഷകൻ അനുഭവിക്കുന്ന പ്രധാന പ്രശ്നം കാർഷിക ഉൽപ്പന്നങ്ങളും വിലയിടിവ് തന്നെയാണ്. വിലയിലെ ചാഞ്ചാട്ടം അവരുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്നു. ആത്മവിശ്വാസം നേടിയെടുക്കണമെങ്കിൽ വിലയിലെ മാറ്റങ്ങൾക്കനുസരിച്ച് അവരെ സഹായിക്കാൻ കഴിയുന്ന സംവിധാനങ്ങൾ രാജ്യത്തുണ്ടെന്ന് ബോധ്യപ്പെടുത്തണം. പക്ഷേ നാമെന്താണ് ചെയ്യുന്നതെന്ന് ഒരു ഉദാഹരണത്തിലൂടെ സൂചിപ്പിക്കാം.

ഇന്ത്യയിലെ വിവിധ കാർഷിക സർവകലാശാലകളെ ഏകോപിച്ച് കാർഷിക ഉൽപ്പന്നങ്ങളുടെ വില സംബന്ധിച്ച ഹ്രസ്വകാല വിപണി പ്രവചനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നതാണ്. രാജ്യത്തെ 11 സർവകലാശാലകളെ കോർത്തിണക്കി ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ നേതൃത്വത്തിൽ 2009ൽ ആരംഭിച്ച 2013ൽ അവസാനിച്ച പദ്ധതിയാണ് നാഷണൽ അഗ്രികൾച്ചർ ഇന്നോവേഷൻ പ്രോജക്ട്. വില സംബന്ധിച്ച മുൻകൂട്ടിയുള്ള പ്രവചനം കർഷകർക്കു നൽകുക, വിവിധ മാധ്യമങ്ങളിലൂടെ കമ്പോളം സ്ബന്ധിച്ച വിവരങ്ങൾ കർഷകരിലെത്തിക്കുക, മറ്റു രാജ്യങ്ങളിലെ വിപണി നിരീക്ഷണ സംവിധാനങ്ങൾ പഠിച്ച് നമ്മുടെ കർഷകരിലെത്തിക്കുക, ഉൽപ്പന്നങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ടുകൾ തയാറാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഉദ്ദേശിച്ചുള്ള പദ്ധതി 11 സർവകലാശാലകളിൽ ആരംഭിച്ചു. ഇത് സംബന്ധിച്ച 886 റിപ്പോർട്ടുകൾ പുറത്തുവന്നു. 2013 വരെയായിരുന്നു ഈ പദ്ധതിയുടെ കാലാവധി. പദ്ധതി കാലാവധി കഴിഞ്ഞാലും സർവകലാശാലകൾ സ്വയം ഈ ദൗത്യം ഏറ്റെടുത്ത് മുൻപോട്ടു പോകുമെന്ന് കരുതി. എന്നാൽ തമിഴ്നാട് സർവകലാശാല ഒഴികെ എല്ലാവരും ഈ ദൗത്യത്തിൽ നിന്നും പിൻമാറി എന്നതാണ് ദുഃഖകരമായ സത്യം. നമ്മുടെ ഭരണ സംവിധാനവും കാർഷിക സർവകലാശാലയും കർഷകർക്ക് കമ്പോളത്തിലെ വില അസ്ഥിരത സംബന്ധിച്ച വിവരങ്ങൾ നൽകാൻ കഴിയുമായിരുന്ന ഒരു പദ്ധതിയോട് മുഖം തിരിച്ചു നിന്ന ഒരു കഥയാണിത്.

നമ്മുടെ ഏതു കൃഷിയും രാജ്യാന്തര വാണിജ്യ ഇടപാടുകളുടെയും മാറ്റങ്ങളുടെയും നിഴലിലാണ്. അതിന്റെ ചലനങ്ങൾ സൂക്ഷ്മമായി മനസിലാക്കാതെ താൽക്കാലികമായ വിലയിലെ മുന്നേറ്റം മാത്രം കണ്ട് കൃഷിയിറക്കിയാൽ വാനില കൃഷിയുടെ അനുഭവം ആവർത്തിക്കപ്പെടും. കൃഷിക്കാരെല്ലാവരും സാങ്കേതിവിദ്യയിൽ പരിജ്ഞാനമുള്ളവരല്ല. അത് അവർക്ക് ആരാണ് നൽകേണ്ടത്.? ആഗോള കമ്പോള വിലയിലുണ്ടാകുന്ന മാറ്റങ്ങൾ കൃഷിക്കാരെ മനസിലാക്കാൻ കഴിയുന്ന സംവിധാനങ്ങളോട് നാം കാണിച്ച തെറ്റായ മനോഭാവമാണ് മുകളിൽ പറഞ്ഞ നാഷണൽ അഗ്രികൾച്ചർ ഇന്നോവേഷൻ പ്രോജക്ട് പോലുള്ളവയ്ക്ക് സംഭവിച്ചത്.

നമ്മുടെ കൃഷി വകുപ്പ് കാലാകാലങ്ങളായി കൂടുതൽ ഊന്നൽ നൽകുന്നത് കൃഷിയും ഉത്പാദനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമാണ്. നമ്മുടെ കൃഷിഭവനുകളിലൂടെ സംസ്കരണവും വിൽപനയുമായി ബന്ധപ്പെട്ട എത്ര ആശയങ്ങൾ കൈമാറുന്നുണ്ട്. പുതിയ വിത്തുകൾ, ആശയങ്ങൾ, പുതിയ കൃഷിരീതികൾ ഇതുമാത്രം കൊണ്ടു കൃഷിഭവനിലെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചാൽ മതിയോ? ഏറ്റവും പ്രധാനപ്പെട്ട വസ്തുതയായ വിപണന സാധ്യതാപഠന വിവരങ്ങളും അപകടകരമായ പ്രവണതകൾ സംബന്ധിച്ച മുന്നറിയിപ്പും നൽകാൻ നമുക്ക് കഴിയണം. ആഗോള വിപണിയിൽ സുലഭമായ വസ്തുക്കൾ വീണ്ടും ഉത്പാദിപ്പിച്ചാൽ വിൽക്കാൻ സാധിക്കില്ല എന്നും നഷ്ടം സംഭവിക്കും എന്നു മനസിലാക്കാൻ കർഷകനെ പ്രാപ്തനാക്കേണ്ടതല്ലേ?

കർഷകൻ തുടർച്ചയായ തകർച്ചയിൽ ഈ രംഗത്ത് നിന്നുതന്നെ വിട്ടുനിക്കേണ്ടി വരും. മാത്രമല്ല പഴയ തലമുറ കൃഷിയെ നഷ്ടത്തിലും ഹൃദയത്തോടു ചേർത്തുവച്ച സംസ്കാരത്തിന്റെ കാലം കഴിഞ്ഞു. പുതിയ തലമുറ ജീവിതം മുഴുവൻ കഷ്ടപ്പെടാനല്ല, ആസ്വദിക്കാനാണ് മനസു കാണിക്കുന്നത്. അതുകൊണ്ടുതന്നെ ഒരു ചൂതാട്ടത്തിന്റെ കൃഷിപാഠങ്ങൾ അവർ തിരസ്കരിക്കുന്നു. നമുക്ക് ചിന്താഗതിയിലുണ്ടായ മാറ്റമാണത്.

കേരളത്തിൽ എസ് എസ് എൽ സി/ പ്ലസ് ടുവിൽ 100 ശതമാനം വിജയം സൃഷ്ടിച്ചപ്പോഴാണ് അന്യസംസ്ഥാന തൊഴിലാളികൾ ഈ നാട്ടിൽ കൂടുതലായി വരാൻ തുടങ്ങിയതെന്ന് നാം ഓർക്കണം. മനോഭാവങ്ങൾ മലയാളിക്ക് നൽകുന്നത് അത്തരം ചിന്താഗതികളാണ്.

വാനില മാത്രമല്ല, കുരുമുളക് വിപണിയുൾപ്പെടെ ആശങ്കയിലാണ്. ഇൻഡ്യയുൾപ്പെടെ 16 രാജ്യങ്ങളിൽ കുരുമുളക് ഉത്പാദിപ്പിക്കുന്നുണ്ട്. വിയറ്റ്നാമിലെയും ഇന്തോനേഷ്യ, തായ്‌ലന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന വില കുറഞ്ഞ കുരുമുളക് കടന്നുവരുന്നു. അതൊക്കെ വ്യാപാരകരാറിന്റെ ഭാഗമാണെന്ന പറയുമ്പോഴും കുരുമുളക് കൃഷിക്കാർക്ക് ആശ്വാസം പകരാൻ ഒരു പദ്ധതിയും നമുക്കില്ല. വാനിലയും കുരുമുളകും റബറും മാത്രമല്ല, അന്തർദേശീയ കരാറുകളുടെയും അന്താരാഷ്ട്ര വിപണി ഇടപെടലിന്റെ ഭാഗമായി തകർച്ച നേരിടുന്നതുമായ ഒട്ടേറെ കാർഷിക ഉൽപ്പന്നങ്ങൾ നമുക്കുണ്ട്. ഒരു ചാക്രിക പ്രക്രിയയിൽ നമുക്കെന്ത് ചെയ്യാൻ കഴിയുമെന്നതാണ് പ്രസക്തമായ ചോദ്യം?

നമ്മുടെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ് വിലവിവരം സംബന്ധിച്ച കാര്യങ്ങൾ വിശകലനം ചെയ്ത് കണ്ടെത്തുന്നത്. അവർ ഓരോ പ്രാദേശിക കമ്പോളങ്ങളെ വിലയിലെ മാറ്റങ്ങൾ കണ്ടെത്തി കമ്പോള വിലനിലവാരമായി മാധ്യമങ്ങളിലൂടെ അറിയിക്കുന്നു. ഇതാണ് കൃഷിക്കാരന് ഇതു സംബന്ധിച്ച വിവരം ലഭിക്കുന്ന പ്രധാന സംവിധാനം.

എന്റെ ബാല്യകാലം മുതൽ ആകാശവാണിയിലും മാധ്യമങ്ങളിലും ഈ കമ്പോള വിലനിലവാര അറിയിപ്പ് കേൾക്കാറുള്ളതാണ്. ഇക്കാലമത്രയും വിലവിവരങ്ങൾ സ്ഥിരമായ ഉൽപ്പന്നങ്ങളല്ലാതെ കമ്പോളവത്കരിക്കപ്പെട്ട പുതിയ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വാനില, ചക്ക, മുള്ളങ്കി, റംബൂട്ടാൻ, മാങ്കോസ്റ്റിൻ തുടങ്ങിയ ഉത്പന്നങ്ങൾ ചില ഉദാഹരണങ്ങൾ മാത്രം.

നമ്മുടെ നാട്ടുചന്തകളെ വരെ സ്വാധീനിക്കുന്ന ആഗോളപ്രതിഭാസങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ കാലാസൃതമായി ഉൾപ്പെടുത്താൻ ഇതുവരെ ഈ വകുപ്പിന് കഴിഞ്ഞിട്ടില്ല. മാമൂലുകളായി നമ്മുടെ പരമ്പരാഗത ചട്ടക്കൂട്ടിനകത്തു നിന്ന് നിലവാരത്തെക്കുറിച്ച് അറിയിക്കുന്നതല്ലാതെ രാജ്യത്തെ കാർഷിക വിളകളിലെ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി ലോകം ഇന്നൊരു 'വല'യിലാണെന്ന തിരിച്ചറിവോടെ ഈ കമ്പോളനിലവാരം അറിയിപ്പിന്റെ രീതിയെങ്കിലും പരിഷ്കരിച്ചുകൂടെ? പ്രാദേശിക വിപണികളിലെ ചാഞ്ചാട്ടങ്ങൾ ദേശീയ അന്തർദേശീയ വിപണികളുമായി ബന്ധപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് സ്ഥിരമാ


ആശംസകൾ....

Hotel Highway Kitchen

Since 1994

A/c Multicuisine Restaurant

Market Jn., M.C.Road, Ayoor, Kollam, Pin - 691533

**Ph: 0475 2292590**

e-mail : hotelhighwaykitchenayur@gmail.com

website : hotelhighwaykitchen.com

> എന്റെ ബാല്യകാലം മുതൽ ആകാശവാണിയിലും മാധ്യമങ്ങളിലും ഈ കമ്പോള വിലനിലവാര അറിയിപ്പ് കേൾക്കാറുള്ളതാണ്. ഇക്കാലമത്രയും വിലവിവരങ്ങൾ സ്ഥിരമായ ഉൽപ്പന്നങ്ങളല്ലാതെ കമ്പോളവത്കരിക്കപ്പെട്ട പുതിയ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

യി അനുവർത്തിക്കുന്ന രീതിക്കു മാറ്റം വരുത്തി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കൂടുതൽ ഉൽപ്പന്നങ്ങളും പുതിയ സമീപനങ്ങളും സ്വീകരിക്കേണ്ടതാണ്.

റബറിനെ വിലയിടിവ് കാഞ്ഞിരപ്പള്ളി പോലുള്ള മേഖലയിൽ നേരിട്ട, ഇന്നും അനുഭവപ്പെടുന്ന ചലനങ്ങൾ ഏറെ ചർച്ചചെയ്താണ്. സർക്കാർ നൽകുന്ന വിലസ്ഥിരതാ ഫണ്ടുമൊക്കെ ചെറിയ ആശ്വാസമാണ് പക്ഷേ എന്റെ മണ്ഡലത്തിലെ മണിമലയിൽ ഏതാനും വർഷങ്ങളായി പ്രവർത്തിച്ച് കൊക്കോ ഉത്പാദകസംഘം ഈ രംഗത്ത് പുതിയ കാൽവയ്പ്പായി കടന്നു വരുന്നു. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ സഹായത്തോടെ കൊക്കോ ഗ്രാമം എന്ന ആശയത്തിന് തുടക്കമിട്ടു കഴിഞ്ഞു.

വർഷങ്ങൾക്കു മുൻപ് വാനില പോലെ തന്നെ റബർ വെട്ടി കൊക്കോ കൃഷിചെയ്ത കുടുംബത്തിലെ ഒരംഗമാണ് ഞാൻ. അവസാനം കൊക്കൊ കുരു എടുക്കാൻ ആളില്ലാതെ നെടുങ്കുന്നം ചന്തയിൽ നിന്നും തിരിച്ചു പോന്നതൊക്കെ പഴയകാലത്തെ ഓർമകൾ. അന്ന് റബർ ബോർഡ് കർശനമായി ഇടവിള അനുവദിക്കാത്ത കാലം. ഇന്ന് കൊക്കോ റബറിന് ഇടവിളയായി കൃഷിചെയ്തു ശരാശരി 200 രൂപവരെ ഒരു ചെടിയിൽ നിന്ന് നേടുന്ന കർഷകരെ എനിക്കറിയാം കാഡ്ബറിയെന്ന കുത്തകക്കാരന്റെ കൈയ്യിലകപ്പെട്ടതുമൂലം ആദ്യകാലത്തെ വില നിശ്ചയിക്കാനുള്ള അധികാരം കൈവശം വച്ച കർഷകരെ കൂട്ടത്തോടെ വിഴുങ്ങിയ ഭീമന്റെ കഥ പഴങ്കഥയാകുന്നു. ഇന്ന് കാംകോ ഉൾപ്പെടെ കമ്പോളത്തിൽ കൊക്കോക്കുരു വാങ്ങാൻ ഏറെ സ്ഥാപനങ്ങൾ. മാത്രമല്ല, ചൊക്ലേറ്റിന്റെയും ഉപയോഗവും വൈവിധ്യവും വർധിച്ചിരിക്കുന്നു. കൊക്കോയുടെ തോടുപയോഗിച്ച് കാലടിയിൽ ഐസ്ക്രീം തയാറാക്കുന്ന പദ്ധതി പോലുമുണ്ട്. ഒരു തോടിന് ഒന്നേകാൽ രൂപവരെ ലഭിക്കുന്നു. റബർ വെട്ടാൻ ആളില്ലെന്ന പരാതി വേണ്ട. സ്വയം വിളവെടുക്കാൻ കഴിയുന്നു.

നമ്മുടെ കാർഷിക സർവകലാശാലയ്ക്ക് മണ്ണുത്തിയിൽ കൊക്കോ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നത് നേരിട്ട് കാണാനിടയായി. വർഷങ്ങളായി ഈ രംഗത്തെ കാഡ്ബറിയുടെ ഇടപെടൽ നടക്കുന്നതായി മനസിലാക്കുന്നു. അവിടെ ഉത്പാദിപ്പിക്കുന്ന മുന്തിയ ഇനം തൈകൾ ലഭ്യമാണ്. പക്ഷേ പ്രാദേശികമായി കൊക്കോ നഴ്സറികൾ അംഗീകരിച്ചു മുമ്പോട്ടുപോകാതെ സർക്കാർ ഉദ്ദേശിക്കുന്ന തരത്തിൽ കൊക്കോ കൃഷി വ്യാപകമാക്കാൻ കഴിയില്ല. പോളിനേഷൻ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സർവകലാശാല ചൂണ്ടിക്കാണിക്കുമ്പോൾ ഒരു ചോദ്യം ബാക്കി നിൽക്കുന്നു. മണ്ണുത്തിയിലെ ഗവേഷണ ഫലങ്ങൾ പിന്നെ എന്നാണാവോ, സാധാരണ കൃഷിക്കാരിൽ എത്തിക്കാൻ കഴിയുക? കാർഷിക ബിരുദധാരികളെ മാത്രമല്ല സാധാരണ കൃഷിക്കാരനെയും ഗവേഷണത്തിനെ ബാലപാഠങ്ങൾ നൽകാൻ സർവകലാശാല തയാറാകേണ്ടെ?

ബഹു.കൃഷിമന്ത്രിയായിരുന്ന സുനിൽ കുമാറിന്റെ നിലപാടുകളെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. കൊക്കോ ഉത്പാദന മേഖലയിലെ ചില കുത്തകകളുടെ സാന്നിധ്യം അദ്ദേഹം തിരിച്ചറിഞ്ഞു നടപടികളുമായി മുൻപോട്ടു പോയി. കാഞ്ഞിരപ്പള്ളിയിലെ കൊക്കോ ഉത്പാദക സംഘങ്ങൾ ഉൾപ്പെടെ പ്രാദേശികമായ നഴ്സറികളിലെ തൈകൾക്കും കൃഷിവകുപ്പിനെ സബ്സിഡി നൽകാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകഴിഞ്ഞു. രാഷ്ട്രീയ ഇച്ഛാശക്തിയും കൃഷിക്കാരന്റെ താത്പര്യങ്ങളും സംരക്ഷിക്കാൻ സർക്കാരിനു കഴിയുമെന്ന് പ്രതീക്ഷിക്കാം.

കൊക്കോ ഇടവിളയായി റബർ തോട്ടത്തിൽ വ്യാപകമാക്കാൻ കഴിഞ്ഞാൽ റബറിന്റെ വിലയിടിവിൽ നിന്ന് കർഷകർക്ക് സമാശ്വാസം നൽകാൻ കഴിയൂ. താൽക്കാലികമായ ഇത്തരം നടപടികൾക്കു പുറമേ നമ്മുടെ കർഷകരെ വിലയിലെ അസ്ഥിരതയും അതോടൊപ്പം പരിഹാരമാർഗങ്ങളും കണ്ടെത്താൻ പ്രേരിപ്പിക്കുകയല്ലേ വേണ്ടത്.

വാനിലയുടെ കാര്യത്തിലെന്നപോലെ മറ്റു വിളകൾക്ക് ചതിവ് സംഭവിക്കാതിരിക്കാൻ കൃത്യമായ ഇടപെടലുകളും വിലയിൽ ഭാവിയിലുണ്ടാകുന്ന അസ്ഥിരതയും തിരിച്ചറിയാനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. കാർഷിക വിപണന സൗകര്യങ്ങളിൽ കേരളം ഏറെ നേട്ടങ്ങൾ കൈവരിച്ചതായി ജയ്പ്പൂരിലുള്ള ദേശീയ കാർഷിക വിപണന സ്ഥാപനം (എൻ.ഐ.എ.എം.) നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. ഏകദേശം 265 ശതമാനം വരെ അത് വർധിച്ചിട്ടുണ്ട്. വിഎഫ്പിസികെ, ഹോർട്ടികോർപ്പ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഇടപെടൽ മൂലം എന്നാൽ കാർഷിക വിപണന സൗകര്യങ്ങൾ കമ്പോളത്തെ സംബന്ധിച്ച വിവരങ്ങളും ഇന്റലിജൻസ് സംവിധാനവും വിളവെടുപ്പിനു ശേഷമുള്ള കൈകാര്യങ്ങൾ എന്നീ മേഖലയിൽ നാം ഇപ്പോഴും പിന്നിലാണ്.

ഇത്തരം കാര്യങ്ങളിൽ തമിഴ്നാടിന്റെ മാതൃക നമുക്ക് പിൻതുടരാൻ കഴിയണം. അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ ഡൊമസ്റ്റിക്ക് ആന്റ് എക്സ്പേർട്ട് ഇന്റലിജൻസ് ഗൈഡൻസ് സെൽ എന്ന സംവിധാനത്തിലൂടെ കാർഷിക വിളകളെ സംബന്ധിച്ച വിവരങ്ങൾ കർഷകരിലെത്തിക്കാൻ കഴിയുന്ന കൃഷിക്കാർ, വിൽപ്പനക്കാർ, നയനിർമാതാക്കൾ, വിലനിലവാരം സംബന്ധിച്ച വിശകലനം നടത്തുന്ന വിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട സംവിധാനത്തിൽ പ്രധാനപ്പെട്ട വിളകളെ സംബന്ധിച്ച ആവശ്യകതയും ലഭ്യതയും മനസിലാക്കാൻ സംവിധാനം തയാറാക്കുന്നു. പ്രധാനവിളകളുടെ ഭാവിയിലെ വില കണ്ടെത്തുക, സംസ്ഥാനത്തെയും ദേശീയ അന്തർദേശീയതലത്തിലെയും പ്രധാനപ്പെട്ട ഉൽപന്നങ്ങളുടെ വിലകൾ സംബന്ധിച്ച പഠനങ്ങൾ നടത്തുക, ഇവ കർഷകരിലെത്തിക്കാനുള്ള സംവിധാനങ്ങൾ രൂപീകരിക്കുക എന്നിവ ഫലപ്രദമായി അവിടെ നടപ്പാക്കുന്നു.

2015ലെ നമ്മുടെ കാർഷിക നയവും മുന്നോട്ടുവയ്ക്കുന്ന നിർദേശവും ഇതുതന്നെയാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ മാർക്കറ്റിങ് (നിയാം) മുൻപോട്ടു വച്ച നിർദേശങ്ങൾ കാർഷിക കമ്പോളങ്ങളെ സംബന്ധിച്ച നടപ്പാക്കാൻ സർക്കാർ മുൻകൈയ്യെടുക്കണം.

കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കാർഷിക വിപണന വിഭാഗം രൂപീകരിക്കുകയും വിവര സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് ഒരു മാർക്കറ്റിങ്ങ് റിസർച്ച് ഇൻഫർമേഷൻ നെറ്റ് വർക്ക് സംസ്ഥാനത്ത് ആരംഭിക്കുകയും വേണം. എന്തു കൃഷിചെയ്യണം, എപ്പോൾ കൃഷി ചെയ്യണം, എത്ര മാത്രം കൃഷി ചെയ്യണം, എവിടെ വിൽക്കണം, എങ്ങനെ കമ്പോളം പ്രതികരിക്കും തുടങ്ങിയ വിഷയങ്ങൾ കൃഷിവകുപ്പിന്റെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തണം. ആഗോളവത്കരണം കയറ്റുമതി സാധ്യതകളും നമ്മുടെ മുന്നിൽ തുറന്നിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ച തമിഴ്നാട് മാതൃകയിൽ സ്റ്റേറ്റ് ഡോമസ്റ്റിക് ആന്റ് എക്സ്പേർട്ട് മാർക്കറ്റിങ് ഇന്റലിജൻസ് സെൽ (എസ്ഡിഇഎംഐസി) സ്ഥാപിക്കാൻ സർക്കാർ മുൻകൈയ്യെടുക്കണം. കൃഷിവകുപ്പിൽ വേൾഡ് ട്രേഡ് ഓർഗനൈസേഷൻ സെല്ലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. കാലത്തിന്റെ മാറ്റങ്ങളെ തിരിച്ചറിഞ്ഞ് മുമ്പോട്ട് പോകാതെ നമ്മുടെ കാർഷിക മേഖലയെ സംരക്ഷിക്കാൻ കഴിയില്ല എന്നത് ഒരിക്കൽകൂടി ഓർക്കാം. ഈ ലേഖനത്തിലെ രണ്ട് അനുഭവ കഥകൾ പങ്കുവച്ചത് ഒറ്റപ്പെട്ട അനുഭവങ്ങളല്ല. സംസ്ഥാനത്ത് ആരുമറിയാതെ കർഷകർ സ്വയം തിരഞ്ഞെടുത്ത പ്രതിരോധ മാർഗങ്ങൾ കാണാം. കൃഷിയെ സ്നേഹിക്കുന്ന ഒരുപറ്റം ആളുകൾ അവരുടെ സ്വന്തം സാമർത്ഥ്യം ഉപയോഗിച്ച് നടത്തുന്ന അത്തരം പ്രവർത്തനങ്ങളിലൊന്ന് ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളു.

ചെറുവള്ളിയിലെ വാനില കർഷകന്റെയും മണിമലയിലെ കൊക്കോ ഉത്പാദകരുടെയും സംഘടിത ശ്രമങ്ങളെയും കൂട്ടി വായിക്കുമ്പോൾ വാനില പോലുള്ള ഉത്പന്നങ്ങൾക്ക് വിലയിടിവുണ്ടായപ്പോൾ അത് സംഭരിക്കാനുള്ള ശേഷിയും സംവിധാനവും നമുക്കുണ്ടായിരുന്നെങ്കിൽ എന്നാശിച്ചു പോയി. അതോടൊപ്പം റബറിനെ വിലയിടിവിന് ചർച്ചകളും സെമിനാറുകളുമല്ല പ്രായോഗികമായ നഷ്ടം നികത്താനുള്ള ഇടപെടലാണെന്നും കൊക്കോ കർഷകരുടെ ശ്രമങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. ആഗോള ഭീമൻമാരെ പിടിച്ചുകെട്ടാനുള്ള തന്ത്രങ്ങളാലോചിച്ച് പലരും പോകുമ്പോൾ പ്രായോഗികതയുടെ വിത്തുവിതച്ച് ഈ കർഷകർ മുന്നോട്ടു പോകുന്നു. തലവേദനയ്ക്കുള്ള മരുന്ന് ചോദിക്കുന്ന നമ്മുടെ ശീലം മാറ്റി തലവേദന മാറ്റാനുള്ള മരുന്ന് ചോദിക്കാൻ ഭാഷയുടെ രീതിയിൽ മാത്രമല്ല, നമ്മുടെ സമീപനത്തെയും മാറ്റാം.


ആശംസകൾ....

# കടനാട് സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ : കെ. 2

അന്തിനാട് പി.ഒ., കോട്ടയം ജില്ല,

ഹെഡ് ഓഫീസ് കൊല്ലപ്പിള്ളി – **04822–248872**

e-mail : mutholyeastscb1606@gmail.com

**പ്രസിഡന്റ്**
സാബു പൂവത്തുങ്കൽ
9447568728


**സെക്രട്ടറി ഇൻ–ചാർജ്ജ്**
ലൗലി ജേക്കബ്
9947375239



കഥ

**തേക്കിൻകാട് ജോസഫ്**

# ഭയം



**അയാൾ** കുടയും ബാഗുമെടുത്ത് പുറത്തേക്കിറങ്ങുമ്പോൾ ഭാര്യയെ വിളിച്ചു. 'ശാന്തേ'

അടുക്കളയിൽ കറിക്കരിഞ്ഞുകൊണ്ടിരുന്ന അവൾ നനഞ്ഞ കൈകൾ സാരിത്തുമ്പിൽ തുടച്ച് വേഗം പൂമുഖവാതിലിലേക്ക് വന്നു. ആകാംക്ഷാപൂർവ്വം അയാളുടെ മുഖത്തേക്ക് നോക്കി. പോകാനിറങ്ങുമ്പോൾ ഇങ്ങനെ ഒരു വിളി പതിവില്ലാത്തതാണല്ലോ. ഇതെന്തുപറ്റി?

"ശാന്തേ, നല്ലപോലെ ചേർത്തടച്ച് കുറ്റിയിട്ടോണം.ആരുവന്നു വിളിച്ചാലും തുറക്കരുത്"- അയാൾ കുട നിവർത്തുകൊണ്ട് പറഞ്ഞു.- "ഇന്നത്തെ കാലം വളരെ മോശമാ. നീയ്യ് പത്രങ്ങളൊക്കെ വായിക്കാറില്ലേ? എന്തൊക്കയാ കേക്കണത്."

"ബെല്ലടിച്ചപ്പോ വാതിലു തുറന്ന വീട്ടമ്മയുടെ മാലപറിച്ചോണ്ട് ഓടിയിരിക്കുന്നു.

വേറൊരു പത്രത്തില് വീട്ടമ്മയെ ബലാത്സംഗം ചെയ്ത് കഴുത്തറത്ത് കൊന്നിരിക്കണ്"

എന്തൊക്കെ കേട്ടാലാണ് ഭഗവാനെ ജീവിതം അവസാനിക്കുക.അയാൾ ആരോടെന്നില്ലാതെ പിറുപിറുത്തു. അയാൾ തിരിഞ്ഞു നോക്കി. ഭാര്യ തന്റെ വാക്കു കേട്ടു കുറ്റിയിട്ടിട്ടുണ്ടാകുമോ? ഉണ്ടാവും എന്നയാൾ ആശ്വസിച്ചു എന്നിട്ട് തിരക്കിട്ട് ബസ്സ്റ്റാന്റിലേക്ക് നടന്നു.

ബസ്സ്റ്റാന്റിൽ നല്ല ആൾക്കൂട്ടം. ബസ് വന്നിട്ട് ഏറെ നേരമായിക്കാണും. ആൾക്കൂട്ടത്തിനിടയിൽ നിൽക്കുമ്പോൾ ചുറ്റും നോക്കി. അപരിചിതരായ ആരെങ്കിലും തന്റെ പിന്നിൽ നിൽക്കുന്നുണ്ടോ? ലഹരിമരുന്നു കഴിച്ചു ബോധം നഷ്ടപ്പെട്ട ഏതെങ്കിലും ചെറുപ്പക്കാരൻ പിന്നിൽ നിന്നും കുത്തിയോ?.

അയാളുടെ ഭയം അസ്ഥാനത്തായിരുന്നു. അയാൾക്ക് പിന്നിൽ നിൽക്കുന്നത് ഒരു സ്ത്രീ ആണ്. പരിചയമില്ലെങ്കിലും അവരെ പലവട്ടം ഈ ബസ് സ്റ്റോപ്പിൽ കണ്ടിട്ടുള്ളതാണ്. ഏതോ ഓഫീസിൽ പോകുന്ന സ്ത്രീയാണ്. പരിചയപ്പെട്ടിട്ടില്ല.അല്ലെങ്കിലും ആരെയും കേറി പരിചയപ്പെടുന്ന ശീലം അയാൾക്ക് പണ്ടേയില്ല.



ബസ് വന്നു. യാത്രക്കാരുടെ നല്ല തിരക്ക്. എന്നാലും ഇടിച്ചു കയറണം. ഓഫീസിൽ വൈകിച്ചെല്ലുന്നത് അയാൾക്കിഷ്ടമല്ല. ആളുകൾ തിക്കിതിരക്കി കയറി. യാത്രക്കാർക്കിടയിൽ വീർപ്പുമുട്ടി നിൽക്കുമ്പോൾ അയാൾ ഭയന്നു. ആരെങ്കിലും തന്റെ പേഴ്സ് അടിച്ചോണ്ട് പോകുമോ?

ഇന്നലെ ശമ്പളം കിട്ടിയ തുക പേഴ്സിലുണ്ട്. അതിൽ 15000 രൂപ ബാങ്കിലടയ്ക്കാനുള്ളതാണ്! വീടുപണിക്ക് ലോണെടുത്ത വകയിൽ. 5000 രൂപ ഓഫീസിലെ ക്ലാർക്ക് വാസന്തിയോട് കടം വാങ്ങിയതാണ്. വാസന്തി ഇന്നലെ ലീവിലായിരുന്നു. പിന്നെ പത്തോ ആയിരമോ രൂപ പേഴ്സിൽ കാണും.

തിരക്കിനിടയിൽ അയാൾ വലംകൈ പിന്നിലേക്ക് തിരിച്ച് പേഴ്സ് പാന്റിന്റെ പോക്കറ്റിലുണ്ടെന്ന് ഉറപ്പുവരുത്തി.

ഹിപ്പ് പോക്കറ്റിന്റെ ബട്ടൻസ് ഒന്നുകൂടി മുറുക്കി. തിരക്കിൽ ചില സമർത്ഥരായ കള്ളൻമാർ വിരലുകൾക്കിടയിൽ ബ്ലേഡ് കഷ്ണം തിരുകി പാന്റിന്റെ പോക്കറ്റ് വിദഗ്ദ്ധമായി കീറി പേഴ്സ് അടിച്ചോണ്ട് പോയതായി അയാൾ പത്രത്തിൽ വായിച്ചിട്ടുണ്ട്. അയാൾ സാവകാശം കഴുത്ത് തിരിച്ച് പിന്നിൽ നിൽക്കുന്നത് ആരെന്ന് നോക്കി. ഒരു കറുത്ത ആജാനുബാഹു. അയാളെ മുൻപൊരിക്കലും കണ്ടിട്ടില്ല. ഒരു കൈകൊണ്ട് മുകളിലത്തെ കമ്പിയിൽ പിടിച്ച് മറ്റേ കൈ താഴ്ത്തിയിട്ടിരിക്കുകയാണ് അയാൾ. ആ വിരലുകൾക്കിടയിൽ ബ്ലേഡ് കഷ്ണം ഉണ്ടോ എന്ന് നോക്കാൻ നിവൃത്തിയില്ല. ഏതു നിമിഷവും തന്റെ പേഴ്സ് അയാൾക്ക് അടിച്ചുമാറ്റാം. അയാളുടെ ചങ്കിടിപ്പ് വർദ്ധിച്ചു.

ഡ്രൈവർ പെട്ടെന്ന് ബസ് സഡൻബ്രേക്ക് ഇട്ടു. അതിന്റെ ആഘാതത്തിൽ ആജാനുബാഹു അയാളുടെ മുതുകത്തേക്ക് വീണു. ഇപ്പോൾ പേഴ്സ് അടിച്ചോണ്ടുപോകുവാൻ സൗകര്യമാണ്. കമ്പിയിലെ പിടുത്തം വിട്ടുപോകുമോ എന്നയാൾ ഭയപ്പെട്ടു. ബസിന്റെ കുലുക്കം ശാന്തമായി. അയാൾ വീണ്ടും കൈ താഴ്ത്തി പോക്കറ്റ് തപ്പി. പേഴ്സ് അവിടെതന്നെയുണ്ട്. അയാൾ തെല്ലിട ആശ്വസിക്ക മാത്രമല്ല ഈശ്വരന് നന്ദിയും പറഞ്ഞു. ഗണപതിക്കു മുൻപിൽ തൊഴുത് അഞ്ചുരൂപ കാണിക്കയിടാമെന്ന് വഴിപാട് നേരുകയും ചെയ്തു.

ഗണപതി പ്രസാദിച്ചതാണോ എന്നറിയില്ല. അയാൾ നിന്നിരുന്ന അടുത്ത സീറ്റിലിരുന്ന ആൾ അ

യാത്രയിലേ, ബസ്സ്റ്റാന്റിലോ ആരെങ്കിലും ഇങ്ങോട്ട് കേറിവന്ന് പരിചയപ്പെടാൻ ശ്രമിച്ചാൽ ഒന്നോ രണ്ടോ വാക്കുകളിൽ ഒതുക്കും. അതയാളുടെ പ്രകൃതമാണ്. ഓഫീസിലുള്ളവർ അന്തർമുഖനായ മനുഷ്യൻ എന്നാണ് അയാളെ വിശേഷിപ്പിക്കാറ്.

ടുത്ത സ്റ്റോപ്പിൽ ഇറങ്ങുവാനായി എഴുന്നേറ്റു. അടുത്തു നിന്ന ആളെ അല്പം തള്ളിമാറ്റി അയാൾ സീറ്റിൽ ഇരുന്നു. ഇരുന്നു കഴിഞ്ഞാണ് ശ്രദ്ധിച്ചത്. ഒരു മദ്ധ്യവയസ്കയാണ് അടുത്ത സീറ്റിൽ. താൻ അവിടെ ഇരുന്നത് അവർക്ക് ഇഷ്ടമാകുമോ എന്നയാൾ ഭയന്നു. അവർ എതിർപ്പ് പ്രകടിപ്പിച്ചാൽ ആകെ നാണക്കേടാവില്ലേ? അനുവാദം വാങ്ങേണ്ടതായിരുന്നു എന്നയാൾക്കു തോന്നി. ഇനി വരുന്നിടത്തു വച്ച് കാണാം എന്നയാൾ ആശ്വസിച്ചു. ഒന്നും സംഭവിച്ചില്ല. അയാൾ അടുത്തിരുന്നതു പോലും അവർ ശ്രദ്ധിച്ചില്ല.

സീറ്റു കിട്ടി ഇരുന്നപ്പോൾ അയാൾക്ക് കൂടുതൽ ആധിയായി. എട്ടുവയസ്സുള്ള മോൾ സ്കൂളിലേക്ക് നടന്നാണ് പോയത്. വിജനമായ ഒരു ഇടവഴിയിലൂടെ വേണം സ്കൂളിലെത്താൻ. ആരെങ്കിലും കുട്ടിയെ ബലമായി പിടിച്ചുകൊണ്ടു പോകുമോ? കഴിഞ്ഞ ദിവസം പത്രത്തിൽ വായിച്ചതേ ഉള്ളു. കാറിൽ വന്ന ഒരു സംഘം ഒരു പതിമൂന്നുകാരിയെ പിടിച്ച്, വായ് പൊത്തി ബലമായി കാറിൽ കയറ്റിക്കൊണ്ടുപോയതും നാൽവർ സംഘം ആ കുട്ടിയെ പീഡിപ്പിച്ചതും. ബഹളമുണ്ടാക്കിയപ്പോൾ വായ് പൊത്തി. ആ കുട്ടി ശ്വാസം മുട്ടി മരിച്ചുവത്രേ. നാലുപേരുടെ ബലാത്സംഗത്തിനിരയായ ആ കുട്ടി...... ചാനലുകളിലേയും പത്രതാളുകളിലേയും വിവരങ്ങൾ വായിച്ചപ്പോൾ അയാളുടെ കണ്ണു നിറഞ്ഞിരുന്നു. ഇപ്പോൾ അക്കാര്യം ഓർമ്മവന്നപ്പോൾ അയാളുടെ സിരകളിൽ ഭയം ഇരച്ചു കേറി. തന്റെ മകൾ.

അയ്യോ... അയാളറിയാതെ ശബ്ദം തൊണ്ടയിൽ നിന്നു പുറത്തു വന്നു

പെട്ടെന്നാണ് അയാൾക്ക് പരിസരബോധമുണ്ടായത്. അയാളുടെ ശബ്ദം കേട്ട് ബസിൽ ഉണ്ടായിരുന്നവർ തിരിഞ്ഞു നോക്കി. തൊട്ടടുത്തിരുന്ന സ്ത്രീ ഈർഷ്യയോടെ നോക്കി. താനൊരു ഭ്രാന്തനോ ഞരമ്പു രോഗിയോ ആണെന്ന് അവർ കരുതിക്കാണും. അവർ സീറ്റിൽ കുറച്ചുകൂടി ഒതുങ്ങിയിരുന്നു. അയാൾക്ക് ജാള്യം തോന്നി.

അയാൾ പെട്ടെന്ന് സീറ്റിൽ നിന്ന് എഴുന്നേറ്റ് തിരക്കിലൂടെ പുറകിലേക്ക് നീങ്ങി. അടുത്ത സ്റ്റോപ്പിൽ ഇറങ്ങണമോ വേണ്ടയോ എന്നായി ചിന്ത. യാത്രക്കാർ അയാളുടെ നീക്കങ്ങൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ചിലർ അടക്കം പറയുന്നതും അയാൾ ശ്രദ്ധിച്ചു. പക്ഷെ എന്താണ് പറയുന്നതെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല.

"അടുത്ത സ്റ്റോപ്പിൽ വണ്ടി നിർത്ത്".

അയാൾ പറഞ്ഞതു അൽപ്പം ഉറക്കെയായിപോയോ?. ആളുകൾ വീണ്ടും തിരിഞ്ഞു നോക്കി. ആരോടോഉള്ള അരിശം തീർക്കാനെന്ന മട്ടിൽ കണ്ടക്ടർ ബെല്ലടിച്ചു. സഡൻബ്രക്ക് ഇട്ടപോലെ ബസ് നിന്നു. കണ്ടക്ടർ ആക്രോശിച്ചു.

"ഓരോ നാശങ്ങള് വന്ന് വലിഞ്ഞുകേറികൊള്ളും ഇറങ്ങടോ"

തികച്ചും അപമാനിതനായി അയാൾ ബസ്സിൽ നിന്ന് ഇറങ്ങി. ബസ് സ്റ്റോപ്പിലേക്ക് ഇനിയും കുറെ ദൂരമുണ്ട് അയാൾ റോഡിന്റെ ഓരം ചേർന്ന് നടന്നു. സൈലൻസർ ഇല്ലാതെ ശബ്ദമുണ്ടാക്കുന്ന ഒരു ബൈക്കിൽ ഒരു ഫ്രീക്കൻ ദിഗന്തം പൊട്ടുമാറുച്ചത്തിൽ ശബ്ദമുണ്ടാക്കി അയാളെ പേടിപ്പിച്ചുകൊണ്ട് കടന്നു പോയി. അയാൾ പേടിയോടെ കുറെക്കൂടി ഓരം ചേർന്ന് മുന്നോട്ടു നടന്നു.

അപ്പോഴാണ് അയാൾക്ക് കോളേജിൽ പോയ മകനെക്കുറിച്ച് ഓർമ്മ വന്നത്. അവന്റെ അമ്മയുടെ നിർബന്ധത്തിന് വഴങ്ങിയാണ് ബൈക്ക് വാങ്ങിക്കൊടുത്തത്. അതും ലോണെടുത്തതാണ്. കോളേജിൽ അവന്റെ കൂട്ടുകാരെല്ലാം ബൈക്കിലാണത്രേ വരുന്നത്.

അയാൾക്ക് പേടിയായി. കടന്നുപോയ ഫ്രീക്കനെപ്പോലെ തന്റെ മകനും ആളെ പേടിപ്പിച്ച് അമിതവേഗത്തിൽ ബൈക്കോടിക്കുന്നവനാണോ? ഇപ്പോഴത്തെ യുവ തലമുറ എങ്ങോട്ടാണ് പോകുന്നതെന്ന് പറയാനാവില്ല. യുവത്വത്തിന്റെ കുതിര ശക്തിയിൽ ബൈക്ക് പറത്തിവിട്ട് ഏതെങ്കിലും ലോഡു കയറ്റിവരുന്ന ടോറസ്സ് വണ്ടിയുടെ അടിയിൽപെട്ടാൽ...

അയാൾ പെട്ടെന്ന് തന്റെ അശുഭചിന്തകൾക്ക് കടിഞ്ഞാണിട്ടു. അങ്ങനെ സംഭവിക്കാതിരിക്കട്ടെ. അയാൾ മനസ്സുകൊണ്ട് പ്രാർത്ഥിച്ചു.ആകെയുള്ള ഒരാൺതരിയാണ്. അവനിലാണ് ഇനി കുടുംബത്തിന്റെ പ്രതീക്ഷ. തനിക്കിപ്പോൾ റിട്ടേർമെന്റിന്റെ കൗണ്ട് ഡൗൺ ആണ്. ജീവിതത്തിലും അങ്ങനെയാവാം.

ആകെയൊരു വീടല്ലാതെ ഒന്നും സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ല. സഹപ്രവർത്തകരിൽ പലരും കാറിൽ ഓഫീസിൽ എത്തുമ്പോൾ അയാൾ കുട ചൂടി വിയർത്തൊലിച്ച് ഓഫീസിന്റെ പടി കയറുന്നു. ചുവപ്പുനാടയിട്ടു കെട്ടിവെച്ചിരിക്കുന്ന ഫയലിന്റെ ഓരോ ജീവിതത്തിനും വിലയിടാവുന്നതാണ്.

പ്രധാനമന്ത്രിയുടെ നോട്ടു നിരോധനത്തോടെ ഇപ്പോൾ രണ്ടായിരത്തിന്റെ നോട്ടാണ് പലർക്കും കൈമടക്കായി കിട്ടുന്നത്. അവർക്ക് മുഷിഞ്ഞിരുന്നു എണ്ണിത്തീർക്കേണ്ടിവരുന്നില്ല.

സഹപ്രവർത്തകർ അയാളെ സഹതാപത്തോടെ നോക്കും. എന്തൊരു മനുഷ്യനാണ്. ജീവിക്കാൻ ഇനിയും പഠിച്ചിട്ടില്ല.

അവരുടെ കമന്റുകൾ അയാൾ കേട്ടതായി ഭാവിക്കാറില്ല. ഭയമാണ് അയാളെ ഭരിക്കുന്നത്. കൈക്കൂലികേസിൽ പിടിവീണാൽ ഞാൻ മാത്രമല്ല തന്റെ കുടുംബമൊന്നാകെയാണ് തകരുക. ഭാര്യയും മക്കളും പുച്ഛത്തോടെ നോക്കിയെന്നിരിക്കും.

തനിക്കൊപ്പം ജോലിയിൽ പ്രവേശിച്ച ഗോപിനാ

ഥൻ നായർ നഗരത്തിന്റെ ഹൃദയഭാഗത്ത് ഇരുപതുസെന്റ് സ്ഥലം വാങ്ങി അതിലൊരു മനോഹരമായ ഇരുനില വീടുവെച്ചു. അയാളുടെ കാർപോർച്ചിൽ മുന്തിയ ഇനത്തിൽപ്പെടുന്ന രണ്ടു കാറുകളാണ് കിടക്കുന്നത്. രാവിലെ ഓഫീസിൽ വരുമ്പോൾ കൊണ്ടുവരുന്ന കാറല്ല വൈകിട്ട് ക്ലബ്ബിൽ പോകുമ്പോൾ എടുക്കുക. അയാളുടെ ഭാര്യയും കുട്ടികളും ആഡംബര ജീവിതമാണ് നയിക്കുന്നത്.

അപകടമൊന്നും കൂടാതെ മകൻ കോളേജിലെത്തണമെന്ന് അയാൾ ഉള്ളുരുകി പ്രാർത്ഥിച്ചു.അയാൾ അടുത്ത ബസ്സ്റ്റോപ്പിലേക്ക് തിടുക്കത്തിൽ നടന്നു. വഴിയരുകിൽ ചെറിയ പൊന്തക്കാടുണ്ട്. പൊന്തക്കാടുകൾ പാമ്പുകളുടെ താവളമാണെന്ന് അയാൾ കേട്ടിട്ടുണ്ട്. വഴിയുടെ ഓരം ചേർന്ന് നടക്കുമ്പോൾ എതെങ്കിലും പാമ്പു ഇഴഞ്ഞുവന്നു അയാളെ കൊത്തുമോ എന്നയാൾ ഭയന്നു.

അയാളുടെ ഭയം അസ്ഥാനത്തായി. സർപ്പദംശനം ഏൽക്കാതെ തന്നെ അയാൾ ബസ് ഷെൽട്ടറിൽ എത്തി. പിന്നീട് വന്ന ബസ്സിൽ തിരക്കുണ്ടായിരുന്നില്ല. എന്നു മാത്രമല്ല. അയാൾക്കിരിക്കാൻ രണ്ടുപേർക്കിരിക്കാവുന്ന ഒരു സീറ്റ് മുഴുവനായി കിട്ടി. അയാൾ ആശ്വാസത്തോടെ സീറ്റിൽ ഒതുങ്ങിയിരുന്നു. വാസന്തിയോട് ഒരു മാസത്തേക്ക് കൂടി അവധി ചോദിച്ചാലോ?

മോൾക്ക് പുതിയ യൂണിഫോറം തുന്നണം. കഴിഞ്ഞവർഷത്തേത് നിറം മങ്ങിയെന്ന് അവൾ പലപ്പോഴായി പരാതി പറയുന്നുണ്ട്. അവളുടെ കൂട്ടുകാരികൾ അവളെ കളിയാക്കുന്നുണ്ടത്രേ. മോനും ഒരു ഷർട്ട് വാങ്ങണമെന്ന് പലതവണ പറഞ്ഞു. കൂട്ടുകാർക്കിടയിൽ അവനും ഷൈൻ ചെയ്യാൻ ആഗ്രഹം കാണില്ലേ?. ഒരു പുതിയ ജീൻസുകൂടി കിട്ടിയാൽ അവന്റെ സന്തോഷം ഇരട്ടിയാകും. എല്ലാറ്റിനും കൂടി 5000 രൂപ തികയില്ല. വീട്ടുചിലവിനു ഭാര്യയെ ഏൽപ്പിച്ച തുകയിൽ നിന്നു 2000 രൂപ കടം വാങ്ങാം.അവൾ എങ്ങനെയും അത് അഡ്ജസ്റ്റ് ചെയ്തുകൊള്ളും.

ബസ്സിന്റെ ടയർ ഉരയുന്ന ശബ്ദം കേട്ട് അയാൾ ചിന്തയിൽ നിന്നുണർന്നു.

എതിരെ വന്ന കാറുമായി കൂട്ടിയിടിക്കേണ്ടതാണ്. ബസ് ഡ്രൈവറുടെ സാമർത്ഥ്യം കൊണ്ട് വലിയ ദുരന്തം ഒഴിവായി. ഒരു ആഡംബര കാറാണ്! ഓടിച്ചിരുന്നത് ഒരു ചെറുപ്പക്കാരനും. അയാൾ മറ്റൊരു വണ്ടിയെ ഓവർടേക്കു ചെയ്തു കയറിവന്നതാണ്.

ഇന്നലെയും അയാൾ പത്രത്തിൽ വായിച്ചതാണ്, ഒരു ഭാരവണ്ടിയുമായി കൂട്ടിയിടിച്ച കാറിലെ അഞ്ചു യാത്രക്കാരും മരിച്ച കഥ. അത് ഇതുപോലെ കാർ ഡ്രൈവു ചെയ്ത ആളിന്റെ കൈയിലെ കുഴപ്പമാണെന്നാണ് ദൃക്സാക്ഷികൾ പറഞ്ഞത്.


ആശംസകൾ....

സഹകരണ ബാങ്കുകളിലെ നിക്ഷേപം നാടിന് കരുത്ത്

# നീലൂർ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ : കെ. 51

Class 1 Spl. Grade Bank

ഹെഡ് ഓഫീസ്

04822-221252, 221706

9400101252

e-mail : neeloorscbk51@gmail.com

61 വർഷത്തെ സേവന പാരമ്പര്യം

ബ്രാഞ്ചുകൾ

| കുറുമണ്ണ് | മേരിലാന്റ് | കാവുംകണ്ടം |
|---|---|---|
| 04822-221251 | 04822-221250 | 04822-246235 |

നിക്ഷേപങ്ങൾ പൂർണ്ണ സുരക്ഷിതം ഇൻഷുറൻസ് പരിരക്ഷ.

എല്ലാ ബ്രാഞ്ചുകളിലും സേഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യം

പ്രസിഡന്റ്
പ്രൊഫസർ ജോസഫ് കൊച്ചുകുടി
04822-221323, 9447356388/9961015915

സെക്രട്ടറി
ജോയി അഗസ്റ്റിൻ
04822-221815, 9495165076

മരണത്തിന്റെയും ചോരയുടെയും മണം അയാളുടെ നാസാരന്ധ്രങ്ങളിലേക്ക് അടിച്ചുകയറി. അയാൾ പാന്റിന്റെ പോക്കറ്റിൽ നിന്നും തൂവാലയെടുത്ത് മുഖം തുടച്ചു. ഡ്രൈവറും കാറിലെ ചെറുപ്പക്കാരനുമായുള്ള വാക്കേറ്റം  മൂർധന്യത്തിലെത്തി. ബസിലെ യാത്രക്കാരിൽ ചിലർ ഇറങ്ങിച്ചെന്ന് ബഹളം വച്ചു. അതോടെ ചെറുപ്പക്കാരന്റെ കലിയടങ്ങി.

അയാൾ ഒന്നും കേൾക്കാതിരിക്കാൻ ചെവി പൊത്തി, നിസ്സംഗനായി ഇരുന്നു.

ബഹളം ശമിച്ചു വണ്ടി വീണ്ടും പുറപ്പെട്ടു. ഓഫീസിനടുത്തുള്ള സ്റ്റോപ്പിലിറങ്ങി. അയാൾ കുടു നിവർത്തുന്നതിനിടയിൽ കണ്ട കാഴ്ച അയാളെ സ്തബ്ധനാക്കി.

തന്റെ മകൻ ബൈക്കിന്റെ പിന്നിലൊരു പെൺകുട്ടിയേയും ഇരുത്തി ഓടിച്ചുപോകുന്നു. അയാൾക്കു തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. അവന്റെ പ്രണയിനി ആയിരിക്കുമോ? കോളേജിലേക്ക് യാത്ര തിരിച്ച അവൻ ഇപ്പോൾ എങ്ങോട്ടാണ് ? ഒരുപക്ഷേ അവളുമൊത്ത് സിനിമാതീയറ്ററിലേക്കാവാം. അല്ലെങ്കിൽ പാർക്കിലേക്കോ, കടൽപ്പുറത്തേക്കോ? ഇനി ഏതെങ്കിലും റിസോർട്ടിലോ ഹോട്ടലിലോ പോയി അവളുടെ മാനം കവരുമോ? ഒരു പക്ഷേ എല്ലാം വിശ്വസിച്ചാവണം അവൾ അവന്റെയൊപ്പം യാത്ര ചെയ്യുന്നത്. അവളുടെ വിശ്വാസങ്ങളെ ഊതിക്കെടുത്തി അവൻ അവളെ വഞ്ചിച്ചാൽ... ചാരിത്ര്യം കവർന്നെടുത്താൽ... അവൾ ഗർഭിണിയായാൽ... അയാൾക്കു തല പുകയുന്നതുപോലെ തോന്നി. സ്വതേ ഉള്ള രക്തസമ്മർദ്ദം കൂടി അയാൾ വഴിയിൽ വീഴുമോ എന്നു ഭയന്നു.

"ഒന്നും സംഭവിക്കല്ലേ! ആ നിഷ്കളങ്കയായ പെൺകുട്ടിയെ അങ്ങു കാത്തുകൊള്ളേണമേ" അയാൾ ഈശ്വരനോടു പ്രാർത്ഥിച്ചു.

എന്തോ ഒരുൾഭയം അയാളെ വല്ലാതെ ഭരിക്കാൻ തുടങ്ങി. നടപ്പാതയിലൂടെ നീങ്ങുമ്പോഴാണ് ടാർപ്പോളിൻ ചാർത്തായി കെട്ടിയ ഒരു ചെറിയ കട അയാളുടെ ശ്രദ്ധയിൽപ്പെട്ടത്. ഇതിനു മുൻപ് എത്രയോ പ്രാവശ്യം ഇതിലെ കടന്നുപോയിട്ടുള്ളതാണ്. എന്തോ അയാളുടെ കണ്ണിൽപെട്ടില്ല.

പലതരത്തിലുള്ള കത്തികൾ നിരത്തി വച്ചിരിക്കുന്നു. മലപ്പുറം കത്തി മുതൽ കറിക്കരിയുന്ന കത്തികൾ വരെ. വെട്ടുകത്തികൾ മുതൽ ഇരുവശവും മൂർച്ചവരുത്തിയവ വരെ. എല്ലാറ്റിന്റെയും വായ്ത്തലകൾ തിളങ്ങുന്നു. അവ തന്നെ മാടിവിളിക്കുന്നതുപോലെ.

അയാൾ കടയിലേക്കു നൂണ്ടു കയറി. താടി വച്ച കടക്കാരൻ ചോദിച്ചു.

"എന്തേ"? അയാൾ ഓരോ കത്തിയും മാറി മാറി നോക്കി. അവസാനം ഇരുവശവും മൂർച്ചയുള്ള കത്തി തന്നെ തെരഞ്ഞെടുത്തു.

കടക്കാരൻ പറഞ്ഞ വിലതന്നെ കൊടുത്ത് അയാൾ അത് തന്റെ ബാഗിൽ ഭദ്രമായി വച്ചു ബാഗടച്ചു.

ഓഫീസിന്റെ നട കയറുമ്പോൾ അയാളെ വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു. അയാൾ കുട മടക്കി കൈയിൽ തൂക്കി തൂവാലയെടുത്ത് മുഖത്തെ വിയർപ്പു തുടച്ചു. അപ്പോഴാണ് തൂണിൽ കെട്ടിവച്ചിരിക്കുന്ന കറുത്ത കൊടി അയാളുടെ ദൃഷ്ടിയിൽപ്പെട്ടത്. ഓഫീസിലെ മറ്റു ജീവനക്കാർ കൂട്ടം കൂടി വരാന്തയിലുണ്ട്. അവർ എന്തൊക്കെയോ അടക്കം പറയുന്നു.

ഓഫീസിലെ പ്യൂൺ ശങ്കരൻ ഓടിവന്നു അയാൾ ആ നടുക്കുന്ന വാർത്ത പറഞ്ഞു.

"വാസന്തിചേച്ചി മരിച്ചു. മുറിയിലെ ഫാനിൽ കെട്ടിത്തൂങ്ങിയാ മരണം. ഒറ്റയ്ക്കായിരുന്നല്ലോ ചേച്ചീടെ താമസം. രാവിലെ പാൽക്കാരി ചെന്നു വിളിച്ചിട്ട് വാതില് തൊറക്കണില്ല. ജനാല തൊറന്നപ്പളാ കണ്ടത് ഫാനിൽ തൂങ്ങി നിക്കണു. എന്തു ചെയ്യാം ഓരോ മനുഷ്യന്റെ വിധി. അത്ര തന്നെ"

അയാൾ കണ്ണടയെടുത്തു കണ്ണു തുടച്ചു. അയാൾ പേഴ്സ് തപ്പി. അത് സുരക്ഷിതമായി അവിടെയുണ്ട്. ബാഗിനുള്ളിൽ അയാൾ വാങ്ങിയ കത്തിയും.

അയാൾ വരാന്തയിലെ ബെഞ്ചിൽ തളർന്നിരുന്നു.






**ലേഖനം**

**സ്റ്റീഫൻ ജോർജ്**

ജനറൽ സെക്രട്ടറി
കേരളകോൺഗ്രസ്(എം)


# കെ.എം.മാണി സാർ;
## നേതാവിലെ മനുഷ്യനും മനുഷ്യനിലെ നേതാവും

**മനുഷ്യത്വപരമായ** സമീപനവും കാരുണ്യപരമായ ഇടപെടലുകളും ആത്മാർത്ഥമായ സമീപനങ്ങളും കൊണ്ട് ജനഹൃദയങ്ങളിൽ വ്യക്തിത്വത്തിന്റെ കൈയ്യൊപ്പ് ചാർത്തിയ മഹാനായ ജനനായകനാണ് മാണിസാർ. പൊതുപ്രവർത്തകർ പാഠപുസ്തമാക്കേണ്ട മാതൃകാപരമായ പൊതുജീവിതവുമായാണ് മാണിസാർ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയത്.

മാതൃകാ പുരുഷനായ ജനപ്രതിനിധി, ഒട്ടേറെ സാമൂഹിക മാറ്റങ്ങൾക്ക് വഴി തെളിച്ച ഭരണാധികാരി എന്നീ നിലകളിൽ അഞ്ച് പതിറ്റാണ്ടുകൾ കേരളീയ പൊതു സമൂഹത്തിൽ നിറഞ്ഞുനിന്ന കരുത്തനായ ജനനേതാവ് എന്ന നിലയിൽ കെ.എം.മാണി സാറിനെ ചരിത്രം ഭാവിതലമുറകൾക്കായി അടയാളപ്പെടുത്തുന്നതിന്റെ പിന്നിൽ ഒരു നാടിന്റെയും ജനതയുടെയും നിലനിൽപ്പിനും അതിജീവനത്തിനുമായി അദ്ദേഹം നടത്തിയ പ്രതിജ്ഞാബദ്ധമായ പ്രയത്നങ്ങളാണ്.

ജനങ്ങളുടെയും നാടിന്റെയും വികാസവഴികളുടെ അകക്കാമ്പ് തൊട്ടറിഞ്ഞ ദാർശനികനായ ജനനേതാവാണ് കെ.എം മാണിസാർ. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ഇവിടുത്തെ ജനജീവിതത്തിന്റെ തുടിപ്പുകളും അവഗാഹമായി പഠിച്ച് നാടിന്റെ പുരോഗതിക്കായി മാണിസാർ മുന്നോട്ടുവച്ച 'അദ്ധ്വാനവർഗ്ഗ സിദ്ധാന്തം' പുരോഗതി കാംഷിക്കുന്ന ഏതൊരു ജനസമൂഹത്തിന്റെയും വികസന സ്വപ്നങ്ങളുടെ അടിസ്ഥാന പ്രമാണമാണ്.

ഇൻഡ്യയെന്ന ഫെഡറൽ രാജ്യത്തിന്റെ സുഗമമായ പ്രയാണത്തിനും നാടിന്റെ വളർച്ചക്കും പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നിലനിൽപ്പും സാന്നിദ്ധ്യവും ഒരു അനിവാര്യ ഘടകമാണെന്ന് രാജ്യത്തെ ബോദ്ധ്യപ്പെടുത്തിയവരിൽ പ്രാമാണിക സ്ഥാനമാണ് കെ.എം.മാണി സാറിന് ദേശീയ രാഷ്ട്രീയത്തിലുള്ളത്. പ്രത്യയ ശാസ്ത്രപരമായ അടിത്തറയിൽ കേരളാ കോൺഗ്രസ് പാർട്ടിക്ക് നേതൃത്വം നൽകിക്കൊണ്ട് ഭാരതത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും വേണ്ടി ജനാധിപത്യപരമായി നിലകൊള്ളുന്നവരാകണം രാജ്യത്തെ പ്രാദേശിക രാഷ്ട്രീയ പാർട്ടികൾ എന്ന സന്ദേശം ഇൻഡ്യക്ക് നൽകിയ മഹാനായ രാഷ്ട്രീയ നേതാവ് എന്ന സ്ഥാനമാണ് ദേശീയ രാഷ്ട്രീയത്തിൽ മാണി സാറിനുള്ളത് എന്നത് നമുക്കെല്ലാം അഭിമാനകരമാണ്.

അനിതരസാധാരണമായ ദീർഘവീക്ഷണപാടവമാണ് മാണിസാറിനെ ഇതര നേതാക്കളിൽ നിന്നും വ്യത്യസ്തനാക്കാക്കി മാറ്റിയത്. പുതിയ തലമുറയെ രാഷ്ട്രീയ രംഗത്ത് ഉറപ്പിച്ചു നിർത്തുവാനും ഭാവിതലമുറയെ നയിക്കുവാൻ അവരെ പ്രാപ്തരാക്കുംവിധം ശ്രദ്ധയോടെ വളർത്തിയെടുക്കുവാനും മാണിസാർ പുലർത്തിയ ശ്രദ്ധ ജനാധിപത്യ മേഖലയ്ക്കാകെ മാതൃകയാണ്. ഇളംതലമുറക്കാരായി വളർന്നു വരുന്ന നേതാക്കളുടെ വ്യക്തിപരമായ കാര്യങ്ങളിൽവരെ അദ്ദേഹം പുലർത്തിയ ശ്രദ്ധയും കരുതലും സംരക്ഷണവും അനുഭവിക്കാത്ത ഏതെങ്കിലുമൊരു നേതാവ് കേരളാ കോൺഗ്രസ് മേൽ

വിലാസത്തിലുണ്ടോ എന്ന് സംശയമാണ്. മികച്ച പൊതു പ്രവർത്തകരായി വളർന്നു വരുവാൻ ആഗ്രഹിക്കുന്ന ഏതൊരു കേരളാ കോൺഗ്രസുകാരന്റെയും വ്യക്തിത്വത്തിൽ തണൽ വിരിച്ച സ്നേഹ സ്പർശമായിരുന്നു മാണി സാർ .



മനുഷ്യത്വത്തിന്റെ ഈ വലിയ വെളിച്ചമാണ് ഭരണാധികാരി എന്ന നിലയിൽ സമൂഹത്തിലേക്കും മാണിസാർ വാരിവിതറിയത്. കുടിയേറ്റ കർഷകർക്ക് പട്ടയം ലഭ്യമാക്കി അവരെ ഭൂമിക്ക് അവകാശികളാക്കി മാറ്റിയപ്പോൾ മണ്ണിന്റെ അവകാശപോരാട്ട ചരിത്രത്തിൽ അത് സുവർണ ചരിത്രമായി.

മണ്ണിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാക്കിയതിലൂടെ അടിസ്ഥാന ജനവിഭാഗക്ഷേമമായിരിക്കണം ഭരണം കൈയ്യാളുന്നവരുടെ പ്രയോരിറ്റി എന്ന സന്ദേശമാണ് വരുംതലമുറ ഭരണാധികൾക്കായി മാണിസാർ നൽകിയത്.

വേദനിക്കുന്നവർക്കൊപ്പം ജീവിതത്തെ ചേർത്തുവച്ച സാന്ത്വന സ്പർശമായിരുന്നു മാണി സാർ. പട്ടിണിപ്പാവങ്ങൾക്ക് മികച്ച നിലവാരത്തിലുള്ള ചികിൽസ ലഭ്യമാക്കിയ കാരുണ്യ പദ്ധതി ഒന്നു മാത്രം മതി മാണിസാർ എന്ന ഭരണാധികാരിയിലെ മനുഷ്യസ്നേഹിയെ മനസ്സിലാക്കാൻ.

മാണിസാർ സംസാരിക്കുന്നത് വളരെ ശ്രദ്ധയോടെയാണ് എന്നും ഏവരും ശ്രവിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഓരോ സംസാരത്തിലും മനുഷ്യോപകാരകരമായ ഒരു ആശയം പുറത്ത് വരുമായിരുന്നു. ഒരു വിദ്യാർത്ഥിയുടെ ഗവേഷണ ബുദ്ധിയോടെ, ഒരു സത്യാന്വേഷകന്റെ ആത്മാർത്ഥതയോടെ നാടിനും ജനങ്ങൾക്കുംവേണ്ടി അവഗാഹമായി പഠിച്ചല്ലാതെ മാണിസാർ സംസാരിക്കാറില്ലായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളല്ലാം വരുംതലമുറക്കുള്ള വലിയ പാഠഭാഗങ്ങളാണ്.

സ്വജീവിതത്തിലാകെ സഹജീവികൾക്കെല്ലാം പ്രാപ്യമായ സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും കാരണ്യത്തിന്റെയും കരുതലിന്റെയും ആൾരൂപമായിരുന്നു മാണിസാർ. ജീവിതത്തിന്റെ ഏതു ഘട്ടത്തിലും മാണിസാർ കരുത്തായി ഒപ്പമുണ്ട് എന്ന വിശ്വാസം കേരളാ കോൺഗ്രസ് പ്രവർത്തകർക്കൊപ്പം പാല നിയോജക മണ്ഡലത്തിലെ ഓരോ വ്യക്തിയും ഹൃദയത്തിലേറ്റിയ ഉറപ്പായിരുന്നു.സ്മരണപോലും മനുഷ്യർക്ക് ആവേശമാക്കുന്ന അപൂർവ വ്യക്തിത്വങ്ങളിൽ ഉജ്ജ്വല വ്യക്തിത്വമാണ് കെ എം.മാണിസാർ .

നേതാവിൽ മനുഷ്യത്വം പ്രതിഷ്ഠിക്കുകയും മനുഷ്യത്വത്തിൽ നേതാവിനെ രൂപപ്പെടുത്തുകയും ചെയ്ത അനിതരസാധാരണമായ മനുഷ്യജന്മമായിട്ടാണ് മാണിസാർ ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നത്.


ആശംസകൾ....

ക്ലാസ് വൺ എ ഗ്രേഡ് ബാങ്ക്

**മുത്തോലി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക്**

ക്ലിപ്തം നമ്പർ : 1606

മുത്തോലി പി.ഒ., കോട്ടയം ജില്ല,
ഹെഡ് ഓഫീസ് പന്തത്തല **205035, 9495000171**
e-mail : mutholyeastscb1606@gmail.com

ബ്രാഞ്ചുകൾ:-
മുത്തോലി കടവ് - 04822-205045, 9495000172
കടപ്പാട്ടൂർ - 04822-215025, 9495000173

നിക്ഷേപങ്ങൾക്ക് ഏറ്റവും കൂടുതൽ
പലിശ നൽകുന്നതോടൊപ്പം
ഇൻഷുറൻസ് പരിരക്ഷയും

**അംഗങ്ങളുടെ എല്ലാവിധ വായ്പാ ആവശ്യങ്ങളും നിറവേറ്റുന്നു.**

സ്വർണ്ണ പണയ വായ്പ ഒരു അംഗത്തിന് 15 ലക്ഷം രൂപാ വരെ.
മുത്തോലി, കടപ്പാട്ടൂർ ബ്രാഞ്ചുകളിൽ
സേഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യം ലഭ്യമാണ്.

പ്രസിഡന്റ്
ജോസഫ് അബ്രാഹം
9447809549

സെക്രട്ടറി
സ്വപ്നാ സോമരാജ്
9447809595



കഥ

പെരുങ്കടവിള വിൻസെന്റ്

# മന്ന പൊഴിയുന്നത് എപ്പോൾ ?



**സമീപത്തെ** ഹോട്ടലിൽ കോഴി ബിരിയാണി പാകമാകുന്നതിന്റെ നറുമണം മണിവർണ്ണന്റെ മൂക്കിൽ, പൂന്തോട്ടത്തിൽ നില്ക്കുമ്പോൾ പൂമണീ എന്ന പോലെ ചോദിക്കാതെയും പറയാതെയും കടന്ന് കയറി ധർണ്ണ തുടങ്ങി. റോഡിന്റെ എതിർവശത്ത് കളക്ട്രേറ്റ് പടിയ്ക്കൽ എന്തിനോ വേണ്ടി ധർണയിലിരുന്നവർ വിശപ്പിന്റെ ജൈവഘടികാരം ഒച്ചവച്ചപ്പോൾ ഓരോരുത്തരായി എണീറ്റുപോയി. ഇത്രയും നേരം ധർണ്ണക്കാരുടെ ആസനം ക്ഷമയോടെ കാത്തു പോന്ന പ്ലാസ്റ്റിക് കസേരകളെ വാടകക്കാരൻ പെട്ടി ഓട്ടോയിൽ അടുക്കുന്നതിനിടയിൽ വല്ലപ്പോഴും ഇങ്ങോട്ട് കണ്ണെറിയുന്നുണ്ട്. ബിരിയാണി മണം അവനെയും തോണ്ടുന്നുണ്ടാവാം.

കറുപ്പയ്യ, മണിവർണ്ണന്റെ വളർത്തച്ഛൻ പട്ടച്ചാരായം മോന്തി ലക്കുകെട്ട് വന്ന്, പണ്ടെന്നോ സമരക്കാർ ഉപേക്ഷിച്ചു പോയ ഫ്ളക്സ് ബോർഡ് കൊണ്ടു മേൽക്കൂരയിട്ട ചായ്പിനുള്ളിൽ കയറി  ഒരു ചെരിപ്പ് എടുത്ത് തയ്ക്കുവാൻ തുടങ്ങി.

മണിവർണ്ണന്റെ മൂക്കിന്റെ വാവട്ടം ബിരിയാണിമണത്തിന്റെ തോതിന് അനുപാതത്തിൽ വലുതായിക്കൊണ്ടിരുന്നു. വായ്ക്കുള്ളിൽ കൊതിക്കപ്പൽ നങ്കൂരമിട്ടു.പോളീഷ് ചെയ്തു കൊണ്ടിരുന്ന ഷൂവിന് മുകളിൽ കൊതിത്തേൻക്കട്ട വീണുടഞ്ഞിടം ചെരുപ്പു തുടയ്ക്കുന്ന തുണികൊണ്ട് അവൻ തുടച്ചു. ഭാ

ഗ്യം പോലീസുകാരൻ ആരോടോ ഫോണിൽ വർത്തമാനം പറയുകയായിരുന്നു. തേൻക്കട്ട ഷൂവിൽ വീണുടഞ്ഞത് പോലീസുകാരൻ കണ്ടിരുന്നെങ്കിൽ എന്തായേനെ എന്ന് ഭയപ്പെട്ട്, ഇനിയും കൊതി ത്തേൻ ഒലിച്ചുവരാതെ ചുണ്ടുകൾ, കീറിയ തോൽ ച്ചെരുപ്പ് തുന്നിച്ചേർക്കും പോലെ ചേർത്തു വച്ചു.

ഷൂ പോളീഷ് ചെയ്തതിന് കിട്ടിയ രൂപ അവൻ തകരപ്പെട്ടിയിൽ ഇട്ടു. അവൻ കറുപ്പയ്യനെ നോക്കി, കറുപ്പയ്യ അവനേയും. അവൻ നിനച്ചതും കൊതിച്ചതും കറുപ്പയ്യ മണം കൊണ്ടറിഞ്ഞു.

'എന്താടാ നിനക്ക് ബിരിയാണി വേണോ?'കറുപ്പയ്യ ചോദിച്ചു. അവൻ തല കുമ്പിട്ടിരുന്നു.

കറുപ്പയ്യ തകര പാത്രത്തിലെ പത്തിന്റെ നോട്ടുകൾ തുപ്പൽ തൊട്ടെണ്ണി അവന്റെ കൈയിൽ കൊടുത്തു.

'ഒരു ബിരിയാണി.' അവൻ നോട്ടുകൾ മേശപ്പുറത്തു വച്ചു. കാഷ്യർ രൂപ എണ്ണി നോക്കി പത്ത് രൂപ തിരികെ കൊടുത്തു. അവന്റെ സംശയക്കണ്ണിന് മറുപടിയായി കടയുടമ പറഞ്ഞു: 'വല്ലപ്പോഴും ഷൂ ഓസിന് പോളീഷ് ചെയ്ത് തരുന്നതല്ലേ, പത്തു രൂപ കുറച്ചു മതി. ആകാശത്ത് മേഘം മാറി പൂനിലാവ് പരക്കും പോലെ അവന്റെ മുഖത്ത് ചിരി പരന്നു.

'ലെഗ് പീസ് വച്ച് തരാമോ?' അവൻ പരുങ്ങലോടെ ചുണ്ടനക്കി.

'എന്താ, നീ ലഗ് പീസേ കഴിക്കൂ?'

അവന്റെ മുഖത്ത് നിലാവ് മാറി മേഘം പടർന്നു.

കടക്കാരൻ അകത്തോട്ടു നോക്കി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'മുരുകാ മണിയ്ക്ക് ഒരു ബിരിയാണി പാർസൽ എടുത്ത് കൊട്, ലെഗ് പീസ് വച്ച്. പൊടിയ്ക്ക് റൈസ് കൂട്ടിയെടുത്തോ. നമ്മുടെ പയ്യനല്ലേ'

കോഴി ബിരിയാണിയുമായി അവൻ ഫ്ളക്സ് ബോർഡ് ഭവനത്തിലെത്തി. കുപ്പിയിൽ കൊണ്ടു വച്ചിരുന്ന വെള്ളം കൊണ്ടു കൈ കഴുകി, അവൻ കാലുമടക്കി നിലത്തിരുന്നു. ബിരിയാണിപ്പൊതി മുമ്പിൽ തുറന്നു വച്ചു. കുമുകുമാ നറുമണം ഉയരുന്ന ബിരിയാണിച്ചോറിന്റെ ഇടയിൽ ഗ്രാമ്പു, ഏലക്കാ, അണ്ടിപ്പരിപ്പ്, കിസ്മിസ് തുടങ്ങിയവർ, തീറ്റയുമായെത്തിയ തള്ളക്കിളിയെ കൂട്ടിലിരുന്ന് കിളിക്കുഞ്ഞുങ്ങൾ നോക്കുന്നപോലെ തല ഉയർത്തി നോക്കുന്നുണ്ട്. അതിനിടയിൽ കോഴിക്കാലിന്റെ എലുമ്പൻ അറ്റം, മീനച്ചലാറ്റിൽ നീന്തുന്ന നീർകാക്കയുടെ ചുണ്ടു പോലെ പുറത്തേയ്ക്ക് ഉന്തി നില്ക്കുന്നു. കോഴിക്കാൽ ഒരു വശത്തേയ്ക്ക് ഒതുക്കി വച്ച് ഒരു പിടി ചോറ് വാരി വായിലേക്ക് വയ്ക്കാൻ തുടങ്ങുന്നനേരം ഒരു കൊച്ചു പെൺകുട്ടിയുടെ കൊതി പടർന്ന കണ്ണുകൾ അതിന് തടസ്സമായി. മാംസം അലിഞ്ഞു എല്ലുപൊതിഞ്ഞ തൊലിച്ചന്തമുള്ള സ്ത്രീയുടെ കൈ പിടിച്ചു ഒരു പാവം .അഴുക്ക് മെഴുകിയ കീറത്തുണി ചുറ്റിയ അമ്മയുടെ ഉണങ്ങിയ ചുള്ളിക്കമ്പുവിരലിൽ തൂങ്ങി ബിരിയാണിയിൽ കൊതിയോടെ നോക്കി നിൽക്കുന്നു.

മണിവർണ്ണന്റെ വിശപ്പാകെ മീനച്ചലാറിൽ മുങ്ങാംകുഴിയിട്ടു. വായിലേക്കുയർന്ന കൈ കോച്ചിപ്പിടുത്തം പോലെ തിരികെപ്പോന്നു. കൈയിലിരുന്ന വറ്റുകൾ കമ്പിത്തിരിപ്പൊരികൾ പോലെ ചിതറിവീണു. അവന്റെ അലിവിന്റെ ഹൃദയമുറ്റത്ത് അയ്യോ ഭാവത്തിന്റെ കരുണമഴ ഇടവപ്പാതി പോലെ പെയ്യാൻ തുടങ്ങി. കെട്ടഴിഞ്ഞ ബിരിയാണിപ്പൊതി, സ്നേഹത്താലത്തിൽ അവൻ അവർക്കു മുമ്പിൽ നീക്കിവച്ചു. കൈവശമുള്ള ഭാണ്ഡക്കെട്ടും, കറുത്ത ഭിക്ഷാപാത്രവും അരികെ വച്ച്, സന്തോഷത്തിളക്കത്തോടെ അവർ ബിരിയാണി കഴിക്കുന്നത് ആത്മനിർവൃതിയോടെ അവൻ നോക്കി നിന്നു. എവിടുന്നോ പറന്ന് വന്ന് അടുത്തിരുന്ന കാക്ക ജോഡിയ്ക്ക് കൊത്തിയെടുക്കാൻ പൊതിയിലെ അവസാന വറ്റുകൾ പോലും ബാക്കി വയ്ക്കാതെ അവർ എണീറ്റു. അമ്മ എച്ചിൽപ്പൊതി ചുരുട്ടി എടുക്കുമ്പോൾ പെൺകുട്ടി നെയ്യ് ഒട്ടിപ്പിടിച്ചിരുന്ന വിരൽ ഈമ്പി. നിറചിരിയുടെ കാണിക്കയിട്ട്, ഈശ്വര ദർശന തുല്യമായ ഹൃദയഭാവത്തോടെ അവർ യാത്രയായി..

കാക്ക ഇരയായ കിളിക്കുഞ്ഞിനെ ദയയില്ലാതെ കൊത്തിക്കുടയും പോലെ ഉച്ചച്ചൂട് നഗരത്തെ കൊത്തിക്കുടഞ്ഞു. വിശപ്പും, ദാഹവും ഓടിപ്പോയിട്ടും, ഉച്ചച്ചൂടു പോലുള്ള തപ്ത ചിന്തകൾ തത്വചിന്തകളായി മണിവർണ്ണനെ കൊത്തിക്കുടഞ്ഞു. അന്യനു മുമ്പിൽ കൈ മലർത്തി നീട്ടുന്നതിൽ മാത്രമല്ല, കമഴ്ത്തി നീട്ടുന്നതിലും ഒരു വിശപ്പടങ്ങൽ, വയലിൽ നടവരമ്പോരത്തെ നനവുള്ള മാളത്തിൽ ഞണ്ടെന്നപോലെ ഒളിച്ചിരിപ്പുണ്ടെന്ന് അവൻ അന്നാദ്യമായി തിരിച്ചറിഞ്ഞു. ഉണ്ണാതെ ഊട്ടുന്നതിന്റെ രുചി.

കറുപ്പയ്യന്റെ ഉച്ചകൂർക്കംവലി മണിവർണ്ണനെ ചിന്തകളിൽ നിന്നും വലിച്ചു പുറത്തിട്ടു. അതിഥികൾ എടുക്കാൻ മറന്നു പോയ കറുത്ത കുടുവൻ ഭിക്ഷാപാത്രം അവനെ പേടിയോടെ നോക്കി. 'ഇനിയവർ എങ്ങനെ ഭിക്ഷ യാചിക്കും? ഭിക്ഷാ പാത്രമല്ലാതെ അവർ വിഷമിക്കില്ലേ? എത്ര തന്നെ വില കുറഞ്ഞതാണെങ്കിലും ഉടമസ്ഥന് അത് നിധി പോലെയല്ലേ? ആ നഷ്ടത്തിന്റെ വേദന എത്ര വലുതായിരിക്കും' തീമഴയിൽ പൊടിപടലങ്ങൾ കരിഞ്ഞ ഇയ്യാംപ്പാറ്റച്ചിറകുകൾ കണക്കെ അലയുമ്പോലെ ചിന്തകൾ.

ഭിക്ഷാപാത്രവുമായി അവൻ ജില്ലാ ആശുപത്രിപ്പടി വരെ ഓടി. അവരെ കണ്ടില്ല. അവിടെ നിന്നും പെരുമ്പാമ്പിനെപ്പോലെ വളഞ്ഞുപുളഞ്ഞു കിടക്കുന്ന ഗുഡ്ഷെപ്പേഡ് റോഡുവഴി റെയിൽവേ സ്റ്റേഷൻ പരിസരത്തെത്തി. എങ്ങും അവരെ കണ്ടില്ല.

ഇപ്പോഴാകട്ടെ വിശപ്പും ദാഹവും ഒളിവിടങ്ങളിൽ

നിന്നുംപുറത്തു വന്ന് കടിയുറുമ്പായി അവനെ കടിക്കാൻ തുടങ്ങി. ഷർട്ടിടാത്ത തമിഴന്റെ കടലത്തട്ടിൽ നിന്ന്, ചീനച്ചട്ടിയിലെ ചട്ടുകത്തിന്റെ തട്ടു മുട്ടു സംഗീതത്തിന്റെ അകമ്പടിയോടെ കപ്പലണ്ടിയുടെ വറകുമണം അവനു മുമ്പിൽ കൊട്ടിപ്പാടി. പോക്കറ്റിൽ ഉറങ്ങിക്കിടന്ന പത്തു രൂപയെ കുത്തിയുണർത്തി തട്ടുകാരന് കൊടുത്ത് ,വറുത്ത കടലയുടെ ഗോപുരപ്പൊതി പകരം വാങ്ങി, ഞരടിക്കൊറിച്ചുകൊണ്ടു അവൻ തിരികെ നടന്നു.

കറുപ്പയ്യ ഉറക്കത്തിന്റെ കയത്തിൽ നീന്തുകയാണ്. നീന്തലിൽ തെറിക്കുന്ന ജലപ്പരപ്പിലെ ഒച്ച പോലെ കൂർക്കംവലി. കുപ്പിയിൽ ബാക്കിയുണ്ടായിരുന്ന വെള്ളം കുടിച്ച് അവൻ ആ കറുത്ത പാത്രത്തെ തന്നെ നോക്കിയിരുന്നു. ഒരു മാന്ത്രിക വസ്തുപോലെ അത് തന്നെ നോക്കുന്നതായി അവന് തോന്നി. 'എന്നെങ്കിലും അവർ വരും. അന്ന് കൊടുക്കാം ' എന്ന ചിന്തയിൽ അവൻ ആ പാത്രം , ചെരിപ്പുപണിയ്ക്കു ആവശ്യമുള്ള സാധനങ്ങൾ ഇട്ടുവയ്ക്കുന്ന തുരുമ്പിച്ച റങ്കു പെട്ടിയ്ക്കുമീതെ, ഭക്തൻ ഇഷ്ട വിഗ്രഹം പ്രതിഷ്ഠിയ്ക്കും പോലെ വച്ചു.

കളക്ട്രേറ്റിനു മുമ്പിൽ ധർണ്ണകൾ പലതും വന്നു പോയി. കുമിളി വണ്ടി എത്രയോ പ്രാവശ്യം കെ. കെ. റോഡിനെ നോവിച്ചു. വേനൽക്കാലവും, മഴക്കാലവും കഴിഞ്ഞു പോയി. എന്നിട്ടും ആ അമ്മയോ പെൺകുട്ടിയോ പാത്രം തേടി വന്നില്ല.

മുനിസിപ്പാലിറ്റിയുടെ നഗര സൗന്ദര്യവൽക്കരണത്തിൽ കുരുങ്ങി ചെരിപ്പു റിപ്പയർ കട നഷ്ടപ്പെടുന്ന അവസ്ഥയായി. മദ്യപിച്ച് വെളിവില്ലാതിരുന്ന കറുപ്പയ്യയുടെ നാക്കിന്റെ അരം പോലീസിന്റെ ബൂട്ടിൽ ചൊറിച്ചിലുണ്ടാക്കി. അവർ കട പൊളിച്ചു. മണിവർണ്ണനെ മണൽച്ചാക്കു പോലെ തൂക്കിയെടുത്ത് ദൂരോട്ടിട്ടു. പെട്ടിയ്ക്കുള്ളിലെ പണി സാധനങ്ങൾ നൂലു പൊട്ടിയ കല്ലുമാല പോലെ ചിതറി വീണു.

ആ കറുത്ത പാത്രം തൊട്ടടുത്ത പള്ളിയിലെ ഓട്ടുമണിയൊച്ച പോലെ 'ണിം.. ണിം' എന്ന കനത്ത ശബ്ദത്തോടെ റോഡരികിലെ കല്ലിൽ വീണ്, കമഴ്ന്ന് കിടന്നു. മൺപാത്രം എന്ന് കരുതിയ ആ പാത്രം കല്ലിൽ ഉണർത്തിയ നാദവിസ്മയം അവനെ അത്ഭുതപ്പെടുത്തി. തിടുക്കത്തിൽ അവൻ പാത്രം എടുത്ത് കീറിയ ഉടുപ്പിനുള്ളിൽ നെഞ്ചോടു ചേർത്ത് നിധിപോലെ മറച്ചു വച്ചു.

കറുപ്പയ്യ ഇങ്ങനെ ഒപ്പാരു വയ്ക്കുന്നത് മണിവർണ്ണൻ കണ്ടിട്ടില്ല. ഉരുൾപൊട്ടലിൽ കെട്ടിയോളും കുട്ടിയും മണ്ണിനടിയിൽപ്പെട്ടിട്ടും കറുപ്പയ്യ കരഞ്ഞിരുന്നില്ല. മണ്ണിനടിയിൽ നിന്നും തന്റെ കൈ പിടിച്ചുയർത്തിയമ്പോൾ കറുപ്പയ്യ മണിവർണ്ണന് അപ്പനായി. ഉരുൾപൊട്ടലിൽ നഷ്ടപ്പെട്ടവർക്ക് പകരം കാലം തന്ന കൂട്ട്.

'അപ്പൻ കരയാതെ' അവൻ കറുപ്പയ്യന്റെ കണ്ണുനീർ തുടച്ചു.

അവന്റെ ചെറുകരത്തിന്റെ മാന്ത്രിക സ്പർശനത്തിൽ കറുപ്പയ്യയുടെ സങ്കടം, മുരിങ്ങയിലപ്പൂച്ചിൽ തൊലിപ്പുറത്തെ നീരു വലിയുന്നതു പോലെ വലിഞ്ഞു.

കറുപ്പയ്യ ചെരിപ്പുതയ്ക്കുന്ന കട റയിൽവേ സ്റ്റേഷൻ പരിസരത്തേയ്ക്ക് മാറ്റി. കളക്ട്രേറ്റ് പടിയെക്കാൾ വരിശുള്ള ഇടമായിരുന്നു പുതിയ സ്ഥലം.

അങ്ങനെയിരിക്കെ ഒരു നാൾ ചോക്കലേറ്റ് നിറത്തിലുള്ള സിയാസ് കാർ കടയ്ക്കു മുമ്പിൽ വന്ന് നിന്നു. പിൻസീറ്റിലെ ഡോർ തുറന്ന് ആറടിയിലേറെ ഉയരമുള്ള ഒരു മനുഷ്യൻ തല പുറത്തേയ്ക്ക് നീട്ടി. 'ഷൂവിന്റെ അടിഭാഗം വിട്ടുപോയി ശരിയാക്കാമോ ?'

വണ്ടിയിൽ നിന്നും ഇറങ്ങാൻ തുടങ്ങിയ സാറിനെ തടഞ്ഞുകൊണ്ടു മണിവർണ്ണൻ പറഞ്ഞു 'ഇറങ്ങണ്ട സർ, കാൽ നീട്ടൂ. ഞാൻ ഷൂ എടുത്ത് ഇപ്പം ശരിയാക്കിത്തരാം.'

വണ്ടിയിൽ ഷൂവിന് വേണ്ടി കാത്തിരിക്കുമ്പോൾ കടയ്ക്കുള്ളിലെ തകരപ്പെട്ടിയ്ക്ക് മീതെയിരുന്ന കറുത്ത പാത്രം കൊതിക്കണ്ണോടെ നോക്കുന്നത് ആ ലോകപ്രശസ്ത പുരാവസ്തു സ്നേഹി കണ്ടു.

'ആ പാത്രം എന്നെ ഒന്നു കാണിക്കാമോ?'

അദ്ദേഹം ചോദിച്ചു. മണിവർണ്ണൻ പാത്രം കൊടുത്തു. അദ്ദേഹം ഒരു രത്നവ്യാപാരിയെപ്പോലെ പാത്രം തിരിച്ചും മറിച്ചും നോക്കി. പാത്രം ഇടതു കൈവെള്ളയിൽ വച്ച് വലതു കൈയിലെ മോതിരവിരൽ മടക്കി, വിരൽ മുട്ടുകൊണ്ട് പാത്രത്തിൽ കൊട്ടിനോക്കി.

പണിതീർന്ന ഷൂ കാലിൽ ഇടുമ്പോൾ അദ്ദേഹം മണിവർണ്ണനോടു് ചോദിച്ചു: 'ഈ പാത്രം എനിക്കു തരാമോ ?'

മണിവർണ്ണൻ ഒന്നും പറയാനാകാതെ നിന്നപ്പോൾ അദ്ദേഹം പറഞ്ഞു: ഇതൊരു വിലപിടിപ്പുള്ള പുരാവസ്തുവാണ്. നല്ല വില കിട്ടും.' കറുപ്പയ്യൻ മണിവർണ്ണനോട് പറഞ്ഞു:' നീ അത് സാറിന് കൊടുക്ക്'

മണിവർണ്ണൻ തകരപ്പെട്ടി മേലെ നിന്ന് കറുത്ത പാത്ര പ്രതിഷ്ഠ‌ി എടുക്കാൻ തുടങ്ങിയപ്പോൾ പുരാവസ്തു സ്നേഹി ചോദിച്ചു. 'ബാങ്ക് പാസ് ബുക്ക് ഉണ്ടോ?'

കറുപ്പയ്യ പെട്ടിയ്ക്കുള്ളിൽ നിന്ന് മിനിമം ബാലൻസ് മാത്രമുള്ള പാസ് ബുക്ക് എടുത്തു കൊടുത്തു.

അടുത്ത ദിനം, പാസ് ബുക്ക് തിരികെ കിട്ടുമ്പോൾ അക്കൗണ്ടിൽ, ട്രയിൻ ഇഞ്ചിൻ പോലെ വലിയ ഒരു ഒന്നും അതിന് പിന്നിൽ ബോഗികൾ പോലെ പൂജ്യങ്ങൾ കണ്ട് അപ്പനും മകനും അന്തിച്ചു നിൽക്കവെ, ആ പുരാവസ്തു സ്നേഹി പാത്രവുമായി, സിയാസിൽ പാഞ്ഞു പോയി. വിധിയുടെ കനത്ത ഭാണ്ഡവും പേറി അമ്മയും മകളും അപ്പോഴും എവിടെയോ അലയുകയായിരുന്നു.

# ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്
# കേരള കോൺഗ്രസ് (എം) സാരഥികൾ



**P.C. Kurian**
**Standing Committee Chairman**
**Development**
**Kuravilangad Division**



**P. N. Ramachandran**
**Monippally Division**



**Geena Cyriac**
**Kadaplamattom Division**



**Baiju John**
**President**
**Pazhamala Division**



**Dr. Sindhumol Jacob**
**Vice President**
**Uzhavoor Division**



**Johnson Pulickeel**
**Standing Committee Chairman**
**Health and Education**
**Marangattupilly Division**



**Ashamol Joby**
**Kurumulloor Division**



**Smitha Alex**
**Ramapuram Division**


ആശംസകൾ
കേരളാ കോൺഗ്രസ് (എം)
പൂഞ്ഞാർ നിയോജകമണ്ഡലം കമ്മിറ്റി
പി.സി. തോമസ് പാലക്കുന്നേൽ
നിയോജകമണ്ഡലം വൈ. പ്രസിഡന്റ്
എ.കെ നാസർ
നിയോജകമണ്ഡലം വൈ. പ്രസിഡന്റ്
തോമസ് ചെമ്മരപ്പള്ളിയിൽ
കേരളാ വിദ്യാർത്ഥി കോൺഗ്രസ് (എം) നിയോജകമണ്ഡലം പ്രസിഡന്റ്
ഷോജി അയലൂക്കുന്നേൽ
കേരളാ യൂത്ത് ഫ്രണ്ട് (എം) നിയോജകമണ്ഡലം പ്രസിഡന്റ്
ജോളി ഡോമിനിക്
കേരളാ വനിതാ കോൺഗ്രസ് (എം) നിയോജകമണ്ഡലം പ്രസിഡന്റ്
സണ്ണി വെട്ടുകല്ലേൽ
കെ.ടി.യു.സി (എം) നിയോജകമണ്ഡലം പ്രസിഡന്റ്
സനാതനൻ എൻ.എം
കേരളാ ദളിത് ഫ്രണ്ട് (എം) നിയോജകമണ്ഡലം പ്രസിഡന്റ്
എ.എസ് ആന്റണി അറയ്ക്കപ്പറമ്പിൽ
കർഷക യൂണിയൻ (എം) നിയോജക മണ്ഡലം പ്രസിഡന്റ്
അഡ്വ. ജസ്റ്റിൻ ജേക്കബ്
കേരളാ കോൺഗ്രസ് (എം) സംസ്ഥാന കമ്മിറ്റിയംഗം
സന്തോഷ് കുഴിക്കാട്ട്
പ്രഫഷണൽ കോൺഗ്രസ് സംസ്ഥാന കോ-ഓർഡിനേറ്റർ
ഇസഡ് ജേക്കബ്
കർഷക യൂണിയൻ (എം) സംസ്ഥാന ജനറൽ സെക്രട്ടറി
മോഹനൻ റ്റി.ജെ
ബ്ലോക്ക് പഞ്ചായത്ത് അംഗം പാറത്തോട് ഡിവിഷൻ
ഷീലമ്മ ഡോമിനിക്
മുണ്ടക്കയം ഗ്രാമപഞ്ചായത്ത് അംഗം
മോളി ദേവസ്യ വാഴപ്പനാടിയിൽ
വനിതാ കോൺഗ്രസ് ജില്ലാ സെക്രട്ടറി
നിയോജകമണ്ഡലം സെക്രട്ടറിയേറ്റ് അംഗം
തങ്കച്ചൻ കാരയ്ക്കാട്ട്
കേരളാ കോൺഗ്രസ് (എം) ജില്ലാ കമ്മിറ്റിയംഗം
മാത്യൂസ് വെട്ടുകല്ലാംകുഴി
യൂത്ത് ഫ്രണ്ട് (എം) ജില്ലാ സെക്രട്ടറിയേറ്റ് അംഗം
യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റിയംഗം
ടോബി ഡോമിനിക്
യൂത്ത് ഫ്രണ്ട് (എം) സംസ്ഥാനകമ്മിറ്റി അംഗം


ആശംസകൾ
കേരളാ കോൺഗ്രസ് (എം)
പൂഞ്ഞാർ നിയോജകമണ്ഡലം കമ്മിറ്റി
അഡ്വ. സാജൻ കുന്നത്ത്
നിയോജക മണ്ഡലം പ്രസിഡന്റ്
ജോണിക്കുട്ടി മഠത്തിനകം
ജില്ല ജനറൽ സെക്രട്ടറി
ജോസ് ആന്റണി കാനാട്ട്
ജില്ലാ കമ്മിറ്റിയംഗം
ഡയസ് കോക്കാട്ട്
നിയോജക മണ്ഡലം സെക്രട്ടറി
സോജൻ ആലക്കുളം
നിയോജക മണ്ഡലം സെക്രട്ടറി
കെ.പി. സുജീലൻ
നിയോജക മണ്ഡലം സെക്രട്ടറി
ജാൻസ് വയലിക്കുന്നേൽ
നിയോജക മണ്ഡലം സെക്രട്ടറി
ജോസ് നടുപ്പറമ്പിൽ
നിയോജക മണ്ഡലം സെക്രട്ടറി
അഡ്വ. ഷെൽജി കടപ്ലാക്കൽ
നിയോജക മണ്ഡലം സെക്രട്ടറി
അലക്സ് പുതിയാപറമ്പിൽ
നിയോജക മണ്ഡലം ട്രഷറർ
മണ്ഡലം പ്രസിഡന്റുമാർ
കെ. ജെ. തോമസ് കട്ടയ്ക്കൽ
പാറത്തോട്
സജിയ ഡോമിനിക്
പെരുമ്പകത്തുശേരിൽ - എരുമേലി
ചാർലി കോശി
മുണ്ടക്കയം
ബിജോയി ജോസ്
കൂട്ടിക്കൽ
പി.എസ് സെബാസ്റ്റ്യൻ
പാമ്പ്ലാനിയിൽ-തീക്കോയി
ജോസഫ് ജോർജ്ജ്
വെള്ളൂക്കുന്നേൽ-തിടനാട്
ദേവസ്യാച്ചൻ വാണിയപുര
പൂഞ്ഞാർ, തെക്കേക്കര
അഡ്വ. ജെയിംസ്
വലിയവീട്ടിൽ-ഈരാറ്റുപേട്ട
ജോഷി മൂഴിയാങ്കൽ
പൂഞ്ഞാർ
ജോയി പുരയിടത്തിൽ
കോരുത്തോട്

ആശംസകൾ....



**അഡ്വ. ജിമ്മി ജോർജ്ജ് തടത്തിൽ**

ആശംസകൾ....



**അഡ്വ. ജേക്കബ് ഇ സൈമൺ**

**കോട്ടയം**

ആശംസകൾ....



**അഡ്വ. ജോഷി താന്നിക്കാമറ്റം**

ആശംസകൾ....



**ശാന്തകുമാർ**

ജില്ലാസെക്രട്ടറി, തിരുവനന്തപുരം

ആശംസകൾ

## കേരളാ കോൺഗ്രസ് (എം) ആലപ്പുഴ ജില്ലാ കമ്മറ്റി



**വി.സി.ഫ്രാൻസിസ്**
ജില്ലാ പ്രസിഡന്റ്



**വി.റ്റി.ജോസഫ്**
ഉന്നതാധികാര സമിതി അംഗം



**ജേക്കബ് തോമസ് അരികുപുറം**
സംസ്ഥാന ജന. സെക്രട്ടറി



**ജന്നിംഗ്സ് ജേക്കബ്**
ജില്ലാ ജന. സെക്രട്ടറി
*സംസ്ഥാന സ്റ്റിയറിംഗ് കമ്മറ്റിയംഗം*



**ഷിജു വർഗ്ഗീസ്**
ജില്ലാ വൈസ് പ്രസിഡന്റ്



**കെ.പി.കുഞ്ഞുമോൻ**
ജില്ലാ വൈസ് പ്രസിഡന്റ്



**ജേക്കബ് മാത്യു മുല്ലശ്ശേരി**
ജില്ലാ വൈസ് പ്രസിഡന്റ്



**സണ്ണി മുടന്താഞ്ജലി**
ജില്ലാ ട്രഷറർ



**ജോസഫ്കുട്ടി തുരുത്തേൽ**
ജില്ലാ ജന. സെക്രട്ടറി




**സി.ഇ.അഗസ്റ്റിൻ**
ജില്ലാ ജന. സെക്രട്ടറി



**ജോസ് കൊണ്ടോടിക്കരി**
ജില്ലാ ജന. സെക്രട്ടറി



**തോമസ് കളരിക്കൽ**
ജില്ലാ ജന. സെക്രട്ടറി



**റ്റി.പി.ജോൺ താമരവേലി**
ജില്ലാ ജന. സെക്രട്ടറി



**അഡ്വ.പ്രദീപ് കൂട്ടാല**
ജില്ലാ ജന. സെക്രട്ടറി



**ബിനു കെ.അലക്സ്**
ജില്ലാ ജന. സെക്രട്ടറി



**ഹരികുമാർ മാടയിൽ**
ജില്ലാ ജന. സെക്രട്ടറി



**എം.എസ്.നൗഷാദ് അലി**
ജില്ലാ ജന. സെക്രട്ടറി



**ഷീൻ സോളമൻ**
ജില്ലാ ഓർഗനൈസിംഗ് സെക്രട്ടറി

ആശംസകൾ....

# കടപ്ലാമറ്റം മണ്ഡലം കമ്മിറ്റി

ആശംസകൾ....



# മിനി ഡാനിയേൽ

**ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർപേഴ്സൺ**

അലയമൺ ഗ്രാമപഞ്ചായത്ത്, **കൊല്ലം**








**കോട്ടയം ജില്ല വ്യാപാരിവ്യവസായി ക്ഷേമ സഹകരണ സംഘം**
**ക്ലിപ്തം നമ്പർ കെ. 1220**

ജില്ലാ വ്യാപാരഭവൻ, എം.എൽ റോഡ്, കോട്ടയം 686001, ഫോൺ: 0481 2970597

- ഉയർന്ന പലിശനിരക്കിൽ വിവിധ ഇനം നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
- അംഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകുന്നു.
- സ്വന്തം ജാമ്യത്തിൽ കുറഞ്ഞ കാലാവധിയിൽ അത്യാവശ്യ വായ്പകൾ നൽകുന്നു.

എം.കെ. തോമസുകുട്ടി
പ്രസിഡന്റ്, 9447072527

എ.കെ. എൻ പണിക്കർ
വൈസ് പ്രസിഡന്റ്, 9846056119








ആശംസകൾ....

# തെന്നാട്ട് ഭാരത് ഗ്യാസ്

## ഓടനാവട്ടം

9447022029





സിനിമ

എ. ചന്ദ്രശേഖർ


# ശ്രീലങ്കൻ തമിഴ് രാഷ്ട്രീയം വെള്ളിത്തിര പറയുമ്പോൾ

**യുദ്ധവും** ഭീകരവാദവും ദൃശ്യമാധ്യമങ്ങൾക്ക് ലോകത്തെല്ലാ ഭാഷയിലും എല്ലാക്കാലത്തും ഇഷ്ടവിഷയമാണ്.ഇന്ത്യയ്ക്കു സ്വാതന്ത്ര്യസമരം തൊട്ട് പഞ്ചാബ്, കശ്മീർ, ഗുജറാത്ത് പ്രശ്നങ്ങൾ വരെ വിഷയമാക്കി എത്രയോ സിനിമകൾ വന്നു,ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പാക്കിസ്ഥാനും ചൈനയുമായുള്ള തർക്കങ്ങളും കമ്പോള/സമാന്തരസിനിമകൾക്ക് വിഷയീഭവിച്ചിട്ടുണ്ട്. മലയാളത്തിൽപ്പോലും കാർഗിലിനെ അധികരിച്ചു വരെ സിനിമകളുണ്ടായിരിക്കുന്നു. ശ്രീലങ്കൻ ആഭ്യന്തരകലാപവും തമിഴ് തീവ്രവാദവും ആസ്പദമാക്കിയും വിവിധ ഇന്ത്യൻ ഭാഷകളിൽ, പ്രത്യേകിച്ച് ദക്ഷിണേന്ത്യൻ ഭാഷകളിൽ സിനിമകളുണ്ടായിട്ടുണ്ട്. അവയിൽ ചുരുക്കം ചിലതു മാത്രമാണു ശ്രീലങ്കൻ തമിഴരുടെ രാഷ്ട്രീയം അഭിസംബോധന ചെയ്തത്. സന്തോഷ് ശിവന്റെ ആദ്യ സിനിമയായ ടെററിസ്റ്റും, മണിരത്നത്തിന്റെ കന്നത്തിൽ മുത്തമിട്ടാളുമടക്കമുള്ള ഇതര സിനിമകളെല്ലാം ദ്വീപിലെ തമിഴ് പ്രശ്നം പശ്ചാത്തലത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് വൈയക്തികാനുഭവങ്ങളുടെ വൈകാരികതയാണ് പ്രതിഫലിപ്പിക്കാൻ ശ്രമിച്ചത്. വർഷങ്ങൾക്കിപ്പുറം, സമകാലിക ഇന്ത്യൻ സിനിമയിൽ വ്യത്യസ്ത ഭാഷകളിലായി യാദൃച്ഛികമെന്നോണം ഏതാണ്ട് ഒരേ കാലയളവിൽ തന്നെ, ശ്രീലങ്കൻ തമിഴ് പ്രശ്നം വീണ്ടും ഉയർന്നുവരുമ്പോൾ നമ്മുടെ സിനിമ ഈ വിഷയത്തെ എങ്ങനെ സമീപിച്ചു എന്ന തിരിഞ്ഞുനോട്ടമാണ് ഈ ലേഖനം.




തൊടുപുഴക്കാരൻ രാജേഷ് ടച്ച് റിവർ സിംഹള ഭാഷയിൽ സംവിധാനം ചെയ്ത ഇൻ ദ നെയിം ഓഫ് ബുദ്ധ (2002) ആണ് ശ്രീലങ്കയിലെ തമിഴ് പ്രശ്നങ്ങളുടെ രാഷ്ട്രീയം സമഗ്രതയോടെ അവതരിപ്പിച്ച ആദ്യകാല ഇന്ത്യൻ സിനിമകളിലൊന്ന്. കലാപകലുഷിതമായ ശ്രീലങ്കയിൽ ശിവ എന്ന തമിഴ് ഡോക്ടർക്ക് നേരിടേണ്ടിവന്ന ജീവിതയാഥാർത്ഥ്യങ്ങളാണ് കൽപിത കഥയുടെ ചട്ടക്കൂടിൽ രാജേഷ് ചലച്ചിത്രമാക്കിയത്. ദ്വീപുരാഷ്ട്രത്തിലെ ആഭ്യന്തര ക

ലാപമൊതുക്കാൻ ഇന്ത്യയിൽ നിന്നു സമാധാന സേനയെത്തിയശേഷം അവിടെ നടക്കുന്ന ഭീകരതയാണു രാജേഷ് തന്റെ സിനിമയ്ക്കു വിഷയമാക്കിയത്. തലമുറകളായി ലങ്കയിൽ ജനിച്ചു വളർന്ന, ജന്മം കൊണ്ട് ശ്രീലങ്കക്കാരും വംശം കൊണ്ടു മാത്രം തമിഴരായിപ്പോയ ജനസമൂഹത്തെയപ്പാടെ തീവ്ര ഭീകരവാദികളെന്ന മുൻവിധിയോടെയാണ് ഇന്ത്യൻ സേന കൈകാര്യം ചെയ്തത്. അതിരൂക്ഷമായ ഏറ്റുമുട്ടലുകൾക്കിടയിൽ ഇന്ത്യൻ സൈന്യം നേടിയ മുന്നേറ്റത്തിനിടെ സാധാരണക്കാരായ തമിഴ് ജനങ്ങളുടെ മേൽ നടന്ന മൃഗീയമായ ക്രൂരതകളുടെയും അതിക്രമങ്ങളുടെയും മനുഷ്യാവകാശ ലംഘനങ്ങളുടെയും നേർച്ചിത്രമായിരുന്നു ഇൻ ദ നെയിം ഓഫ് ബുദ്ധ കാണിച്ചു തന്നത്. തിരക്കഥയിലെ പാളിച്ചകളും കന്നി സംവിധായകന്റെ കൈകുറ്റപ്പാടുകളുമുണ്ടായിരുന്നെങ്കിലും ധീരമായ നിലപാടുകളുടെ പേരിൽ രാജ്യാന്തര ശ്രദ്ധ നേടിയ സിനിമയായിരുന്നു അത്. അമിത നാടകീയതയും കച്ചവടത്തിനായുള്ള ഒത്തുതീർപ്പുകളുമാണ് ഇൻ ദ് നെയിം ഓഫ് ബുദ്ധയെ അതർഹിക്കുന്ന ഗൗരവത്തിലേക്ക് എത്താതെ പോകാൻ കാരണം. അപക്വമായ താര നിർണയവും പ്രതികൂലമായി. എന്നാലും, മലയാളികളായ ജെയിൻ ജോസഫ്, രഞ്ജൻ ഏബ്രഹാം തുടങ്ങിയ സാങ്കേതികവിദഗ്ധരുടെ കൂട്ടു സംരംഭമായിരുന്ന ചിത്രം ഇംഗ്ലണ്ടിലേക്കും ഫ്രാൻസിലേക്കും ഇതര യൂറോപ്യൻ രാജ്യങ്ങളിലേക്കും ജീവനും കൊണ്ട് രാഷ്ട്രീയാഭയം തേടുന്ന ലങ്കൻ അഭയാർത്ഥികളുടെ നിസ്സഹായാവസ്ഥയിലേക്കു കൂടി ക്യാമറ തിരിക്കുന്നതിൽ ഏറെക്കുറേ വിജയിക്കുക തന്നെ ചെയ്തു.

ഇന്ത്യ കണ്ട ഏറ്റവും മികച്ച ഛായാഗ്രാഹകരിൽ ഒരാളായ സന്തോഷ് ശിവൻ സംവിധായകനാകാൻ തെരഞ്ഞെടുത്തത് മാതൃഭാഷാ സിനിമയായിരുന്നില്ല. മറിച്ച്, തമിഴിലാണ് അദ്ദേഹം ദേശീയ ബഹുമതി വരെ നേടിയ ടെററിസ്റ്റ് (1998)സംവിധാനം ചെയ്തത്. ലങ്കൻ ആഭ്യന്തര കലാപത്തിന്റെ പശ്ചാത്തലത്തിൽ, മനുഷ്യബോംബാവാൻ വിധിക്കപ്പെടുന്ന മല്ലി(അയേഷ ധാർക്കർ) എന്നൊരു പത്തൊമ്പതുകാരിയുടെ അനുഭവങ്ങളാണ് ടെററിസ്റ്റ്. ടച്ച്റിവറിന്റെ സിനിമയേക്കാൾ നാലു വർഷം മുമ്പേ പുറത്തിറങ്ങിയ ടെററിസ്റ്റിലെ നായിക തന്റെ അനുജനെ ക്രൂരമായി കൊന്ന സഖ്യസേനയ്ക്കെതിരേയാണ് സ്വയം ചാവേറാവുന്നത്.രാജീവ് ഗാന്ധി വധത്തിൽ പ്രതിയായ മനുഷ്യബോംബ് ധനുവിൽ നിന്നു പ്രചോദനുൾക്കൊണ്ട പാത്രാവിഷ്കാരമായിരുന്നു മല്ലിയുടേത്. ലങ്കയിലെ തമിഴരോടുള്ള സിംഹളരുടെ സമീപനവും സൈനിക ഇടപെടലും നിഷ്കളങ്കയായൊരു യുവതിയെ തീവ്രവാദിയാക്കുന്നതെങ്ങനെ എന്നാണ് സന്തോഷ് പറയാൻ ശ്രമിച്ചത്.സന്തോഷ് ശിവനെപ്പോലെ ട്രീറ്റ്മെന്റിൽ ശ്രദ്ധി




ക്കുന്ന ഒരു ചലച്ചിത്രകാരൻ തീവ്രവാദം പോലൊരു വിഷയം തെരഞ്ഞെടുക്കാൻ കാരണം അതിന്റെ ആക്ഷൻ/ദൃശ്യസാധ്യതകളാണ്. അക്കാര്യത്തിൽ ടെററിസ്റ്റ് രാജ്യാന്തരനിലവാരമുള്ള ദൃശ്യാഖ്യാനം തന്നെയായിത്തീരുന്നുമുണ്ട് മനോഹര ദൃശ്യഖണ്ഡങ്ങളാൽ സമ്പന്നമായ ടെററിസ്റ്റിൽ പക്ഷേ, തമിഴ് പ്രശ്നം അടിത്തട്ടിൽ നിർത്തിക്കൊണ്ട് മിലി എന്ന വ്യക്തിയുടെ ജീവിതവും പ്രതികാരവാഞ്ഛയും അവളുടെ ധർമ്മസങ്കടവുമൊക്കെയാണ് ആവിഷ്കരിക്കപ്പെട്ടത്.അതുകൊണ്ടുതന്നെ അത് ലോകത്തെവിടെയും സമാന പോരാട്ടങ്ങളിൽ പങ്കാളിയാവേണ്ടി വരുന്ന ഏതൊരു സമപ്രായക്കാരിയുടെയും അനുഭവമായിത്തീരുന്നു. സിനിമ അങ്ങനെ സാർവലൗകികമായ പ്രസക്തിയും പ്രസിദ്ധിയും നേടിയെങ്കിലും ലങ്കയിൽ തമിഴ് രാഷ്ട്രീയത്തെ അത് എത്രത്തോളം അഭിമുഖീകരിച്ചുവെന്നത് ചോദ്യം തന്നെയായി അവശേഷിച്ചു.


ശ്രീലങ്കൻ തമിഴ് വംശ പശ്ചാത്തലത്തിൽ സുജാത രംഗരാജൻ എഴുതിയ അമുതവും അവനും എന്ന ചെറുകഥയെ അടിസ്ഥാനമാക്കി ഇന്ത്യ കണ്ട ഏറ്റവും മികച്ച ചലച്ചിത്രകാരന്മാരിലൊരാളായ മണിരത്നം സംവിധാനം ചെയ്ത കന്നത്തിൽ മുത്ത

മിട്ടാൾ (2002) ആവട്ടെ, ആഭ്യന്തരകലാപത്തെ പിന്നണിയിൽ നിർത്തിക്കൊണ്ട് തന്റെ വൈകാരിക ശൈലിയിൽ തദ്ദേശീയമായൊരു ഇന്ത്യൻ കുടുംബഥയാണ് പറയാൻ ശ്രമിച്ചത്. എൽ. ടി. ടി. ഇ. സംഘാംഗമായ ദിലീപന്റെ (ജെ.ഡി.ചക്രവർത്തി) നിറഗർഭിണിയായ ഭാര്യ ശ്യാമ (നന്ദിത ദാസ്)യ്ക്ക് സൈനികാക്രമണത്തിനിടെ, മാങ്കുളത്തു നിന്നു രാമേശ്വരത്തേക്ക് അഭയാർത്ഥിയായി പോകേണ്ടി വരുന്നു. അവിടെ വച്ച് പ്രസവിക്കുന്ന പുലിസംഘാംഗമായ അവൾ കുട്ടിയെ ഉപേക്ഷിച്ചു കാണാതായ ഭർത്താവിനെ തേടി ലങ്കയിലേക്കു തന്നെ മടങ്ങുന്നു. ആ കുട്ടിയെ ദത്തെടുക്കുന്ന എഴുത്തുകാരനായ തിരുച്ചെൽവനും (മാധവൻ) ഭാര്യ ഇന്ദിരയും (സിമ്രാൻ) സ്വന്തം മകനൊപ്പം അവളെ പുന്നാരിച്ചുതന്നെ വളർത്തുന്നു. ഒൻപതു വർഷത്തിനു ശേഷം തന്റെ ജനനരഹസ്യമറിയുന്ന അമുദ(കീർത്തന)ത്തിന്റെ ഉറ്റവരെ കാണാനുള്ള വാശിയിൽ അവളെയും കൊണ്ട് പോരാട്ടം രൂക്ഷമായ മാങ്കുളത്തേക്കു പോവുകയാണ് തിരുച്ചെൽവവും ഇന്ദിരയും. സാഹസികശ്രമങ്ങൾക്കൊടുവിൽ സ്വന്തം അമ്മയെ കണ്ടുമുട്ടുന്ന അമുദത്തിന് അവരുടെ ജന്മാവകാശത്തേക്കാൾ ഇന്ദ്രിയുടെ കർമ്മാവകാശമാണ് വലുത് എന്നു ബോധ്യം വരുന്നതും തിരുവിനും ഇന്ദിരയ്ക്കുമൊപ്പം അവരുടെ മകളായി മദ്രാസിലേക്കു മടങ്ങുന്നതുമാണ് കഥ.

കലാപങ്ങളുടെ പശ്ചാത്തലത്തിൽ അവിസ്മരണീയങ്ങളായ ദൃശ്യകവിതകൾ രചിക്കാൻ മിടുമിടുക്കനാണ് മണിരത്നം. മുംബൈ കലാപത്തിന്റെ പശ്ചാത്തലത്തിൽ സംവിധാനം ചെയ്ത ബോംബേ(1995), കശ്മീർ തീവ്രവാദപശ്ചാത്തലത്തിൽ നിർമിച്ച ദിൽ സേ(1998) ഒക്കെ കറകളഞ്ഞ പ്രണയകഥകളായിരുന്നു. വില്ലന്റെ സ്ഥാനത്ത് കലാപത്തെയും തീവ്രവാദത്തെയും പ്രതിഷ്ഠിച്ചുകൊണ്ടുള്ള നിലവാരമുള്ള കമ്പോള നിർമിതികളായിരുന്നു അവ. അതേ ജനുസിൽ കുറച്ചുകൂടി പ്രശ്നത്തിന്റെ ആഴങ്ങളിലേക്കു പോകാൻ ശ്രമിച്ച ഒന്നാണ് കന്നത്തിൽ മുത്തമിട്ടാൾ. മികച്ച തമിഴ് സിനിമയ്ക്കും ബാലതാരത്തിനും എഡിറ്റിങിനും സംഗീതത്തിനുമൊക്കെയുള്ള ദേശീയ ബഹുമതികൾ വാരിക്കൂട്ടിയ ചിത്രം ലങ്കൻ തമിഴരുടെ യഥാർത്ഥ പ്രശ്നങ്ങളുടെ തൊലിപ്പുറമെങ്കിലും പരാമർശിച്ചുപോയി. പുലിനേതാവായി വന്ന നന്ദിനി ദാസിന്റെ പ്രകടനമാണ് അതിന് ഏറ്റവും ഉപോൽബലകമായത്.

മാധവിക്കുട്ടിയുടെ അതിമനോഹരമായ മനോമി എന്ന കഥയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട്, ബിജുവട്ടപ്പാറ സംവിധാനം ചെയ്ത രാമ രാവണൻ (2010) ആണ് ഈ പ്രശ്നത്തെ ആസ്പദമാക്കി മലയാളത്തിലിറങ്ങിയ സിനിമകളിലൊന്ന്. മാധവിക്കുട്ടിയുടെ കഥയോടോ, ശ്രീലങ്കൻ തമിഴ് രാഷ്ട്രീയ

CONSILEO
BUILDERS AND DEVELOPERS
Pvt Ltd
IV-887C(New no.1/542),Joys Building,
Edappally Toll, Marottichuvadu, Edappally,
Kochi, Kerala 682024
884845968,+91 85908 73405



ത്തോടോ കാര്യമായ യാതൊരു പ്രതിബദ്ധതയും പുലർത്താത്ത ഒന്നായിരുന്നു അത്. സിനിമയുടെ ജനുസ്സിനെപ്പറ്റിയുള്ള സംവിധായകന്റെയും നിർമ്മാതാവിന്റെയും സന്ദിഗ്ദ്ധാവസ്ഥ ഉടനീളം വ്യക്തമായ സിനിമ കുടുംബചിത്രമായാണോ, സമാന്തര സിനിമയായാണോ, ആക്ഷൻ-കമ്പോള സിനിമയായാണോ സ്രഷ്ടാക്കൾ വിഭാവന ചെയ്തതെന്നത് അവ്യക്തം.

തമിഴ് അസ്തിത്വമുള്ള കഥയിൽ മലയാളം പറിച്ചുവച്ചപ്പോഴത്തെ അസ്കിതയായിരുന്നു മറ്റൊരു പ്രശ്നം. കഥ വായിക്കാത്ത ശരാശരി പ്രേക്ഷ കന്, ഈ സിനിമയിലെ ഭാഷയും സംസ്കാരവും തദ്ദേശീയവും രാഷ്ട്രീയവുമായ സൂചനകളു മൊന്നും ഒരെത്തും പിടിയും കിട്ടില്ല. തമിഴ്ക്ഷേത്രത്തിൽ തൊഴാനെത്തുന്ന നായികയ്ക്ക് തീർഥവും പ്രസാദവും കൊടുത്ത് വള്ളുവനാടൻ സംഭാഷണമുരുവിടുന്ന പൂജാരി. അണ്ണാദുരൈ എന്ന അമ്മാവൻ. അന്വേഷണത്തിനെത്തുന്ന കേരളത്തിലെ പൊലീസ് ...ആകെക്കൂടി ചക്കകുഴ യും പോലെ കുഴഞ്ഞ ട്രീറ്റ്മെന്റ്.സുരേഷ്ഗോപിയുടെ സാന്നിദ്ധ്യം പോലും സാധൂകരിക്കാനാവാതെ പോയൊരു സിനിമയായിരുന്നു രാമരാവണൻ.

എൽ.ടി.ടി.ഇ. സഖ്യസേന പോരാട്ടം രൂക്ഷമായ കാലത്ത് ഭാര്യാഭർത്താക്കന്മാർ എന്ന പേരിൽ ലങ്കയിൽ നിന്നു വ്യാജ തിരിച്ചറിയൽ രേഖകൾ സംഘടിപ്പിച്ച് അഭയാർത്ഥികളായി പാരീസിലേക്ക് കപ്പൽ കയറുന്ന ശിവദാസൻ(ആന്റണി യേശുദാസൻ) എന്ന തമിഴ് പുലിയുടെയും അയാൾക്കൊപ്പം പോകുന്ന യാലിനി (കാളീശ്വരി ശ്രീനിവാസൻ), അനാഥയായ ഇളയൽ എന്ന കൗമാരക്കാരിയുടെയും(ക്ലൗഡീൻ വിനസിത്തമ്പി) കഥയാണ് വിഖ്യാതമായ കാൻ ചലച്ചിത്രമേളയിൽ ശ്രദ്ധിക്കപ്പെട്ട ഫ്രഞ്ച് സിനിമയായ ദീപന്റേത്(2015). കലാപത്തിൽ മരിച്ച ദീപന്റെ പാസ്പോർട്ടിൽ പാരീസിലെത്തുന്ന ശിവദാസനും അയാളുടെ കുടുംബമായി അഭിനയിക്കുന്ന യാലിനിക്കും ഇളയലിനും അവിടെ നേരിടേണ്ടി വരുന്ന അതിലും വലിയ വംശീയ കലാപത്തെപ്പറ്റിയാണ് ഴാക്ക് ഔഡ്യാർഡും തോമസ് ബിഡ്ഗെയിനും നോ ഡിബ്രെയും ചേർന്നു സംവിധാനം ചെയ്ത ദീപൻ ആവിഷ്കരിക്കുന്നത്. ലോകത്തെവിടെയും വംശന്യൂനപക്ഷം നേരിടുന്ന പീഡനവും ആക്രമണവും സമാനസ്വഭാവമുള്ളതാണെന്നു ദീപൻ കാണിച്ചുതരുന്നു. ഭാര്യാഭർത്താക്കന്മാരായി അഭിനയിക്കുന്ന ശിവദാസന്റെയും യാലിനിയുടെയും ബന്ധ സങ്കീർണ്ണതകൾക്കൊപ്പം, ശ്രീലങ്കൻ പ്രശ്നത്തെപ്പറ്റി രാജേഷ് ടച്ച് റിവർ പറഞ്ഞുവച്ചതിന്റെ ചില തുടർച്ചകളിലേക്ക് ദീപൻ കടന്നുചെല്ലുന്നു. പല കാരണങ്ങളാലും ഫ്രാൻസിലും വേട്ടയാടപ്പെടുന്ന അവർക്ക് ഏറെ സാഹസികതകൾക്കൊടുവിൽ ഇംഗ്ലണ്ടിലെത്തി സമാധാനപൂർവ്വം ജീവിക്കാനാവുന്നിടത്താണ് ദീപൻ അവസാനിക്കുന്നത്.

2009-ൽ തമിഴ് ഈഴം നേതാവ് വേലുപ്പിള്ള പ്രഭാകരന്റെ വധത്തോടെ ജനാധിപത്യത്തിലേക്കും സമാധാനത്തിലേക്കും മടങ്ങിത്തുടങ്ങിയ ശ്രീലങ്കയിൽ നിന്നു യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിലേക്കു പലായനം ചെയ്ത തമിഴ് വംശജരുടെ ജന്മനാട്ടിനു പുറത്തുനിന്നുകൊണ്ടുള്ള തുടർപോരാട്ടങ്ങളാണ് അടുത്തകാലത്തിറങ്ങിയ ഒരു തമിഴ് സിനിമയിലും, ഹിന്ദി വെബ് പരമ്പരയിലും ആവിഷ്കരിക്കപ്പെട്ടത് എന്നതു യാദൃശ്ചികമെങ്കിലും കൗതുകകരമാണ്.

ആശംസകൾ....

# മുത്തോലി സർവ്വീസ് സഹകരണ ബാങ്ക്

## (ക്ലിപ്തം) നമ്പർ 1631

## തെക്കുംമുറി, പുലിയന്നൂർ പി.ഒ., കോട്ടയം

e-mail :mutholybank@gmail.com

ഒരു ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് സഹകരണ ബാങ്ക്

**ഹെഡ് ഓഫീസ് :-**

04822 - 205121, 205912, 206506

**ബ്രാഞ്ചുകൾ :-**

**പടിഞ്ഞാറ്റിൻ കര :** 04822 - 251181,297181

**നെയ്യൂർ :** 04822 - 205087, 297187

**കാണിയക്കാട്:** 04822 - 297570

**ഹെഡ് ഓഫീസിന്റെ പ്രവർത്തന സമയം ശനിയാഴ്ച ഉൾപ്പടെ എല്ലാ പ്രവർത്തി ദിവസവും രാവിലെ 8 മണി മുതൽ വൈകുന്നേരം 7 മണി വരെ.**

- 25 ലക്ഷം രൂപ വരെ വായ്പകൾ
- 10 ലക്ഷം രൂപ വരെ GDCS (ചിട്ടികൾ)
- സ്വർണ്ണപ്പണയ വായ്പ 10 ലക്ഷം രൂപ വരെ.
- സേവിംഗ്സ് നിക്ഷേപത്തിന് ഡെയ്‌ലി ബാലൻസിന് പലിശ
- നിക്ഷേപങ്ങൾക്ക് ഉയർന്ന നിരക്കിലുള്ള പലിശ നൽകുന്നു.

**-:ബാങ്ക് ഭരണ സമതി അംഗങ്ങൾ:-**

| | | | |
|---|---|---|---|
| 1. | **ശ്രീ. റ്റോബിൻ കെ. അലക്സ് കണ്ടനാട്ട്, കാണിയക്കാട്, വള്ളിച്ചിറ പി.ഒ. (പ്രസിഡന്റ്)** | **04822–211068** | **9447011068** |
| 2. | ശ്രീ. റ്റി. ജെ. പരമേശ്വരൻ, തുരുത്തിപ്പള്ളിൽ, പുലിയന്നൂർപി.ഒ. (വൈസ് പ്രസിഡന്റ്) | 205448 | 9446859797 |
| 3. | ശ്രീ. പി.റ്റി. ജോർജ്ജ് പരുത്തപ്പാറ, പുലിയന്നൂർ പി.ഒ. | 205484 | 9446859798 |
| 4. | ശ്രീ. പി.ജെ. ഷിബു, പായിക്കുളത്തിൽ, പുലിയന്നൂർ പി.ഒ. | 206153 | 9495444835 |
| 5. | ശ്രീ. പി.കെ. ഗോപാലകൃഷ്ണൻ നായർ, പുതുപ്പള്ളിൽ, തെക്കുംമുറി, പുലിയന്നൂർ പി.ഒ. | 205466 | 9446204343 |
| 6. | ശ്രീ. സാജൻ ജോസഫ് കൊല്ലംപറമ്പിൽ, മുത്തോലി പി.ഒ. | 205523 | 9447068096 |
| 7. | ശ്രീ. അശോക് എ.ആർ. ഉളവൂർ, പടിഞ്ഞാറ്റിൻകര പി.ഒ. | 251333 | 9446121333 |
| 8. | ശ്രീ. ബിബിൻ മാനുവൽ, കളത്തുപുല്ലാട്ട്, തെക്കൂംമുറി, പുലിയന്നൂർ പി.ഒ. | | 9747174925 |
| 9. | ശ്രീ. റ്റോമി ജോൺ കെ. കെഴുവന്താനത്ത്, പടിഞ്ഞാറ്റിൻ കര പി.ഒ. | | 9447959178 |
| 10. | ശ്രീമതി ജെസ്സി ജോസ്, തച്ചേട്ട്, തെക്കുംമുറി, പുലിയന്നൂർ പി.ഒ. | 205670 | 9447765670 |
| 11. | ശ്രീമതി ജെസ്സി പോൾ, നന്തികാട്ട്, തെക്കുംമുറി, പുലിയന്നൂർ പി.ഒ. | 206237 | 9744387236 |
| 12. | ശ്രീമതി കുട്ടിയമ്മ ജേക്കബ്, ഈറ്റയ്ക്കകുന്നേൽ, പുലിയന്നൂർ പി.ഒ. | | 9447611724 |
| 13. | ശ്രീ. പി.ആർ ശശി, പെരുമ്പുഴക്കുന്നിന്, തെക്കുംമുറി, പുലിയന്നൂർ പി.ഒ. | 205356 | 9446863217 |
| | **സെക്രട്ടറി ഇൻ ചാർജ്ജ് : ശ്രീ. എ.ജെ. ജോസ്** | | **9447068009** |

ദീപൻ നിർത്തിയ ഇടത്താണ് സത്യത്തിൽ കാർത്തിക്ക് സുബ്ബരാജിന്റെ ജഗമേ തന്തിര(2021)വും, രാജ് നിധിമോരു, സുമൻ കുമാർ കൃഷ്ണ ഡി.കെ. എന്നിവർ ചേർന്ന വതരിപ്പിച്ച ദ് ഫാമിലി മാൻ സീസൺ ടുവും ആരംഭിക്കുന്നത്. ലങ്കയിൽ സമാധാനം പുനഃസ്ഥാപിച്ച് ഏതാണ്ട് രണ്ടു പതിറ്റാണ്ടിപ്പുറം ആ വിഷയം കൈകാര്യം ചെയ്യുന്ന തികച്ചും വേറിട്ട രണ്ടു ദൃശ്യാഖ്യാനങ്ങൾ ശ്രീലങ്കൻ തമിഴ് രാഷ്ട്രീയത്തെ കൈകാര്യം ചെയ്തത് ഏതാണ്ട് ഒരേ പോലെയാണെന്നതാണു രസം. സിനിമയിലും വെബ് സീരിസിലും ലണ്ടൻ ആസ്ഥാനമായി തുടരുന്ന ലങ്കൻ തമിഴ് പ്രസ്ഥാനത്തിന് അവിടത്തെ അധോലോകവുമായാണ് ഇഴയടുപ്പം.



ധനുഷ് നായകനായ ജഗമേ തന്തിരത്തിൽ ലണ്ടൻ അധോലോകത്തിന്റെ പിന്തുണയോടെ അതിജീവിക്കാൻ ശ്രമിക്കുന്ന ഈഴത്തെയാണ് കാണിക്കുന്നത്. നിയമത്തിന്റെ വഴിയിലൂടെ, പൗരത്വരേഖകളില്ലാത്ത തമിഴ് വംശജർക്ക് അതു നേടിക്കൊടുക്കാനും അവിടെ നിന്നുകൊണ്ട് ജനാധിപത്യപരമായി ശ്രീലങ്കൻ രാഷ്ട്രീയത്തിലിടപെടാനുമുള്ള തമിഴ് ശ്രമങ്ങളാണ് ചിത്രം അവതരിപ്പിക്കുന്നത്. അതിനുള്ള എല്ലാ പിന്തുണയും നൽകുന്നത് തമിഴനായ അധോലോക നേതാവ് ശിവദാസാണ് (ജോജു ജോർജ്) അഭയാർത്ഥികളിലൊരാളായ അറ്റില്ല (ഐശ്വര്യലക്ഷ്മി)യിലൂടെയാണു ശ്രീലങ്കയിലെ തമിഴർ നേരിട്ട കൊടിയ അതിക്രമങ്ങളുടെയും മനുഷ്യാവകാശധ്വംസനത്തിന്റെയും ദൃശ്യചിത്രം അനാവരണം ചെയ്യപ്പെടുന്നത്. ആഭ്യന്തരകലാപത്തിനിടെ ജന്മനാട്ടിലുണ്ടാവുന്നൊരു ബോംബു സ്ഫോടനത്തിൽ സ്വന്തം ഗ്രാമമൊട്ടാകെ ചാമ്പലാവുമ്പോൾ രക്ഷപ്പെടുന്ന അപൂർവം പേരിൽപ്പെട്ടതാണ് പാട്ടുകാരിയായ അറ്റില്ലയും സഹോദരനും മകനും. ദമ്പതികളും മകനും എന്ന വ്യാജേന അവർ ലണ്ടനിലേക്കു കടക്കുന്നു. എന്നാൽ സഹോദരൻ ധീരൻ ലണ്ടനിൽ മയക്കുമരുന്നു വ്യാപാരിയായ പീറ്ററിന്റെ സ്വകാര്യ തടങ്കലിലാവുന്നതോടെ അവളുടെ ജീവിതം ചോദ്യചിഹ്നമാവുന്നു. ശിവദാസാണ് അവളെയും അനന്തരവനെയും സംരക്ഷിക്കുന്നത്. ലങ്കയിൽ നേരിടേണ്ടി വന്ന മാനസികാഘാതത്തിൽ നിന്നു പുറത്തുവന്നിട്ടില്ലാത്ത അറ്റില്ല ഉള്ളിൽ പ്രതികാരവാഞ്ഛയോടെ നടക്കുന്നവളാണ്. ശിവദാസന്റെ സംഘാംഗമായ ദീപൻ (കലൈയരശൻ) ആണ് തമിഴ് പോരാട്ടത്തോട് ആഭിമുഖ്യം പ്രകടിപ്പിക്കുന്ന കഥാപാത്രം.ജനപ്രിയ നായകൻ ധനുഷിന്റെ മാസ് കച്ചവട സിനിമ എന്ന നിലയിൽ വിഭാവന ചെയ്തതുകൊണ്ടുതന്നെ ഇത്തരം രാഷ്ട്രീയമൊക്കെ പിന്നാമ്പുറത്തേക്കു മാറ്റിവച്ചുകൊണ്ട് ഡ്രഗ് ട്രാഫിക്കിങ്ങും അധോലോകവുമൊക്കെയായി ജഗപൊഗയാക്കുന്നതിൽ മാത്രമാണ് ജഗമേതന്തിരം ശ്രദ്ധിച്ചിട്ടുള്ളത്. ഉള്ളിൽ നോവിന്റെ കനൽ ആവഹിക്കുന്ന ശ്രീലങ്കൻ തമിഴ് പെണ്ണിന്റെ ശരീരഭാഷയോ സ്വത്വമോ ഉൾക്കൊള്ളുന്നതിൽ ജഗമേ തന്തിരത്തിലെ ഐശ്വര്യലക്ഷ്മി നടിയെന്ന നിലയ്ക്ക് പരാജയപ്പെടുന്നതു തിരിച്ചറിയണമെങ്കിൽ, ദ് ഫാമിലി മാൻ ടുവിലെ സമന്ത അക്കിനേനിയുടെ തമിഴ് പുലി രാജിയായുള്ള പരകായപ്രവേശം താരതമ്യം ചെയ്താൽ മതി.

ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദത്തിന്റെ പശ്ചാത്തലത്തിൽ, ഐ എസിൽ ചേരാൻ നാടുവിട്ട മലയാളികളെ കേന്ദ്രകഥാപാത്രമാക്കി ആമസൺ പ്രൈമിൽ അവതരിപ്പിച്ച പരമ്പരയാണ് മനോജ് ബാജ്പേയിയും പ്രിയാമണിയും മലയാളത്തിന്റെ നീരജ് മാധവും കേന്ദ്രകഥാപാത്രങ്ങായ ദ് ഫാമിലി മാൻ. രാജ്യമൊട്ടാകെ ഒന്നാം സീസൺ നേടിയ വൻ വിജയത്തെ തുടർന്നാണ് 2021–ൽ പരമ്പരയുടെ രണ്ടാം സീസൺ അവതരിച്ചത്. ഇക്കുറി തമിഴ് തീവ്രവാദവും വംശരാഷ്ട്രീയവുമായിരുന്നു വിഷയമാക്കിയത്. അക്കിനേനി നാഗചൈതന്യയുടെ ഭാര്യയും നടിയുമായ സമന്തയാണ് പ്രതികാരദാഹിയായ തമിഴ് തീവ്രവാദിയുടെ വേഷത്തിലെത്തുന്നത്. ലങ്കൻ ഈഴരാഷ്ട്രീയത്തിന്റെ കാണാപ്പുറങ്ങളിലേക്കാണു രണ്ടാം സീസൺ ശ്രദ്ധയൂന്നുന്നത്. ഏറെക്കുറേ ആത്മാർത്ഥവും സത്യസന്ധവുമായി അതു പറഞ്ഞുവയ്ക്കുന്നുമുണ്ട്.

യഥാർത്ഥത്തിലുള്ള തമിഴ് പ്രതിസന്ധി ആഴത്തിൽ തന്നെ ചിത്രം ചർച്ച ചെയ്യുന്നു. അതേസമയം, ഇന്ത്യൻ പ്രധാനമന്ത്രിയും (അവരൊരു ഉരുക്കുവനിതിയാണ്) ശ്രീലങ്കൻ പ്രസിഡന്റും തമ്മിലുള്ള രാഷ്ട്രീയബന്ധവും, ചാരപ്രവർത്തനവും



മറ്റും കമ്പോള മുഖ്യധാരയുടെ കടുംവർണത്തിലാണ് ചിത്രീകരിച്ചിട്ടുള്ളത്. എന്നിരുന്നാലും കെട്ടടങ്ങിയെന്നു വിശ്വസിക്കപ്പെടുന്ന തമിഴ് ഈഴമുന്നേറ്റം യൂറോപ്യൻ രാജ്യങ്ങളിൽ അഭയാർത്ഥികളായിത്തുടരുന്ന അനുഭാവികളിലൂടെ ജനാധിപത്യ സ്വഭാവമാർജ്ജിച്ച് രാഷ്ട്രീയപോരാട്ടമായി മാറുന്നതിന്റെ ദൃശ്യസൂചനയാണു ദ് ഫാമിലി മാനിലുള്ളത്. അതേസമയം, പ്രസ്ഥാനത്തിനുള്ളിൽ തന്നെ സായുധ വിപ്ലവത്തിൽ ഇനിയും വിശ്വസിക്കുന്ന അതിതീവ്രവാദികളും നിയമവഴിയും അന്താരാഷ്ട്ര നയന്ത്രത്തിന്റെ വഴിയും തേടുന്ന ജനാധിപത്യവാദികളും തമ്മിലുള്ള ഭിന്നത കൂടി പരമ്പര സൂചിപ്പിക്കുന്നു. വേലുപ്പിള്ള പ്രഭാകരന്റെ നിഴൽ വീണ ഭാസ്കരൻ പളനിവേൽ (മൈം ഗോപി) ആണ് പരമ്പരയിലെ പ്രധാന വില്ലൻ. ലണ്ടൻ കേന്ദ്രീകരിച്ച് ഈഴം വിപ്ലവ പ്രസ്ഥാനത്തെ ഏകോപിക്കുന്ന ഭാസ്കരന്റെ ലക്ഷ്യം സ്ഫോടനങ്ങളിലൂടെ ഇന്ത്യയെ പ്രലോഭിപ്പിച്ച് തമിഴ് പ്രശ്നം വീണ്ടും ലോകശ്രദ്ധയിലേക്കു കൊണ്ടുവരിക എന്നതാണ്. അയാളോടൊപ്പം ലങ്കയിൽ നിന്ന് പലായനം ചെയ്യുന്ന ഉറ്റചങ്ങാതിയും പുലി സംഘടനയിലെ ബുദ്ധിജീവിയും ചിന്തകനുമായ ദീപൻ (അഴകം പെരുമാൾ) ആവട്ടെ, ലണ്ടൻ കേന്ദ്രീകരിച്ച് സമാന്തരമായി ഒരു ലങ്കൻ ഭരണകൂടമുണ്ടാക്കി അതിന്റെ പ്രധാനമന്ത്രിയാവാനുള്ള ജനാധിപത്യവഴിയിലാണ്. ഭാസ്കരന്റെ നേരനുജൻ മധുരയിൽ റോയുടെ പിടിയിലാവുകയും കൊല്ലപ്പെടുകയും ചെയ്യുന്നതോടെ, പ്രതികാര ദാഹിയായി ലണ്ടൻ വിടുന്ന ഭാസ്കരന്റെ രാജ്യാന്തര അധോലോകസംഘടനകളുമായി ചേർന്നുള്ള ഇന്ത്യാവിരുദ്ധ നീക്കത്തെ റോ തടയുന്നതാണ് പരമ്പരയുടെ കാതൽ. തമിഴ്നാട്ടിൽ ശ്രീലങ്കൻ പ്രശ്നത്തോട് ആഭിമുഖ്യവും സഹതാപവും വച്ചുപുലർത്തുന്ന ദ്രാവിഡ രാഷ്ട്രീയത്തിന്റെ അരമനരഹസ്യങ്ങളും പരോക്ഷമായി പരമ്പര അവതരിപ്പിക്കുന്നുണ്ട്. ഒപ്പം രാജ്യാന്തരതലത്തിൽ തമിഴ് പുലികൾക്കുള്ള വേരോട്ടത്തെയും പരമ്പര പരാമർശിക്കുന്നു.

പകുതിക്കു വച്ചത് *സോണി വിയകോം* സംപ്രേഷണം ചെയ്ത അനിൽ കപൂർ-റ്റിസ്ക ചോപ്രമാരഭിനയിച്ച് റോബർട്ട് കോക്രാനും യൂൾ സർണോവും സംവിധാനം ചെയ്ത *24* എന്ന ടെലിപരമ്പരയെപ്പോലെ വൈയക്തികമാവുന്നുണ്ട്. കശ്മീരിൽ താൻ തകർത്ത നിഷ്കളങ്ക കുടുംബത്തിലെ വില്ലൻ പ്രതികാരത്തിനായി തിവാരിയുടെ ടീനേജുകാരിയായ മകളെ കടത്തിക്കൊണ്ടുപോകുന്നതോടെ അവളുടെ രക്ഷയും ലങ്കൻ ഭീകരവാദികളുടെ സ്ഫോടനശ്രമം തടയലുമൊക്കെയായി ഉദ്വേഗജനകമാവുകയാണ് രണ്ടാം സീസൺ. ആദ്യ സീസണിൽ കേരളത്തെയും മലയാളത്തെയും ഒപ്പം കൂട്ടിയതുപോലെ തമിഴ്നാടിനെയും തമിഴിനെയും കൂട്ടി പാൻ-ഇന്ത്യൻ പ്രേക്ഷകരെ ഉറപ്പാക്കുന്ന പരമ്പര പ്രിയാമണിയിലൂടെ മലയാളികളെയും ഒപ്പം നിർത്തുന്നു.

സൂപ്പർ ഡീലക്സ് പോലെ ചുരുക്കം ചില സിനിമകളിൽ അവിസ്മരണീയമായ അഭിനയം കാഴ്ചവച്ച സമന്തയുടെ അഭിനയജീവിതത്തിലെ ഏറ്റവും മികച്ച വേഷപ്പകർച്ചയാണ് ദ് ഫാമിലി മാനിലെ റാണി. ജീവിതത്തിൽ അവൾ നേരിട്ട ചവർപ്പും കയ്പ്പും കൊടിയ പീഡനങ്ങളും ജഗമേ തന്തിരത്തിലെ അറ്റില്ലയുടേതിനെ അപേക്ഷിച്ച് എത്രയോ വലുതാണ്. എൽ.ടി.ടി.ഇ.യുടെ മുന്നണിപ്പോരാളികളിലൊരുവളാണവൾ. സംഘടന ചിതറുകയും നേതാക്കൾ വിദേശത്ത് അഭയം തേടുകയും ചെയ്തപ്പോൾ തമിഴ്നാട്ടിൽ മിൽത്തൊഴിലാളിയായി അവസരം പാത്തു കഴിയുകയാണവൾ. സ്ത്രീയെന്ന നിലയ്ക്ക് അതിക്രമത്തിനു മുതിരുന്ന മിൽ സൂപ്പർവൈസറെ നിർദ്ദാക്ഷിണ്യം വെട്ടിനുറുക്കി പ്ലാസ്റ്റിക്ക് കവറുകളിലാക്കി കനാലിൽ കളയുകയാണവൾ. ഹൃദയം കല്ലും ശരീരം കാരിരുമ്പുമായി സൂക്ഷിക്കുന്ന റാണിയുടെ മനസ്സിൽ അവളുടേതായൊരു ശരിയുണ്ട്. അതാണു ശ്രീലങ്കയിലെ തമിഴ് വംശജർ ഇന്ത്യൻ സേനയിൽ നിന്നും, ശ്രീലങ്കൻ ഭരണകൂടത്തിൽ നിന്നും നേരിടേണ്ടി വന്ന മനുഷ്യാവകാശ ധ്വംസനത്തിലേക്കു വെളിച്ചം വീശുന്നത്. ഒരർത്ഥത്തിൽ റാണിയും മല്ലിയും അറ്റില്ലയും ശ്യാമയും പങ്കുവയ്ക്കുന്നത് ഒരേ മാനസികാവസ്ഥയാണ്, സങ്കടങ്ങളാണ്.


തമിഴ്നാട്ടിൽ നിന്നുള്ള ഒരു കമ്പോള സിനിമയിൽ ശ്രീലങ്കൻ തമിഴരുടെ പ്രശ്നം കൈകാര്യം ചെയ്തതും, തമിഴരെ സൗത്തിന്ത്യൻസ് ആയി ഇകിഴ്ത്തുന്ന വൈരുദ്ധ്യം തുറന്നുകാണിച്ച ദ് ഫാമിലി മാനിൽ തമിഴ് പ്രശ്നം കുറേക്കൂടി ആഴത്തിൽ കുറേക്കൂടി ആർജ്ജവത്തോടെ അവതരിപ്പിച്ചതും രസമാണ്. ശ്രീലങ്കൻ വംശീയ പ്രശ്നത്തെ ഉത്തരേന്ത്യൻ ചലച്ചിത്രപ്രവർത്തകർ നോക്കികണ്ടത്ര ആഴത്തിൽപ്പോലും കാർത്തിക്ക് സുബ്ബരാജിന് ആവിഷ്കരിക്കാനാവാതെ പോയെന്നതാണ് സത്യം.



**ലേഖനം**

**അഡ്വ. ജോബ് മൈക്കിൾ MLA**

# അനശ്വരനായ ജനനേതാവ്



**കേരളകോൺഗ്രസ്** കുടുംബമാണ് ഞങ്ങളുടേത്. അപ്പച്ചനും ചേട്ടന്മാരുമെല്ലാം കേരളകോൺഗ്രസ്സുകാർ. ചേട്ടന്മാർ ചങ്ങനാശ്ശേരി SBയിൽ പഠിക്കുമ്പോൾ സജീവ KSC പ്രവർത്തകരായിരുന്നു. അതുകൊണ്ട് വീട്ടിലെപ്പോഴും രാഷ്ട്രീയം സംസാരിച്ചിരുന്നു. അതൊക്കെ കേട്ടാണ് എന്റെ ബാല്യകാലം മുൻപോട്ടുപോയത്. വീട്ടിൽ എപ്പോഴും മാണിസാറിന്റെ പേരു പറയാറുണ്ട്. വളരെ ചെറുപ്പം മുതലേ കേട്ടുവളർന്ന ആ പേര് മനസ്സിൽ വേരോടിയതിൽ യാതൊരു അത്ഭുതവുമില്ല.

9-ാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായി മാണിസാറിന്റെ ഒരു പ്രസംഗം കേൾക്കുന്നതും ആദ്യമായി അദ്ദേഹത്തെ നേരിൽകാണുന്നതും.

ചങ്ങനാശേരി SBകോളേജിൽ ഞാനും സജീവ KSC പ്രവർത്തകനായിരുന്നു. അന്ന് കോളേജിൽ KSCയേ പ്രബല വിദ്യാർത്ഥിസംഘടനയായി ഉണ്ടായിരുന്നുള്ളു. പ്രവർത്തനമികവിലൂടെ വൈകാതെ കെ എസ് സി നേതൃത്വത്തിലേക്കു വന്നു. അങ്ങനെയാണ് പാലാവീടുമായി ബന്ധം ഉണ്ടാകുന്നത്. മാണിസാറിനെ കാണാൻ വരുന്ന അസംഖ്യം പ്രവർത്തകരിൽ നിന്നും പലരേയും തിരിച്ചറിയുന്ന കൂട്ടത്തിൽ എപ്പോഴോ അദ്ദേഹത്തിന്റെ ഹൃദയത്തിലൊരു സ്ഥാനം എനിക്കും ലഭിച്ചു. അദ്ദേഹം ആ സമയത്തൊക്കെ ഞങ്ങൾ വിദ്യാർത്ഥിപ്രവർത്തകരോട് സ്വന്തം മക്കളൊടെന്നപോലെ വാത്സല്യപൂർവ്വം പെരുമാറിയതൊക്കെ ജീവനുള്ളിടത്തോളം മറക്കുവതെങ്ങനെ?

കാണുമ്പോഴൊക്കെ അടുത്തുവിളിച്ച് ഉപദേശങ്ങൾ തരും. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു പറഞ്ഞുകൊണ്ടേയിരിക്കും. രാഷ്ട്രീയം തൊഴിലാക്കരുത് എന്നു പറഞ്ഞുതന്നത് മാണിസാറായിരുന്നു. ഒരു രാഷ്ട്രീയ പ്രവർത്തകന് വിദ്യാഭ്യാസം അത്യാവശ്യമാണെന്ന് അദ്ദേഹം ഇടയ്ക്കിടെ ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കും.

ജീവിക്കാൻ ഒരു തൊഴിലുവേണമെന്നു പറഞ്ഞുതന്നതും മറ്റാരുമല്ല. രാഷ്ട്രീയപ്രവർത്തനം തീർച്ചയായും ജനങ്ങൾക്കു വേണ്ടിയുള്ള സാമൂഹ്യപ്രവർത്തനമാണെന്നും സ്വന്തം കുടുംബം നോക്കാൻ ഒരു തൊഴിലുവേണമെന്ന ചിന്ത എന്നിൽ രൂഢമൂലമാകുവാനും മാണി സാർ പലപ്പോഴായി തന്ന ഉപദേശ നിർദ്ദേശങ്ങൾ സഹായിച്ചിട്ടുണ്ട് എന്നത് സത്യമാണ്.

വലിയ ത്യാഗങ്ങൾ താണ്ടിയാണ് ജോലിയും രാഷ്ട്രീയവും ഒരുപോലെ കൊണ്ടുപൊയ്ക്കൊണ്ടിരു

ന്നത്. ആ കാലമെല്ലാം ഒരു തിരശ്ശീലയിലെന്നപോലെ എന്റെ മനസ്സിലേക്കു പലപ്പോഴും എത്താറുണ്ട്. എന്റെ സഹപ്രവർത്തകർക്കിടയിൽ എപ്പോഴും സഞ്ചരിക്കുന്ന അഡ്വക്കേറ്റായിരുന്നു ഞാൻ. ജോലിയും രാഷ്ട്രീയവും പലപ്പോഴും പരസ്പരം ചേരാതെ വരും. കൂട്ടുകാർ എന്നെ കളിയാക്കി കഥകൾ ഇറക്കുന്നതൊക്കെ അതേ സ്പിരിറ്റിലാണ് ഞാനെടുത്തിട്ടുള്ളു. കോടതിയിൽ നിന്നും എത്തിലായുടൻ കറുത്ത ഗൗൺ മാറ്റിയിട്ട് കേരളകോൺഗ്രസ്സുകാരനാകുന്ന പരകായപ്രവേശത്തെ ആരു പരിഹസിച്ചാലും എനിക്കൊരു പ്രശ്നവും ഉണ്ടായിരുന്നില്ല. ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ കിട്ടുന്ന ഊർജത്തെ മറ്റൊന്നിനോട് ഉപമിക്കാൻ സാധ്യമല്ല. മാത്രവുമല്ല മാണിസാറിന്റെ സാന്നിധ്യം എന്നെ വല്ലാതെ സ്വാധീനിച്ചിരുന്നു. അത് അദ്ദേഹത്തിലേക്ക് എന്നെ കൂടുതൽ അടുപ്പിക്കുന്നതിനു കാരണമായി.

എന്റെ വിവാഹദിവസം ഒരിക്കലും മറക്കാൻ സാധിക്കില്ല. അദ്ദേഹം വീട്ടിൽ വന്ന് എന്നെ ഒരുക്കി പ്രാർത്ഥിച്ച് സ്തുതി തന്നു. വിവാഹചടങ്ങിൽ തിരക്കുകളെല്ലാം മാറ്റിവെച്ച് ആദ്യവസാനം പങ്കെടുത്തു. അതൊക്കെ ചിന്തിക്കുമ്പോൾ സന്തോഷവും സങ്കടവും ഉണ്ടാകും. വീട്ടിലെ പ്രധാന ചടങ്ങുകൾക്കൊക്കെ കുറച്ചുസമയമെങ്കിലും മാണിസാർ പങ്കെടുക്കുകയും ഞങ്ങളോട് വീട്ടിലെ കാരണവരെപ്പോലെ പെരുമാറുകയും ചെയ്യും. അത്തരം സാന്നിധ്യമൊക്കെ ജന്മാന്തരബന്ധംപോലെ സംഭവിക്കുന്നതായി എന്നെപ്പോലെ ആയിരങ്ങൾക്കു അനുഭവപ്പെട്ടിട്ടുണ്ട് എന്നതാണ് മാണിസാറിന്റെ മാജിക്. അരനൂറ്റാണ്ട് ഒരു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുവാൻ സാധിക്കുക എന്ന അപൂർവ്വത അദ്ദേഹത്തിനു കരഗതമായതും ജനങ്ങളുടെ മനസ്സിൽ ചിരപ്രതിഷ്ഠനേടിയതിന്റെ നേർസാക്ഷ്യം തന്നെ.

ഒരു സാധാരണ പ്രവർത്തകനിൽനിന്നും എന്നെ നേതൃത്വത്തിലേക്കു ഉയർത്തിയതും മാണിസാറായിരുന്നു. ചങ്ങനാശ്ശേരി SBയിൽ പഠിക്കുമ്പോഴാണ് എന്നെ KSC യുടെ സംസ്ഥാന പ്രസിഡന്റാക്കുന്നത്. അതൊരു വഴിത്തിരിവായിരുന്നു.

സജീവ രാഷ്ട്രീയത്തിൽ ഇടപെടുമ്പോഴും പഠനത്തിൽ പിന്നോക്കം പോകാതിരിക്കുവാൻ ശ്രദ്ധിച്ചിരുന്നു.

പിന്നീട് ചങ്ങനാശ്ശേരി നഗരസഭയിലേക്ക് അവസരം തന്നു. 2015ൽ തളിപ്പറമ്പിൽനിന്നും ആദ്യമായി നിയമസഭയിലേക്കു മത്സരിച്ചു. ഓരോരുത്തരുടെ കഴിവുകൾ തിരിച്ചറിയുവാനും അവസരങ്ങൾ തന്നു പ്രോത്സാഹിപ്പിക്കുവാനും മാണിസാർ എപ്പോഴും ശ്രദ്ധിക്കുമായിരുന്നു.

മാണിസാർ വിടവാങ്ങിയപ്പോൾ വലിയനഷ്ടബോധം തോന്നി. ആ ഭൗതികശരീരത്തിനു സമീപം നിന്നപ്പോൾ പഴയകാലഓർമ്മകൾ ഇരമ്പിയെത്തി. എന്റെ ജീവിതത്തിലെ പല നിർണ്ണായക തീരുമാനങ്ങൾക്കും തലതൊട്ടപ്പനായിനിന്ന ആ വലിയ മനുഷ്യൻ കടന്നുപോയത് വിശ്വസിക്കാൻ പ്രയാസമായിരുന്നു. അദ്ദേഹത്തിന്റ ഘനഗംഭീരമയ ശബ്ദം ഇപ്പോഴും കാതിൽ മുഴങ്ങുന്നുണ്ട്.

എത്രയോ യാത്രകൾ മാണിസാറിനൊപ്പം നടത്തുവാൻ ഭാഗ്യം കിട്ടിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലൊക്കെ അദ്ദേഹത്തൊടൊപ്പം സഞ്ചരിച്ചിട്ടുണ്ട്. യാത്രകളിലുടനീളം നർമ്മസംഭാഷണങ്ങളിലൂടെ ഒപ്പമുള്ളവരുടെ ഹൃദയം കവരാനുള്ള സംഭാഷണചതുരതയും മാണിസാറിനുണ്ടായിരുന്നു.

മാണിസാറ് സന്ദർഭോചിതമായി പറഞ്ഞ തമാശകൾ സമാഹരിച്ചാൽ ഒരു പുസ്തകമാക്കാൻ സാധിക്കുന്ന അത്രയുമുണ്ട്. അതൊന്നും മുൻകൂട്ടി തീരുമാനിച്ചുറപ്പിച്ചു പറയുന്നതല്ല. സ്വാഭാവികമായി വരുന്നതാണ്.

വലിയ ചിട്ടകളും ശീലങ്ങളുമുള്ള മാണിസാറിന്റെ ശുചിത്വരീതികളെക്കുറിച്ച് എനിക്കു വലിയ മതിപ്പായിരുന്നു. ദിവസം 3 നേരമെങ്കിലും കുളിക്കുമായിരുന്നു. വൃത്തിയുള്ള ശുഭ്രവസ്ത്രം ധരിക്കും. ചെറിയ യാത്രയിൽ പോലും പുതിയ വസ്ത്രങ്ങൾ ഒപ്പം കരുതും. ഒരു 500 വാട്ട് ബൾബ് പെട്ടെന്ന് കത്തിച്ചപോലെ മാണിസാർ കടന്നുവരുമ്പോൾ ഒരു പ്രകാശം പരക്കും. അദ്ദേഹത്തിന്റെ സാന്നിധ്യം പ്രവർത്തകരിൽ ഉന്മേഷവും ആവേശവും നിറയ്ക്കും. നേതാക്കൾക്കും അതു വലിയ ആത്മവിശ്വാസം നൽകും. മാണിസാറിനെ പലപ്പോഴും അനുകരിക്കുവാൻ നോക്കിയിട്ടുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ നിഷ്ഠകൾക്കും ചിട്ടകൾക്കും ഒപ്പമെത്താൻ ഒരിക്കലും കഴിഞ്ഞിട്ടില്ല.

പറഞ്ഞാലും പറഞ്ഞാലും തീരാത്ത ഓർമ്മകൾ സാറിനെക്കുറിച്ചു എഴുതാനുണ്ട്. അതൊക്കെ മറ്റൊരവസരത്തിലാകാം. സാറിനെക്കുറിച്ചുള്ള സ്മരണകൾ ഓരോപ്രവർത്തകർക്കും ജനങ്ങൾക്കുമുണ്ട്. 50 ആണ്ടിലേറെ ഒരു നിയോജകമണ്ഡലത്തെ നയിച്ച അപൂർവ്വത മറ്റാർക്കും അവകാശപ്പെടാൻ സാധിക്കില്ല. ലോകരാഷ്ട്രീയത്തിൽപോലും മാണിസാറിനു പകരംവെയ്ക്കാൻ മറ്റൊരാളില്ല.

അദ്ദേഹം തന്നെ സമീപിച്ച എല്ലാവരെയും ഒരുപോലെ സഹായിച്ചു. ഒരുപോലെ പരിപാലിച്ചു. ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു. പാലാ നിയോജകമണ്ഡലത്തെ വലിയ വികസനനേട്ടങ്ങളിലെത്തിച്ചാണ് മാണിസാർ വിടവാങ്ങേിയത്.

ഓർമ്മകൾക്കു മരണമില്ല. ഒരു പ്രകാശഗോപുരമായി മാണിസാർ ഞങ്ങളുടെയെല്ലാം മനസ്സിൽ വസിക്കുന്നുണ്ട്. ആ ഓർമ്മകളാണ് ഞങ്ങളുടെ തുടർപ്രയാണത്തിനു ഊർജമായി പ്രവർത്തിക്കുന്നത്.


കേരളരാഷ്ട്രീയം കണ്ട മനുഷ്യസ്നേഹിയായ മാണിസാറിന്റെ ദീപ്തമായ ഓർമ്മകൾക്കു മുൻപിൽ പ്രണാമം അർപ്പിക്കുന്നു.



കഥ
ജോസ് മംഗലശ്ശേരി

# തണൽ മരങ്ങൾ

വറുതിയും രോഗാണുഭീതിയും മൂലം നവദ്വാരങ്ങൾ മൂടി മൗനത്തിന്റെ വാല്മീകങ്ങളിൽ ജനങ്ങളൊട്ടാകെ ഒളിച്ചിരിക്കുമ്പോൾ ഹുറേ എന്നാർത്തു വിളിക്കാനാണ് വസനു തോന്നിയതും ആറു വർഷത്തെ പ്രവാസ ജീവതത്തിനുശേഷം കെട്ടും കെടക്കയുമായി എയർപോർട്ടിലെത്തി ഒരാഴ്ച



നീണ്ട ഹോട്ടൽ ക്വാറന്റീൻ കഴിഞ്ഞ് ആർ.ടി.പി.സി. ടെസ്റ്റിന്റെ ഫലമറിഞ്ഞപ്പോഴാണ് ഹുറെ എന്നു വിളിക്കാനുള്ള ഉൾവിളി വസനുണ്ടായത്. എന്തെങ്കിലും പുതിയ കണ്ടുപിടുത്തം നടത്തിയതുകൊണ്ടല്ല റിസൾട്ട് നെഗറ്റീവായതുകൊണ്ടാണ്. കൂടെ വന്ന മൂന്നു പേർക്ക് പോസിറ്റീവ് ആയി. മണലാരണ്യത്തിലെ ജോലിക്കിടയിൽ വീണുകിട്ടുന്ന അവധിദിവസം മുറിയിൽ ഒത്തുകൂടി പരിദേവനങ്ങൾ പങ്കുവയ്ക്കുന്ന കൂട്ടുകാരോട് ഞാൻ പതിവായി പറയുന്ന വാക്കായിരുന്നു ബി പോസിറ്റീവ്. ഇപ്പോഴിതാ അതു യാഥാർത്ഥ്യമായിരിക്കുന്നു. താൻ മാത്രം നെഗറ്റീവ്. ഇതെന്തു മായാജാലം. ആലോചിച്ചിട്ട് ഒരെത്തും പിടിയും കിട്ടുന്നില്ല. ക്രമപ്രകാരമുള്ള കുത്തിവയ്പും പരിശോധനകളും എല്ലാം പൂർത്തിയാക്കിയാണ് വിമാനം കയറിയത്. എന്തായാലും താൻ തൽക്കാലത്തേയ്ക്ക് രക്ഷപ്പെട്ടു. മറ്റുള്ളവർ പതിനാലു ദിവസത്ത കഠിനതടവിനു ശിക്ഷിക്കപ്പെട്ടു. അതു കഴിഞ്ഞു ടെസ്റ്റു പാസ്സായാലേ അവർക്കു രക്ഷയുള്ളു. ബാലന്റെ കാര്യമാണ് ഏറെ കഷ്ടം. മറ്റെന്നാൾ അവന്റെ സഹോദരിയുടെ കല്യാണമാണ്. മനസ്സില്ലാ മനസ്സോടെ കൂട്ടുകാരോട് യാത്ര പറഞ്ഞ് ആരോഗ്യ പ്രവർത്തകർ ഏർപ്പാടു ചെയ്തു തന്ന വാഹനത്തിൽ വീട്ടിലേക്കു തിരിക്കുമ്പോൾ അകാരണമായ ഒരു ഭീതി അയാളെ വലയം ചെയ്തിരുന്നു. വണ്ടിക്കാരനു വഴി പറഞ്ഞുകൊടുത്തിട്ട് പിൻസീറ്റിൽ കയറിയിരുന്നു.

മോൾക്കായി കരുതിയിരുന്ന ടോയ്സും ചോക്ളേറ്റുമടങ്ങുന്ന ബാഗു മാത്രം മടിയിൽ വച്ചു. വാഹനത്തിന്റെ മുൻ പിൻ സീറ്റ് പോളിത്തീൻ ഷീറ്റുകൊണ്ട് മറച്ചിട്ടുണ്ടായിരുന്നു.

കൂട്ടുകാരെ ഒററയ്ക്ക് വിട്ടു പോന്നതിൽ അല്പം കുണ്ഠിതം ഉണ്ടായിരുന്നെങ്കിലും വീട്ടിലോട്ടുള്ള യാത്രയായതിനാൽ ഇത്തിരി സന്തോഷമുണ്ടായിരുന്നുതാനും. കുറെക്കാലത്തേയ്ക്ക് ആയിരുന്നെങ്കിലും കാലുറപ്പിക്കാൻ ഇടം തന്ന മണ്ണിനെ എന്നേയ്ക്കുമായി ഉപേക്ഷിച്ചു പോന്നവൻ താൻ മാത്രമാണല്ലോ. അയാൾ സമാധാനപ്പെട്ടു.

എന്നാണു സാറെ തിരിച്ചു പോകുന്നത്. ഗുഹയിൽനിന്നെന്നോണം മുഴക്കമുള്ള നേർത്ത ശബ്ദമാണ് അയാളെ ചിന്തയിൽ നിന്നുണർത്തിയത്.

തീർത്തു പോന്നതാണ്. ഇനിയും തിരിച്ചു പോകുന്നില്ല. അയാൾ മറുപടി പറഞ്ഞു.

അതെന്താ സാറെ ജോലി നഷ്ടപ്പെട്ടോ...അതോ ശമ്പളക്കുറവോ... മിക്കവരും ഇപ്പോൾ തിരിച്ചു വരുന്നത് ജോലി നഷ്ടപ്പെട്ടിട്ടാണ്.

ഹേയ്. അതൊന്നുമല്ല ഇനി കുടുംബത്തോടൊപ്പം സ്വസ്ഥമായി താമസിക്കണം അതു തന്നെ.

സാറെ, ആ ഷീറ്റു വേണമെങ്കിൽ പൊക്കിവയ്ക്കാം. സാറു നെഗറ്റീവാണല്ലോ? സംസാരിച്ചു കൊണ്ടുപോയാൽ ദൂരമറിയുകേല.

ഡ്രൈവിംഗിൽ ശ്രദ്ധിച്ചുകൊണ്ടാണയാൾ സംസാരിക്കുന്നത് എന്നു മനസ്സിലായിരുന്നതുകൊണ്ട് അയാളെ അനുസരിക്കാൻ തീരുമാനിച്ചു. പോളിത്തീൻ ഷീറ്റ് ഉയർത്തി വച്ചു.

സാറ് എത്രകൊല്ലം കൂടിയാണ് നാട്ടിൽ വരുന്നത്. അയാൾ ആരാഞ്ഞു.

"രണ്ടു കൊല്ലംമുമ്പ് വന്നുപോയതാണ്. പിന്നെ പുറകെ കൊറോണയും പ്രശ്നങ്ങളും മടുത്തു. അതാണ് നിറുത്തിപ്പോന്നേക്കാം എന്നു വച്ചത്. ഇനി ഉള്ളതുകൊണ്ട് സമാധാനമായി കഴിയാമല്ലോ?"

"അതു വെറും തെറ്റിദ്ധാരണയാണു സാറെ. ഞാനും പ്രവാസിയായിരുന്നു. എന്റെ ചിന്താഗതിയും ഇതുപോലെ തന്നെയായിരുന്നു. നാട്ടിലെ ശുദ്ധവായുവും ശുദ്ധജലവും ആസ്വദിച്ചു കഴിയാനാണ് ഞാൻ തിരിച്ചു പോന്നത്. പക്ഷെ വീട്ടുകാർക്ക് വേണ്ടത് പണം കായ്ക്കുന്ന മരമാണ്. അങ്ങനെ അവസാനം ഞാനെന്റെ പഴയ തൊഴിലിലേയ്ക്ക് തിരിച്ചു പോന്നു. സാറിനെ കാത്തിരിക്കുന്നതും ഇതുതന്നെയായിരിക്കും." ഒരു പ്രവാചകനെപ്പോലെ അയാൾ പറഞ്ഞു.

"ഹേയ്, എന്റെ വീട്ടുകാർ അങ്ങനെയല്ല സുഹൃത്തേ. അവർ പണത്തിനെയല്ല, എന്നെയാണ് സ്നേഹിക്കുന്നത്. എന്റെ വരവും പ്രതീക്ഷിച്ചു കാത്തിരിക്കുകയായിരിക്കും."

"സാറിന്റെ വിശ്വാസം സാറിനെ രക്ഷിക്കട്ടെ."

അയാൾ പിന്നെ എന്തൊക്കെയോ സംസാരിച്ചു കൊണ്ടിരുന്നു. എല്ലാറ്റിനും ഒരു മൂളൽകൊണ്ട് മറുപടി നൽകി.

ഞാൻ മറുപടിയൊന്നും പറയാത്തതുകൊണ്ടവാം അയാൾ സംസാരം തുടർന്നില്ല.

വിദേശത്തു തൊഴിൽകിട്ടി പിറ്റേ വർഷം മുതൽ വിവാഹാലോചനകൾ ഉണ്ടായിരുന്നു. വധു ടീച്ചറായിരിക്കുന്നതാണ് നല്ലതെന്ന് അച്ഛൻ. നഴ്സായിരിക്കുന്നതാണ് നല്ലതെന്ന് അമ്മ. എന്തായിരുന്നാലും സുന്ദരിയായിരിക്കണം. കുറുനിരയും മുണക്കുഴിയും വേണം. ഇതായിരുന്നു എന്റെ പക്ഷം. എന്തായാലും രണ്ടാമത്തെ വരവിന് നഴ്സായ മുണക്കുഴിയും കുറുനിരയുമുള്ള സുന്ദരിയായ ജാസ്മിനെ താലി ചാർത്താൻ കഴിഞ്ഞു.

വയസ്സു മുപ്പതു കഴിഞ്ഞു കേട്ടോ വിവാഹപ്പിറ്റേന്ന് അമ്മ ഓർമ്മിപ്പിച്ചു. രണ്ടാഴ്ച അവധിയും രണ്ടു രാജ്യത്ത് ജോലിയും. അതൊക്കെ അടുത്ത അവധിക്ക്. ജാസ്മിൻ നിലപാടു വ്യക്തമാക്കി.

താൻ തന്റെ നിലപാടിൽ ഉറച്ചുനിന്നു തിരിച്ചു പോയി. പിറ്റേ മാസം അവൾ അറിയിച്ചുപണി പറ്റി കേട്ടോ. ഏഴാം മാസം അവധിയെടുത്ത് അവൾ തിരിച്ചു പോന്നു. അതിന്റെ പത്താം ദിവസം മാസം തികയാതെ മോളെ പ്രസവിച്ചു. തന്മൂലം അവധി തീർന്നപ്പോൾ തിരിച്ചു പോകാനും പറ്റിയില്ല. അവധിക്ക് നാട്ടിൽ വന്നപ്പോൾ അവൾ പറഞ്ഞു എനിക്ക് കാനഡയ്ക്ക് പോണം. നിങ്ങൾ കൊച്ചിനെ നോക്ക് ഞാൻ കോച്ചിംഗിനു പോകാം. പകൽ കോച്ചിംഗും രാത്രി പഠനവുമായി അവധി പെട്ടെന്നു കഴിഞ്ഞു. പിറ്റേ വർഷവും തഥൈവ. അച്ഛൻ പറഞ്ഞതു പോലെ ടീച്ചർ ആയിരുന്നെങ്കിൽ എന്നാശിച്ചുപോയി.

സ്വരൂപിച്ചതെല്ലാംകൂടി കൂട്ടിവെച്ച് ഇഷ്ടപ്പെട്ട രീതിയിൽ ഒരു വീടു വച്ചു. വീടിനു ചുറ്റും ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിച്ചു. മരങ്ങൾ വളർന്ന് വീടിനു തണലാകുമല്ലോ. പിന്നിടെന്നോ ജാസ്മിൻ അയച്ചു തന്ന വീടിന്റെ പടം കണ്ട് കൂട്ടുകാർ പറഞ്ഞു. 'തപോവനം'

കുഞ്ഞിനെയും കൂട്ടി യാത്ര പോകണം. അയാൾ മനക്കണക്കുകൾ കൂട്ടിക്കൂട്ടി മയക്കത്തിലേയ്ക്ക് വഴുതി.

സർ പറഞ്ഞ ജംഗ്ഷനെത്തി, ഇനി എങ്ങോട്ടാണ്. വണ്ടിക്കാരന്റെ ശബ്ദമാണ് മയക്കത്തിൽനിന്നുണർത്തിയത്. വീട്ടിലേക്കുള്ള വഴി പറഞ്ഞുകൊടുത്തു. മുറ്റത്തു വണ്ടി നിർത്തിയപ്പോൾ അയാളെ അത്ഭുതപ്പെടുത്തിയത് മുറ്റത്തെ വെളിച്ചമാണ്. ഫലവൃക്ഷങ്ങളൊക്കെ വെട്ടിമാറ്റിയിരിക്കുന്നു. ശ്വാസം വിലങ്ങി അല്പനേരം മുറ്റത്തു നിന്നു. വണ്ടി വന്നു നിന്നിട്ട് ആരെയും കാണായ്കയാൽ വണ്ടിക്കാരന്റെ സഹായത്തോടെ പെട്ടികൾ ഇറക്കി വച്ചു. പിന്നീട് സാവധാനം ബെൽസ്വിച്ചിൽ വിരലമർത്തി. വാതിൽ തുറന്നത് അമ്മയായിരുന്നു.




**ലേഖനം**

**പ്രമോദ് നാരായണൻ MLA**


# ഡിജിറ്റൽ കേരള

**നവോത്ഥാന പ്രസ്ഥാനം** നമ്മുടെ നാടിന്റെ പൊതുബോധത്തിലും ജനാധിപത്യ വീക്ഷണത്തിലും മാത്രമല്ല നിയമനിർമ്മാണ രംഗത്തും ഭരണക്രമത്തിലും സാമൂഹിക രംഗത്തും വിപ്ലവകരമായ മാറ്റങ്ങളാണ് സൃഷ്ഠിച്ചത്. അതിന്റെയൊക്കെ തുടർച്ചയായിരുന്നു പിന്നീട് അധികാരത്തിൽ വന്ന സർക്കാരുകൾ തുടർന്നു വന്ന  പുരോഗമനാത്മകമായ വിദ്യാഭ്യാസം നയം.വിദ്യാഭ്യാസ രംഗത്തു നാം നേടിയ അഭിമാന നേട്ടങ്ങൾക്കെല്ലാം നിതാന മാകുന്നതും ആ നവോത്ഥാന മുന്നേറ്റങ്ങളാണ്. വിദ്യാഭ്യാസം  അവകാശമാണന്നു നിയമം നിർമ്മിച്ച നാടുകൂടിയാണ് കേരളം "One Child One Teacher One Book and One Pen can change the World" വെടിയുണ്ടകൾക്ക് തകർക്കാനാകാത്ത ധീരതയോടെ നോബൽ സമ്മാന ജേതാവായ മലാല യൂസഫ് ഷാ എന്ന പെൺകുട്ടി വരച്ചിട്ട വാക്കുകൾക്ക് മുകളിലൂടെ കാലത്തിനു മുന്നേ നടന്ന നാടാണ് നമ്മുടെ കേരളം.

ഡിജിറ്റൽ സാങ്കേതിക വിദ്യ ലോകം കീഴടക്കുന്ന ആഗോളവൽക്കരണ കാലത്തു നമ്മുടെ വിദ്യാർഥികൾ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി വലിയ മത്സരത്തെ അഭിമുഖീകരിക്കേണ്ട സാഹചര്യമാണ് .വിദ്യാഭ്യാസ മേഖലയിൽ ഏതു മത്സരത്തെയും നേരിടാൻ തക്കവണ്ണം നമ്മുടെ കുട്ടികളെ സജ്ജമാക്കാൻ നമ്മുക്ക് കഴിയണം അതിനായി ആവശ്യമായ തിരുത്തലുകൾ പാഠ്യപദ്ധതികളിലടക്കം വരുത്താൻ കഴിയണം. ലോകമെമ്പാടും സാങ്കേതിക വിദ്യക്കനുസരിച്ചുള്ള പരിഷ്ക്കാരങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. പ്രീ പ്രൈമറി മുതൽ സർവ്വകലാശാല തലം വരെ  നമ്മുടെ പാഠ്യപദ്ധതിയിലും മാറ്റങ്ങൾ വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.കണ്ണിൽ കണ്ടതെല്ലാം തകർക്കുന്ന കുട്ടികൾക്കായി മരിയ മൊണ്ടേസറി എന്ന അധ്യാപിക1907 ജനുവരി 6 നു ഇറ്റലിയിലെ സാ ലാറാൻസ്കോ എന്ന തെരുവിൽ 'കാസാതി ബാബിനി'എന്ന പേരിൽ ഒരു പകൽമുറി തുറന്നു .ആ മുറിയിൽ പകച്ചുനിന്ന കുരുന്നുകൾക്ക് മുന്നിലേക്ക് അദ്ധ്യാപിക കുറെപഠനോപകരണങ്ങൾ നിരത്തിയിട്ടു ഇഷ്ടമുള്ളവ തിരഞ്ഞെടുത്തുകൊള്ളാൻ ആവശ്യപ്പെട്ടു. അവർ ശാന്തരായി ഇഷ്ടപ്പെട്ടവ തിരെഞ്ഞെടുക്കയും താത്പര്യപൂർവം ഓരോന്നും ഗ്രഹിച്ചെടുക്കുകയും ചെയ്തു. "Happines Index of Children" കുട്ടികളുടെ സന്തോഷമെന്നാൽ സ്വതന്ത്രമായ മനുഷ്യന്റെ വകാസത്തിനുള്ള അന്തരീക്ഷം ഒരുക്കലാണ് എന്നു ലോകത്തിനു കാണിച്ചു തന്ന മരിയ മൊണ്ടേസറിയുടെ ആ വിദ്യാഭ്യാസ ആവിഷ്ക്കാരം ഒരു നൂറ്റാണ്ട് പിന്നിട്ടിട്ടും നമ്മുടെ കുട്ടികൾ A for Apple B for Boy എന്നു ഇപ്പോഴും പ്രൈമറി സ്കൂളുകളിൽ പഠിച്ചു കൊണ്ടിരിക്കുകയാണ്. പുതുതായി ഒരു വാക്കിനെ കുറിച്ചു ആരായാനുള്ള സാധ്യത പോലും ഇല്ലാതാക്കുന്ന ഈ പരമ്പരാഗതമായ സംവിധാനത്തിൽ നിന്നും മാറി നടക്കാൻ നമുക്ക് കഴിയണം. കേരളം ഒരു കരിക്കുലം കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട് അതിനെ മരിയ മൊണ്ടേസറി യുടെ വിദ്യാഭ്യാസ ആവിഷ്ക്കാരവുമായി ബന്ധപ്പെടുത്തണമെന്നു ഞാൻ നിയമസഭയിൽ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.വിദ്യാഭ്യാസ രംഗത്തുള്ള എല്ലാ ഇടപെടലുകളും Happines Index of Children" കുട്ടികളുടെ സന്തുഷ്ടി എന്ന പരിഗണനയിൽ ആയിരിക്കണം.

കേരളത്തിന്റെ സാമൂഹിക-വിദ്യാഭ്യാസ പുരോഗതിക്കു പുതിയ ദിശയും തലവും നൽകുന്ന ആശയമാണ് 'നോളഡ്ജ് എക്കണോമി ' അതിന്റെ ആധാര പ്രേരണയാകേണ്ടത് നമ്മുടെ സർവ്വകാലശാലകളാണ് നിർഭാഗ്യവശാൽ നമ്മുടെ സർവ്വകലാശാലകൾ പരീക്ഷ നടത്തിപ്പിലും സർട്ടിഫിക്കേഷനിലും മാത്രം പരിമിത പെടുകയാണ്.അറിവിന്റെ ഉല്പാദനകേന്ദ്രങ്ങളാകുവാൻ സർവ്വകാലകൾക്കാ



വണം.അതിനായി നാനോ ടെക്നോളജി ,ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെ ലോകത്താകെ നടപ്പിലാക്കിവരുന്ന പബ്ലിക് പൊളിസിയിൽ നൂതന കോഴ്സുകൾ ആരംഭിക്കണം.അക്കാദമിക് കാര്യത്തിൽ പ്രത്യേകിച്ചു ഗണിതം ,ശാസ്ത്രം, സാമൂഹിക ശാസ്ത്രം തുടങ്ങിയവയിൽ നാം ഏറെ മുന്നേറേണ്ടിയിരിക്കുന്നു അതിനായി നിലവിലെ കോഴ്സുകളിൽ കാലോചിതമായ മാറ്റം സർവ്വകലാശാലകൾ വരുത്തണം.

രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ മാനിക്കാതെ വിദ്യാഭ്യാസ മേഖലയിൽ ഇടപെട്ടുകൊണ്ടു കാവിവൽക്കരണം നടപ്പാക്കുവാനുള്ള ശ്രമങ്ങൾ കേന്ദ്രത്തെ ഉപയോഗിച്ചു കൊണ്ടു സംഘപരിവാർ നടത്തികൊണ്ടിരിക്കുകയാണ്.രാജ്യത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രം പോലും വളച്ചൊടിക്കുന്നവർ വിദ്യാഭ്യാസ മേഖലയിൽ അവരുടെ അജണ്ടകൾ നടപ്പിലാക്കിയാൽ അതു നമ്മുടെ വിദ്യാഭ്യാസ മേഖലയെ മലീമസമാക്കും എന്നതിൽ തർക്കമില്ല. അത്തരം നീക്കങ്ങൾക്കെതിരെ നമ്മൾ ജാഗരൂകരാകണം

വിദ്യാഭ്യാസ മേഖലയിൽ നാം നേടിയ നക്ഷത്ര തിളക്കം അൽപ്പം പോലും മങ്ങാതെ കാത്തു സൂക്ഷിക്കേണ്ടത് ആ മേഖലയിൽ ഉള്ളവരുടെ മാത്രമല്ല പൊതുസമൂഹത്തിന്റെ കൂടി കടമയാണ്.കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ രംഗത്തു വലിയ മുന്നേറ്റമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നീതി ആയോഗിന്റെ റിപ്പോർട്ടുകളിൽ അടക്കം അതു പ്രതിപാദിച്ചിട്ടുണ്ട് ആ നേട്ടങ്ങൾ തുടർന്നും നിലനിർത്തേണ്ടതുണ്ട്. രാജ്യത്തിനു മാത്രമല്ല ലോകത്തിനു മാതൃകയാകാൻ നമ്മുടെ കുട്ടികൾക്ക് കഴിയണം.പാർശ്വ വൽക്കരണമില്ലാതെ എല്ലാകുട്ടികൾക്കും അവരുടെ കഴിവിന്റെ പരമാവധിയിൽ എത്താൻ കഴിയത്തക്കവിധം അവസരങ്ങൾ സൃഷ്ടിക്കപ്പെടണം ഇതിനാവശ്യമായ അന്തരീക്ഷം നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ടാകണം ഈ അടിത്തറയിൽ നിന്നാകണം നമ്മുടെ പ്രതിഭാധനരായ കുട്ടികൾ വളർന്നു വരേണ്ടത്.കോവിഡ് കാലത്തു വിദ്യാലയങ്ങൾ തുറക്കാനാവാത്ത സാഹചര്യത്തിലും വിദ്യാഭ്യാസമെന്നത് അനിവാര്യത ആയതിനാലാണ് ഓൺലൈൻ വിദ്യഭ്യാസം നമ്മൾ ആരംഭിച്ചത്.പലവിധ കാരണങ്ങൾ മൂലം തുടക്കത്തിൽ അതിനോട് മുഖം തിരിച്ചവർ പോലും പിന്നീട് ഡിജിറ്റൽ വിദ്യഭ്യാസത്തിന്റെ ആവശ്യകതയിലേക്ക് ആകർഷിക്കപ്പെട്ടു. വിദ്യാഭ്യാസത്തെ കുറിച്ചുള്ള നമ്മുടെ പമ്പരാഗത കാഴ്ചപ്പാടുകൾ തന്നെ മാറ്റിമറിക്കുകയായിരുന്നു പുതുമയാർന്ന ആ പഠന രീതി.നിലവിലുള്ള പരിമിതികൾ കണ്ടെത്തി പരിഹരിച്ചു കൊണ്ടു ഓൺലൈൻ/ഡിജിറ്റൽ പഠനത്തിന്റെയും പരീക്ഷകളുടെയും സാധ്യതകൾ കോവിഡാനന്തര കാലത്തും നല്ല രീതിയിൽ ഉപയോഗപ്പെടുത്തുവാനും അതിനനുസരിച്ചു പാഠ്യ പദ്ധതിയിൽ കാലോചിതമാറ്റങ്ങൾ വരുത്തുവാനും കഴിഞ്ഞാൽ വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന ഏതു മത്സരത്തെയും അതി ജീവിക്കാൻ നമ്മുടെ കുട്ടികൾക്കു കരുത്തുനല്കും.

ആശംസകൾ....

## ദി കുടക്കച്ചിറ സർവ്വീസ് കോ – ഓപ്പറേറ്റീവ് ബാങ്ക്

ക്ലിപ്തം നമ്പർ 1792

Ph: 04822 - 240306, 9207240306 - e-mail : kudakkachirascb1792@gmail.com

1928–ൽ സ്ഥാപിതം

- അംഗങ്ങളുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് വായ്പ നൽകി വരുന്നു
- തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നു.
- ജനസേവനകേന്ദ്രം പ്രവർത്തനമാരംഭിച്ചു
- 1 ലക്ഷം മുതൽ5 ലക്ഷം വരെ വിവിധ സലകളിലുള്ള GDCS (ചിട്ടികൾ) നടത്തി വരുന്നു.

ഉറച്ച വിശ്വാസം മികച്ച സേവനം

ഭരണസമിതിയംഗങ്ങൾ

ശ്രീമതി ബെറ്റി അഗസ്റ്റിൻ, വടക്കേപെരുന്നാട്ട് (വെസ് പ്രസിഡന്റ്)
ശ്രീ. ജോർജ് സിറിയക്ക്, പുളിങ്കാട്
ശ്രീ. കെ.ആർ രഘു, കരിശ്ശേരിൽ
ശ്രീ. ജെയിംസ് മാത്യു, വെള്ളാമ്പൽ
ശ്രീ. ജെഷി അഗസ്റ്റിൻ, പുത്തുപ്പിള്ളിൽ
ശ്രീ. ബെന്നി ജോസഫ്, നാടുകാണിയിൽ
ശ്രീ. ജോർജ് ജേസഫ്, ചിരട്ടോലിക്കൽ

**പ്രസിഡന്റ്**
ശ്രീ. സുഭാഷ് എം.പി. – 9946483339

**സെക്രട്ടറി**
എബിൻ അബ്രാഹം – 9847944257

ആശംസകൾ....

## വൈക്കം താലൂക്ക് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്

ക്ലിപ്തം നമ്പർ കെ. 951

**വായ്പകൾ അതിവേഗത്തിൽ...**

കൃഷി, വ്യവസായ സംരംഭങ്ങൾ, ഭവന നിർമ്മാണം, വാഹനം, വിദ്യാഭ്യാസം, ചെറുകിട കച്ചവടം, സ്വർണ്ണപ്പണയം, ഫാം ടൂറിസം സംരംഭങ്ങൾ, വസ്തു വാങ്ങുന്നതിന്, ടൂവീലർ, കമ്പ്യൂട്ടർ തുടങ്ങിയ ആവശ്യമേതുമാകട്ടെ......

***മിതവും സുതാര്യവുമായ പലിശ നിരക്കിൽ.....***

**കൂടുതൽ വിവരങ്ങൾ:**

ഹെഡ്ഡ് ഓഫീസ് : വൈക്കം ഫോൺ 04829 – 231533
സബ് ആഫീസ് : കടുത്തുരുത്തി ഫോൺ 04829 – 284844

**കൺവീനർ**
ജോസ് തോമസ്,
നിലപ്പനക്കൊല്ലിയിൽ
9447259284

# അമല
## മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

കീഴൂർ, ഇരിട്ടി

9447 194 270, 9747 482 170
8547 061 575



## ആതുര ശുശ്രൂഷാ രംഗത്ത്
## 22 വർഷത്തെ സേവന പാരമ്പര്യം..

**സൗകര്യങ്ങൾ**

- ഡയാലിസിസ്
- സിടി സ്കാൻ
- ടി.എം.ടി
- എക്കോ കാർഡിയോഗ്രാം
- സി ആം
- അൾട്രാസൗണ്ട് സ്കാനിംഗ്
- ഗ്യാസ്ട്രോ എൻഡോസ്കോപ്പി
- A/C റൂമുകൾ

**24 മണിക്കൂറും**

- കുട്ടികളുടെ വിഭാഗം
- ഗൈനക്കോളജി വിഭാഗം
- ആക്സിഡന്റ് ട്രോമാ കെയർ
- ഫാർമസി
- മെഡിക്കൽ ലബോറട്ടറി
- ആമ്പുലൻസ്

**ആധുനിക സൗകര്യങ്ങളോടെ..**

- ലേബർ റൂം
- ICU, NICU
- ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്

- ജനറൽ മെഡിസിൻ
- ഗൈനക്കോളജി
- കുട്ടികളുടെ വിഭാഗം
- അസ്ഥിരോഗവിഭാഗം
- ത്വക്ക് രോഗ വിഭാഗം
- വൃക്കരോഗ വിഭാഗം
- യൂറോളജി
- ന്യൂറോളജി
- ഇ.എൻ.ടി
- നെഫ്രോളജി വിഭാഗം
- ഹൃദ് രോഗവിഭാഗം
- ഗ്യാസ്ട്രോ എന്ററോളജി
- റേഡിയോളജി
- ജനറൽ സർജറി
- അനസ്തേഷ്യോളജി
- ഡന്റൽ വിഭാഗം


നാൽപതോളം വിദഗ്ദ്ധരായ
ഡോക്ടർമാരുടെ സേവനം....

# കേരള കോൺഗ്രസ് (എം)

## കോഴിക്കോട് ജില്ലാ കമ്മിറ്റി



*പ്രസിഡണ്ട്*
**ടി. എം. ജോസഫ്**
തോണിപ്പാറയിൽ (വീട്)
തമ്പലമണ്ണ (പി. ഒ.), തിരുവമ്പാടി (വഴി)
മൊ. : 9447 88 60 50



*വൈസ്. പ്രസിഡണ്ട്*
**വൈലാങ്കര മുഹമ്മദ് ഹാജി**
വൈലാങ്കര (വീട്)
എളേറ്റിൽ വട്ടോളി (പി. ഒ.)
മൊ. : 9447 35 80 54



*ജനറൽ സെക്രട്ടറി*
*(ഓഫീസ് ഇൻചാർജ്ജ്)*
**ബേബി കാപ്പുകാട്ടിൽ**
കാപ്പുകാട്ടിൽ (വീട്)
ചക്കിട്ടപാറ (പി. ഒ.)
മൊ. : 9447 72 52 28



*ജനറൽ സെക്രട്ടറി*
**കെ. കെ. നാരായണൻ**
കണ്ണോത്ത്കണ്ടി (വീട്)
കായണ്ണബസാർ (പി. ഒ.)
പേരാമ്പ്ര
മൊ. : 9447 35 80 54



*ജനറൽ സെക്രട്ടറി*
**ആന്റണി ഈരൂരിൽ**
ഈരൂരിൽ (വീട്)
വിലങ്ങാട് (പി. ഒ.)
മൊ. : 8281 53 17 70



*ജനറൽ സെക്രട്ടറി*
**റോയ് മുരിക്കോലിൽ**
പുല്ലൂരാംപാറ (പി. ഒ.)
തിരുവമ്പാടി (വഴി)
മൊ. : 9445 08 66 27



*ജനറൽ സെക്രട്ടറി*
**സുരേന്ദ്രൻ പാലേരി**
പൂഴിത്തോട്ടത്തിൽ (വീട്)
ചങ്ങരോത്ത് (പി. ഒ.)
മൊ. : 9995 51 85 01



*ജനറൽ സെക്രട്ടറി*
**ബോബി മൂക്കൻതോട്ടം**
മൂക്കൻതോട്ടത്തിൽ (വീട്)
ചാപ്പൻതോട്ടം (പി. ഒ.)
മൊ. : 9946 39 29 10



*ജനറൽ സെക്രട്ടറി*
**കെ. എം. പോൾസൺ**
കാഞ്ഞിരത്തിങ്കൽ (വീട്)
പെരുവണ്ണാമൂഴി (പി. ഒ.)
മൊ. : 7510 75 82 66



*ട്രഷറർ*
**പി. റ്റി. ജോസ്**
പുതുക്കുളങ്ങര (വീട്)
പശുക്കടവ് (പി. ഒ.)
മൊ. : ...

ആശംസകൾ....

## അബ്ദുൾ അസീസ്

ആയൂർ, അഞ്ചൽ, തടിക്കാട്

---

ആശംസകൾ....

## രാജേന്ദ്രൻ പിള്ള – ആയൂർ

ആശംസകൾ....



**കെ. ദിലീപ്കുമാർ**

ജനറൽ സെക്രട്ടറി

കൊല്ലം നിയോജകമണ്ഡലം



**ജേക്കബ് എബ്രഹാം**

മണ്ഡലം പ്രസിഡന്റ്

ഇടമുളയ്ക്കൽ, ആയൂർ



**ജെയിൻ ജോയി**

ചെയർമാൻ

ആരോഗ്യ വിദ്യാഭ്യാസ

സ്റ്റാന്റിംഗ് കമ്മിറ്റി

പട്ടാഴി ഗ്രാമപഞ്ചായത്ത്



ആശംസകൾ....

**ആർ. പി. വെജിറ്റബിൾസ്**

**ആയൂർ**

6380609417

ആശംസകൾ....



**ഉഷാലയം ശിവരാജൻ**

ദളിത് ഫ്രണ്ട്

സംസ്ഥാന പ്രസിഡന്റ്

ആശംസകൾ....



**സഹായദാസ് നാടാർ**

കേരളാ കോൺഗ്രസ് (എം)

തിരുവനന്തപുരം ജില്ലാ പ്രസിഡന്റ്

ആശംസകൾ....



**റ്റി. എസ്. ജയിംസ്**

നിയോജകമണ്ഡലം പ്രസിഡന്റ്

തളിപ്പറമ്പ്

ആശംസകൾ....



**ജോബി ജീവൻ**

നിയോജകമണ്ഡലം പ്രസിഡന്റ്

ചടയമംഗലം

ആശംസകൾ....

**ലക്ഷ്മി – ആയൂർ**

ആശംസകൾ....

**പ്രസാദ് മന്ത്രാലയ**

ആശംസകൾ....

# ഷാ മെറ്റൽ ക്രഷർ
# ആയൂർ
# 8943774931

ആശംസകൾ....

ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ്

# കടപ്ലാമറ്റം സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 2633

കടപ്ലാമറ്റം പി.ഒ., മീനിച്ചിൽ താലൂക്ക്

e-mail : scbkadaplamattom@gmail.com

**ഹെഡ് ഓഫീസ്: 251132, 293332**
**ബ്രാഞ്ച്: പാളയം :252945, മാറിടം :257132**
**നീതി മെഡിക്കൽസ്: 250494**

- കോർ ബാങ്കിംഗ് സൗകര്യങ്ങളോടുകൂടിയ മീനച്ചിൽ താലൂക്കിലെ ഒരു ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്
- പൂർണ്ണമായും എയർകണ്ടീഷൻ ചെയ്ത ഹെഡ് ഓഫീസും, ബ്രാഞ്ചുകളും
- വിദേശ രാജ്യങ്ങളുമായുള്ള പണമിടപാടിന് Western Union Money Transfer സംവിധാനം നടപ്പാക്കിയിരിക്കുന്നു.
- RTGS, NEFT, ATM CARD, D D സംവിധാനം നടപ്പാക്കിയിരിക്കുന്നു.
- എല്ലാവിധ അലോപ്പതി, വെറ്റിനറി മരുന്നുകളോടും കൂടിയ നീതി മെഡിക്കൽ സ്റ്റോർ
- 10 ലക്ഷം രൂപ വരെ സലയുള്ള GDCS എല്ലാ മാസവും ആരംഭിക്കുന്നു.

**പ്രസിഡന്റ്**
സലി കെ. കെ.
കറ്റിയാനിയേൽ - 9495265309

**സെക്രട്ടറി**
ജോസഫ് സൈമൺ
മണ്ണാത്തുമാക്കിൽ - 944692237

ആശംസകൾ....



**കെ.ജെ.എം. അഖിൽ ബാബു**
യൂത്ത്ഫ്രണ്ട് എം. ജില്ലാ പ്രസിഡന്റ്
തിരുവനന്തപുരം

ആശംസകൾ....



**റെജി ഉമ്മൻ**
അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
കൊല്ലം



**ലേഖനം**

**അഡ്വ . സെബാസ്റ്റ്യൻ കുളത്തുങ്കൽ MLA**

# കാർഷിക മേഖലയിൽ കേരളത്തിന്റെ വെല്ലുവിളികൾ, പരിഹാരമാർഗങ്ങൾ

**കേരളത്തിന്റെ** പൈതൃകം വിളിച്ചോതുമ്പോൾ കാർഷിക മേഖലയ്ക്ക് അതിയായ പങ്കുണ്ട്.ഓണവും വിഷുവും വിളവെടുപ്പിന്റെ ആഹ്ലാദവും സമൃദ്ധിയും വിളിച്ചോതുന്ന കാർഷികോത്സവങ്ങളാണ്. എന്നാൽ ഇന്ന് അതില്ല, സ്വന്തമായി പറമ്പിൽ വിളകളില്ല, നിറഞ്ഞ നെൽപ്പാടങ്ങളില്ല. കെട്ടിടങ്ങളും, മാലിന്യകൂമ്പാരങ്ങളും പേറുന്ന തരിശുനിലമാണ് കേരളം.കേരളത്തിലെ കാർഷിക മേഖലയിലെ പോരായ്മകളെ ഗൗരവത്തോടെ നോക്കികാണേണ്ടത് അനിവാര്യമാണ്. കർണാടകയിലോ തമിഴ്നാട്ടിലോ കൃഷിനാശം ഉണ്ടായാൽ കേരളം പട്ടിണിയിൽ ആകുന്ന അവസ്ഥയാണ് ഇന്നുള്ളത്.ഇത് കേരളത്തിന്റെ തകർച്ചയാണ്. കൃഷി മോശമാണെന്നും പണം ഉണ്ടാക്കാൻ മറ്റു മാർഗങ്ങൾ ആണ് നല്ലതെന്ന് നാം ചിന്തിക്കുന്നു. പാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിതു, മാറ്റങ്ങൾ പലതും ഉണ്ടായി എങ്കിലും നമ്മുടെ മുഖ്യ ആഹാരം അരിയാണെന്ന കാര്യത്തിൽ മാറ്റമൊന്നുമില്ല. എന്നാൽ കേരളത്തിന്റെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് അന്യ സംസ്ഥാനത്തിന്റെ ബാധ്യതയായി അവർ ധാരാളമായി വിളയിക്കുന്നു യഥേഷ്ടം വിപണിയിൽ എത്തിക്കുന്നു, നാം അത് വാങ്ങി കഴിക്കുന്നു. ഉൽപാദന വർദ്ധനവിന് അവർ ഉപയോഗിക്കുന്ന എല്ലാ കൃത്രിമത്വങ്ങളുടെയും ഇരകളായി നമ്മൾ മാറുന്നു. നമ്മുടെ കാർഷിക മേഖല ആകെ തകർന്ന് ഇരിക്കുകയാണ് ഒരിടത്തും കൃഷിയില്ല. നെൽകൃഷി നാൾക്കുനാൾ അന്യം നിന്നുപോകുകയാണ്. ഉപ്പ് തൊട്ട് പല ആവശ്യസാധനങ്ങൾ പോലും അന്യ സംസ്ഥാനത്തു നിന്ന് കൊണ്ടുവരുന്നു. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ പ്രധാനമാണ് ഭക്ഷണം എന്നാൽ അത് ഉൽപ്പാദിപ്പിക്കാൻ പോലും നാം തയ്യാറല്ല.

ഇക്കാര്യത്തിൽ കേരളത്തിന്റെ മലനിരകളേയും നെല്ലു വിളയാത്ത ഭൂപ്രകൃതിയുള്ള മേഖലകളേയും പരിഗണിക്കേണ്ടതുണ്ട്.

റബ്ബർ മലയോര മേഖലയ്ക്ക് നൽകിയ സാമ്പത്തിക സ്വാതന്ത്ര്യവും ആത്മവിശ്വാസവും ചെറുതല്ല. പക്ഷേ പല കാരണങ്ങളാൽ റബറിൽ നിന്ന് ചുവടു മാറുന്ന സാഹചര്യങ്ങൾ നാം കണ്ടു. ഭക്ഷ്യ വിളകളിലേയ്ക്ക് മാറിയ പലരും പ്രതിസന്ധികളിലായി. പക്ഷേ കഴിഞ്ഞ കുറച്ചു വർഷങ്ങളായി വളർച്ചയുടെ പാതയിലേയ്ക്ക് നാം എത്തുന്നു. കപ്പ കൃഷിയും വിജയത്തിലേയ്ക്ക് എത്തുന്നുണ്ട്. ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതൊക്കെ കർഷകർക്കു വേണ്ടി ചെയ്യുന്നു.

കേരളത്തിന്റെ വിസ്തൃതിയിൽ 60% കൃഷി ആയിരുന്നു നെല്ലിനുപുറമെ കാച്ചിൽ, കപ്പ, കാപ്പി, കുരുമുളക്, ഏലം, വഴ, എന്നിവയും കൃഷി ചെയ്തി

രുന്നു, എന്നാൽ ഇന്ന് കൃഷി അന്യംനിന്ന് പോകുകയാണ്. നെൽകൃഷി കർഷകൻ ഉപേക്ഷിച്ചു ആദായകരമല്ല എന്നതാണ് കാരണം.

കേരളത്തിന്റെ പരിസ്ഥിതി തന്നെ മാറിയിരിക്കുന്നു പാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിതു, വിമാനത്താവളങ്ങൾക്കും, വൻകിടവ്യവസായങ്ങൾക്കും വേണ്ടി തണ്ണീർത്തടങ്ങൾ, അരുവികൾ എന്നിവ മണ്ണിട്ട് മൂടുന്നു ഇത് വരൾച്ചയ്ക്കും, വെള്ളപൊക്കം ഉണ്ടാകുന്നതിനും കാരണമാകുന്നു.ഇത് കൃഷിയുടെ നാശത്തിന് ഇടയാക്കുന്നു. വിപണിയിൽ ഏതൊരു കാർഷിക വിളയ്ക്കും തീ പിടിച്ച വിലയാണ് എന്നാൽ ഈ വിലയുടെ ഫലം കർഷകന് ലഭിക്കുന്നില്ല. ഇടനിലക്കാരും, ചൂഷകരും കർഷകനെ കൊള്ളയടിക്കുകയാണ്. ഇത് കർഷക സമൂഹത്തെ ആത്മഹത്യയിലേക്ക് നയിക്കുന്നു. ദിനംപ്രതി കൃഷിചിലവ് കൂടി വരികയാണ്. വളത്തിന്റെയും കീടനാശിനിയുടെയും വില കുതിച്ചു കയറുന്നു.

വളത്തിന്റെയും കീടനാശിനിയുടെയും ഉപയോഗം കുറച്ച് ജൈവകൃഷിയിലേക്ക് തിരിയാൻ ആളുകളെ പ്രേരിപ്പിക്കണം, അത്യുൽപ്പാദനശേഷിയുള്ള വിത്ത് ഉപയോഗിക്കാൻ കർഷകരെ നിർബന്ധിക്കണം, കൃഷിയിടങ്ങൾ മണ്ണിട്ട് മൂടുന്നതും, തണ്ണീർതടങ്ങളും നീരൊഴുക്കുകളും ഇല്ലാതാക്കുന്നത് തടയണം.ദേഹാധ്വാനം മാന്യമല്ലെന്ന ധാരണയാണ് ചെറുപ്പക്കാരെ കൃഷിയിൽ നിന്നും മാറ്റി നിർത്തുന്നത് കൃഷി മോശമായ ഒന്നാണ് എന്ന ചിന്ത ഇന്നത്തെ സമൂഹത്തിൽ പടർന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ കാർഷികമേഖലയോടുള്ള കാഴ്ചപ്പാട് ഇങ്ങനെ തുടർന്നാൽ വിഷലിപ്തവും, മലിനവുമായാ ഉൽപ്പന്നങ്ങൾ വാങ്ങി കഴിക്കേണ്ട അവസ്ഥ തുടർന്ന് കൊണ്ട് ഇരിക്കും. ഇത് മനസിലാക്കി കാർഷിക മേഖലയോടുള്ള സർക്കാരിന്റെയും സമൂഹത്തിന്റെയും മനോഭാവം തിരുത്തിയേ തീരൂ. നമ്മുടെ കാർഷിക മേഖലയെ പുനർജീവിപ്പിക്കണം അത് നമ്മുടെ നിലനിൽപ്പിന്റെ ആവശ്യമാണ്.

## പരിഹാര മാർഗ്ഗങ്ങൾ

സ്വാശ്രയ സംഘങ്ങളുടെ മാതൃകയിൽ (SH G) എല്ലാ വർഡുകളിലും കർഷക കൂട്ടായ്മകൾ വരണം. അവയെ കേരള ബാങ്കുമായോ നബാർഡുമായാ ലിങ്ക് ചെയ്യണം. ഉൽപന്നങ്ങൾ വിൽക്കുവാനും വാങ്ങുവാനുമുള്ള ഗ്രാമ മാർക്കറ്റുകൾ വരണം.

തൊഴിലുറപ്പു പദ്ധതിയുടെ സഹകരണത്തോടെ സംഘകൃഷി ഉണ്ടാവണം.

മലയോര മേഖലകളിൽ ഉൽപാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ കേരള മാർക്കറ്റിൽ എത്താൻ നാം പുതിയ പദ്ധതികൾ കണ്ടെത്തണം.

ഇക്കാര്യങ്ങളിൽ ഈ സർക്കാരും സംവിധാനങ്ങളും നിങ്ങളുടെ കൂടെ ഉണ്ടാവും.

നമുക്ക് ഒന്നിച്ച് മുന്നേറാം.






ലേഖനം

രാജൻ തുവ്വാര

# ആന്റൺ ചെക്കോവ്

## കഥയെഴുത്തിന്റെ റഷ്യൻ മാലാഖ



ഒരു രോഗത്തിനു അനേകം മരുന്നുകൾ നിശ്ചയിക്കപ്പെടുന്നുണ്ടെങ്കിൽ ആ രോഗത്തിനു മരുന്നില്ല എന്നാണെന്റെ നിർണ്ണയം ഡോക്ടറായിരുന്ന ചെക്കോവ് ക്ഷയരോഗചികിത്സക്കായി ഒരിക്കൽ തന്നെ സമീപിച്ച സുഹൃത്തിനോടു പറഞ്ഞ വാക്കുകളാണിത്. ചികിത്സക്കൊപ്പം സാഹിത്യത്തെ ഒപ്പം നടത്തിയ ഒരു പ്രതിഭയുടെ ഈ രസികത്തം കിനിയുന്ന നിരീക്ഷണം ആരെയും ചിന്തിപ്പിക്കാൻ പോന്നതു തന്നെ.

ചെറുകഥാ സാഹിത്യത്തിലെ കുലപതികളിൽ പ്രഥമഗണനീയനായ ചെക്കോവ് പ്രശസ്തനായ ഒരു നാടകകൃത്തും ഭിഷഗ്വരനുമായിരുന്നു. അദ്ദേഹമെഴുതിയ നാല് നാടകങ്ങൾ ലോക നാടകസാഹിത്യത്തിലെ ക്ലാസിക്കുകളായി ഇന്നും നില കൊള്ളുന്നു. എന്നാൽ നാടകകൃത്ത് എന്നതിലപ്പുറം അദ്ദേഹമെഴുതിയ ഇരുനൂറോളം വരുന്ന കഥകളാണ് അദ്ദേഹത്തെ ഏറെ ജനപ്രിയനാക്കിയത്. ഡോക്ടറുടെ തൊഴിൽ മുഖ്യമായി കൊണ്ടുനടന്നിരുന്ന ചെക്കോവ് "ചികിത്സാജോലി എന്റെ നിയമപ്രകാരമുള്ള ഭാര്യയാണ്, സാഹിത്യം എന്റെ വെപ്പാട്ടിയും" എന്ന് പറയുമായിരുന്നു. 1896–ൽ കടൽകാക്ക (Sea-gull) എന്ന നാടകത്തിന് വേണ്ടത്ര സ്വീകാര്യത ലഭിക്കാത്തതിൽ സങ്കടപ്പെട്ട് നാടകവേദിയിൽ നിന്നും ചെക്കോവ് ഒഴിഞ്ഞുനിന്നു. എന്നാൽ നാടകരംഗത്തെ കുലപതിയായ കോൺസ്റ്റാന്റയിൻ സ്ലാനിസ്ലാവ്സ്കി മോ

സ്കോ ആർട്ട് തിയേറ്ററിൽ ആ നാടകം അവതരിപ്പിച്ചതോടെ അതിന് പ്രശസ്തി കൈവന്നു. ചെക്കോവിന്റെ മറ്റ് മൂന്നു നാടകങ്ങളും (അങ്കിൾ വാന്യ, മൂന്നു സഹോദരിമാർ, ചെറിതോട്ടം) മോസ്കോ ആർട്ട് തിയേറ്റർ അവതരിപ്പിച്ചതോടെ നാടകകൃത്തെന്ന നിലയിൽ ചെക്കോവ് പ്രശസ്തനായിത്തീർന്നു. അഭിനേതാക്കളുടെ അഭിനശേഷിയെ വെല്ലുവിളിക്കുന്ന, കാണികളുടെ സംവേദനക്ഷമതയെ ചോദ്യം ചെയ്യുന്ന നാടകങ്ങൾ സാമ്പ്രദായിക നാടകവേദിയെ ചോദ്യം ചെയ്യുന്നവയായിരുന്നു. “പാഠത്തിനുള്ളിൽ ജീവിതം ഒളിപ്പിച്ചുവെച്ചിരിക്കുന്നു'' എന്നാണ് സ്പാനിസ്ലാവ്സ്കി ചെക്കോവിന്റെ നാടകത്തെക്കുറിച്ച് പറഞ്ഞത്. സാമ്പത്തിക സൗകര്യത്തിനുവേണ്ടിയാണ് ചെക്കോവ് കഥയെഴുതാൻ തുടങ്ങിയത്. എന്നാൽ കലാകാരനെന്ന നിലയിലുള്ള തന്റെ പ്രശസ്തിക്ക് മാറ്റുകൂട്ടുവാനുള്ള മോഹം മൂലം ചെക്കോവ് കഥയെഴുത്തിൽ ചില പരീക്ഷണങ്ങൾ നടത്തി. ഈ പരീക്ഷണങ്ങൾ ചെറുകഥ എന്ന സാഹിത്യരൂപത്തിന് പുതിയൊരു മാനം നൽകി. ചെക്കോവിന്റെ ബോധധാരാ സമ്പ്രദായം പിന്നീടുവന്ന ആധുനിക ചെറുകഥാകൃത്തുക്കൾ ഉപയോഗിക്കുകയും പരീക്ഷണങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. സാമ്പ്രദായിക രൂപത്തിലുള്ള ചെറുകഥകളുടെ രൂപഭദ്രതാ സിദ്ധാന്തങ്ങളെ മാറ്റിമറിച്ച ചെക്കോവ് ഒരിക്കലും അതിന്റെപേരിൽ വായനക്കാരോട് ക്ഷമചോദിക്കുകയുണ്ടായിട്ടില്ല. ഒരു കലാകാരന്റെ ജോലി സമൂഹത്തിനോട് ചോദ്യങ്ങൾ ഉന്നയിക്കുകയാണെന്നും ഉത്തരം കണ്ടെത്തുകയല്ലെന്നുമാണ് ചെക്കോവ് അതിന്റെ കാരണമായി പറഞ്ഞത്. 1860 ജനുവരി 29-ന് റഷ്യയിലെ തെക്കൻ തുറമുഖ പട്ടണമായ ടഗാൻറോഗിൽ ഒരു പലവ്യഞ്ജനക്കട നടത്തിയിരുന്ന പവേൽ യെഗോറോവിച് ചെക്കോവിന്റെ ആറുമക്കളിൽ മൂന്നാമത്തെ കുട്ടിയായി ആന്റൺ ചെക്കോവ് ജനിച്ചു. പഴയ അടിമയായിരുന്ന പാവേൽ ഇടവക പള്ളിയിലെ ഗായകസംഘത്തിന്റെ മേധാവിയും, ഓർത്തഡോക്സ് ക്രിസ്ത്യാനിയുമായിരുന്നു. ശാരീരികമായി മക്കളെ ഭേദ്യം ചെയ്യാനും ശകാരിക്കുവാനും ആ പിതാവിന് യാതൊരു മടിയുമുണ്ടായിരുന്നില്ല. ചെക്കോവിന്റെ പല കഥകളിലും കാപട്യത്തിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങൾ കടന്നുവന്നത് ഈ പിതാവിന്റെ മാതൃക അനുകരിച്ചായിരുന്നു. ചെക്കോവിന്റെ അമ്മ യെവ്ജെനിയ നന്നായി കഥപറയുമായിരുന്നു. വസ്ത്രവ്യാപാരിയായിരുന്ന തന്റെ പിതാവിന്റെ കൂടെയുള്ള യാത്രകളിലുണ്ടായ അനുഭവങ്ങളെക്കുറിച്ച് യെവ്ജെനിയ അതിമനോഹരമായ കഥകൾ നിർമ്മിച്ചു പറയുമായിരുന്നു. “കഴിവുകൾ ഞങ്ങൾക്ക് കിട്ടിയത് അപ്പനിൽ നിന്നാണ്”


ആശംസകൾ....

വിശ്വസ്തതയുടെ, സേവനത്തിന്റെ 74-ാം വർഷം

# വയലാ സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 2175, വയലാ

e-mail : vayalascb@gmail.com

***ഹെഡ് ആഫീസ് :***

വയലാ, ഫോൺ 228353

***ബ്രാഞ്ചുകൾ :***

ഇലയ്ക്കാട്, ഫോൺ 231240

വെള്ളാക്കൽ, ഫോൺ 228683

ഓഹരി മൂലധനം 89 ലക്ഷം
നിക്ഷേപങ്ങൾ 50 കോടി
വായ്പകൾ 27 കോടി
പ്രവർത്തന മൂലധനം 52 കോടി

- **10 ലക്ഷം രൂപാ വരെ വായ്പ നൽകുന്നു**
- **5 ലക്ഷം വരെയുള്ള** G.D.C.S.
- **നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ**

പ്രസിഡന്റ്
സജീവ് റ്റി.ജി.
താഴാനിയിൽ - 9544500932

സെക്രട്ടറി
ആനന്ദ്കുമാർ സി.കെ.
ചൂരനാടിയിൽ - 9495235887

ചെക്കോവ് പറയുമായിരുന്നു. "പക്ഷെ, അമ്മയുടെ മനസ്സാണ് ഞങ്ങൾക്ക് കിട്ടിയത്." ഗ്രീക്കുകാരായ കുട്ടികൾക്ക് പഠിക്കുവാനുള്ള സ്കൂളിലാണ് ചെക്കോവ് പഠിച്ചത്. അവിടത്തെ പഠനത്തിനു ശേഷം ടഗാൻറോഗിലെ ജിംനാഷ്യത്തിലും (ഇപ്പോളത് ചെക്കോവ് ജിംനാഷ്യം എന്നറിയപ്പെടുന്നു) ചെക്കോവ് പഠിക്കുകയുണ്ടായി. ഗ്രീക്ക് ഭാഷയിലുള്ള ഒരു പരീക്ഷ തോറ്റതിനാൽ ഒരുവർഷം കൂടി ചെക്കോവിന് ടഗാൻറോഗ് ജിംനാഷ്യത്തിൽ പഠിക്കേണ്ടിവന്നു. ഗ്രീക്ക് ഓർത്തഡോക്സ് മൊണാസ്ട്രിയിലും അപ്പൻ നേതൃത്വം നൽകിയിരുന്ന പള്ളിയിലെ ഗായകസംഘത്തിലും ചെക്കോവ് പാടാറുണ്ടായിരുന്നു.

1876-ൽ വീട് പുതുക്കിപ്പണിയാനുള്ള ശ്രമത്തിൽ വായ്പ വാങ്ങിയതിന്റെ പേരിൽ ചെക്കോവിന്റെ പിതാവ് പാവേൽ പാപ്പരായി പ്രഖ്യാപിക്കപ്പെട്ടു. ജയിലിൽ പോകുന്നതിൽ നിന്നും രക്ഷപ്പെടുവാനായി പാവേൽ ചെക്കോവ് മോസ്കോയിലേക്ക് ഓടി രക്ഷപ്പെട്ടു. പാവേലിന്റെ മൂത്ത രണ്ട്മക്കളും (അലക്സാണ്ടറും നിക്കൊളായും) മോസ്കോ സർവ്വകലാശാലയിൽ പഠിക്കുകയായിരുന്നു. മോസ്കോയിൽ കടുത്ത ദാരിദ്ര്യത്തിലാണ് കുടുംബം കഴിഞ്ഞിരുന്നത്. ചെക്കോവിന്റെ അമ്മ ശാരീരികമായും മാനസികമായും തകർന്നു. വീട്ടിൽ ശേഷിച്ചിരുന്ന സാധനങ്ങൾ എടുത്തുവിറ്റ് ചെക്കോവിന് തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കേണ്ടിവന്നു. മൂന്ന് വർഷം കൂടി ചെക്കോവ് ടഗാൻറോഗിൽ താമസിച്ചു. സെലിവാനോവ് എന്ന ആളുടെ കൂടെയാണ് ചെക്കോവ് താമസിച്ചത്. ചെക്കോവിന്റെ ചെറി ഓർച്ചാർഡ് എന്ന നാടകത്തിലെ ലോപാകിൻ എന്ന കഥാപാത്രത്തെപ്പോലെ വീട് വിട്ടുകൊടുത്ത് കുടുംബത്തെ രക്ഷപ്പെടുത്തിയ ആളായിരുന്നു സെലിവാനോവ്. ചെക്കോവിന് കോളേജിൽ പഠനം തുടരുവാൻ സ്വന്തമായി പണം കണ്ടെത്തേണ്ടിയിരുന്നു. മറ്റുപല ജോലികൾക്കൊപ്പം, പക്ഷികളെ പിടിച്ചു വിറ്റും, പത്രങ്ങൾക്ക് ചെറിയ കുറിപ്പുകൾ അയച്ചുകൊടുത്തുമാണ് അദ്ദേഹം പഠനത്തിനുള്ള പണം കണ്ടെത്തിയത്. (പക്ഷിച്ചന്ത എന്ന പേരിൽ ചെക്കോവ് എഴുതിയ കഥ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്). സമ്പാദിക്കാവുന്ന റൂബിളെല്ലാം സമ്പാദിച്ച് ചെക്കോവ് അത് മോസ്കോയിലേക്കയച്ചുകൊടുത്തു. പണത്തോടൊപ്പം കുടുംബാംഗങ്ങളെ സന്തോഷിപ്പിക്കുവാനായി നർമ്മം നിറഞ്ഞ കത്തുകളും അദ്ദേഹം എഴുതി അയയ്ക്കുക പതിവായിരുന്നു. ഇക്കാലത്ത് അദ്ദേഹം ധാരാളം ക്ലാസിക്കുകൾ വായിച്ചു. തെർവാന്റീസ്, തുർഗനീവ്, ഗോൺചറോവ്, ഷോപ്പനോവർ എന്നിവരുടെ കൃതികൾ ഒന്നൊഴിയാതെ അദ്ദേഹം വായിച്ചു. ഈ ഘട്ടത്തിലാണ് 'അച്ഛനില്ലാത്തവർ' എന്ന കോമഡി നാടകം അദ്ദേഹം എഴുതിയത്. ഈ നാടകം വായിച്ചപ്പോൾ ചോക്കോവിന്റെ ജ്യേഷ്ഠൻ അലക്സാണ്ടർക്ക് ദേഷ്യം വന്നു. "നിഷ്കളങ്കമെങ്കിലും അക്ഷന്തവ്യമായ കൃത്രിമത്വം'' എന്നാണ് അദ്ദേഹം ചെക്കോവിന്റെ നാടകത്തെക്കുറിച്ച് പറഞ്ഞത്. ഈ കാലഘട്ടത്തിൽത്തന്നെ ചെക്കോവ് ഒന്നിലധികം പ്രണയബന്ധങ്ങളും തരപ്പെടുത്തി. അവയിലൊന്ന് തന്റെ ഒരദ്ധ്യാപകന്റെ ഭാര്യയുമായിട്ടായിരുന്നു. 1879-ൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ചെക്കോവ് മോസ്കോ യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടി, കുടുംബത്തോടൊപ്പം താമസമാക്കി. ചെക്കോവ് ഇപ്പോൾ സ്വന്തം കുടുംബത്തിന്റെ മുഴുവൻ ചുമതലയും ഏറ്റെടുത്തു. സ്വന്തം ട്യൂഷൻ ഫീസും കുടുംബത്തിന്റെ ചെലവും വഹിക്കുന്നതിനായി നർമ്മംനിറഞ്ഞ ചെറിയ ചെറിയ കുറിപ്പുകൾ എഴുതി അദ്ദേഹം പത്രങ്ങൾക്കും വാരികകൾക്കും നൽകി. സമകാലിക റഷ്യൻ ജീവിതത്തെക്കുറിച്ചുള്ള ആ കുറിപ്പുകൾ അദ്ദേഹമെഴുതിയത് 'അന്റോഷ ചെക്കോണ്ടെ', 'കരളില്ലാത്ത മനുഷ്യൻ' എന്നീ തൂലികാ നാമങ്ങളിലാണ്. ഈ കുറിപ്പുകൾ അദ്ദേഹത്തിന് റഷ്യൻ തെരുവുജീവിതത്തിന്റെ നർമ്മചിന്തകൾ കോറിയിടുന്ന എഴുത്തുകാരൻ എന്ന ഖ്യാതി സമ്മാനിച്ചു. 1882 ആയതോടെ അദ്ദേഹം നിക്കൊളായ് ലെയ്ക്കിന്റെ ഉടമസ്ഥതയിലുള്ള ഒസ്കോൽകി എന്ന പ്രസിദ്ധീകരണത്തിൽ സ്ഥിരമായി എഴുതുവാൻ ആരംഭിച്ചു. ഇക്കാലത്തെ അദ്ദേഹത്തിന്റെ ശൈലി പിന്നീടുണ്ടായ പക്വതയാർന്ന ഫിക്ഷൻ ശൈലിയേക്കാൾ തീക്ഷ്ണമായിരുന്നു. 1884-ൽ ചെക്കോവ് ഡോക്ടറായി പുറത്തുവന്നു. എഴുത്തിനേക്കാൾ ചികിത്സയിൽ നിന്നും കുറഞ്ഞ വരുമാനമെ കിട്ടിയുള്ളൂവെങ്കിലും അദ്ദേഹം പ്രാമുഖ്യം നൽകിയത് ഡോക്ടറുടെ തൊഴിലിനാണ്. ദരിദ്രരെ അദ്ദേഹം സൗജന്യമായി ചികിത്സിക്കുമായിരുന്നു. 1884-ൽ അദ്ദേഹം രക്തം ചുമച്ചു തുപ്പുവാൻ തുടങ്ങി. എന്നാൽ തന്റെ ക്ഷയരോഗബാധ കുടുംബത്തെ അറിയിക്കുവാൻ അദ്ദേഹം ഒട്ടും ആഗ്രഹിച്ചിരുന്നില്ല. നിക്കൊളായ് ലെയ്ക്കിനോട് അദ്ദേഹം ഇക്കാര്യം പറഞ്ഞിരുന്നു. ആഴ്ചപ്പതിപ്പുകൾക്കും മറ്റു പ്രസിദ്ധീകരണങ്ങൾക്കും സ്ഥിരമായി എഴുതിക്കൊണ്ട്, കുടുംബത്തിന് സുഖസൗകര്യങ്ങളൊരുക്കുന്നതിനായി അദ്ദേഹം ധാരാളം പണം കണ്ടെത്തി. 1886-ൽ സെൻപീറ്റേഴ്സ് ബർഗ്ഗിലെ ഏറ്റവും മികച്ച പ്രസിദ്ധീകരണങ്ങളിലൊന്നായ 'തവോയെ ഫ്രെമിയാ' ക്കുവേണ്ടി എഴുതുവാൻ അദ്ദേഹത്തിന് ക്ഷണം ലഭിച്ചു. കോടീശ്വരനായ അലെക്സി സുവോറിൻ ആണ് ആ പ്രസിദ്ധീകരണം നടത്തിയിരുന്നത്. മറ്റ് എഴുത്തുകാർക്ക് നൽകുന്നതിനേക്കാൾ കൂടുതൽ പ്രതിഫലം സുവോറിൻ ചെക്കോവിന് നൽകിയിരുന്നു. സുവോറിൻ ചെക്കോവിന്റെ ആജീവനാന്ത സുഹൃത്തായിത്തീർന്നു. ഏറെക്കാലം കഴിയുന്നതിനുമുമ്പെ ചെക്കോവ് മറ്റ് മുതിർന്ന എഴുത്തുകാരുടെയും വിമർശകരുടെയും ശ്രദ്ധ പിടിച്ചുപറ്റി.

മുതിർന്ന റഷ്യൻ എഴുത്തുകാരനായ ദിമിത്രി ഗ്രിഗോറോവിച്ച് ചെക്കോവിന്റെ 'നായാട്ടുകാരൻ' എന്ന കഥ വായിച്ച ശേഷം അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് കത്തെഴുതി. "നിങ്ങൾക്ക് ശരിയായ പ്രതിഭയുണ്ട് – അത് നിങ്ങളെ പുതുതലമുറയിലെ എഴുത്തുകാരുടെ മുൻനിരയിലെത്തിക്കും." കൂടുതൽ എഴുതുന്നത് നിർത്തി കുറച്ചെഴുതുകയും അതിൽ ശ്രദ്ധിക്കുകയും വേണമെന്ന് അദ്ദേഹം ചെക്കോവിനെ ഉപദേശിച്ചു. ആ കത്ത് കിട്ടിയപ്പോൾ ചെക്കോവിന് ഇടിവെട്ടേറ്റതുപോലെ തോന്നി. "റിപ്പോർട്ടർമാർ അഗ്നിബാധയെക്കുറിച്ചെഴുതിവിടുന്നതുപോലെ ഞാൻ നിരവധി കഥകൾ എഴുതിയിട്ടുണ്ട്. വളരെ യാന്ത്രികമായി, വായനക്കാരെ ഒട്ടും ഗൗനിക്കാതെയാണ് ഞാനവ എഴുതിയത്'' ചെക്കോവ് പറഞ്ഞു. എന്നാൽ ചെക്കോവിന്റെ ആദ്യകാല കയ്യെഴുത്തുപ്രതികൾ സൂചിപ്പിക്കുന്നത് അദ്ദേഹം ഇപ്പറഞ്ഞതിനു വിപരീതമായി വളരെ ശ്രദ്ധാപൂർവ്വം, എഴുതിയത് വീണ്ടും തിരുത്തിയെഴുതുമായിരുന്നുവെന്നാണ്. ഗ്രിഗോറോവിച്ചിന്റെ ഉപദേശത്തിനുശേഷം ഇരുപത്തിയാറാമത്തെ വയസ്സിൽ ഗ്രിഗോറോവിച്ചിന്റെ സഹായത്തോടെ പ്രസിദ്ധീകരിച്ച 'സന്ധ്യയിൽ' (V. Sumerkakh) എന്ന കഥാസമാഹാരത്തിന് 'പുഷ്കിൻ' പുരസ്ക്കാരം ലഭിച്ചു. അമിതമായി ജോലിചെയ്തതുമൂലം ക്ഷീണിതനായ ചെക്കോവ് ഉക്രെയിനിലേക്ക് ഒരു യാത്ര നടത്തി. ഈ യാത്രയിൽ സ്റ്റെപ്പി പ്രദേശത്തിന്റെ സൗന്ദര്യം അദ്ദേഹത്തെ വളരെ ആകർഷിച്ചു. ഉക്രെയിനിൽ നിന്നും തിരിച്ചെത്തിയ ചെക്കോവ് ഉടൻതന്നെ 'സ്റ്റെപ്പി' എന്ന മനോഹരമായ നീണ്ടകഥയെഴുതി. വീട്ടിൽ നിന്നും നിഷ്കാസിതനായ ഒരു ബാലന്റെ കാഴ്ചപ്പാടിലൂടെ സ്റ്റെപ്പിയിലൂടെയുള്ള ഒരു യാത്രയാണ് ചെക്കോവ് ഈ കഥയിൽ ചിത്രീകരിക്കുന്നത്. ഈ യാത്രയിൽ ഒരു പാതിരിയും വ്യാപാരിയുമാണ് ബാലന്റെ സഹയാത്രികർ. 'ചെക്കോവിന്റെ കാവ്യശാസ്ത്രത്തിന്റെ നിഘണ്ടു'വെന്നാണ് ഈ കഥയെക്കുറിച്ച് നിരൂപകർ വിശേഷിപ്പിച്ചത്. 1887–ൽ തിയേറ്റർ മാനേജരായ കോർഷിന്റെ നിർദ്ദേശപ്രകാരം ചെക്കോവ് ഇവാനോവ് എന്ന നാടകമെഴുതി. പതിനാലുദിവസത്തിനകമെഴുതിയ ആ നാടകം വിജയിക്കുകയും മഹത്തായ നാടകമെന്ന അഭിപ്രായമുയരുകയും ചെയ്തു. ഈ നാടകത്തോടെയാണ് 'ചെക്കോവിന്റെ തോക്ക്' എന്ന നാടകപ്രയോഗം പ്രാബല്യത്തിൽ വന്നത്. 'ഒന്നാമത്തെ രംഗത്തിൽ ചുമരിൽ ഒരു പിസ്റ്റൾ തൂങ്ങികിടപ്പുണ്ടെങ്കിൽ അവസാനത്തെ രംഗത്തിൽ അതു വെടിതീർന്നിരിക്കണം' എന്ന് ചെക്കോവ് പറയുകയുണ്ടായത്രെ. 1890–ൽ ചെക്കോവ് സഖാലിനിലേക്ക് ഒരു യാത്ര നടത്തി. കതോർഗാ എന്ന തടവുകാരുടെ കോളനി സന്ദർശിക്കുവാനായിരുന്നു ആ യാത്ര. സഖാലിനിലേക്കുള്ള ഈ യാത്രയിൽ നേരിട്ടു കണ്ട ദാരുണദൃശ്യങ്ങളെക്കുറിച്ച് തന്റെ കത്തിൽ അദ്ദേഹം എഴുതിയിട്ടുണ്ട്. തിരിച്ചുവന്നതിനുശേഷം സഖാലിൻദ്വീപ് എന്ന പേരിൽ അദ്ദേഹം സത്യസന്ധമായ ഒരു ലേഖനമെഴുതി. സഖാലിൻദ്വീപിലെ അനുഭവങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം 'കൊല' എന്ന കഥയെഴുതി. 1812–ൽ ചെക്കോവ് മെലിക്കോവോ എന്ന പ്രദേശത്ത് ഒരു വില്ല വാങ്ങിച്ചു. 1899 വരെ അദ്ദേഹം ഇവിടെയാണ് താമസിച്ചത്. മെലിക്കോവിലെ കർഷകർക്കുവേണ്ടി ചെക്കോവ് സ്കൂളും ഫയർ സ്റ്റേഷനും ഒരു ക്ലിനിക്കും ആരംഭിക്കുകയുണ്ടായി. 1892–ൽ കോളറ പൊട്ടിപ്പുറപ്പെട്ടപ്പോൾ ചെക്കോവ് അവിടെ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. തന്റെ ക്ഷയരോഗം വകവെക്കാതെ ചെക്കോവ് മെലിക്കോവിലെ കർഷകരെ സൗജന്യമായി ചികിത്സിച്ചു. 1894 –ൽ അദ്ദേഹം കടൽകാക്ക (Seagull) എന്ന നാടകം എഴുതാനാരംഭിച്ചു. മെലിക്കോവിലെ മുന്തിരിതോട്ടത്തിൽ നിർമ്മിച്ച വീട്ടിലിരുന്നാണ് ചെക്കോവ് അതാരംഭിച്ചത്. 1896 ഒക്ടോബർ പതിനേഴിന് നടന്ന നാടകപ്രദർശനം വിജയിച്ചില്ലെന്നു മാത്രമല്ല ആളുകൾ നാടകം കൂവിയവസാനിപ്പിച്ചു. ചെക്കോവ് നാടകരചന ഉപേക്ഷിക്കാൻ തീരുമാനിച്ചു. എന്നാൽ അലക്സാൻഡ്രിൻസ്കി തിയേറ്ററിന്റെ മേധാവിയായ വ്ളാഡിമിർ നെമിറോവിച്ച് ഡാഷെൻകോ തന്റെ അടുത്ത സുഹൃത്തായിരുന്ന കോൺസ്റ്റാന്റയിൻ സ്റ്റാനിസ്ലാവ്സ്കിയോട് മോസ്കോ ആർടട് തിയേറ്ററിൽ ആ നാടകമവതരിപ്പിക്കുവാൻ ശുപാർശചെയ്തു. സ്റ്റാനിസ്ലാവ്സ്കി ചെക്കോവിന്റെ നാടകങ്ങളുടെ പ്രതിഭയും മികവും കണ്ടെത്തിയതോടെ ചെക്കോവ് നാടക രചനയിലേക്ക് മടങ്ങിയെത്തി. 1901 മേയ് ഇരുപത്തിയഞ്ചിന് ചെക്കോവ് ഓൾഗാ നിപ്പർ (Olga Knipper) എന്ന നടിയെ വിവാഹം ചെയ്തു. വിവാഹത്തിന് ശേഷവും ചെക്കോവ് തന്റെ യാൾട്ടയിലെ വസതിയിലും ഓൾഗ മോസ്കോയിലെ വസതിയിലും താമസിച്ചു. തന്റെ ആത്മസുഹൃത്തായ സുവോറിനെഴുതിയ കത്തിൽ ചെക്കോവ് പറഞ്ഞത് "ഞാൻ എന്റെ വീട്ടിലും അവൾ മോസ്കോയിലും താമസിക്കും. എല്ലാ ദിവസവും എന്റെ ആകാശത്തിൽ ഉദിക്കാത്ത ചന്ദ്രനായിരുന്നാൽ മതി എന്റെ പത്നി" എന്നാണ്. യാൾട്ടയിൽ താമസിക്കുമ്പോഴാണ് ചെക്കോവ് 'ലേഡി വിത്ത് എ ലാപ്പ് ഡോഗ്' എന്ന പ്രശസ്തമായ ചെറുകഥയെഴുതിയത്. 1904 മേയ് മാസമായപ്പോഴേക്കും ചെക്കോവിന്റെ ക്ഷയരോഗം മൂർച്ഛിച്ചിരുന്നു. എന്നാൽ ചെക്കോവിന് മരണം അടുത്തെത്തിയെന്ന് ഒരിക്കലും തോന്നിയിരുന്നില്ല. മരണസമയത്ത് ചെക്കോവ് ജർമ്മനിയിലെ ബേദൻ വെയ്‌ലർ എന്ന പട്ടണത്തിലായിരുന്നു. 1904 ജൂലൈ 15–നായിരുന്നു ആ മഹാനായ കഥാകാരന്റെ അന്ത്യശ്വാസം. ചെക്കോവിന്റെ മരണത്തെക്കുറിച്ച് അമേരിക്കൻ കഥാകാരനായ റെയ്മണ്ട് കാർവർ 'നിയോഗം' എന്ന പേരിൽ ഒരു കഥയെഴുതിയിട്ടുണ്ട്. ചെക്കോവിനുള്ള തിലോദകമാണീ കഥയെന്ന് കാർവർ ഒരഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്.



യാത്ര

**വി.ഗീത ഏറ്റുമാനൂർ**

# രവീന്ദ്ര ശീർഷം

ഹിമാലയം എത്ര തവണ സന്ദർശിച്ചാലും മതിവരാത്ത പ്രാപ്യസ്ഥാനമായി മനസ്സിൽ കുടികൊണ്ടത് 2014 മുതലാണ് - മലയാളത്തിലെ പ്രസിദ്ധ ഹിമാലയ യാത്രികരുടെ യാത്രാവിവരണങ്ങൾ വായിച്ച് ആവേശം പൂണ്ട് കുടുംബ സമേതം നടത്തിയ ഗംഗോത്രി - തുംഗനാഥ് - ബദരീനാഥ് യാത്രയ്ക്കുശേഷം വീണ്ടും നാലുതവണ ഹിമവാന്റെ ദർശനഭാഗ്യമുണ്ടായി - ഒരു തവണ മഹാകൈലാസയാത്രയ്ക്കും അവസരമുണ്ടായി

ഈ മഹാമാരിക്കാലത്തും 2021-ലെ വിഷുദിനത്തിൽ ഹിമാലയ സന്ദർശനത്തിന് അവസരം വന്നു ചേർന്നു ... കോവിഡ് രോഗ മൂർച്ഛയുടെ സന്ദേശങ്ങൾ നാലുപാടും പ്രസരിക്കുമ്പോഴും ധൈര്യമവലംബിച്ച് ഇറങ്ങിപ്പുറപ്പെട്ടത് ഈ യാത്രയുടെ സംഘാടകർ വളരെ കരുതലോടെ യാത്ര നയിക്കുമെന്ന് ഉറപ്പുതോന്നിയതിനാലാണ്.

ഉത്തരാഖണ്ഡിലെ കുമയോൺ പ്രദേശങ്ങളായിരുന്നു ഞങ്ങളുടെ ലക്ഷ്യം. അൽമോറ, നൈനിറ്റാൾ, മഹേഷ് ഖാൻ, മുൻസിയാരി, ജാഗേശ്വർ തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെട്ട കുമയൂൺ മേഖല ഞാൻ ഇതു വരെ സന്ദർശിച്ചിരുന്നില്ല. എന്നോടൊപ്പം മകൻ മഹേഷും ഈ യാത്രയിൽ പങ്കെടുത്തു.മഹാമാരി കുറഞ്ഞിരുന്ന ഒരു ഇടവേളക്കാലം ആയിരുന്നു എങ്കിലും ആവശ്യമായ കരുതലുകളിൽ ഒട്ടും കുറവുണ്ടായില്ല. മുഖപടം (മാസ്ക് ), കൈയുറ, സാനിറ്റെസർ എല്ലാം ധാരാളം കരുതി. കോവിഡില്ലെന്ന് യാത്രയ്ക്കു 72 മണിക്കൂർ മുമ്പെടുത്ത സർട്ടിഫിക്കറ്റും കരുതി. എങ്കിലും വിമാനത്തിൽ ദൽഹിയിലും, അവിടെ നിന്ന് പണിക്കേഴ്സ് ട്രാവൽസിന്റെ ബസ്സിൽ വനമേഖലയിലും എത്തിച്ചേരുന്നതു വരെ മനസ്സിൽ പരിഭ്രമം ഇല്ലാതിരുന്നില്ല.

ഈ യാത്ര ജനവാസ കേന്ദ്രങ്ങളിലൂടെയല്ല . ജനപദങ്ങൾ വിട്ടു മാറി വനമേഖലകളിലൂടെ സഞ്ചരിച്ച് പർവ്വതശിഖരങ്ങളിലെ പാർപ്പിടങ്ങളിൽ വസിച്ച് വനത്തിന്റെ പ്രശാന്തിയും ഹിമാലയത്തിന്റെ ഗാംഭീര്യ സൗന്ദര്യങ്ങളും ആസ്വദിക്കാനുള്ളതാണ്.

മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ വാസം കൊണ്ട് ശ്രദ്ധയാർജ്ജിച്ച മഹേഷ് ഖാൻ എന്ന ഗിരി ശീർഷത്തിലേക്കായിരുന്നു ഞങ്ങൾ ആദ്യ ദിവസം പുറപ്പെട്ടത്. ടാഗോറിനെക്കുറിച്ച് അധികമാരും പങ്കുവച്ചിരിക്കാനിടയില്ലാത്ത ഒരു ഓർമ്മത്തുണ്ട് ലഭിക്കാൻ ഈ യാത്ര കാരണമായി. തന്റെ ക്ഷയരോഗിണിയായ പുത്രി രേണുകയ്ക്ക് ശുദ്ധമായ പ്രാണവായു ശ്വസിച്ച് രോഗ ശമനം സാധിക്കാം എന്നാശിച്ച് മഹാകവി വന്ന് താമസിച്ചത് മഹേഷ് ഖാനിലെ ടാഗോർ ടോപ്പ് എന്ന ഗിരിശീർഷത്തിലെ വസതിയിലാണ്. .മഹേഷ് ഖാൻ എന്ന സ്ഥലനാമം മഹാകവി ടാഗോർ നൽകിയതാണത്രേ....

മഹേഷ് ഖാനിൽ ഞങ്ങളെത്തിയത് ഒരു വൈകുന്നേരമാണ്. നല്ല തണുപ്പുണ്ട്. തലേന്ന് എത്തിച്ചേർന്നു വിശ്രമിച്ച സരയൂതീരത്തെ കപ് കോട്ടിൽ നിന്നും രാവിലെ ആരംഭിച്ച യാത്രയുടെ അവസാനത്തെ ഏതാണ്ട് 25 ഓളം കിലോമീറ്റർ വനത്തിലൂടെ തന്നെയാണ് സഞ്ചരിച്ചത്. വനം വകുപ്പിന്റെ അനുവാദത്തോടെയുള്ള യാത്ര ആയതിനാൽ വനം വകുപ്പ് ഡ്രൈവർ ഒരു ശരസൗജുവാനിൽ മുമ്പേയുണ്ട്. തൊട്ടടുത്ത ദിനങ്ങളിൽ ഉണ്ടായ മഴയും കാറ്റും കാരണം വഴിയ്ക്കൊക്കെ മരക്കൊമ്പുകൾ ഒടിഞ്ഞു വീണിട്ടുണ്ട്. ജശരസൗ വാനിൽ നിന്നും വാക്കത്തിയെടുത്ത് വനം വകുപ്പ് സാരഥി അതെല്ലാം വെട്ടിമാറ്റി ഞങ്ങളുടെ ബസ്സിന് വഴിതെളിച്ചു. മറ്റു വാഹനങ്ങളൊന്നും ആ വഴിയിൽ ഉണ്ടായിരുന്നില്ല.

വൻവൃക്ഷങ്ങൾ ഇടതൂർന്നു പടർന്നുനിൽക്കുന്ന വനമേഖല. സൂചി പോലുള്ള ഇലകളുടെ കുടന്നകൾ നിറഞ്ഞ ധാരാളം ചിഡ് (ചീർ) വൃക്ഷങ്ങൾ

.. ലംഗൂർ കുരങ്ങന്മാരെ ധാരാളം കണ്ടു. വനം വകുപ്പിന്റെ അനുവാദത്തോടെ മാത്രമേ ഈ വഴിയിലൂടെ സഞ്ചരിക്കാൻ സാധിക്കുകയുള്ളു. പലേടത്തും കാട് കത്തിയതിന്റെ അവശിഷ്ടങ്ങൾ കാണാം കരിഞ്ഞ അടിക്കാടുകൾ ധാരാളം. വൃക്ഷങ്ങൾ ചിലേടങ്ങളിൽ കത്തിനിന്ന് പുകയുന്നുമുണ്ട്. ഈ വർഷം ഉത്തരാഖണ്ഡിൽ നാല്പതോളം സ്ഥലങ്ങളിൽ കാട്ടുതീ ഉണ്ടായി എന്ന് അവിടത്തെ മുഖ്യമന്ത്രി പ്രസ്താവിച്ചിരുന്നു.

മഹേഷ് ഖാനിൽ എത്തിയപ്പോൾ 4 മണി കഴിഞ്ഞു. വലിയ ദേവദാരു വൃക്ഷങ്ങൾ ഇടതൂർന്നു നിൽക്കുന്ന വനത്തിനു നടുവിലാണ് ഞങ്ങൾക്കു താമസം ഏർപ്പാടാക്കിയിരുന്ന ഫോറസ്റ്റ് റെസ്റ്റ് ഹൗസ്. ബസ് നിർത്തിയ സ്ഥലത്തുനിന്നും വനത്തിലെ റോഡിലൂടെ. ഒരുകിലോമീറ്റർ നടന്നു വേണം ഗസ്റ്റ് ഹൗസിലെത്താൻ

മുറികളിലെത്തി വിശ്രമിക്കാൻ ഇടകിട്ടിയില്ല......

അവിടെ നിന്നും 3.5 സാ വനത്തിലൂടെ നടന്നു കയറിയാൽ എത്താവുന്ന ടാഗോർ ടോപ്പിലേക്ക് പോകാൻ പലർക്കും ആഗ്രഹമുണ്ട്. ടാഗോറിന്റെ പഴയ ഒരു വസതി അവിടെയുണ്ട്. പക്ഷേ 'സന്ധ്യയ്ക്ക് കാട്ടിൽ മൃഗങ്ങൾ സഞ്ചരിക്കാൻ തുടങ്ങും. പുലി, കരടി കടുവ എന്നിവയൊക്കെയുള്ള കാടാണ്. 3.5 സാ നടന്ന് ടാഗോർ ടോപ്പിലെത്തി തിരിച്ചെത്തുമ്പോൾ രാത്രിയാവും. അപകടസാധ്യതയുണ്ട് 'എന്നൊക്കെ വനം വകുപ്പ് ഗാർഡുകൾ ഞങ്ങളെ നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചു. എങ്കിലും കുറച്ചു ദൂരമെങ്കിലും നടന്ന് തിരിച്ചു വരാം എന്ന ആഗ്രഹത്തിൽ ഗാർഡുകളുടെ നേതൃത്വത്തിൽ ഞങ്ങൾ കുറച്ചുപേർ കമ്പിളിക്കോട്ടും മഫ്ളറും മങ്കിക്യാപ്പും കയ്യുറകളും ഷൂസും ധരിച്ച് അപ്പോൾത്തന്നെ പുറപ്പെട്ടു.

കുറച്ചു ദൂരം നല്ല കയറ്റം തന്നെ. പിന്നെ ഇടതൂർന്ന വനം... ഒന്നരയടി വീതിയുള്ള പാത... ഞങ്ങൾ ഉത്സാഹത്തോടെ നടന്നു. വളവുകളും തിരിവുകളും കയറ്റങ്ങളുമായി ഏറെദൂരം പിന്നിട്ടു ... ചുറ്റും ഹിമാലയവനമേഖല കണ്ണെത്താത്ത ദൂരത്തിൽ പരന്നു കിടക്കുന്നു. പച്ചപ്പിന്റെ സമുദ്രം .. എന്തെല്ലാം തരം വൃക്ഷങ്ങൾ ... ഏപ്രിലിൽ റോഡോ ഡെൻഡ്രോൺ പൂക്കുന്ന കാലമാണ്. മരങ്ങൾ ഇല കാണാത്ത വിധത്തിൽ പൂത്തുനിൽക്കുന്നു. ചുവന്ന ചെറിയ പൂക്കൾ നിറഞ്ഞ പൂങ്കുലകൾ. ഈ പൂക്കളുടെ സത്തിന് ഔഷധഗുണമുണ്ട്. അത് സ്ക്വാഷ് രൂപത്തിൽ അവിടെ കടകളിൽ വാങ്ങാൻ കിട്ടും. പൂത്ത ..... വൃക്ഷങ്ങളുടെ കൂട്ടങ്ങൾ നിറഞ്ഞു നിൽക്കുന്നതിനാൽ ദൂരെയുള്ള ചില മലഞ്ചരിവുകൾക്ക് കുങ്കുമനിറമാണ്. ബുറാൻസ് എന്നാണ് ഈ വൃക്ഷത്തിന്റെ പ്രാദേശിക നാമം.

കാട്ടുതിയുടെ അവശിഷ്ടങ്ങൾ എല്ലായിടത്തും കാണാം... വഴിയിൽവീണു കിടന്ന് കനൽക്കണ്ണുമാ


തൃശ്ശൂർ ജില്ലാ ടെനന്റ്സ് ആന്റ് ട്രേഡേഴ്സ് വെൽഫെയർ സഹകരണസംഘം
ക്ലിപ്തം നമ്പർ ആർ.1466
സ്വാമീസ് കേഫ് ബിൽഡിംഗ്, TC-54/1656, സിവിൽ ലെയിൻ, കളക്ടറേറ്റിന് എതിർവശം,
അയ്യന്തോൾ പി.ഒ, തൃശ്ശൂർ - 680 003, Phone : 0487-2362294

സെക്രട്ടറി



പ്രീത പി.പി.
9526862882

കെ.എം. മാണിസാറിന്റെ സ്മരണാർത്ഥം
പ്രതിഛായ രാഷ്ട്രീയ സാംസ്കാരിക
വാർത്താ വാരിക പുറത്തിറക്കുന്ന
ജന്മദിന പതിപ്പിന്
ആശംസകൾ...

പ്രസിഡന്റ്



ഉണ്ണികൃഷ്ണൻ
ഈച്ചരത്ത്
9447390294

സംഘത്തിന്റെ കീഴിൽ ഉടൻ ആരംഭിക്കുന്ന സംരംഭങ്ങൾ
സൂപ്പർ മാർക്കറ്റ്, വിദ്യാഭ്യാസം, പ്രായം എന്നിവ പരിഗണിക്കാതെ സ്ത്രീ–പുരുഷ ഭേദമന്യേ എവർക്കും പഠിക്കാവുന്ന ഹ്രസ്വകാല ഹോട്ടൽ മാനേജ്മെന്റ്, കുക്കറി കോഴ്സുകൾ (കേരള, സൗത്ത് ഇന്ത്യൻ, നോർത്ത് ഇന്ത്യൻ, ചൈനീസ്, അറേബ്യൻ വിഭവങ്ങൾ). പഠനാനന്തരം ജോലി. നൈപുണ്യ വികസന പരിശീലന കോഴ്സുകളിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

പൊതുജനങ്ങൾക്കും നിക്ഷേപ വായ്പ പദ്ധതികളിൽ ചേരാവുന്നതാണ് • സഹകരണ രജിസ്ട്രാർ നിശ്ചയിച്ച പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു • മുതിർന്ന അംഗങ്ങൾക്ക് 0.50% കൂടുതൽ പലിശ • സ്ഥിര നിക്ഷേപത്തിന്റെ 90% വായ്പ സൗകര്യം • നിക്ഷേപ വായ്പ പദ്ധതികളിൽ (GDCS) അടക്കേണ്ട സംഖ്യ സംഘത്തിൽ നേരിട്ടോ, ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകളിലോ, നെറ്റ് ബാങ്കിംഗ് മുഖേനയോ, സംഘത്തിന്റെ പേരിലെ ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിലോ അടക്കാം • വായ്പ വാങ്ങുന്നവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം • സേവിംഗ്സ് നിക്ഷേപത്തിന് 4% പലിശ.



യി പുകയുന്ന ഒരു മരക്കൊമ്പ് മനസ്സിലും പുക ഞ്ഞു –

വഴിയുടെ ഒരുവശം ചെരിഞ്ഞകൊക്കയാണ് വീ ണാൽ ഊർന്ന് താഴെ അഗാധതയിലെത്താം, സൂ ക്ഷിച്ചു നടന്നില്ലെങ്കിൽ... നടന്നു തളർന്നു തുടങ്ങി യപ്പോൾ മകൻ മഹേഷ് കാട്ടുകമ്പൊടിച്ച് എനിക്കൊ രു വടി സമ്മാനിച്ചു.. വടി കിട്ടിയപ്പോൾ നടക്കാൻ നല്ല സുഖം തോന്നി ..

മുളവർഗ്ഗത്തിൽ പെട്ട സസ്യങ്ങൾ ധാരാളമായി ഇവിടെയുണ്ട്. ചൂരലുകളും. ഏതാണ്ട് മഞ്ഞയും കറുപ്പും കലർന്ന നിറങ്ങൾ '–ഇവിടെയാണ് പുലി പതിയിരിക്കുക. പുലിക്ക് പറ്റിയ വർണ്ണ സംയോജ ന ഘടന (camouflage) യുള്ള പരിസരങ്ങൾ... പു ലി ഒളിച്ചിരുന്നാൽ നാം പെട്ടെന്നറിയില്ല. സൂക്ഷി ക്കണം..... 'ആരോ പറഞ്ഞപ്പോൾ ഒരു ഉൾക്കിടില മുണ്ടായി..

ഇടയ്ക്ക് അല്പം മഴത്തുള്ളികൾ ചാറി. മഴക്കാർ വന്നു മൂടുമ്പോൾ തണുപ്പ് വർദ്ധിക്കുകയാണ്.

ക്ഷീണം തോന്നി. തിരിച്ചു നടന്നാലോ എന്ന് പ ല തവണ ആലോചിച്ചു പക്ഷേ കുറച്ചു കൂടിനട ക്കാം എന്ന് മുന്നോട്ടു തന്നെ നീങ്ങി. ദൂരെ രാംഗഡ് പർവ്വത നിരകൾ– മാനം സന്ധ്യയുടെ വർണ്ണക്കൂ ട്ടുകൾ ഒരുക്കിത്തുടങ്ങി... തീരെവയ്യ എന്നു തോ ന്നിത്തുടങ്ങിയപ്പോൾ ഇനി അല്പ ദൂരമേയുള്ളൂ എ ന്ന് വനപാലകർ പറഞ്ഞു. എങ്കിൽ മുന്നോട്ടു ത ന്നെ എന്ന് ഞങ്ങളും..

താമസിയാതെ വിശാലമായ ഒരു നിരപ്പിൽ എ ത്തി. മുന്നിൽ കുത്തനെ ഒരു മല. അതിന്റെ മുകളി ലാണ് ടാഗോർ ടോപ് . അതിന്റെ കുത്തനെയുള്ള നിൽപ്പു കണ്ടപ്പോൾ കയറാൻ ഭയം തോന്നി. ഞ ങ്ങൾ മൂന്നുനാലു പേർ അവിടെ വിശ്രമിക്കാൻ തീ രുമാനിച്ചു. മറ്റുള്ളവർ ടാഗോർ ടോപ്പിലേക്കു കയ റിപ്പോയി. രോഗിയായ കുട്ടിയെയും കൊണ്ട് മഹാ കവി ടാഗോർ എങ്ങിനെ ഈമല കയറിയെത്തി എ ന്നുഞാൻ അത്ഭുതപ്പെട്ടു.

സമയം സന്ധ്യയോടടുത്തിരുന്നു. നീലനിറ ത്തിൽ രാംഗഡ് പർവ്വത നിരകളുടെ വിദൂര ദൃശ്യ ത്തിനുമേൽ സാന്ധ്യസൂര്യന്റെ രശ്മികൾ കുങ്കുമം ചാർത്തി. അപാരമായ ശാന്തി നിറഞ്ഞ മുഹൂർത്തം. ഞങ്ങൾ ധ്യാന തുല്യമായ അവസ്ഥയിൽ അവിടെ ഇരുന്നു –ഹിമാലയ ശൃംഗങ്ങൾ ശിവന്റെ പ്രത്യക്ഷം തന്നെയാണല്ലോ!

കലിയുഗാരണ്യകങ്ങൾ എന്ന ഗ്രന്ഥത്തിൽ പ്ര ശസ്ത പരിസ്ഥിതി ചിന്തകനായ ആഷാമേനോൻ എഴുതുന്നു..

'ഭൂമിയെന്നത് സതേജമായ ഒരു കവിതയാണ് .. ഓരോ കമ്പിൽനിന്നും തളിരുകൾ പൊടിഞ്ഞു തുടങ്ങുന്നു. കുന്നിൽചരുവിൽ പുൽത്തുമ്പുകൾ ജ്വ ലിച്ചു നിൽക്കുന്നു...

ഈ അനാഘ്രാതവനങ്ങളും താഴ്‌വാരങ്ങളും ഇ ല്ലെങ്കിൽ നമ്മുടെ ജീവിതം മുരടിച്ചേക്കാം. വന്യത യുടെ ഈ രസായനമാണ് നമുക്കു വേണ്ടത്. എ ന്തിനാണ് നാമീ ബദ്ധപ്പെട്ട് ജീവിക്കുന്നത് .......? ഒ രു ദിവസമെങ്കിലും നമുക്ക് പ്രകൃതിയൊത്ത്, ജീ വിതത്തിന്റെ മജ്ജയൊത്ത് ലാഘവത്തിൽ കഴിച്ചു കൂട്ടാം..'

വനത്തിന്റെ പുനരുജ്ജീവകശക്തി ഞങ്ങളും അറിയുകയായിരുന്നു. അത്രമേൽ വിശ്വാസത്തോ ടെ മഹാകവി ടാഗോർ തന്റെ പുത്രിക്ക് രോഗശാ ന്തി തേടി എത്തിയ ഇടമാണിത്. ഈ വനത്തിൽ പവിത്രതയുടെ, ഔഷധവീര്യത്തിന്റെ, പുനർജ്ജനി യുടെ കണങ്ങൾ തുടിച്ചു നിൽക്കുന്നുണ്ട്...

നേരം കുറേയായി .... വെളിച്ചം തീരെ മങ്ങി... മുകളിലേക്കു പോയവർ തിരിച്ചെത്താൻ വൈകുന്നു ....... വനം ഭീതിയുടെ രേണുക്കൾ പ്രസരിപ്പിക്കുന്നു വോ?

താമസിയാതെ അവർ മലയിറങ്ങി വരുന്ന ശ ബ്ദങ്ങൾ കേട്ടു.... ടാഗോർ ടോപ്പിൽ നിന്ന് അവരെ ടുത്ത ചിത്രങ്ങൾ ഞങ്ങളെ കാണിച്ചു തന്നു.

മഹാകവി ടാഗോർ മകളുടെ രോഗശമനത്തിനാ

യി വന്നു താമസിച്ച ഗൃഹം തകർന്നു കിടക്കുന്ന കാഴ്ചയാണ് അവർ കണ്ടത്. കുട്ടിയുടെ സമീപമിരുന്ന് ടാഗോർ ആശ്വസിപ്പിച്ച നാളുകൾ - ഹിമാലയ ശിഖരത്തിലെ ശുദ്ധവായുവിനെ അദ്ദേഹം അത്രയേറെ വിശ്വസിച്ചു. പക്ഷേ പന്ത്രണ്ടുകാരിയായ ആ ബാലികയുടെ കഠിനരോഗം അവളെ കീഴ്പ്പെടുത്തുകയാണുണ്ടായത്.

ആ ഹിമാലയ ശൃംഗത്തിൽ നിന്നും ചുറ്റും നോക്കുമ്പോഴുള്ള കാഴ്ചകൾ അതീവ രമണീയമാണത്രെ. ഏറെ ദൂരത്തോളം പരന്നുകാണപ്പെടുന്ന ഹിമാലയ നിരകളുടെ ഹരിതനീല കംബളങ്ങൾ ...... സൂര്യാസ്തമയ ഭംഗികൾ ... കിളിക്കൊഞ്ചലുകൾ ... ടാഗോറിലെ കവിയെ അവയെല്ലാം ഉദ്ദീപിപ്പിച്ചിട്ടുണ്ടാവും. ധാരാളം കവിതകൾ അദ്ദേഹം ഇവിടെ വച്ച് രചിച്ചിട്ടുണ്ട് ഗീതാഞ്ജലിയുടെ ബീജാവാപം നടന്നതും ഇവിടെയാണത്രെ. ആ ദൃശ്യങ്ങളുടെ സാന്ത്വനം തേടി ടാഗോർ പിന്നെയും പലപ്പോഴും അവിടെ ആ ഗൃഹത്തിൽ വന്നു താമസിച്ചിട്ടുണ്ട്.

ടാഗോർ താമസിച്ച ആ ഗൃഹം നന്നാക്കിയെടുക്കാനാവാത്ത രീതിയിൽ തകർന്നു പോയിരിക്കുന്നു. മഹാകവിയുടെ സ്മരണ നിലനിർത്തുവാനുതകുന്ന ഒരു കുടീരമായി അതിനെ കാത്തുസൂക്ഷിക്കുവാൻ ആരും ശ്രമിച്ചില്ല എന്നത് ദുഃഖകരമായി.

ഭാരതീയതയുടെ മുഖമുദ്രയായ മഹാകവി ടാഗോറിന്റെ ജീവിതത്തിലെ മറക്കാനാവാത്ത ചില ഖണ്ഡങ്ങൾ ചിലവിട്ട ഈ ഗിരിശീർഷത്തിലേക്കുള്ള സന്ദർശനം എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കാനുള്ളതാണ്.

ഇരുൾ പരന്നു കഴിഞ്ഞു. ഞങ്ങൾ അതിവേഗം വനാന്തരത്തിലൂടെ തിരിച്ചു നടന്നു. മൃഗങ്ങൾ ഇര തേടാനിറങ്ങുന്ന നേരം. മൊബൈലിലെ ഫ്ളാഷ് ലൈറ്റുകളായിരുന്നു വഴികാട്ടിയത്.

മണ്ണിളകിയും ചരിഞ്ഞും കിടക്കുന്ന വഴിയിൽ പലേടത്തും വീഴാൻ പോയി. ഇരുളും ക്ഷീണവും അല്പമൊന്നു പരിഭ്രമിപ്പിച്ചെങ്കിലും ഉള്ളിൽ പക്ഷേ, സന്തോഷം നിറഞ്ഞു. ഈ യാത്രയ്ക്ക് ഞാനും ഉദ്യമിച്ചല്ലോ - നടക്കാൻ വയ്യ എന്ന് അലസത കാട്ടിയിരുന്നെങ്കിൽ എന്തെല്ലാം അനുഭവങ്ങൾ നഷ്ടമായേനെ...

ഏറ്റവും പിന്നിലായിപ്പോയപ്പോഴും അതിനു പിന്നാലെ വനപാലകർ ഉണ്ടെന്നത് സമാധാനമായി. ദൂരെ താഴ്വാരത്തിലെ വെളിച്ചങ്ങൾ കണ്ടു തുടങ്ങി ... ആശ്വാസം. ഇനി ഏറെ ദൂരമില്ല. കുത്തനെയുള്ള ഇറക്കം ഊർന്നുവീഴാതെ ഇറങ്ങി ഞങ്ങൾ 'വന വിശ്രാംഭവനി'ലേക്ക് സാവധാനം നടന്നു


മലനാട് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
ക്ലിപ്തം നമ്പർ കെ. 352 , ഹെഡ് ആഫീസ് നെടുംകണ്ടം
ഫോൺ നമ്പർ :- ആഫീസ് : 04868 232024 , പ്രസിഡന്റ് - 233354, സെക്രട്ടറി - 233745, അസ്സി. സെക്രട്ടറി - 233353



കാർഷിക വായ്പ | വാഹന വായ്പ
ഭവന വായ്പ | ക്യാഷ് ക്രഡിറ്റ്
വ്യവസായ വായ്പ | സ്വർണ്ണപ്പണയ വായ്പ

* ലളിതമായ വ്യവസ്ഥയിൽ വളരെ വേഗത്തിൽ വായ്പ
* കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശയിൽ
12% വരെ ഇളവ്

കാർഷിക വായ്പ

ജോസ് പാലത്തിനാൽ
പ്രസിഡന്റ്
9447143354

സാബു ജോൺ
സെക്രട്ടറി
9447614346

സ്വർണ്ണപ്പണയ വായ്പ 7.5%

princos/233724

ബ്രാഞ്ചുകൾ : രാജകുമാരി 04868 243232, 8281759185. പുറ്റടി 04868 277435, 9447723435. സബ്-ആഫീസ് നെടുംകണ്ടം 04868 233743, 8281839165




**നോവലെറ്റ്**

**കെ കെ സുധാകരൻ**


# മൂന്നാമത്തെ മാലാഖ



## ഒന്ന്

ഗീവർഗീസിന്റെ പലചരക്കുകടയിൽ നിന്ന് ഉള്ളിയും പരിപ്പും വെളിച്ചെണ്ണയും ഗോതമ്പുപൊടിയും വാങ്ങിച്ചിട്ട് ഇറങ്ങിയപ്പോഴാണ് ഉണക്കമീനിന്റെ കാര്യം ഡെയ്സിക്ക് ഓർമ്മ വന്നത്.

കവലയ്ക്ക് പോകാൻ സഞ്ചിയുമായി ഇറങ്ങിയപ്പോൾ വല്യമ്മച്ചി അക്കാര്യം പ്രത്യേകം പറഞ്ഞിരുന്നതാണ്. അവൾ അന്തപ്പൻ ചേട്ടന്റെ ഉണക്കമീൻ കടയിലേക്ക് ചെന്നു. ഭാഗ്യത്തിന് എടുത്തുകൊടുപ്പുകാരൻ ചെറുക്കൻ അവിടില്ല. പതിനേഴ് വയസ്സ് തികച്ചുകാണത്തില്ല അവന്. എന്നാലും അവൻ നെഞ്ചിലേക്ക് തന്നെ ഒരു മടിയുമില്ലാതെ തുറിച്ചുനോക്കും . അത് കാണുമ്പോൾ ഡെയ്സിക്ക് കലിയിളകും. എന്നാലും അവൾ ഒന്നും മിണ്ടാറില്ല. സംസാരം വല്ലതുമുണ്ടായാൽ ചാച്ചൻ വരുമ്പോൾ അതറിയും. ചാച്ചൻ അവനെ ഇടിച്ച് ചങ്ക് വാട്ടും.

'എന്നാ വേണം മോളെ?' അന്തപ്പൻ ചേട്ടൻ പഴയ മരക്കസേരയിൽ നിന്നെഴുന്നേറ്റ് ചോദിച്ചു. വലിയ പനമ്പുകുട്ടകളിൽ നിറച്ചുവച്ചിരിക്കുന്ന വിവിധതരം ഉണക്കമത്സ്യങ്ങളിലേക്ക് അവൾ കണ്ണോടിച്ചു. അയലയും കരിഞ്ചളമത്തിയും കുറിച്ചിയും താടിയും മാന്തലും സ്രാവും തെരണ്ടിയുമൊക്കെയുണ്ട്. സ്രാവും തെരണ്ടിയും കഷണങ്ങളാക്കിയാണ് വെച്ചിരിക്കുന്നത്.

'സ്രാവ് മതി ചേട്ടാ...അരകിലോ.' അവൾ പറഞ്ഞു. വാടിയ തേക്കിലയിൽ അയാൾ സ്രാവിന്റെ കഷണങ്ങൾ വാരിയെടുത്തു. 'പച്ചമാങ്ങയിട്ട് കറിവെച്ചാൽ നല്ല രുചിയാ മോളേ... ഒരു കിലോ എടുക്കട്ടെ?' 'വേണ്ട... ഇപ്പം അരക്കിലോ മതി.'

ചോറിന്റെ കൂടെ ഉണക്കസ്രാവ് വറുത്തുകൊടുക്കുന്നതാ വല്യമ്മച്ചിക്കിഷ്ടം. വല്യച്ചന് എന്തുകൊടുത്താലും ഇഷ്ടമാണ്. പൊതിഞ്ഞുകിട്ടിയ ഉണക്കമീൻ വാങ്ങി ഡെയ്സി കടയിൽനിന്നിറങ്ങി.



വെയിൽ പരന്നിട്ടും അന്തരീക്ഷത്തിൽ ചെറിയ തണുപ്പുണ്ട്. മലമുകളിൽനിന്ന് മൂടൽമഞ്ഞ് ഒഴിഞ്ഞുപോയിട്ടില്ല. ടാർ റോഡിൽനിന്ന് അവൾ വെട്ടുവഴിയിലേക്കിറങ്ങി. വഴിക്ക് ഇരുവശത്തും റബ്ബർ തോട്ട ങ്ങളുണ്ട്. വഴിയിൽ റബ്ബറിന്റെ ഇലകൾ പൊഴിഞ്ഞു വീണുകിടക്കുന്നു.

പിന്നിൽനിന്ന് ആരോ ധൃതിയിൽ നടന്നുവരുന്ന ഒച്ച കേട്ട് അവൾ തിരിഞ്ഞുനോക്കി.

കുളപ്പുരയ്ക്കലെ ജോയി ചെറിയാൻ. പത്താംക്ലാസ് വരെ രണ്ടുപേരും ഒരേ ക്ലാസ്സിലാണ് പഠിച്ചതും പതിനൊന്നിൽ അവൻ സയൻസ് ഗ്രൂപ്പിലായിരുന്നു. അവൾ ഹ്യൂമാനിറ്റിസിലും.

അവൾ പെട്ടെന്ന് നിന്നു.

“അല്ലാ, ഇതാരാ? ജോയിയോ.... എപ്പം വന്നു?” ചിരിച്ചുകൊണ്ട് അവൾ ചോദിച്ചു.

‘ഇന്നലെ.’ അവൻ പറഞ്ഞു.

“കോളേജടച്ചോ? കഴിഞ്ഞ തവണ വന്നിട്ടുപോയിട്ട് അധികം നാളായില്ലല്ലോ.” ദാവൺഗരെയിൽ എഞ്ചിനീയറിംഗിന് പഠിക്കുകയാണ് ജോയി. ‘അമ്മച്ചി മരിച്ചിട്ട് നാളെ ഒരു വർഷം തെകയുവാ... പ്രാർത്ഥനയുണ്ട്. വീട്ടിൽവെച്ച്...’

കാലം കടന്നുപോകുന്ന പോക്ക്. ഡെയ്സി അത്ഭുതപ്പെട്ടു. കുളപ്പുരയ്ക്കലെ ചെറിയാച്ചന്റെ പെമ്പിള സാറാമ്മച്ചേട്ടത്തി മരിച്ചത് ഇന്നലെ പ്പോലെ അവൾക്ക് തോന്നി. അതുപോലെ ഗംഭീരമായ ഒരു ശവമടക്ക് നാട്ടിലുണ്ടായിട്ടില്ല. തിരുമേനി, അച്ചന്മാർ, സ്വർണ്ണകുരിശ്, വെള്ളി കുരിശ്, ബാൻഡ് പാർട്ടി... എന്തൊരു ജനക്കൂട്ടമായിരുന്നു.

‘ഞാൻ ഡെയ്സിയെ കാണാനിരിക്കുകയായിരുന്നു.’ നടന്നുകൊണ്ട് ജോയി പറഞ്ഞു.

“എന്നാത്തിനാ ജോയി? ’ അവൾ ചോദിച്ചു.

“അതൊക്കെയുണ്ട്. പറയാം.’

പനവേലിൽ പാപ്പച്ചായന്റെ റബ്ബർ തോട്ടമായിരുന്നു അത്. വളർന്നുമുറ്റിയ മരങ്ങൾ. പച്ചിലമേലാപ്പിനുള്ളിലൂടെ സൂര്യപ്രകാശം ഇറങ്ങിവരാൻ പാടുപെടുന്നു. സന്ധ്യയായതുപോലെ വെളിച്ചക്കുറവ്.

‘ഡെയ്സീടെ ചാച്ചൻ വീട്ടിലുണ്ടോ?’ അവൻ ചോദിച്ചു.

“ഇല്ല. കൂപ്പിൽ പോയേക്കുവാ.’

ഡെയ്സിയുടെ ചാച്ചൻ കുഴിപ്പുറത്ത് ചാക്കോച്ചൻ കൂപ്പിലെ ഒരു കോൺട്രാക്ടറുടെ ലോറി ഡ്രൈവറാണ്. ആഴ്ചയിലൊരിക്കലേ വീട്ടിൽ വരികയുള്ളു. മുമ്പ് അവളുടെ അമ്മച്ചിയുണ്ടായിരുന്ന കാലത്ത് രണ്ടാഴ്ചയിലൊരിക്കലായിരുന്നു വരവ്. അമ്മച്ചിയുടെ മരണത്തിനുശേഷം അഞ്ചും ആറും ദിവസം കൂടുമ്പോൾ വരും.

‘രണ്ടുമൂന്ന് ദിവസം കഴിഞ്ഞ് ഞാൻ തിരിച്ചുപോകും.’ ജോയി പറഞ്ഞു.

‘അതെന്നാ... അവധിയില്ലേ?’

‘അടുത്ത മാസം പരീക്ഷയാണ്. ഇപ്പം വന്നതുതന്നെ അമ്മച്ചീടെ ഓർമ്മദിവസത്തിന് കൂടാനാ... ആദ്യത്തേതല്ലേ... നാളെ അതിന്റെ തെരക്കായിരിക്കും. എനിക്ക് ഡെയ്സിയോട് ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്.’ ജോയി പറഞ്ഞു.

“എന്നാ കാര്യങ്ങളാ...?” കൗതുകത്തോടെ തലചെരിച്ച് അവനെ നോക്കി.

‘അതൊക്കെയുണ്ട്... എപ്പഴാ സൗകര്യം?’

“ഇപ്പം പറഞ്ഞാ മതി.’ അവൾ വാശി പിടിച്ചു.

‘ഇപ്പോ പറഞ്ഞാ തീരുകേല.... ഞാ

നൊരു സ്ഥലം പറയാം... ഡെയ്സിക്ക് അവിടെ വരാമോ?'

'എവിടാ...?'

'നിങ്ങടെ പറമ്പിൽ ഞങ്ങടെ വേലീടടത്തു ഒരു പനയില്ലേ... ഞാൻ അവിടെ വന്നുനിൽക്കാം...ഡെയ്സി വരുമോ... അവിടാകുമ്പോ നമ്മളെ ആരും കാണുകേല...

അടുത്തടുത്ത പറമ്പുകളാണ് അവരുടേത്. അതിർത്തിയിൽ ദുർബ്ബലമായ ഒരു മുള്ളുവേലിയുണ്ട്. പല സ്ഥലത്തും കയ്യൊടിഞ്ഞ് അത് പൊളിഞ്ഞു കിടക്കുകയാണ്.

"എപ്പഴാ..?' അവൾ ചോദിച്ചു.

"രാത്രീല്... ഒരു ഒമ്പതരയാകുമ്പോ... എന്റെ മുറീലെ ലൈറ്റ് നിങ്ങടെ പറമ്പിൽ നിന്നാൽ കാണുമല്ലോ... ലൈറ്റുണ്ടെങ്കിൽ ഞാൻ വരത്തില്ലെന്നർത്ഥം. ലൈറ്റില്ലേൽ ഡെയ്സി കാത്തുനിൽക്കണം.



ജോയി പറഞ്ഞു. ശബ്ദം താഴ്ത്തി ഒരു പ്രത്യേക സ്വരത്തിലാണ് അവൻ സംസാരിച്ചത്.

പെട്ടെന്ന് ഡെയ്സിയുടെ ശരീരമാകെ കുളിര് കോരി. "രാത്രീലോ... അയ്യോ... ഞാൻ വരുകേല...' അവൾ പെട്ടെന്ന് പറഞ്ഞു.

അവന്റെ മുഖത്ത് നിരാശ നിറഞ്ഞു.

'അതെന്നാ ...?'

'എനിക്ക് പേടിയാ... ഞാൻ വരികേല...'

ഡെയ്സിയുടെ വീടിനുപിന്നിലെ പറമ്പിൽ റബ്ബർ മരങ്ങളാണ്. വേലിവരെ ചെല്ലാൻ കുറച്ച് നടക്കണം. ഇരുട്ടും തണുപ്പുമായിരിക്കും അവിടെ.

'എന്നാൽ ഇപ്പോ ഞാൻ വീട്ടിലോട്ട് വരട്ടെ? അവിടെ വെച്ച് സംസാരിക്കാം ...' അവൻ മറ്റൊരു മാർഗ്ഗം പറഞ്ഞു.

'വേണ്ട... വല്യപ്പച്ചനും വല്യമ്മച്ചിയും സാജനുമൊക്കെയുണ്ട്. വീട്ടിൽ വരണ്ട.'

അവളുടെ അനുജനാണ് സാജൻ. അവൻ ഏഴാംക്ലാസ്സിലാണ് പഠിക്കുന്നത്.

"നാളെ എനിക്ക് പള്ളീല് പോണം.. പകല് ഒട്ടും സമയം കിട്ടത്തില്ല. മറ്റന്നാൾ ചെലപ്പം ദാവൺഗരെയിലേക്ക് പോകും.

പിന്നെപ്പാ? 'നിരാശയോടെ അവൻ ചോദിച്ചു.

'എന്നാ കാര്യമാണേലും ജോയി ഇപ്പം പറ.' അവൾ വീണ്ടും നിർബന്ധിച്ചു. 'ഇപ്പം പറഞ്ഞാ ശരിയാകുകേല... ഞാൻ പറഞ്ഞിടത്ത് വന്നാൽ മതി. രാത്രീല്...'

'ഇല്ല. ഞാൻ വരികേലാ...'

'നീ വരും.. എനിക്കറിയാം.' അവൻ ആത്മവിശ്വാസത്തോടെ പുഞ്ചിരിച്ചു.

റബ്ബർവെട്ടുകാരൻ പൗലോസുകുട്ടി വരുന്നത് കണ്ട് പെട്ടെന്ന് അവർ രണ്ടുവഴിക്ക് പിരിഞ്ഞു.

## രണ്ട്

വീട്ടിലേക്ക് നടക്കുമ്പോൾ ഡെയ്സിക്ക് പരിഭ്രമവും അതോടൊപ്പം നിഗൂഢമായ ഒരു ആഹ്ളാദവും തോന്നി. സുന്ദരിയും പതിനെട്ടുകാരിയുമായ ഒരു പെൺകുട്ടിയായിരുന്നു ഡെയ്സി. വെണ്ണയുടെ നിറമായിരുന്നു അവൾക്ക്. തഴച്ചുവളർന്ന കറുത്ത മുടിയാണ് അവൾക്കുണ്ടായിരുന്നത്. ചിരിക്കുമ്പോൾ നുണക്കുഴികൾക്കുള്ളിൽ മറഞ്ഞുപോകുന്ന ഒരു കൊച്ചുമറുക് അവളുടെ ഇടതുകവിളിൽ ഉണ്ടായിരുന്നു. കുട്ടിക്കാലത്ത് ജോയിയും ഡെയ്സിയും കളിക്കൂട്ടുകാരായിരുന്നു. അവർ ഒരേ സ്കൂളിൽ താഴെയും മുകളിലുമുള്ള ക്ലാസ്സുകളിലാണ് പഠിച്ചത്. പ്രായമായപ്പോൾ അവർ അറിയാതെ അകന്നു. പള്ളിയിൽവച്ചോ സൺഡേ സ്കൂളിൽവെച്ചോ കാണുമ്പോൾ ഒരു ചിരിയിൽ മാത്രം അവരുടെ അടുപ്പം നിലനിന്നു. എന്തുപറയാനാണ് ജോയി വിളിക്കുന്ന

തെന്ന് ഊഹിക്കാൻ ഡെയ്സിക്ക് കഴിഞ്ഞു. ഒന്നും പറയാനല്ല. കഴിഞ്ഞ വെക്കേഷന് കോളേജടച്ചു വന്നപ്പോൾ ജോയി അവളുടെ വീട്ടിൽ ഒരുദിവസം വന്നു. ഗീവർഗീസ് ഉപ്പാപ്പാന്റെ ഏറ്റവും ഇളയമകൾ കുഞ്ഞുറോസയുടെ മാമ്മോദീസയിൽ പങ്കെടുത്ത ശേഷം ഡെയ്സി വീട്ടിലേക്ക് വന്നു കയറിയതേയുള്ളായിരുന്നു അപ്പോൾ. വല്യമ്മച്ചിയും വല്യപ്പച്ചനും ഉപ്പാപ്പാന്റെ വീട്ടിലായിരുന്നു. കുട്ടികളോടൊപ്പം കളിച്ചുകൊണ്ട് സാജനും അവിടെയായിരുന്നു.

'ഇവിടാരുമില്ലേ?' ശബ്ദം കേട്ടുകൊണ്ടാണ് ഡെയ്സി പുറത്തേക്ക് വന്ന് നോക്കിയത്. അപ്പോൾ ചിരിച്ചുകൊണ്ട് ജോയി മണൽ വിരിച്ച മുറ്റത്ത് നിൽക്കുന്നുണ്ടായിരുന്നു.

അവൻ കുറച്ചുകൂടി പൊക്കം വച്ചിട്ടുണ്ടെന്ന് അവൾക്ക് തോന്നി. മൂക്കിന് താഴെ മീശ അല്പം കൂടി കറുത്തിട്ടുമുണ്ട്.

'ഓ.. ജോയിയോ... ഇന്നലെ കരോള് പാടാൻ വന്നപ്പം വല്ല്യ ഗമയിൽ നിൽക്കുന്നത് കണ്ടാരുന്നു.' അവൾ പറഞ്ഞു.

'ഡെയ്സിയെ ഞാനും കണ്ടാരുന്നു. മിനിഞ്ഞാന്നാണ് ഞാൻ വന്നെ... ആരുമില്ലേ ഇവിടെ?'

'ചാച്ചൻ നെലമ്പൂരാ.... എന്നാത്തിനാ ജോയി..?'

'എനിക്കൊരു പന്നിയെ വേണമാരുന്നു. അടുത്തയാഴ്ച്ച എന്റെകോളേജിലെ കുറെ ഫ്രണ്ട്സ് വരുന്നുണ്ട്...'

'ഞങ്ങക്കിപ്പോ പന്നിയില്ലല്ലോ ജോയീ... എല്ലാം ചത്തുപോയി. മംഗലത്തെ ത്രേസ്യാക്കൊച്ചമ്മേട വിടെ ചോദീര്... അവർക്കിപ്പോ ഒരുപാട് പന്നിയൊണ്ട്..

അപ്പോൾ ജോയി വരാന്തയിലേക്ക് കയറിവന്നു. ലോലമായ ഒരു സുഗന്ധം അവനെ ചുഴ്ന്നുനിൽക്കുന്നത് അവൾക്കനുഭവപ്പെട്ടു. ഒരുനിമിഷം അവൻ അവളെ നോക്കി വേപഥുഗാത്രനായി നിന്നു.

'എന്നതാ ജോയീ..?' അവന്റെ ഭാവ മാറ്റം കണ്ട് അവൾ ചോദിച്ചു.

"ഞാൻ ദാവൺഗരെയിലേക്ക് പോകുന്നേന് മുമ്പ് കണ്ടതിലും സുന്ദരിയായിട്ടുണ്ട് ഡെയ്സി.' ഇടർച്ചയോടെ അവൻ പറഞ്ഞു.

അവൾ കണ്ണിമയ്ക്കാതെ അവന്റെ മുഖത്തേക്ക് നോക്കി. ഭയവും സംഭ്രമവും അതിലുപരി ആഗ്രഹത്തിന്റെ തിളക്കവും അവന്റെ കണ്ണുകളിൽ അവൾ കണ്ടു.

'ജോയി പോ..' അവൾ പെട്ടെന്ന് പറഞ്ഞു.

'ഡെയ്സിക്കെന്നെ പേടിയാണോ?'

'ഇവിടെ വേറെ ആരുമില്ല. അതു കൊണ്ടാ..

വല്യപ്പച്ചനും വല്ല്യമ്മച്ചിയും ഇപ്പോ വരും.' ദുർബലമായ സ്വരത്തിൽ അവൾ പറഞ്ഞു.

'ഞാൻ പോയേക്കുവാ.. അതിന് മുമ്പ്.' ജോയി ഇരുകൈകൾകൊണ്ടും അവളുടെ ഇരുകവിളിലും പൊത്തിപ്പിടിച്ച് അവളുടെ നെറ്റിയിലും പിന്നെ ചുണ്ടുകളിലും ഓരോ ഉമ്മ വച്ചു.

"ശ്ശോ... എന്നതാ ജോയീ ഈ കാണിച്ചേ..' ഡെയ്സി ഞെട്ടലോടെ പിന്നിലേക്ക് മാറി.

അവളെ നോക്കി ഒന്ന് പുഞ്ചിരിച്ചിട്ട് അവൻ മുറ്റത്തേക്കിറങ്ങിയിട്ട് മരവേലി തുറന്ന് കരിങ്കൽപ്പടികളിറങ്ങി താഴേക്ക് മറഞ്ഞു.

അതെല്ലാം ഓർത്തുകൊണ്ട് ഡെയ്സി സാവധാനം വീട്ടിലേക്ക് നടന്നു. എന്തുപറയാനാണ് രാത്രിയിൽ പനഞ്ചുവട്ടിലേക്ക് ചെല്ലാൻ ജോയി പറഞ്ഞതെന്ന് അവൾക്ക് മനസ്സിലായി. ഒന്നും പറയാനൊന്നുമല്ല. പടികൾ കയറി അവൾ മുറ്റത്ത് എത്തിയപ്പോൾ ജാതിമരത്തിലും റബ്ബറിലുമായി വലിച്ചുകെട്ടിയിരുന്ന പ്ലാസ്റ്റിക്ക് കയറിൽ രണ്ട് കാക്കി ഷർട്ടുകൾ കഴുകി തോരാനിട്ടിരിക്കുന്നത് അവൾ കണ്ടു.

നിലമ്പൂരിൽനിന്ന് ചാച്ചൻ വന്നിരിക്കുന്നു. എന്തുകൊണ്ടാ അവൾക്ക് പെട്ടെന്ന് ഒരു നിരാശ അനുഭവപ്പെട്ടു.

ചാച്ചൻ നാളെയേ വരൂ എന്നായിരുന്നു വിചാരം. കയ്യിലിരുന്ന സഞ്ചി അവൾ അടുക്കളയിൽ കൊണ്ടുപോയി. പല്ല് തേച്ച് കാറിത്തുപ്പിക്കൊണ്ട് ചാക്കോച്ചൻ കിണറിന്റെ അടുത്ത് നിൽക്കുന്നുണ്ടായിരുന്നു. ഡെയ്സി അങ്ങോട്ടിറങ്ങിച്ചെന്നു.

'ചാച്ചനെപ്പോഴാ വന്നേ? ഞാൻ കവലേലുണ്ടായിരുന്നല്ലോ...' അവൾ പറഞ്ഞു.

'ടൗണീന്ന് എനിക്ക് ജോണിക്കുട്ടീടെ ജീപ്പ് കിട്ടി. അതുകൊണ്ട് നേരെയിങ്ങ് പോന്നു.' ചുവന്ന തോർത്ത് കൊണ്ട് അയാൾ കയ്യും മുഖവും തുടച്ചു.

'വെശക്കണെല്ലോ മോളെ... കഴിക്കാനെന്നാ ഉണ്ട്?'

"ചോറിരിപ്പുണ്ട്. ചാച്ചൻ വാ...' വെള്ളപ്പിഞ്ഞാണം കഴുകി അവൾ അത് നിറയെ ചോറ് വിളമ്പി അയല കറിവെച്ചതും പയറ് തോരനും പപ്പടം കാച്ചിയതും ഉണ്ടായിരുന്നു.

"ചാച്ചനെന്തിനാ ഷർട്ട് കഴുകാൻ പോയേ.. ഞാനിപ്പം വരത്തില്ലായിരുന്നോ...' അയാൾ ചോറുണ്ണതിനിടയിൽ അവൾ ചോദിച്ചു.

'എനിക്ക് നാളെ രാവിലെ പോണം മോളെ... അപ്പോഴത്തേക്കും ഒണങ്ങി കിട്ടണ്ടയെന്ന് വിചാരിച്ചാ വന്നപ്പോതന്നെ അലക്കിയിട്ടേ...' അതുപറഞ്ഞിട്ട് ചാക്കോച്ചൻ ഒന്ന് ചിരിച്ചു.

വലിയ കൊമ്പൻ മീശയ്ക്ക് താഴെ നിരയൊത്ത വെളുത്ത പല്ലുകൾ കാട്ടിയുള്ള ആ ചിരി കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. സ്നേഹവും വാത്സല്യവും സുരക്ഷിതത്വവും അവളെ അനുഭവിപ്പിക്കുന്ന ചിരിയായിരുന്നു അത്.

കോപം വന്നാൽ ആൾ ഇതൊന്നുമല്ല. കുഴിപ്പുറത്ത് ചാക്കോയെ നാട്ടിൽ പേടിയില്ലാത്തവർ ചുരുക്കമാണ്. ആജാനബാഹു, തന്റേടി, ആരെയും കൂസാത്തവൻ, ആരുടെയും ഔദാര്യം സ്വീകരിക്കാത്തവൻ, അടിക്ക് അടി കൊടുക്കുന്നവൻ, എത്ര കുടി

ച്ചാലും നില തെറ്റാത്തവൻ. സർവ്വോപരി സ്നേഹ സമ്പന്നൻ.

കുഴിപ്പുറത്ത് ചാക്കോയുടെ മകളല്ലായിരുന്നെങ്കിൽ ഡെയ്സിയെന്ന സുന്ദരിയായ പെൺകുട്ടിക്ക് വയസ്സായ വല്യപ്പച്ചനും വല്യമ്മച്ചിയും സാജൻ എന്ന കുഞ്ഞനിയനെയും കൊണ്ട് മലഞ്ചരിവിലെ ആ ഒറ്റപ്പെട്ട വീട്ടിൽ മനസമാധാനത്തോടെ കഴിയാൻ സാധിക്കില്ലായിരുന്നു.

ഊണുകഴിഞ്ഞ് ചാക്കോച്ചൻ ഒന്ന് മയങ്ങാൻ കിടന്നപ്പോൾ ഡെയ്സി വീടിനുപിന്നിലെ പറമ്പിലേക്കിറങ്ങി. പറമ്പിൽ റബ്ബറും കുറച്ച് കൊക്കോയും ഇഞ്ചിയും കൃഷിയുണ്ട്.

തൊട്ടുകിടക്കുന്ന പറമ്പ് കളപ്പുരയ്ക്കൽക്കാരുടെതാണ്.

വേലിയുടെ അടുത്ത് നിന്നുകൊണ്ട് നോക്കിയാൽ കുറച്ചകലെ അവരുടെ വെള്ള തേച്ച വലിയ വീട് കാണാം. മരങ്ങളുടെ കുറവ് കാരണം വീടിന്റെ വലിപ്പം മുഴുവൻ ദൃശ്യമല്ല. അവൾ വേലിയിൽ പിടിച്ചുകൊണ്ട് അങ്ങോട്ട് നോക്കി. പല ജനാലകൾ ഉള്ളതിൽ ഒന്ന് ജോയിയുടെ മുറിയുടേതാണ്. വേലിയുടെ അടുത്താണ് പന നിൽക്കുന്നത്. പനയോട് ചേർന്ന് ഒരു കൂറ്റൻ ആഞ്ഞിലിമരമുണ്ട്. ആഞ്ഞിലിയുടെ കുറേ വേരുകൾ ഭൂമിയിൽനിന്ന് ഒരാൾപ്പൊക്കത്തിൽ ഉയർന്നുവന്ന് പെരുമ്പാമ്പുപോലെ ചുറ്റിപ്പിണഞ്ഞ് കിടക്കുന്നുണ്ട്.

ആ വേരുകളിൽ ചാരിയിരുന്നും കിടന്നുമാണ് ഡെയ്സി പത്താം ക്ലാസ് പരീക്ഷയ്ക്ക് പകൽ സമയങ്ങളിൽ പഠിച്ചത്. എപ്പോഴും നല്ല തണുപ്പാണവിടെ. ഏകാന്തതയും. പനയുടെ ചുവട്ടിൽനിന്നുകൊണ്ട് അവൾ കുളപ്പുരയ്ക്കൽ വീട്ടിലേക്ക് നോക്കി.

ജോയിയുടെ ജനാല അടഞ്ഞുകിടക്കുന്നു. പെട്ടെന്നാണ് വല്യപ്പച്ചന്റെ മുറിയിൽനിന്ന് ഉച്ചത്തിൽ ഒരു വിളിയുയർന്നത്.

“എടാ ചാക്കോ ഓടിവായോ... ദേണ്ട നിന്റെ അമ്മച്ചീടെ കട്ടിലിൽ ഒരു പാമ്പ്.... ”

വിളികേട്ട് ഡെയ്സി വീട്ടിലേക്ക് പാഞ്ഞു.

## മൂന്ന്

അവൾ ചെന്നപ്പോൾ വല്യമ്മച്ചിയുടെ തലയിണയിൽനിന്ന് മഞ്ഞനിറമുള്ള ഒരു മൂർഖൻ പാമ്പ് തലയുയർത്തി പത്തിവിടർത്തി നിൽക്കുന്നു. ഒന്നുമറിയാതെ വല്യമ്മച്ചി മെത്തയിൽ ചുരുണ്ടുകൂടി കിടന്നുറങ്ങുന്നു. ഭയന്നുവിറച്ച് വല്യപ്പച്ചൻ ജനാലയുടെ അടുത്തുള്ള കട്ടിലിൽ ഇരിക്കുന്നു. ചാച്ചനെ കാണാനില്ല.

ഡെയ്സി വന്നതുകണ്ട് പാമ്പ് ഫണം തിരിച്ച് അവളെ ഒന്ന് നോക്കി. കറുത്ത വൈരക്കല്ലുകൾ പോലെയായിരുന്നു അതിന്റെ കണ്ണുകൾ.



‘ചാച്ചാ...’ അവൾ ഉറക്കെ വിളിച്ചെങ്കിലും ശബ്ദം പുറത്തേക്ക് വന്നി

വല്യപ്പച്ചന് നടക്കാൻ ബുദ്ധിമുട്ടുണ്ട്. വല്യമ്മച്ചിക്ക് കേൾവിക്കുറവുമുണ്ട്. പെട്ടെന്ന് പിന്നിൽ ഒരു നിഴൽ വീണപ്പോൾ അവൾ ഞെട്ടിത്തിരിഞ്ഞുനോക്കി.

കൊക്കോച്ചെടിയുടെ ഒരു നീണ്ട കമ്പ് വെട്ടിയെടുത്ത് വാക്കത്തിയുമായി ചാച്ചനായിരുന്നു അത്. നിശ്ചലനായി വന്നുകൊണ്ട് ചാക്കോച്ചൻ പാമ്പിനെ കണ്ണിമയ്ക്കാതെ നോക്കി.

പാമ്പ് അതേ നോട്ടം അയാൾക്ക് തിരിച്ചുനൽകി. നീണ്ട നാലഞ്ച് നിമിഷങ്ങൾ യുഗങ്ങൾ പോലെ കടന്നുപോയി. പെട്ടെന്ന് പാമ്പ് രണ്ട് കറുത്ത നാരുകൾപോലെയുള്ള നാവ് പുറത്തേക്കിട്ട് ചലിപ്പിച്ചു. പിന്നെ തലയണക്കീഴിലേക്ക് അപ്രത്യക്ഷമായി.

'ഇത് പിടിക്കൂ മോളെ..' കൊക്കോയുടെ കമ്പും വാക്കത്തിയും ചാക്കോ അവളുടെ നേർക്ക് നീട്ടി. അവൾ അതു രണ്ടും വാങ്ങി.

ചാക്കോ ജാഗ്രതയോടെ മുറിയിലേക്ക് കയറിച്ചെന്ന് ബലിഷ്ഠമായ കൈകൾ കൊണ്ട് വല്ല്യമ്മച്ചിയെ കോരിയെടുത്ത് വെളിയിലേക്ക് കൊണ്ടുവന്നു. എന്നിട്ടും വല്യമ്മച്ചി ഉണർന്നില്ല. അമ്മച്ചിയെ ചാക്കോ ഡെയ്സിയുടെ കട്ടിലിൽ കൊണ്ടുചെന്ന് കിടത്തി.

'വല്യപ്പച്ചൻ പതുക്കെ ഇങ്ങ് എഴുന്നേറ്റുവാ...' ഡെയ്സി പറഞ്ഞു.

ഊന്നുവടി നിലത്ത് വീണുകിടക്കുകയായിരുന്നു. അതെടുക്കാനായി വല്യപ്പച്ചൻ കുനിഞ്ഞ് കൈ നീട്ടി. അപ്പോഴാണ് പാമ്പ് വല്ല്യമ്മച്ചിയുടെ മെത്തയുടെ വിളുമ്പിലൂടെ ഇഴഞ്ഞ് കട്ടിലിന്റെ കാലുവഴി നിലത്തേക്ക് ഇറങ്ങിയത്. അതുകണ്ടതോടെ വല്യപ്പച്ചന്റെ ധൈര്യം ചോർന്നു പോയി. വല്യപ്പച്ചൻ കാലുകൾ രണ്ടും എടുത്ത് കട്ടിലിൽ വെച്ചു.

"അതിങ്ങുതാ മോളെ...'

ചാക്കോച്ചൻ വേഗം വന്ന് കൈനീട്ടി. വാക്കത്തിയും കമ്പും ഡെയ്സി ചാച്ചനെ ഏല്പിച്ചു. നിലത്തേക്ക് മുഴുവനും ഇറങ്ങിക്കഴിഞ്ഞ പാമ്പ് വീണ്ടും തലയുയർത്തി പത്തിവിരിച്ച് ചാക്കോയെ ഒന്ന് നോക്കി. ഇത്തവണ പത്തി പിന്നിലേക്കൊന്ന് പിടിച്ച് പാമ്പ് അയാളെ നോക്കി ഒന്ന് ചീറ്റി.

"ചാച്ചാ...' ഭയത്തോടെ ഡെയ്സി വിളിച്ചു. വലതുകയ്യിലിരുന്ന കമ്പ് ചാക്കോ മെല്ലെ ഉയർത്തി ഉന്നം പിടിച്ചു. കമ്പിലായിരുന്നില്ല, അയാളുടെ മുഖത്തേക്കായിരുന്നു പാമ്പിന്റെ നോട്ടം. മിന്നൽ പോലെ കമ്പ് ഉയർന്നുതാഴ്ന്നു. പാമ്പിന്റെ നടുഭാഗത്തേക്കാണ് അടി വീണത്. അടിയേറ്റ് അത് ഒന്ന് ചുരുണ്ടെങ്കിലും പെട്ടെന്ന് ചാക്കോയുടെ നേർക്ക് ചീറിയടുത്തു. ചാക്കോ കമ്പ് പാമ്പിന്മേൽ വച്ച് നിലത്ത് അമർത്തിപ്പിടിച്ചതിനാൽ അതിന് മുന്നോട്ട് നീങ്ങാൻ കഴിഞ്ഞില്ല. വേദനയോടെ അത് കമ്പിൽ ചുറ്റിപ്പിണഞ്ഞു.

ഡെയ്സി വീർപ്പടക്കി നോക്കിനിന്നു. ഭയംകൊണ്ട് വല്യപ്പച്ചന്റെ വായ തുറന്ന് കീഴ്ത്താടി താഴേക്ക് തൂങ്ങി.

ചുറ്റിപ്പിണഞ്ഞുകിടന്നുകൊണ്ട് ആ പച്ചകമ്പിൽ പാമ്പ് രണ്ടുമൂന്ന് തവണ ആഞ്ഞുകൊത്തി. കമ്പ് നിലത്തുനിന്നുയർത്തിയാൽ പാമ്പ് പാഞ്ഞുവന്ന് തന്നെ കൊത്തുമെന്ന് ചാക്കോയ്ക്ക് അറിയാമായിരിരുന്നു.

ഇടതുകയ്യിലെ വാക്കത്തി മെല്ലെ ആക്കം പിടിച്ച് അയാൾ പാമ്പിന് നേരെ ശക്തിയായി വീശി. ചാക്കോച്ചന് പിഴവ് പറ്റിയില്ല. ആ ഒറ്റ വീശലിന് പത്തിവിരിച്ചുനിന്ന പാമ്പിന്റെ തലയറ്റുപോയി.

ഡെയ്സിക്ക് പിന്നെ കണ്ടു നിൽക്കാൻ കഴിഞ്ഞി


ആശംസകൾ....

ടൗൺ ബ്രാഞ്ച് പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകിട്ട് 8 വരെ

# അയർക്കുന്നം സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 4147

e-mail : ayarkunnamscb.4147@gmail.com

*ഹെഡ് ആഫീസ് :*

അയർക്കുന്നം, - 04812545960

*ബ്രാഞ്ചുകൾ :*

മെയിൻ ബ്രാഞ്ച് - 2542326
കൊങ്ങാണ്ടൂർ - 2542612
അമയന്നൂർ - 2543606
നീറിക്കാട് - 2541005
ടൗൺ ബ്രാഞ്ച് - 2541243
ആറുമാനൂർ - 2545326

**നീതി മെഡിക്കൽ സ്റ്റോർ അയർക്കുന്നം – 2542329**

10% മുതൽ 40% വരെ വിലക്കുറവിൽ ഔഷധങ്ങൾ ലഭിക്കുന്നു.

അയർക്കുന്നം, കൊങ്ങാണ്ടൂർ ഡിപ്പോകളിൽനിന്നും **വളം** ന്യായവിലയിൽ കൊടുക്കുന്നു.

**എല്ലാ ബ്രാഞ്ചുകളിലും 10 ലക്ഷം വരെയുള്ള ചിട്ടികൾ** (GDCS)

നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി

**വായ്പകൾ**

- **കാർഷിക വായ്പകൾ 10 ലക്ഷം വരെ**
- **സ്വർണ്ണപണയ വായ്പ 10ലക്ഷം വരെ (കുറഞ്ഞ പലിശ നിരക്ക്)**
- **കാർഷികേതര വായ്പകൾ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണ വായ്പകൾ**
- **ഗൃഹോപകരണ വായ്പ, വാഹന വായ്പ**
- **10 ലക്ഷം വരെ ഓവർഡ്രാഫ്റ്റ്**

പ്രസിഡന്റ്
ജോയി കൊറ്റത്തിൽ - 9447149424

സെക്രട്ടറി
മനോജ് കെ - 9495496901

ല്ല. അവൾ അടുക്കളയിലേക്ക് ഓടി.

പാമ്പിന്റെ തലയറ്റുപോയെങ്കിലും നീണ്ട ശരീരം നിലത്ത് കിടന്നുപിടഞ്ഞു. ചാക്കോ അതിനെകമ്പിന്റെ അറ്റംകൊണ്ട് തോണ്ടി മുറ്റത്തേക്ക് എറിഞ്ഞു. കറിവേപ്പിന്റെ ചുവട്ടിൽ ചെന്നത് വീണു. അയാൾ അതിനെ വീണ്ടും തല്ലി ചലനം ഇല്ലാതാക്കി.

ജാതിമരത്തിന്റെ ചുവട്ടിൽ ഒരു കുഴിയെടുത്ത് അയാൾ പാമ്പിന്റെ ജഡം മറവ് ചെയ്തു.

'നീയതിനെകൊന്നത് നന്നായിപ്പോയി ചാക്കോ... അല്ലേൽ മനഃസമാധാനത്തോടെ ഞങ്ങൾക്ക് കിടന്നുറങ്ങാൻ പറ്റത്തില്ലായിരുന്നു.' വല്ല്യപ്പച്ചൻ പറഞ്ഞു.

'ഞാൻ പോയിട്ടുവരുമ്പോ ഒരു പട്ടിക്കുഞ്ഞിനെ കൊണ്ടുവരാം. അപ്പോ ഇഴജന്തുക്കളെ പട്ടി അടുപ്പിക്കത്തില്ല.'

'അതുനേരാ...' പാമ്പ് വന്നത് അറിയാതെയാണ് വല്യമ്മച്ചി ഉണർന്നത്. വല്യമ്മച്ചിയെ വെറുതെ പേടിപ്പിക്കേണ്ടെന്ന് വിചാരിച്ച് ഡെയ്സി അക്കാര്യം പറഞ്ഞുമില്ല. അവൾ കട്ടൻ കാപ്പി ഉണ്ടാക്കി എല്ലാവർക്കും കൊടുത്തു. അപ്പോഴേക്കും സ്കൂൾ വിട്ട് സാജൻ വന്നു. ഇറയത്ത് കാപ്പി കുടിച്ചുകൊണ്ടിരിക്കുന്ന ചാക്കോയെ കണ്ട് അവൻ ഒന്നു പകച്ചു.

'വല്ലതും പഠിക്കുന്നുണ്ടാടാ നീ....' പതിവുചോദ്യമായിരുന്നു അത്.

'ഉവ്വ്...' അവൻ തലകുലുക്കി. 'അറിയാൻ വയ്യാത്തത് വല്ലതുമുണ്ടേൽ ഡെയ്സിയോട് ചോദിച്ച് മനസ്സിലാക്കണം കേട്ടോ?' അതും പതിവ് നിർദ്ദേശം.

'ഉവ്വ്'

ഡെയ്സി അവന് ചോറും മീൻകറിയും കൊടുത്തു. ചാച്ചൻ വന്നതുകൊണ്ട് കലത്തിൽ ചോറ് കുറവാണ്. അവൾ അരികഴുകി അത്താഴത്തിന് അടുപ്പത്തിട്ടു. കുളികഴിഞ്ഞ് ചാക്കോ ഷർട്ടെടുത്തിട്ട് മുടിയും ചീകി വന്നു.

'ഞാനൊന്ന് ഇറങ്ങിയേച്ചും വരാം മോളെ...' അയാൾ പറഞ്ഞു. ഡെയ്സി ചിരിച്ചുപോയി. അയാളും ചിരിച്ചു.

മാട്ടേൽ മത്തായിയുടെ ഷാപ്പിൽ നിന്ന് നാലു കുപ്പി കള്ളെങ്കിലും അകത്താക്കാനുള്ള പോക്കാണി തെന്ന് അവൾക്കറിയാമായിരുന്നു. സാജൻ ചോറൂണ് കഴിഞ്ഞ് വന്നു.

'മോനേ ആ ഞാലിപ്പൂവന്റെ കൂമ്പാടിച്ചു തരാമെങ്കിൽ പരിപ്പിട്ട് തോരൻ വെക്കാമായിരുന്നു. മീൻ മാത്രം എങ്ങനെചാച്ചന്റെ പാത്രത്തിൽ വെളമ്പുന്നേ...' അവൾ പറഞ്ഞു.

'ഞാനൊടിച്ചുതരാം. അമ്മാമ്മേ...'

പറമ്പിൽ ഒരു ഞാലിപ്പൂവൻ വാഴ കുലച്ചുനിൽക്കുന്നുണ്ട്. പടല എല്ലാം വിരിഞ്ഞുകഴിഞ്ഞു.

ഡെയ്സി ചൂലെടുത്ത് മുറ്റമടിക്കാൻ തുടങ്ങി. മണലിൽ പാമ്പിന്റെ വാല് മുറിഞ്ഞുകിടക്കുന്നത് കണ്ട് അവൾ ഞെട്ടി. ചൂലിന്റെ അറ്റംകൊണ്ട് അവൾ അത് തോണ്ടിയെടുത്ത് ദൂരേക്ക് എറിഞ്ഞു.

കാന്താരി മുളക് ചെടിയുടെ ചുവട്ടിൽ ചെന്ന് അത് വീണു. സാജൻ ഒടിച്ചുകൊണ്ടുവന്ന വാഴക്കൂമ്പ് അരിഞ്ഞ് പരിപ്പും ചേർത്ത് അവൾ ചീനച്ചട്ടിയിൽ അടുപ്പത്ത് വച്ചു. സന്ധ്യയായപ്പോഴാണ് ചാക്കോച്ചൻ വന്നത്. അയാൾ നേരെ അപ്പന്റെ അടുത്തേക്ക് ചെന്നു.

'അടുത്താഴ്ച വരുമ്പം അപ്പന് എന്നാ കൊണ്ടുവരണം?' അയാൾ ചോദിച്ചു. കുടിച്ചുകഴിഞ്ഞാൽ ചാക്കോച്ചന് വീട്ടിലുള്ള എല്ലാവരോടും സ്നേഹം കൂടും.

"ഒന്നും വേണ്ടെടാ മോനെ... എനിക്കെന്നെതാടാ ഇവിടെ ഒരു കുറവ്?' "അപ്പന് കള്ള് കുടിക്കണോ?'

'നീ പോടാ ചാക്കോ...' അപ്പൻ കളിയായി അയാളുടെ നേർക്ക് കൈയോങ്ങി.

ചാക്കോച്ചൻ പൊട്ടിച്ചിരിച്ചു.

"മോളെ അടുത്താഴ്ച വരുമ്പോ നമുക്കിച്ചിരി ആട്ടിറച്ചി മേടിക്കണം. ആ ശിവനോട് രണ്ടുകുപ്പി കള്ളും മേടിക്കാം .' ആട്ടിറച്ചി വരട്ടിയതും പനങ്കള്ളും വല്യപ്പച്ചന് വലിയ ഇഷ്ടമാണ്.

അടുത്തത് വല്യമ്മച്ചിയുടെ ഊഴമായിരുന്നു. 'അമ്മച്ചിക്ക് ഞാനെന്നാ കൊണ്ടുവരണം?' ഇത്തവണ ഉറക്കെയായിരുന്നു ചോദ്യം

'എന്റെ കമ്പിളി അപ്പടി പിഞ്ഞിപ്പോയെടാ മോനേ... തണുത്തിട്ട് കിടന്നുറങ്ങാൻ പറ്റത്തില്ല.' വല്യമ്മച്ചി പറഞ്ഞു.

'നല്ല പുത്തൻ കമ്പിളി ഞാൻ മേടിച്ചോണ്ട് വരാം."

നേരത്തെ പ്രാർത്ഥനകഴിഞ്ഞു. വല്യപ്പച്ചനും വല്യമ്മച്ചിക്കും ഡെയ്സി ചോറുവിളമ്പി അവരുടെ മുറിയിൽ കൊണ്ടുചെന്ന് കൊടുത്തു. ചാച്ചനും സാജനും ചോറുവിളമ്പി ഊണുമുറിയിലെ മേശപ്പുറത്ത് വെച്ചു. അപ്പോൾ മണി എട്ടരയായിരുന്നു ഡെയ്സിയുടെ ടൈംപീസിൽ. ഇനി ഒരുമണിക്കൂർ കൂടി കഴിഞ്ഞാൽ ഒമ്പതര. അപ്പോൾ വീടിനു പിന്നിലുള്ള പറമ്പിലെ പനഞ്ചുവട്ടിൽ ജോയി വന്നു നിൽക്കും. ആ ഓർമ്മയിൽ ഡെയ്സിയുടെ ശരീരം ഒന്ന് വിറകൊണ്ടു. ഊണുകഴിഞ്ഞയുടനെ ചാച്ചൻ ഉറങ്ങാൻ കിടക്കും. ഒമ്പതരയ്ക്ക് മുമ്പ് വീട്ടിലെ എല്ലാ മുറികളിലെയും ലൈറ്റ് അണഞ്ഞു കഴിയും. എല്ലാവരുടെയും ഊണ് കഴിഞ്ഞപ്പോൾ ഡെയ്സി തിടുക്കത്തിൽ പാത്രങ്ങൾ കഴുകിവെക്കാൻ തുടങ്ങി.

അപ്പോൾ ഒരു സുന്ദരിപ്പാമ്പ് പറമ്പിൽ നിന്ന് ഇഴഞ്ഞ് മുറ്റത്തേക്ക് കയറിവന്നു. അത് വീടിന് ഒന്ന് വലം വച്ചിട്ട് കാന്താരിമുളക് ചെടിയുടെ ചുവട്ടിലെത്തി. നിർജീവമായി കിടന്നിരുന്ന വാലിൽ അറിയാതെ സ്പർശിച്ചപ്പോൾ അത് പെട്ടെന്ന് നിശ്ചലമായി. കണ്ണുകളെഴുതിയ ആ സുന്ദരിപ്പാമ്പ് പിന്നെ ഭൂമിയിലേക്ക് തലയമർത്തി ഏറെനേരം കിടന്നു.

## നാല്

കിടന്നിട്ട് ഡെയ്സിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. ടൈംപീസിന്റെ ടിക്... ടിക് ശബ്ദം പെരുമ്പറ പോലെയാണ് ഇരുട്ടിൽ മുഴങ്ങിയത്. സമയമെത്രയായി കാണും.?

ലൈറ്റിടാൻ അവൾക്ക് ഭയമായിരുന്നു. ജനാലയിലൂടെ വെളിച്ചം പുറത്തേക്ക് വീഴും. അവൾ മെല്ലെ എഴുന്നേറ്റ് മേശപ്പുറത്ത് വിരലുകൾകൊണ്ട് തപ്പി. ആദ്യം മെഴുകുതിരിയാണ് കയ്യിൽ തടഞ്ഞത്. പിന്നെ തീപ്പെട്ടിയും. തീപ്പെട്ടിയുരച്ച് അവൾ ടൈംപീസിൽ നോക്കി. മണി ഒമ്പത് കഴിഞ്ഞ് ഇരുപത്തിയഞ്ച് മിനിട്ട്. അഞ്ചുമിനിട്ട് കൂടി കഴിഞ്ഞാൽ വീടിന്റെ പിന്നിലുള്ള പനഞ്ചുവട്ടിൽ ജോയി വന്നു നിൽക്കും.

പെട്ടെന്ന് ഡെയ്സിയുടെ ഹൃദയമിടിപ്പിന്റെ വേഗത കുതിച്ചുയർന്നു. എത്രനേരം ജോയി കാത്തു നിൽക്കും? താൻ ചെല്ലില്ല എന്ന് മനസ്സിലാകുമ്പോൾ അവൻ നിരാശയോടെ തിരിച്ചുപോകും. തീപ്പെട്ടികമ്പ് വിരലുകൾ പൊള്ളിച്ചുകൊണ്ട് കത്തിയമർന്നു. അവൾ വിരലുകൾ വായ്ക്കുള്ളിൽ കടത്തിവെച്ചു. ജോയിയുടെ മുറിയിലെ ലൈറ്റണഞ്ഞു കാണുമോ? അവൾ ജനാലയുടെ അടുത്തേക്ക് ചെന്ന് അഴികളിൽ മാറിടമമർത്തി. പുറത്തേയ്ക്ക് നോക്കി. നേരിയ നിലാവുണ്ടെങ്കിലും റബ്ബർമരങ്ങൾക്ക് കീഴിൽ ഇരുട്ടിന് സാന്ദ്രത കൂടുതലാണ്. അവളുടെ മുറിയിൽ നിന്നുകൊണ്ട് നോക്കിയാൽ കുളപ്പുരയ്ക്കലെ വീട് കാണാൻ പറ്റുകയില്ല.

അടുക്കളമുറ്റത്ത് ചെന്നു. പന്നിക്കൂടുണ്ടാക്കാൻ ഉണ്ടാക്കിയ കൽക്കെട്ടിന്റെ മുകളിൽനിന്നും നോക്കിയാൽ കുളപ്പുരയ്ക്കലെ വീട് കാണാൻ പറ്റും. ജോയിയുടെ മുറിയിലെ ലൈറ്റ് അണഞ്ഞോ എന്നറിയാൻ പറ്റും. അവളുടെ മുറിക്ക് ഒരു വാതിലേയുള്ളു. അത് ഇടമുറിയിലേക്കാണ് തുറക്കുന്നത്. ഇടമുറിയിലാണ് ചാച്ചനും സാജനും ഉറങ്ങുന്നത്. ഇടമുറിയിൽ രണ്ട് വാതിലുകൾ ഉണ്ട്. ഒന്ന് അടുക്കളയിലേക്കുള്ളതാണ്. മറ്റേത് മുൻവശത്തെ വരാന്തയിലേക്ക് തുറക്കുന്നതും.

കുടിച്ച് അന്തംവിട്ടുറങ്ങുകയാണങ്കിൽ പോലും ചെറിയ അനക്കം കേട്ടാൽ മതി ചാച്ചൻ ഉണരും. ശബ്ദം കേൾപ്പിക്കാതെ ഇടമുറിയിൽ നിന്ന് അടുക്കളയിലേക്കുള്ള വാതിൽ തുറക്കാൻ പറ്റില്ല. ഒരുപക്ഷെ ഇടമുറിയിൽനിന്ന് അടുക്കളയിലേക്കുള്ള വാതിൽ അടച്ചില്ലെങ്കിലോ? കതക് വെറുതെ ചാരിയിട്ടേ ഉള്ളുവെങ്കിലോ? പെട്ടെന്ന് ഡെയ്സിയുടെ ശരീരം ഒന്നുണർന്നു.

പന്നിക്കൂടിന്റെ കൽക്കെട്ടിൽ കയറി നിന്ന് കുളപ്പുരയ്ക്കൽ വീട്ടിൽ നോക്കുകയേയുള്ളു. പനഞ്ചുവട്ടിലേക്ക് പോവുകയില്ല. ജോയിയുടെ മുറിയിലെ ലൈറ്റണഞ്ഞോ എന്ന് നോക്കണം. അണഞ്ഞാലും ഇല്ലെങ്കിലും തിരിച്ചുപോകും. പനഞ്ചുവട്ടിലേക്ക് എന്തായാലും പോവുകയില്ല.

ഡെയ്സി ഇരുട്ടിലൂടെ പാദങ്ങൾ മെല്ലെ നീട്ടിവച്ച് വാതിലിനടുത്തേക്ക് ചെന്നു. കരുതലോടെ അവൾ ഇടമുറിയിലേക്ക് തുറക്കുന്ന കതകിൽ കൈ വച്ചു. പെട്ടെന്ന് ഇടമുറിയിൽ എന്തോ തട്ടിത്തകർന്നുവീണു. “ഛീ.. പോ പൂച്ചേ... ’ ചാച്ചൻ ഒച്ച വെച്ചു. ഡെയ്സിയുടെ ഹൃദയം നിലച്ചു പോയി. അവൾ എങ്ങനെയോ ചെന്ന് കട്ടിലിൽ കിടന്നു. ജോയി പനഞ്ചുവട്ടിൽ വന്ന് കാത്തുനിൽക്കുകയായിരിക്കും ഇപ്പോൾ. നിന്ന് കാല് കഴയ്ക്കുമ്പോൾ അവൻ ആഞ്ഞിലിവേരിൽ ഇരിക്കുമായിരിക്കും. എന്നിട്ടും ഞാൻ ചെല്ലില്ലെന്ന് മനസ്സിലാകുമ്പോൾ അവൻ തിരിച്ചുപോകുമായിരിക്കും...

അവൾ തിരിഞ്ഞും മറിഞ്ഞും കിടന്നു. പിന്നെ എപ്പോഴോ ഉറങ്ങി. രാവിലെ എല്ലാവരും ഉണരും മുമ്പേ അവൾ ഉണർന്നു. ബ്രഷിൽ പേസ്റ്റെടുത്ത് അവൾ പല്ലുതേച്ചുകൊണ്ട് നേരെ പറമ്പിലേക്ക് നടന്നു. മൂടൽമഞ്ഞ് മാറിയിരുന്നില്ല. മലകൾ കാണാനില്ല. അവൾ നേരെ പനഞ്ചുവട്ടിലേക്കാണ് ചെന്നു നിന്നത്. ആരോ അധികനേരം നിൽക്കുകയും നടക്കുകയും ചെയ്തതു പോലെ പനഞ്ചുവട്ടിലെ പച്ചപ്പുല്ല് ഞെരിഞ്ഞമർന്നിരിക്കുന്നു. ആഞ്ഞിലിവേരുകൾക്ക് കീഴിൽ രണ്ട് സിഗരറ്റ് കുറ്റികൾ കിടക്കുന്നു.

പാവം ജോയി. അവൾക്ക് സങ്കടം വന്നു. അവൾ തല ചെരിച്ച് നോക്കി. കുളപ്പുരയ്ക്കലെ ജോയിയുടെ ജനാല തുറന്നുകിടക്കുന്നു. കുനിഞ്ഞുനിന്ന് സിഗരറ്റുകുറ്റികൾ നുള്ളിയെടുത്ത് അവൾ നിലത്ത് പടർന്നുകിടന്നിരുന്ന തോട്ടുപയർ വള്ളികൾക്കിടയിലേക്ക് എറിഞ്ഞു കളഞ്ഞു.

രാവിലെ പുട്ടും കടലക്കറിയുമാണ് ഡെയ്സി ഉണ്ടാക്കിയത്. ചായ കുടിച്ചുകഴിഞ്ഞ് അപ്പോൾത്തന്നെ ചാക്കോച്ചൻ നിലമ്പൂർക്ക് പോയി. കുറച്ചുനേരം കഴിഞ്ഞയുടനെ കുളപ്പുരയ്ക്കൽ കാറുകൾ വരുന്നതും പോകുന്നതും അവൾ കണ്ടു. അമ്മച്ചിയുടെ ഓർമ്മദിവസമായതു കൊണ്ട് ജോയി ഇന്ന് തിരക്കിലായിരിക്കും. ഒമ്പത് മണിയായപ്പോൾ സാജനെ ചോറും കൊടുത്ത് സ്കൂളിലേക്ക് വിട്ടു.

ഉച്ചയ്ക്ക് വല്യപ്പച്ചനും വല്യമ്മച്ചിക്കും ചോറ് കൊടുക്കാൻ അവൾ സ്രാവ് വറുത്തുവെച്ചു. തലേ ദിവസത്തെ വാഴക്കൂമ്പുതോരന്റെ ബാക്കിയുണ്ടായിരുന്നു. അത്താഴത്തിന് ഓമയ്ക്ക പറിച്ച് കറിയുണ്ടാക്കാമെന്ന് അവൾ തീരുമാനിച്ചു.

ഉച്ചകഴിഞ്ഞ് രണ്ടരയ്ക്കായിരുന്നു കമ്പ്യൂട്ടർ ക്ലാസ്. ആഴ്ചയിൽ നാലു ദിവസം മാത്രം. ടൗണിലേക്ക് അവൾ ബസ്സിലാണ് പോകുന്നത്. അരമണിക്കൂർ യാത്ര. അഞ്ചരയ്ക്ക് തിരിച്ചുവരും. രണ്ടുമണിയായപ്പോൾ അവൾ കവലയിൽ ചെന്നു. സെന്റ് തോ

മസ് അപ്പോൾ ഇറക്കമിറങ്ങി വരുന്നുണ്ടായിരുന്നു. കണ്ടക്ടർ ബേബിച്ചൻ അവൾക്ക് ടിക്കറ്റ് മുറിച്ചുകൊടുത്തിട്ട് പൈസ വാങ്ങാതെ പോയി. അയാൾക്ക് അങ്ങിനെ ചില അസുഖങ്ങളുണ്ടെന്ന് കൂട്ടുകാരികളിൽ പലരും അവളോട് പറഞ്ഞിട്ടുണ്ട്. അയാൾ തിരിച്ചു വന്നപ്പോൾ കൃത്യം തുക പേഴ്‌സിൽ നിന്നെടുത്ത് അവൾ കൊടുത്തു. ഒന്ന് പുഞ്ചിരിച്ചിട്ട് അയാൾ അത് വാങ്ങിക്കൊണ്ടു പോയി. ക്ലാസ് കഴിഞ്ഞ് അഞ്ചുമണിക്കുള്ള ബസ്സിൽ അവൾ തിരിച്ചുപോന്നു. കവലയിൽ ജോയി ഉണ്ടായിരിക്കണേ എന്ന് പ്രാർത്ഥിച്ചുകൊണ്ടാണ് ഡെയ്‌സി ബസ്സിൽ നിന്നിറങ്ങിയത്.

പൊന്നപ്പന്റെ ടി.വി. റിപ്പയറിംഗ് ഷോപ്പിന്റെ മുന്നിലും മനുവിന്റെ മൊബൈൽഫോൺ സ്റ്റോറിലും വിൻസെന്റിന്റെ ബേക്കറിയിലും അവൾ കണ്ണുകൾ കൊണ്ട് പരതി. അവിടെയെങ്ങും ജോയി ഉണ്ടായിരുന്നില്ല. അവൾ നിരാശയോടെ മെല്ലെ നടന്നു.

അപ്പോഴാണ് ബൈക്കിൽ എതിരെ വരുന്ന ജോയിയെ അവൾ കണ്ടത്. അവളുടെ ഹൃദയം ഒന്ന് കുതിച്ചു. ഡെയ്‌സിയുടെ അടുത്ത് വന്ന് ബൈക്ക് നിർത്തി നിലത്ത് കാലു കുത്തി അവൻ നിന്നു.

"ഡെയ്‌സി എവിടെപോയിട്ട് വരുവാ..?" അവൻ ചോദിച്ചു.

'കമ്പ്യൂട്ടർ ക്ലാസിന്. ജോലി കിട്ടുമെന്ന് വിചാരിച്ചിട്ടൊന്നും അല്ല. വീട്ടിൽ വെറുതെയിരിക്കണ്ടാന്ന് ചാച്ചൻ പറഞ്ഞപ്പോ...'

'കമ്പ്യൂട്ടർ പഠിച്ചതോണ്ട് നഷ്ടമൊന്നും വരത്തില്ല. ഡെയ്‌സിയെ കെട്ടിക്കൊണ്ടുപോകുന്ന ആൾ ജോലി മേടിച്ചുതന്നാലോ?' തമാശ പറഞ്ഞമട്ടിൽ ജോയി ചിരിച്ചു.

കളിയാക്കാൻ പണ്ടേ വിരുതനാണ് ജോയി.

"ഇന്ന് വല്യ തിരക്കിലായിരുന്നു അല്ലേ... പോയപ്പോഴും വന്നപ്പോഴും ഞാൻ കവലേൽ നോക്കിയാരുന്നു." അവൾ പറഞ്ഞു.

"പള്ളീലും വീട്ടിലും ശുശ്രൂഷയുണ്ടാർന്നു... അമ്മച്ചീടെ ആങ്ങളമാരെല്ലാരും വന്നു... ആകപ്പാടെ ഒരു ബഹളമാർന്നു. ഉച്ചകഴിഞ്ഞാ എല്ലാവരും പിരിഞ്ഞേ"

"ജോയിയിപ്പം എവിടെപ്പോവാ?'

"കുഞ്ഞമ്മച്ചാൻ പോയിട്ടില്ല. പുള്ളിക്ക് സിഗരറ്റ് മേടിക്കണം... ഇന്നിനി പോയാലും ബാത്തുരിൽ ചെല്ലുമ്പം ഒരു നേരമാകും... അതു കൊണ്ട് പുള്ളിക്കാരൻ നാളെയേ പോകൂ...'

"ജോയിക്കും സിഗരറ്റ് വലിയുണ്ടോ?' പുഞ്ചിരിയോടെ അവൾ ചോദിച്ചു.

'അങ്ങനെയൊന്നുമില്ല... എന്നാലും എടക്കൊക്കെ... ഡെയ്‌സിയെ കണ്ടാൽ ഇനി മിണ്ടരുതെന്ന് വിചാരിച്ചിരുന്നതാ ഞാൻ..' അവൻ പെട്ടെന്ന് മുഖത്ത് കൃത്രിമ ഗൗരവം വരുത്തി.

'അതെന്നാ പറ്റി എന്നോട് മിണ്ടാതിരിക്കാൻ?' ഒന്നുമറിയാത്ത മട്ടിൽ അവൾ ചോദിച്ചു.

'ഇന്നലെ ഞാനെത്രനേരം അവിടെ വന്ന് നിന്നെന്നറിയാമോ? ഒമ്പതര മുതൽ പത്തരവരെ.... ഡെയ്‌സി വരുമെന്നായിരുന്നു എന്റെ പ്രതീക്ഷ. ഇനിയെങ്കിലും മനുഷ്യരെ ഇങ്ങിനെ പറഞ്ഞു പറ്റിക്കരുത്.' അവൻ പരിഭവിച്ചു.

'അതിന് വരാമെന്നൊന്നും ഞാൻ പറഞ്ഞിരുന്നില്ലല്ലോ.... പിന്നെന്തിനാ ജോയി കാത്തുനിന്നേ?'

'വേണമെങ്കിൽ വരാമായിരുന്നു.... എനിക്ക് വല്യ വിഷമം തോന്നി.'

"ഇന്നലെ ചാച്ചൻ വീട്ടിലുണ്ടായിരുന്നു... ഉച്ചയായപ്പോ നിലമ്പൂരിൽ നിന്ന് വന്നു.' അവൾ പറഞ്ഞു.

"ഇനി എന്നാ പോകുന്നേ?'

'ഇന്ന് രാവിലെ പോയി.'

"എന്നാൽ ഇന്ന് വരുമോ?.. ഞാൻ കാത്തുനിൽക്കും. ആശയോടെ അവൻ അവളെ നോക്കി.

"അയ്യോ... ഞാനെങ്ങും വരികേല...'

പെട്ടെന്ന് എന്തോ ഓർത്തതു പോലെ ജോയിയുടെ മുഖം മങ്ങി.

'ഉം... എന്തുപറ്റി?' അവൾ ചോദിച്ചു.

'കുഞ്ഞമ്മാച്ചൻ വീട്ടിലുള്ളത് ഒറ്റ പ്രശ്നമാ... പുള്ളി എന്റെ മുറീലായിരിക്കും കെടപ്പ്. പുള്ളിയെ വെട്ടിച്ച് വെളിയിലിറങ്ങാൻ പാടാ... എന്നാലും വല്ല നിവർത്തീമുണ്ടെങ്കിൽ ഞാൻ വരും... ദാണ്ട മറ്റത്തിലച്ചൻ വരുന്നുണ്ട് ഡെയ്‌സീ ... ഞാൻ പോവാ...'

ഇടവകയിൽ പുതുതായി നിയമനം കിട്ടിവന്ന പുരോഹിതനാണ് ഫാദർ വാളുമറ്റത്തിൽ. ചെറുപ്പക്കാരൻ. ജോയി ബൈക്ക് മുന്നോട്ടെടുത്ത് ഓടിച്ചുപോയി. അച്ചനെകണ്ടില്ലെന്ന മട്ടിൽ അവൾ വേഗം നടന്നു. ഇന്നുരാത്രിയിൽ ഒമ്പതരയാകുമ്പോൾ പനഞ്ചുവട്ടിലേക്ക് ജോയി വരും. തന്നെ കാത്ത് അവൻ അവിടെ നിൽക്കും. പോകണോ? അവൾക്കറിയില്ലായിരുന്നു.

## അഞ്ച്

വല്യപ്പച്ചനും വല്യമ്മച്ചിക്കും സാജനും അവൾ അത്താഴം കൊടുത്തു. അവൾ ഒന്നും കഴിച്ചില്ല. വിശപ്പില്ലായിരുന്നു. ഇടമുറിയിലിരുന്ന സാജൻ എന്തോ എഴുതുന്നതും നോക്കി അവൾ ഒരു നിമിഷം നിന്നു. തെക്കെമുറിയിൽ ചെന്നുനോക്കിയപ്പോൾ കിടക്കാനുള്ള തയ്യാറെടുപ്പോടെ വല്യപ്പച്ചൻ ബീഡിയുടെ അവസാനത്തെ പുകയും വലിച്ചെടുക്കുന്നു.

വല്ല്യമ്മച്ചി കിടന്നുകൊണ്ട് ഓരോ പ്രാർത്ഥനകൾ ഉരുവിടുന്നു. മുറിയിലേക്ക് മടങ്ങിവന്ന് ഡെയ്തി കട്ടിലിൽ ഇരുന്നു. ക്ലോക്കിൽ മണി എട്ടുകഴിഞ്ഞ് മുപ്പത് മിനിറ്റ്. ഒരു മണിക്കൂർ കൂടി കഴിഞ്ഞാൽ... പെട്ടെന്ന് സാജൻ നോട്ടുബുക്കുമായി കയറിവന്നു.

"എന്താടാ?'

'ഈ കണക്കൊന്ന് പറഞ്ഞുതാ അമ്മാമ്മേ... ഞാൻ എത്ര നോക്കിയിട്ടും ഒരു രക്ഷയുമില്ല.'

രാവിലെ പറഞ്ഞുതരാമെടാ എന്ന് പറയാനാണ് അവൾക്ക് തോന്നിയത്. പക്ഷെ പറഞ്ഞില്ല.

'എവിടെ? നോക്കട്ടെ...' അവൾ കൈനീട്ടി നോട്ട്ബുക്ക് വാങ്ങിച്ചു. അത്ര പ്രയാസമുള്ള കണക്കായിരുന്നില്ല അത്. കഴിയുന്നത്ര ലളിതമായി അവൾ അത് അവന് പറഞ്ഞുകൊടുത്തു. ക്ലോക്കിൽ ഒമ്പതാവാൻ പത്തുമിനുറ്റ്.

'എനിക്ക് ഇംഗ്ലീഷ് കോമ്പോസിഷൻ എഴുതാനുണ്ടായിരുന്നു. മൈ വില്ലേജ്. ഒന്ന് പറഞ്ഞുതരാമോ അമ്മാമ്മേ...?' സാജൻ അടുത്ത ആവശ്യം ഉന്നയിച്ചു.

'ഇന്നിനി വേണ്ട മോനേ... നാളെ രാവിലെ അമ്മാമ്മ എഴുതിത്തരാം.'

"ഉം...' അവൻ തൃപ്തിയോടെ തലകുലുക്കി . ഉറങ്ങാൻ അവന് ധൃതിയായെന്ന് അവൾക്ക് മനസ്സിലായി. സാജൻ മുറിയിൽനിന്ന് ഇറങ്ങിപ്പോയി.

തണുപ്പത്തും വിയർക്കുന്നുണ്ടെന്ന് ഡെയ്സിക്ക് തോന്നി. ശരീരത്തിന് വിയർപ്പിന്റെ മണമുണ്ടോ. ഒന്ന് മേൽ കഴുകുന്നതിൽ തെറ്റില്ലെന്ന് അവൾക്ക് തോന്നി.

അലുമിനിയം കലത്തിൽ വെള്ളം നിറച്ച് അടുക്കളയിൽ വെച്ചിട്ടുണ്ടായിരുന്നു. അവൾ അത് ബക്കറ്റിലേക്ക് പകർന്ന് പിൻവശത്ത മുറ്റത്ത് കൊണ്ടുവച്ചു. വീട്ടിൽ നീളൻ പാവാടയും ബ്ലൗസുമാണ് അവളുടെ വേഷം. രാത്രിയിൽ അവൾ നെറ്റിയിലേക്ക് മാറും. പകൽനേരത്ത് അവൾ ചുരിദാറും ധരിക്കാറുണ്ട്. പാവാടയും ബ്ലൗസും അഴിച്ചുവച്ചിട്ട് ഡെയ്സി ശബ്ദം കേൾപ്പിക്കാതെ മുറ്റത്തെ ഇരുട്ടിൽ നിന്നുകൊണ്ട് മേൽ കഴുകി. തണുത്ത വെള്ളം ദേഹത്തേക്ക് വീണപ്പോൾ അറിയാതെ ഒന്നു കിടുങ്ങി. സോപ്പ് പതച്ച് അവൾ ശരീരമാകെ പുരട്ടി. മേൽ കഴുകിയിട്ട് പാവാട മാറിന് മീതെ ഉടുത്തുകൊണ്ടാണ് അവൾ മുറിയിലേക്ക് പോയത്.

കട്ടിലിന്റെ കീഴിൽ വെച്ചിരുന്ന പെട്ടി നീക്കിവച്ച് അവൾ തുറന്നു. അതിൽനിന്ന് യാഡ്മി പൗഡറും വെള്ള ലെയ്ത് പിടിപ്പിച്ച വിദേശ ബ്രായും അവൾ പുറത്തെടുത്തു. രണ്ടും കുഞ്ഞുമോളമ്മാമ്മ അവൾക്ക് സമ്മാനിച്ചതാണ്. കുവൈറ്റിലാണ് കുഞ്ഞുമോളമ്മ ജോലി ചെയ്യുന്നത്. തൂവെള്ളനിറത്തിലുള്ള നേർത്ത സാറ്റിൻ പാവാടയും ബ്ലൗസുമെടുത്ത് അവൾ ധരിച്ചു. പള്ളിയിൽ ക്വയറിന് പോകുമ്പോൾ മാത്രമേ അത് അവൾ ധരിക്കാറുള്ളു. ആ വേഷത്തിൽ ഡെയ്സിയെ കണ്ടാൽ ഒരു മാലാഖയാണെന്ന് തോന്നുമെന്ന് അവളുടെ കൂട്ടുകാരി മേഴ്സി പലവട്ടം പറഞ്ഞിട്ടുണ്ട്.

മേഴ്സിയെ അവൾക്ക് ഇഷ്ടമാണ്. പക്ഷെ തരം കിട്ടുമ്പോഴൊക്കെ മേഴ്സി അവളെ കെട്ടിപ്പിടിച്ച് അമർത്തുകയും ഉമ്മവെക്കുകയും ഒക്കെ ചെയ്യും. അതുമാത്രമേ അവൾക്ക് ഇഷ്ടമല്ലാതുള്ളു. വേഷം ധരിച്ചുകഴിഞ്ഞ് ഡെയ്സി മുഖത്ത് നേർമ്മയായി പൗഡർ പൂശി. ഇപ്പോൾ മുഖത്ത് തൊട്ടാൽ നല്ല മിനുസമാണ്. മാറിടങ്ങളിൽ തൊടുന്നതുപോലെ...

കറുത്തു തഴച്ച മുടി ഒരു റിബൺ കൊണ്ട് ബന്ധിച്ചിട്ട് അവൾ ജനാലയുടെ അടുത്തുചെന്ന് പുറത്തേക്ക് നോക്കി. ഇരുട്ടാണ് വെളിയിൽ. ചീവീടുകൾ ചിലയ്ക്കുന്നുണ്ട്. എവിടെയോ ഒരു പട്ടി ഓരിയിടുന്നു. ഒറ്റപ്പെട്ട ഒരു വവ്വാലിന്റെ ചിറകടി കേൾക്കുന്നു.

ഡെയ്സി ടൈംപീസിൽ നോക്കി. ഒൻപതരയാകാൻ ഒരുമിനുട്ട് മാത്രം... ഡെയ്സി ലൈറ്റണച്ചു. അവൾ ഇടമുറിയിലേക്ക് ചെന്നു. സാജൻ ഉറങ്ങിക്കിടക്കുന്നത് നേർത്ത ഇരുട്ടിൽ അവൾ കണ്ടു. മെല്ലെ അടുക്കളയിലേക്ക് ചെന്ന് ശബ്ദമുണ്ടാക്കാതെ വാതിലിന്റെ കുറ്റിയെടുത്ത് വെളിയിലേക്ക് ഇറങ്ങി. നല്ല തണുപ്പ്. അവൾ പന്നിക്കൂടിന്റെ കൽക്കെട്ടിലേക്ക് കയറിനിന്ന് കുളപ്പുരയ്ക്കലേക്ക് നോക്കി ദൂരെ ജോയിയുടെ മുറിയുടെ ജനാല കാണാം. അകത്ത് വെളിച്ചമുണ്ട്.

ജോയി വീട്ടിൽനിന്ന് ഇറങ്ങിയിട്ടില്ല. കുഞ്ഞമ്മാച്ചൻ ഉറങ്ങിക്കാണുകയില്ലായിരിക്കും. വീണ്ടും മുറിയിൽ ചെന്ന് ഇരുന്നാലോ? വേണ്ടാ. ഇടമുറിയിലൂടെ പോവുകയും വീണ്ടും വരികയും വേണം. കാലുതട്ടി എന്തെങ്കിലും മറിഞ്ഞ് വീണ് ഒച്ചയുണ്ടായാൽ സാജൻ ഉണരും.

പെട്ടെന്ന് ഒരു കാർമേഘത്തിനുള്ളിൽനിന്ന് ചന്ദ്രൻ പുറത്തേക്കിറങ്ങി. മരങ്ങളുടെയും ചെടികളുടെയും ഇലകളിൽ നിലാവ് തിളങ്ങി. പാദങ്ങളെ ചുംബിക്കുന്ന വെള്ള നീളൻപാവാടയുമായി ഒരു മാലാഖയെപ്പോലെ ഡെയ്സി ആ നിലാവത്ത് കൽക്കെട്ടിൽ നിന്നു. പെട്ടെന്ന് കുളപ്പുരയ്ക്കൽ വീട്ടിലെ എല്ലാ മുറികളിലെയും ലൈറ്റുകൾ ഒന്നിച്ച് അണഞ്ഞു.

ഡെയ്സി ഒരു സ്വപ്നാടകയെപ്പോലെ മെല്ലെ കൽക്കെട്ടിൽ നിന്നിറങ്ങി പറമ്പിലേക്ക് നടന്നു. അവളുടെ പാദങ്ങൾക്ക് കീഴിൽ കരിയിലകൾ പൊടിഞ്ഞു. ഇരുട്ടിൽ കാപ്പിപ്പൂക്കൾ വിരിഞ്ഞ ഗന്ധം അവൾക്ക് അനുഭവപ്പെട്ടു. പനഞ്ചുവട്ടിലേക്ക് നടന്നപ്പോൾ പയർവള്ളി തലപ്പുകൾ അവളുടെ പാവാടത്തുമ്പിൽ തട്ടി ശബ്ദമുണ്ടാക്കി. മഞ്ഞിൽ നനഞ്ഞ പുൽനാമ്പുകൾ അവളുടെ പാദങ്ങളിലുരസി ഇക്കിളികൂട്ടി.

കരിയിലകളിൽ പതിയുന്ന കാലടി ശബ്ദം കാത്ത് ഡെയ്സി പനഞ്ചുവട്ടിൽ കാത്തുനിന്നു. വേഗത്തിലുയരുന്ന തന്റെ ഹൃദയമിടിപ്പിന്റെ ഒച്ചയിൽ അത് കേൾക്കാതെ പോകുമോ എന്ന് അവൾ ഭയപ്പെട്ടു.

കോച്ചുന്ന തണുപ്പിലും അവളുടെ ഉള്ളംകൈ വിയർത്തു. ജോയി വരാൻ എന്താണ് വൈകുന്ന



അവൾ പെട്ടെന്ന് ഞെട്ടിയുണർന്നു.

കൈ നീട്ടി മുറിവിൽ തടവി നോക്കിയപ്പോൾ വിരലിൽ നനവ്. അവൾക്ക് ഒന്നും മനസ്സിലായില്ല.

അവൾക്ക് വല്ലാത്ത ക്ഷീണം തോന്നി. ആഞ്ഞിലിവേരിലേക്ക് അവൾ വീണ്ടും ചാരി. കാൽവിരൽത്തുമ്പിൽ നിന്ന് രക്തം തുള്ളിതുള്ളിയായി ഭൂമിയിലേക്ക് ഒഴുകിവീണുകൊണ്ടിരുന്നു. അവൾ അത് അറിഞ്ഞില്ല.

പെരുവിരൽത്തുമ്പിൽ ഡെയ്സിക്ക് പെട്ടെന്ന് നീറ്റലും പുകച്ചിലും അനുഭവപ്പെട്ടു. അവളുടെ ദേഹമാകെ തളർന്നു. വേദനയോടെ അവൾ ഞരങ്ങി. അപ്പോൾ ഒരു കറുത്ത മേഘം വന്ന് വിളറിയ ചന്ദ്രക്കലയെ വിഴുങ്ങി. ഒരുപാട് നേരം കഴിഞ്ഞാണ് ആ കറുത്ത മേഘം ഒഴിഞ്ഞുപോയത്. വീണ്ടും നിലാവ് പരന്നപ്പോൾ ഡെയ്സി ആഞ്ഞിലിവേരുകൾക്കിടയിൽ വിശറിപോലെ വിരിഞ്ഞ വെള്ളപ്പാവാടയുമായി ഒരു ശലഭത്തെപ്പോലെ അനങ്ങിക്കിടക്കുകയായിരുന്നു.

പാതിയടഞ്ഞ മിഴികളിലൂടെ അവൾ അപ്പോൾ ഒരു സ്വപ്നം കണ്ടു. നീലാകാശത്തുകൂടി രണ്ട് മാലാഖമാർ വെള്ളച്ചിറകുമായി പറന്നുപറന്നുവരുന്നു. അതിൽ ഒരു മാലാഖ അവളുടെ മരിച്ചുപോയ അമ്മച്ചിയായിരുന്നു. ഒരു മാലാഖ കളപ്പുരയ്ക്കലെ ജോയിയുടെ മരിച്ചുപോയി അമ്മച്ചി സാറാമ്മയായിരുന്നു.

രണ്ടുമാലാഖമാരും ഡെയ്സിയുടെ മുകളിൽ ആകാശത്തുവന്ന് ഒന്ന് വട്ടംചുറ്റി പറന്നു. എന്നിട്ട് അവർ രണ്ട് ചിറകുകളും വിടർത്തി അവളുടെ അരികിലേക്ക് പറന്നിറങ്ങി.

അതോടെ അവളുടെ സ്വപ്നം മുറിഞ്ഞു. സുന്ദരിയും പതിനെട്ടുകാരിയും ചിരിക്കുമ്പോൾ നുണക്കുഴിയിലേക്ക് മറയുന്ന മറുകുമുള്ള ഡെയ്സി എന്ന പെൺകുട്ടി പെട്ടെന്ന് സ്വപ്നങ്ങളില്ലാത്ത നിദ്രയിലേക്ക് ഒഴുകിപ്പോയി.

അവളുടെ ലോലമായ വെള്ളപ്പാവാട പാതിരാക്കാറ്റിൽ അപ്പോഴും മെല്ലെ ചലിക്കുന്നുണ്ടായിരുന്നു.

ത്? ഏറെ നേരം നിന്ന് കാല് കുഴച്ചപ്പോൾ ഡെയ്സി ആഞ്ഞിലിമരത്തിന്റെ ചുവട്ടിലേക്ക് ചെന്ന് ഉയർന്നുവളഞ്ഞുനിന്ന വേരിലേക്ക് ഇരുന്നു.

സുന്ദരിപ്പാമ്പ് അപ്പോൾ തലയൊന്നുയർത്തി നോക്കി. ഡെയ്സിയുടെ രക്തച്ഛവി കലർന്ന തുടുത്ത പാദങ്ങളും ചുവന്ന ചായം പുരട്ടി മനോഹരമാക്കിയ കാൽവിരൽ നഖങ്ങളും കണ്ട് കൗതുകത്തോടെ അത് ഇഴഞ്ഞു ചെന്നു. പാമ്പ് തലയുയർത്തിപ്പിടിച്ച് ആരാധനയോടെ അവളുടെ ഭംഗിയുള്ള പെരുവിരലിലേക്ക് നോക്കി.

ഡെയ്സി വീണ്ടും കാതോർത്തു. ജോയി വരുന്ന കാലടിശബ്ദം കേൾക്കുന്നില്ല. കരിയിലകൾ ഞെരിഞ്ഞമരുന്നില്ല. ആഞ്ഞിലിവേരിലേക്ക് ചാരി ഡെയ്സി ഇരുന്നു. ഒരു പാതിരാപ്പുള്ള് ചിലച്ചുകൊണ്ട് അവളുടെ തലയ്ക്ക് മീതെ കൂടി പറന്നുപോയി. അവളുടെ കണ്ണുകൾ താനേ അടഞ്ഞു. അവൾ ഒരു മയക്കത്തിലേക്ക് വഴുതിവീണു. ഇടംകാലിന്റെ പെരുവിരലിൽ മുള്ള് കൊണ്ടുകയറിയ വേദനയോടെ



കവിത

ഡോ. സുനിത ഗണേഷ്

# കബഡി



മുന്നിൽ
തിരശ്ചീനമായി
വെളുത്ത വരയിൽ
പകുത്തിട്ടു മൈതാനം.
പൊടിക്കല്ലുകളും, ചുവന്ന മണ്ണും
വിരിച്ച്
തയ്യാറായി അങ്കക്കളം.

എതിർകളത്തിലെ
നീരാളിപ്പിടുത്തങ്ങളിൽ നിന്നും
വഴുതി,
ഞണ്ടിറുക്കങ്ങളിൽ കുതറി,
ഇത്തിരി ശ്വാസം പിടിച്ചു വെച്ച്,
ചരൽ മണ്ണിലൂടെ
നീന്തിപ്പൊടിഞ്ഞ്...

വിശപ്പിനെ,
വായുവിനെ,
ജീവനെ,
ജാതിയെ,
രക്തത്തെ,
നമ്മളെ,
പ്രപഞ്ചത്തെ,
പകുത്തിട്ട
വെളുത്ത വര....

അത്
എന്റേതോ ?
നിന്റേതോ?
നമ്മുടേതോ!

റോക്കറ്റ് തൊടുത്ത്,
ബോംബെറിഞ്ഞ്,
നിന്നെ ചിതറിച്ച്,
ഇരുമ്പ് കമാനങ്ങൾ
കെട്ടിപ്പൊക്കി,
എനിക്ക്...
എനിക്ക്...
എത്തിയേ തീരൂ...

നിർവാണത്തിലേക്ക്
മന്ദമെങ്കിലും
ഇഴഞ്ഞെത്തിയേ തീരൂ....

ഹ്ഫ്.. ഹ്ഫ്....
കബഡി, കബഡീ.....



കഥ

**ജോയി നാലുന്നാക്കൽ**

# അവസ്ഥാന്തരം



ഡൽഹിയിലെ പകൽ ഞാൻ ആദ്യമായി കാണുകയാണ്. രാവിലെ പത്തുമണി കഴിഞ്ഞെങ്കിലും മങ്ങിയ പുകയിലെന്നവണ്ണം അന്തരീക്ഷം മൂടൽ മഞ്ഞിൽ പൊതിഞ്ഞിരിക്കുന്നു.

റൺവേയുടെ ഓരം ചേർന്നുള്ള ലൈറ്റുകൾ വഴികാട്ടികളായുണ്ട്. മിന്നാമിനുങ്ങിന്റെ ഭാവത്തിൽ ചിലതൊക്കെ ഇരുളിൽ തെളിയുന്നു. അല്ലെങ്കിൽ തന്നെ ഡൽഹിയിൽ എല്ലാം മൂടപ്പെട്ടിരിക്കുകയാണല്ലോ....? അധികാരത്തിന്റെ ഇടനാഴികൾ, കോർപ്പറേറ്റുകളുടെ കാണാച്ചരടുകൾ....! എല്ലാം മൂടപ്പെട്ടിരിക്കുന്ന തലസ്ഥാനം.

ചരിത്രത്താളുകളിൽ ഓൾഡ് ഡൽഹിയെപ്പറ്റിയും ന്യൂ ഡൽഹിയെപ്പറ്റിയും പഠിച്ചിട്ടുണ്ട്.

നിരവധി രാജവംശങ്ങളുടെ വരവും പതനങ്ങളും അധിനിവേശങ്ങളും യുദ്ധങ്ങളും കൊള്ളകളും പിടിച്ചുപറികളും ഇൻഡ്യൻ ഹിസ്റ്ററിയുടെ ക്ലാസ്സിൽ കേട്ടുമറഞ്ഞതൊക്കെ വീണ്ടും ആരോ ഓർമ്മപ്പെടുത്തുന്നുവോ? പിന്നീടു ജനാധിപത്യം വന്നപ്പോൾ അധിനിവേശങ്ങളും കൊള്ളകളും ഇല്ലാതായോ.....? പ്രകടനപത്രികകളെ കണ്ണടച്ചു വിശ്വസിക്കുന്ന നമ്മേ ചാനൽ വാർത്തകൾ ഉൽക്കണ്ഠാകുലരാക്കുന്നുവോ.....?

ഹിമാചലിൽ നിന്നും വരുന്ന തണുത്ത കാറ്റ് ശീതകാല ഡൽഹിയെ കൂടുതൽ കുളിരണിയിക്കുന്നുവെന്നു കേട്ടിട്ടുണ്ട്. പഞ്ചാബിലെ കൊയ്ത്തു കഴിഞ്ഞ ഗോതമ്പു പാടങ്ങളിൽ തീയിടുമ്പോൾ ഡൽഹിയുടെ അന്തരീക്ഷത്തെ പുകകൊണ്ടു മൂടുന്നു. രാജസ്ഥാനിൽ നിന്നുള്ള ചൂടുകാറ്റ് ഡൽഹിയെ വീണ്ടും ചുട്ടുപൊള്ളിക്കുന്നു. വരുന്നതിനെയെല്ലാം അവ ദുരന്തങ്ങളായാലും ഡൽഹി ക്ഷമയോടെ

സ്വീകരിക്കുകയോ സഹിക്കുകയോ ആണ്.

വീണ്ടും ചൂടിനും തണുപ്പിനും അന്തരീക്ഷ മലിനീകരണത്തിനുമിടയിൽ ഡൽഹി ഒന്നും സംഭവിക്കാത്തതുപോലെ നിലകൊള്ളുകയും ചെയ്യുന്നു. രാഷ്ട്രപതിഭവനിൽ നിന്നും ഇൻഡ്യാഗേറ്റിലേക്കുള്ള വിശാലത പോലെ നാം ഡൽഹിയെ നോക്കിക്കാണുന്നു. സമാധികളിൽ പുഷ്പാർച്ചന നടത്തുന്നു.

ഡൽഹിയിൽ അപ്പോഴും തലതിരിഞ്ഞവരുടെ സംഖ്യ വർദ്ധിക്കുന്നു. വിഭിന്ന കാരണങ്ങളാൽ അഭയാർത്ഥികളായി എത്തിയവർ, ഡൽഹിയെ അഭയസ്ഥാനമായിക്കാണുന്നു. നാളെയും ഡൽഹിയിലേക്ക് തൊഴിലന്വേഷകരും അഭയാർത്ഥികളും വന്നു ചേർന്നേക്കാം. റിക്ഷാ ചവിട്ടുന്നവരെപ്പോലെ ഡൽഹി ഒരുപാട് ഭാരങ്ങളെ ചുമക്കുന്നു. അതിനിടയിൽ അധികാരചിഹ്നങ്ങൾ പേറുന്ന കൊടിവച്ച കാറുകൾ തലങ്ങും വിലങ്ങും പായുന്നു. നഴ്സുമാർ തൊഴിലിടങ്ങളിലെ പീഡനങ്ങൾക്കെതിരെ പൊരുതുന്നു.

ശരാശരി മനുഷ്യൻ ഗതാഗതക്കുരുക്കിൽ നിന്നും എങ്ങനെയും രക്ഷപെട്ടു മെട്രോസ്റ്റേഷനുകളിൽ സമയത്തിന് എത്തിപ്പെടാനായി ട്രാഫിക് നിയമങ്ങൾ തെറ്റിച്ചും ദിശതെറ്റിപ്പായുന്നു.

ന്യൂ ഡൽഹിയിലാണ് എന്റെ കോർപ്പറേറ്റ് ഓഫീസ്. തീവണ്ടിയിൽ ടിക്കറ്റ് കിട്ടാതെ വന്നപ്പോഴാണ് അവസാന നിമിഷം ഫ്ളൈറ്റിനെ ആശ്രയിച്ചത്. നിശ്ചിത സമയപരിധിക്കുള്ളിൽ ഡൽഹിയിൽ എത്തിച്ചേരണമായിരുന്നല്ലോ. കനത്ത യാത്രാക്കൂലി ഈടാക്കിയപ്പോഴും അത് ചീഫ് ഫ്ളൈറ്റാണ്. പച്ചവെള്ളവും രണ്ടു ബിസ്കറ്റുമല്ലാതെ ഒന്നും വിലകൊടുക്കാതെ അതിൽ കിട്ടില്ല.

സ്വന്തം ഭാവിയെപ്പറ്റി കൂടുതൽ ഓർത്തിരുന്ന പകൽവീടും നാടും വിട്ടുള്ള മറ്റൊരു യാത്ര. പഠനകാലയളവിൽത്തന്നെ വീടുവിട്ടു ജീവിച്ചതുകൊണ്ടു ഗൃഹാതുര ചിന്തകൾ ഏറെ മുറുവേൽപ്പിച്ചില്ല.

കൂട്ടുകാരിയെന്നോ, അടുപ്പക്കാരിയെന്നോ, കാമുകിയെന്നോ വിളിക്കാവുന്ന തമിഴ്നാട്ടുകാരി മീനാക്ഷിയെ ഓർക്കാൻ ഇപ്പോൾ സമയക്കുറവാണോ....? അതോ ചിലതൊക്കെ മറന്നേ കഴിയു എന്ന അവസ്ഥയിൽ എത്തിപ്പെട്ടതുകൊണ്ടാണോ...? ഒരു ബഹുരാഷ്ട കമ്പനിയിൽ ചെന്നൈയിലാണ് അവൾക്ക് ജോലി കിട്ടിയത്.

“നോക്കൂ നമ്മളിപ്പോൾ ജോലിക്കാരായി. ഭാവിയെപ്പറ്റി ഉറച്ച തീരുമാനങ്ങളെടുക്കാനുള്ള സമയമായി.” ആവർത്തിച്ചു വിളിച്ചിട്ടും കിട്ടാതെ വന്നപ്പോൾ അവസാനം അവൾക്കു മെസ്സേജിട്ടു.

“ആദ്യം എന്റെ കരിയറൊന്നു കരുപ്പിടിപ്പിക്കട്ടെ. ഇപ്പോൾ കൂടുതലൊന്നും ചിന്തിക്കാൻ കഴിയുന്നില്ല. മിക്കപ്പോഴും ലെയിറ്റായും ഓഫീസിൽ ഇരിക്കേണ്ടി വരുന്നുണ്ട്.” മറുപടി കണ്ടപ്പോൾ ചെറിയ നഷ്ടബോധം തോന്നിയെങ്കിലും അവളുടെ മെസ്സേജിന്റെ അർത്ഥമെന്തെന്ന് കൂടുതൽ ചിന്തിക്കാൻ മെനക്കെട്ടില്ല. വരികൾക്കിടയിൽ മറ്റെന്തെക്കെയോ സൂചനകൾ ഒളിച്ചിരിക്കുന്നില്ലേ.

പിന്നീടു പരസ്പരം വിളിച്ചില്ല. മെസ്സേജുകളിട്ടില്ല. ഋതുഭേദങ്ങളുടെ ആശംസകൾ അർപ്പിച്ചില്ല. കാമ്പസിൽ ആദ്യം കനൽപോലെ എരിഞ്ഞ ചിന്തകളും മാർഗ്ഗങ്ങളും മനുഷ്യാവകാശങ്ങളും പതുക്കെപ്പതുക്കെ കനലടങ്ങിയ ചാരമായി പണ്ടേ മാറിയിരുന്നു.

പഠന കാലയളവിൽ എവിടെയൊക്കെയോ ഞങ്ങൾ ചുറ്റിക്കറങ്ങിയവരാണ്. ഭാവിയെപ്പറ്റി പലവട്ടം ഒന്നിച്ച് സ്വപ്നങ്ങൾ കണ്ടിട്ടുണ്ട്. വലിയ ഈശ്വര വിശ്വാസി എന്നു ഭാവിച്ച അവൾക്കൊപ്പം ഏതെല്ലാം കോവിലുകളിൽ പോയി. എത്രയോ തവണ അവൾക്കിഷ്ടപ്പെട്ട പൂക്കൾ വാങ്ങിക്കൊടുത്തു. ഒന്നിച്ചു ഭക്ഷണം കഴിച്ചു. മറക്കാൻ കഴിയാത്ത ഒരുപാടു സ്വകാര്യ നിമിഷങ്ങൾ.

അവളുടെ വലിയ കണ്ണുകളും നീണ്ട മുടിയും അഴകുള്ള രൂപവും എപ്പോഴോ എന്നെ കീഴ്പ്പെടുത്തുകയായിരുന്നു.

എല്ലാവർക്കും സ്വന്തം കരിയർ വലിയതുതന്നെ. അതിനുവേണ്ടിയല്ലേ കഷ്ടപ്പെട്ടു പഠിച്ചത്. കഠിനമായ പ്രവേശന പരീക്ഷയ്ക്ക് തയ്യാറായതും


ആശംസകൾ....

**അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്**

**ക്ലിപ്തം നമ്പർ 3857, മഞ്ഞാമറ്റം, മൂഴൂർ പി.ഒ.**

**മെയിൻബ്രാഞ്ച് – മഞ്ഞാമറ്റം .ഫോൺ. 2542310, 2545610**

| | | |
|---|---|---|
| മൂഴൂർ ബ്രാഞ്ച് | ഫോൺ | 2551174 |
| കരിമ്പാനി ബ്രാഞ്ച് | ഫോൺ | 2544310 |
| പട്ട്യാലിമറ്റം ബ്രാഞ്ച് | ഫോൺ | 2543821 |
| പ്രഭാതസായാഹ്നശാഖ മണൽ | | 2545381 |
| നീതി സൂപ്പർ മാർക്കറ്റ് | ഫോൺ | 9562473690 |
| നീതി മെഡിക്കൽ സ്റ്റോർ | ഫോൺ | 7510890155 |

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്കുകൾ
- ചിട്ടിക്ക് സമാനമായ GDCS **5 ലക്ഷം** വരെ.
- ലോക്കർ സൗകര്യം ഹെഡ്ഡാഫീസിലും ബ്രാഞ്ചുകളിലും ലഭ്യമാണ്.
- കുറഞ്ഞ പലിശ നിരക്കിൽ അംഗങ്ങൾക്ക് **5 ലക്ഷം** രൂപാ വരെ സ്വർണ്ണപണയ വായ്പ
- **12 ലക്ഷം** രൂപാ വരെ സാധാരണ വായ്പ **3 ലക്ഷം** രൂപ വരെ KCC വായ്പ
- **നീതി സൂപ്പർ മാർക്കറ്റ്, നീതി മെഡിക്കൽ സ്റ്റോർ മണൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്നു.**

**പ്രസിഡന്റ് ഇൻ ചാർജ്ജ്**
വി. സുധീർ, ദേവീവിലാസം

സെക്രട്ടറി
ടെസ്സിയമ്മ എബ്രഹം
പറമ്പകത്ത്

എഴുതിയതും കനത്ത ഫീസ് ഒടുക്കിയാണെങ്കിലും റേറ്റിംഗ് ഉള്ള സ്ഥാപനത്തിൽ പ്രവേശനം നേടാനായി നാടുവിട്ടതും ബാങ്കു വായ്പ എടുത്തതും എല്ലാം എല്ലാം....!

ഡൽഹിയിലെ മൂടൽമഞ്ഞിൽ ചുറ്റിത്തിരിയുമ്പോൾ സ്വന്തം കരിയറിനെപ്പറ്റി ഉൽക്കണ്ഠയുണ്ടോ....? ഉണ്ടെന്നും ഇല്ലെന്നും പറയാൻ കഴിയുന്നില്ല. നമ്മുക്കജ്ഞാതമായ നമ്മുടെ കരിയർ കെട്ടിപ്പടുക്കുവാൻ തന്ത്രപ്പെടുമ്പോൾ രാപ്പകലുകളറിയാത്ത യാത്രയിൽ നാം തികച്ചും അപരിചിതരെയാണു പലപ്പോഴും കണ്ടുമുട്ടുന്നത്. വല്ലാത്തൊരു നിഗൂഢത വലയം ചെയ്തതുപോലെ.

ജീവിതത്തിലിനിയും എന്തൊക്കെയോ അഭ്യസിക്കുവാനും മനസ്സിലാക്കുവാനുമുണ്ട്. താഴ്ന്ന ക്ലാസ്സുകളിൽ മിക്കപ്പോഴും ഫുൾമാർക്കു വാങ്ങി ഫസ്റ്റു റാങ്കുകൾ ഉറപ്പിച്ചതുപോലെയല്ല ജീവിതം. ബുദ്ധിശക്തിയാണോ അപഗ്രന്ഥ മികവാണോ, സൂക്ഷ്മ ജ്ഞാനമാണോ യാഥാർത്ഥ്യം...? ട്രാഫിക് ബ്ലോക്കിലെന്നപോലെ ഒഴിഞ്ഞു കിടക്കുന്ന വഴികൾ നാം തന്നെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ആരും സഹായിക്കാനില്ല. ഉപദേശിക്കാനില്ല. ആരെയും വിശ്വസിക്കാനും കഴിയില്ല. തുറസ്സായ മൈതാനങ്ങളും, മരക്കൂട്ടങ്ങളും, തടാകങ്ങളും, അധികാരചിഹ്നങ്ങളും എല്ലാം കൂടി വരിഞ്ഞുമുറുക്കുന്നു.

ഡൽഹിയിൽ രാത്രികളില്ല, പകലുകളില്ല, പ്രഭാതങ്ങളും സായാഹ്നങ്ങളുമില്ലെന്ന് ആരോ ചെവിയിൽ മന്ത്രിക്കുന്നു.

വീട്ടിലേക്ക് കൃത്യമായി വിളിക്കാത്തതിന്റെ പരിഭവങ്ങൾ, വിദ്യാഭ്യാസ വായ്പയുടെ മുതൽ പലിശകളെപ്പറ്റിയുള്ള ആധി നിറഞ്ഞ ഓർമ്മപ്പെടുത്തലുകൾ, അതിനിടയിൽ ദിനങ്ങൾക്കൊപ്പം സ്വന്തം യുവത്വം പോലെ എന്തൊക്കെയോ കൂടിക്കൊഴിഞ്ഞു പോകുന്നു. ആരു ശ്രദ്ധിക്കാത്ത ശുഷ്കമായ വിലാപ യാത്രകൾ കാണുമ്പോൾ നാട്ടിലെപ്പോലെ മരണത്തിന് ഇവിടെ വലിയ ആഴമില്ലെന്നു തോന്നുന്നു.

ഡൽഹിക്കു മരണമില്ല. ഓൾഡ് ഡൽഹിയിൽ നിന്നും ന്യൂ ഡൽഹിയിലേയ്ക്കും, ഇപ്പോൾ അതിർത്തി കടന്ന് ത്രായിഡയിലേക്ക് മെട്രോലൈൻ നീളുന്നതുപോലെ ഡൽഹിയും നീങ്ങുന്നു.

പഴയ ചങ്ങാതിക്കൂട്ടങ്ങൾ നഷ്ടപ്പെട്ടു. ഫെയ്സ്ബുക്കിൽ പുതിയ സൃഷ്ടിക്കപ്പെട്ടെങ്കിലും മറവിയുടെ ചാമ്പൽ കൂനയ്ക്കുള്ളിൽ പലതും മറയുന്നു.

മനസ്സിലെ ഇരുട്ടിനുള്ളിൽ ഇരുണ്ട നിറങ്ങളിൽ അച്ഛനമ്മമാർ, സഹോദരിമാർ, എല്ലാവരും ദൂരെ മാറി നിൽക്കുന്നു. അച്ഛനു പെൻഷനുണ്ട്. അനിയത്തിമാർ പഠിപ്പിൽ മികവു പുലർത്തുന്നവരാണ്. അമ്മയുടെ ചികിത്സ വീട്ടാവശ്യങ്ങൾ അനിയത്തിമാരുടെ ആവശ്യങ്ങൾ അച്ഛന്റെ പെൻഷൻ തികഞ്ഞു പറ്റുന്നുണ്ടാവില്ല. ചക്രവ്യൂഹത്തിൽപ്പെട്ടതുപോലൊരു ജീവിതം..... അറിയാത്ത അന്യഥാ ബോധത്തിനിടയിലും സ്വന്തം തൊഴിലിനോടും വിദ്യാഭ്യാസ വായ്പയോടും അപിരിചിതത്വം കാട്ടാൻ കഴിയുന്നില്ല. മാന്ത്രികന്റെ അഴിച്ചാലും തീരാത്ത മുടിക്കെട്ടുപോലെ. അത് സ്വന്തം മൊബൈലിൽ നിന്നും ലോഗിൻ ചെയ്യാൻ കഴിയുന്നുണ്ട്.

ഒപ്പമുള്ള പഞ്ചാബിപ്പെണ്ണ്, പ്രിയദർശിനി കൗൾ അടുത്തുവന്ന് താഴ്ന്ന ശബ്ദത്തിൽ സംസാരിക്കുന്നു. അവൾ ഇപ്പോൾ മിക്കപ്പോഴും എന്നെ ചിരിപ്പിക്കാൻ ശ്രമിക്കാറുണ്ട്.

ചിലപ്പോൾ അവൾ ചോദിക്കും "എന്തായിത്ര ഗൗരവം....? എന്താ ഇത്ര ആഴമേറിയ ചിന്തകൾ"....?

അവൾക്ക് നല്ല നിറമാണ്. മീനാക്ഷിയുടെ കണ്ണുകൾപോലെ വിടർന്നതല്ലെങ്കിലും മനോഹാരിതയുണ്ട്. ചിലപ്പോൾ മൂക്കു വിയർത്തിരിക്കുന്നതു കാണാം. ചില പ്രഭാതങ്ങളിൽ പെർഫ്യൂം മണക്കുമെങ്കിലും സായാഹ്നങ്ങളിൽ അവളുടെ ഗന്ധം ഒരു പെണ്ണിന്റെ സാന്ദ്രമായ മണമാണ്. ആ വശ്യഗന്ധം ഡൽഹി എന്നപോലെ അനാദിയായി എന്നെ ചുറ്റിപ്പിടിക്കുന്നു.

മീനാക്ഷിയെക്കാൾ സുന്ദരി, ബുദ്ധിമതി ഒരുവേള മീനാക്ഷിയെക്കാൾ പണക്കാരിയായിരിക്കാം. അങ്ങനെ ഉറപ്പിക്കാൻ തോന്നുന്നു. എങ്കിലും അവളോടൊരകലം പാലിച്ചേ മതിയാവൂ. അല്ലെങ്കിൽ ആറടിയിലധികം പൊക്കമുള്ള കരുത്തന്മാരായ സഹോദരന്മാർ എന്നെവേണമെങ്കിൽ പൊക്കിയെടുത്ത് യമുനയിലേക്ക് എറിഞ്ഞുവെന്നുവരാം! വേണ്ട. വലിയ റിസ്ക് എടുക്കണ്ട. ഇപ്പോൾ പെണ്ണിനേപ്പറ്റിയുള്ള ചിന്തകളേ നന്നല്ല. ഒരുവൾ ഒരു കാരണവുമില്ലാതെ ഒഴിഞ്ഞുമാറിയതേയുള്ളു.

അജ്ഞാതയായ ഒരു മലയാളിപ്പെണ്ണ് എവിടെയോ അവളറിയാതെ എന്നെ കാത്തിരിക്കുന്നുണ്ടാവും. കുടമുല്ലപ്പൂക്കൾ ചൂടിയോ, ചൂടാതെയോ ഒരു സുന്ദരി. സെറ്റുടുത്തോ, സാരിയുടുത്തോ ആയിരിക്കില്ലെ ന്നുമാത്രം. പകരം കാലത്തിനൊത്തൊരു വേഷം. എങ്കിലും അവളുടെ കണ്ണുകളിൽ ആഴ്ന്ന നീലനിറമുണ്ടാകും. മലയാളിച്ചന്തമുണ്ടാകും. നാട്ടിലും വീട്ടിലും ആരും കുറ്റം പറയില്ല. അടുത്ത ബന്ധുക്കൾ അടക്കം പറയില്ല. അമ്മാവന്മാർ നെറ്റിചുളിക്കില്ല. കോടതി ഭാഷയിൽ അമ്മയെ ആരും ചോദ്യം ചെയ്യില്ല. അത്രയുമെങ്കിലും കഴിഞ്ഞില്ലെങ്കിൽ ഈ ജന്മമൊരുപാഴ് വസ്തുവാകും.

ജാലക വിരികൾക്ക് പുറത്ത് ഡൽഹിയിൽ പകലുകൾ അവസാനിക്കുന്നതും രാത്രി വൈകി ജോലി കഴിഞ്ഞിറങ്ങുന്നതും മെട്രോ സ്റ്റേഷനിലെ അന്തമില്ലാത്ത തിരക്കിൽ ജീവിതം കൊഴിയുന്നതുമെല്ലാം ജീവിതത്തിലെ നേർകാഴ്ചകളാണ്.

പ്രിയദർശിനി ദിവസം രണ്ടുമൂന്നു തവണയെങ്കിലും കുശലം പറയും. ദിവസങ്ങൾ കഴിയുന്തോറും അവളെ നിരുത്സാഹപ്പെടുത്താൻ കഴിയു

ന്നില്ലെന്ന തോന്നൽ മനസ്സിനെ മഥിച്ചു. ഉറങ്ങാൻ മടിക്കുന്ന രാത്രികളിൽ അവളുടെ മുഖം മനസ്സിൽ വന്നു നിറഞ്ഞുനിന്നു. ചില പുലർവേളകളിൽ അവളെ സ്വപ്നം കാണുകയും ചെയ്തു.

മറ്റൊരു പകലിൽ ഡൽഹി ചുട്ടുപഴുത്തു നിൽക്കുകയായിരുന്നു. എ.സി. റൂമായതുകൊണ്ട് പുറത്തെ ചൂടറിയുന്നില്ല. ഡൽഹിയിൽ മറ്റൊരു കുളിർക്കാലത്തിനായി ഏറെനാൾ കാത്തിരിക്കേണ്ടതുണ്ട്.

വൈകുന്നേരം അവൾ അടുത്തേക്കു വന്നു. കമ്പ്യൂട്ടർ ഡെസ്കിൽ കൈകുത്തി ചേർന്നു നിന്നപ്പോൾ വിരോധഭാവം കാട്ടിയില്ല. ഇപ്പോൾ അവളെ അടുത്തു കാണാൻ ഇഷ്ടമാണ്. മൂടൽ മഞ്ഞിൽപ്പെട്ടു അദൃശ്യാവസ്ഥയിൽ മനസ്സ് കാണാക്കയങ്ങൾ തേടുന്നു.

"ഒറ്റയ്ക്കൊന്നു കാണണം വൈകുന്നേരം കാന്റീനിൽ വച്ചോ, ഫുഡ് കോർട്ടിലോ എവിടെയെന്ന് നീ തീരുമാനിക്ക്." ഒറ്റശ്വാസത്തിലാണ് അവൾ പറഞ്ഞത്. ഇംഗ്ലീഷിനു പകരം അന്ന് പതിവില്ലാതെ ഹിന്ദിയിലാണ് സംസാരിച്ചത്. ഡൽഹി എന്നെ പഠിപ്പിച്ച സങ്കീർണ്ണതയില്ലാത്ത പുതിയ ഭാഷയാണ് ഹിന്ദി.

തലയാട്ടുമ്പോൾ കൂടുതലൊന്നും ആലോചിച്ചില്ല. പിന്നീടതു വല്ലാത്ത ഭയമായി, ആശങ്കയായി സിരകളിൽ ത്രസിച്ചു. പക്ഷേ ഒഴിഞ്ഞുമാറാൻ കഴിയുന്നില്ല. വേണമെങ്കിൽ കുറച്ചുകൂടി കാത്തുനിൽക്കണമെന്നു പറയാം. അനുദിനം വഷളാകുന്ന അമ്മയുടെ ആരോഗ്യനിലയെപ്പറ്റിപ്പറയാം. സാമ്പത്തിക കാര്യങ്ങൾ അവളോടു പറഞ്ഞിട്ടു കാര്യമില്ല. എങ്കിലും ഞാനിപ്പോൾ അവളുടെ മുന്നിലും സ്വന്തം മനസ്സിലും ഒരു അടിമയാണ്.

കാന്റീനിലെ വലിയ ഹാളിന്റെ ഒരു ഭാഗത്ത് ഒതുങ്ങിയിരിക്കുമ്പോൾ അവൾ പറഞ്ഞു.

"ഇന്ന് ലെയിറ്റ് ഈവനിംഗിൽ ഒരു മെയിൽ പ്രതീക്ഷിച്ചുകൊള്ളു. നമ്മൾ രണ്ടുപേരെയും അവർ ടെർമിനേറ്റു ചെയ്യുകയാണ്. ഞാൻ മറ്റൊരു സ്ഥലത്തെ എക്സപീരിയൻസു വച്ച് ഇവിടെ വന്നതാണ്. സീനിയർ മാനേജർ ഗുരുദാസ് ഗുപ്തയോടു സഹകരിക്കാൻ ഞാൻ തയ്യാറല്ലാത്തതാണു യഥാർത്ഥ കാരണം. ചില കിളവന്മാർ ഇങ്ങനെയൊക്കെയാണ്. എന്റെ സാഹചര്യങ്ങൾ അത്ര മെച്ചമല്ല. നീ എന്താണോ എന്നെപ്പറ്റി മനസ്സിലാക്കിയിരിക്കുന്നതെന്നറിയില്ല.

ഒരു നിമിഷം ഞാൻ പകച്ചുപോയി. കേൾക്കാൻ കൊതിക്കാത്ത വാർത്തകൾ. ഇംഗ്ലീഷും ഹിന്ദിയും കലർന്ന വാക്കുകളുടെ പതിദ്ധ്വനിയിൽ കാന്റീനിലെ തിരക്കു ഞാൻ മറന്നു. മറ്റാരുടെയും ശബ്ദങ്ങൾ കേട്ടില്ല. ഒന്നും പറയാൻ കഴിയുന്നില്ല.

പഞ്ചാബിൽ അവൾക്കു ഗോതമ്പു പാടങ്ങളില്ല. ഫാം ഹൗസില്ല. പ്രബലന്മാരായ സഹോദരന്മാരില്ല. അവളും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട അമ്മയും ഒറ്റമുറിയുള്ള ഒരു ചെറിയ വീടും. അമ്മയുടെ എല്ലാ പ്രയാസങ്ങളും ഇല്ലാതാക്കുമെന്ന ദൃഢപ്രതിജ്ഞയോടെ, ഒരു പ്രതികാരം പോലെ ആ കുടുസ്സുമുറിയിലിരുന്ന് ആരുടെയൊക്കെയോ സഹായത്തോടെ പഠിച്ചു.

"എന്താണ് നിന്റെ പദ്ധതി...?" അല്പ നിശബ്ദതയ്ക്കു ശേഷം അവൾ ചോദിച്ചു.

"ഒരു കാരണവുമില്ലാതെ ഇത്ര പെട്ടെന്ന് പറഞ്ഞുവിടുമെന്ന് കരുതിയില്ല. വാർത്ത ചോർത്താൻ കഴിഞ്ഞത് നിന്റെ കഴിവ്."

"കാരണങ്ങൾ അവർ കണ്ടെത്തിയിട്ടുണ്ടാകും. അതിനെപ്പറ്റിയൊന്നും ആലോചിച്ച് ഇനി തല പുകയണ്ട. എന്നോട് അടുപ്പം കാണിച്ചത് അബദ്ധമായീന്ന് തോന്നുന്നുണ്ടോ.?" പതിവില്ലാതെ അവളുടെ കണ്ണുകൾ തുളുമ്പി. ശബ്ദമിടറി.

"ഇല്ല." അങ്ങനെ മറുപടി പറയുവാനേ കഴിയുമായിരുന്നുള്ളു. വീട്ടിലേക്ക് ഇതൊന്നും അറിയിക്കാനാവില്ല. അവർ ബാങ്ക് അക്കൗണ്ടിൽ പണം വരുന്ന മൊബൈൽ അലർട്ടിനായി കാത്തിരിക്കുന്നു.

"നാം ഒപ്പിട്ടു കൊടുത്തിട്ടുള്ള സേവന കരാറിലെ വ്യവസ്ഥകൾ പ്രകാരം അവർക്കു കാരണമില്ലാതെയും നമ്മളെ പിരിച്ചു വിടാം. എങ്കിലും അവർ കാരണങ്ങൾ കണ്ടുപിടിക്കും. എല്ലാ തൊഴിൽ നിയമങ്ങളും കാറ്റിൽ പറത്തുന്ന കോർപ്പറേറ്റ് യുഗത്തിന്റെ തൊഴിൽ നിയമങ്ങൾ....! സ്പെഷ്യൽ ഇക്കണോമിക് സോൺ എന്നു തൊട്ടു എന്തെല്ലാം ചന്തമുള്ള പേരുകൾ......!"

ത്വര വ്യാവാസായിക വളർച്ചയെ ലാക്കാക്കിയുള്ള നിയമങ്ങൾ. കാലഘട്ടത്തിലെ ഒരു അവസ്ഥമാത്രം. നാം ലോക നിലവാരത്തിലേക്ക് കുതിക്കുമ്പോൾ ചിലപ്പോൾ സ്വന്തം അവസ്ഥകൾ മോശമായെന്നു വരാം. വലിയ തൊഴിലവസരങ്ങൾ വരുന്നുവെന്നുള്ള ആവർത്തിക്കപ്പെടുന്ന പ്രലോഭനങ്ങൾ.

"ഡൽഹി ആരെയും കൈവിടുകയില്ല. നമുക്കായി ഒരിടം ഇവിടെയെവിടെയെങ്കിലും കാണും. വാഹനങ്ങൾ തിങ്ങിനിരങ്ങുന്ന നിരത്തിൽ നമ്മൾ സഞ്ചരിക്കുന്ന വാഹനത്തിനും ഒരിടം സാധാരണമല്ലോ....? അവൾ വാചാലയായി. ഇപ്പോൾ തേങ്ങലുകളില്ല. പകരം ആ കണ്ണുകൾ തിളങ്ങുന്നു."

അവളുടെ കൈ പിടിച്ച് പുറത്തേയ്ക്കിറങ്ങുമ്പോൾ അഭയാർത്ഥികളുടെയും പ്രവാസികളുടെയും കൂടിയായ ഡൽഹി ഞങ്ങളെയും ചേർത്തു പിടിച്ചിരിക്കുകയാണെന്നു ഉറപ്പിക്കാൻ തോന്നി.

വംശീയത, ദേശീയത, മനുഷ്യാവകാശം, രോഹിക്യൻ, കഷ്മീരി പണ്ഡിറ്റുകൾ, പ്രക്ഷോഭങ്ങൾ, വുഹാനിലെ പുതിയ വൈറസ്, അത്തരം ഒരുപാട് വാക്കുകൾ ഞങ്ങൾ കേട്ടുകൊണ്ടിരുന്നു. വലിയ വളർച്ചയുടെ അക്കങ്ങളെപ്പറ്റിയും കേട്ടുകൊണ്ടിരുന്നു.



ലേഖനം

സുരേഷ് മുതുകുളം

# പുതിയ പൂവിളികൾ

പ്രകൃതിയുടെ സൗന്ദര്യച്ചെപ്പുകളാണ് പൂക്കൾ പ്രപഞ്ചത്തെ വർണ്ണമനോഹരമാക്കുന്നത് നിറഭേദങ്ങളിൽ തീരാ വൈവിദ്ധ്യം പുലർത്തുന്ന പൂക്കൾ തന്നെ. മനംമയക്കുന്ന സുഗന്ധവും നിറവും രൂപഭംഗിയുമുള്ള എത്രയോ സുന്ദരിപ്പൂക്കളാണ് നമ്മുടെ മുറ്റത്തും തൊടികളിലും വഴിയരികിലുമൊക്കെ പൂത്തുലയുന്നത്. ഈശ്വരന്റെ സൃഷ്ടിയിൽ ഏറ്റവും അഴകുറ്റവയാണ് പൂക്കൾ. ഭൂമിയിൽ പിറന്നു വീഴുന്ന നിമിഷം മുതൽ ജീവിതാവസാനംവരെ മനുഷ്യജീവിതത്തിൽ ഇത്രമേൽ സ്വാധീനം ചെലുത്തുന്ന മറ്റു പ്രകൃതി വിഭവങ്ങളുണ്ടോ എന്നു പോലും സംശയം. ജീവിതമുഹൂർത്തങ്ങളിലെ വേദനയും നിരാശയും അകറ്റി കണ്ണിനും മനസ്സിലും കുളിരും പ്രതീക്ഷയുമേകാൻ പൂക്കളോലം പറ്റിയ ഉപാധി വേറെയില്ലതന്നെ. ഒരു പുതിയ പൂവ് വിരിയുന്നതും പ്രകൃതിയാകുന്ന ചിത്രകാരൻ അതിൽ വിസ്മയവർണ്ണങ്ങൾ ചാലിച്ചു ചേർക്കുന്നതുമൊക്കെ നാമറിയാതെ തന്നെ മനസ്സിലേക്ക് അവാച്യമായ ആനന്ദവും പകർന്നു വയ്ക്കുന്നു.

“നേരെ വിടർന്നു വിലസീടിന
നിന്നെ നോക്കി,യാരാകിലെന്ത്
മിഴിയുള്ളവർ നിന്നിരിക്കാം....”

വിടർന്നു നിൽക്കുന്ന ഒരു പൂവിനെ കണ്ടാൽ എത്ര അരസികനും ഒരു നിമിഷം നിർന്നിമേഷനായി നിന്നുപോകും എന്നു കവി ഭാവന, പുഷ്പഭംഗികളുടെ ഉദാത്തതലങ്ങളിലേക്കാണ് നമ്മെ കൈപിടിച്ചുയർത്തുന്നത്.

“ പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി, പൂക്കുന്നു തേന്മാവു പൂക്കുന്നു ശോകം.....” എന്നും

“ എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും
അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം...” എന്നും

പ്രതിഭാധനരായ കവികൾ പാടിയത് പൂക്കളുടെ ചന്തവും ചാരുതയും അനുഭവിച്ചറിഞ്ഞിട്ടായിരുന്നു.

ഇങ്ങനെ നോക്കിയാൽ വസന്തത്തെക്കുറിച്ച് പാടാത്ത കവികളില്ല. പുഷ്പചാരുത വരയ്ക്കാത്ത ചിത്രകാരന്മാരില്ല., എഴുതാത്ത സാഹിത്യകാരന്മാരില്ല. ചുരുക്കത്തിൽ കലയിലും സാഹിത്യത്തിലും മാത്രമല്ല ജീവിതത്തിന്റെ സമസ്തമേഖലകളിലും വിവിധതരം പുഷ്പങ്ങൾ വിടർന്ന് സുഗന്ധം പരത്തി വിടർന്ന് വരിലസിക്കുന്നു. പുഷ്പഭംഗി എന്നത് വെല്ലുവിളിക്കാനാകാത്ത ഒരു നിത്യ സത്യമാണ്. ഈ യാഥാർത്ഥ്യം നിലനിൽക്കത്തന്നെ പുഷ്പങ്ങൾ കാഴ്ചയ്ക്കും ഭംഗിക്കും വേണ്ടി മാത്രമുള്ളതല്ലെന്നും അവ വളർത്തുകയും വില്പന നടത്തുകയും ചെയ്യുന്നതു വഴി ആദായവും അംഗീകാരവും നേടാനാകും എന്ന വസ്തുതയ്ക്ക് ഇന്ന് മുൻപെന്നത്തെക്കാളും പ്രാധാന്യം കൈവന്നിരിക്കുന്നു.

ലോകത്ത് എവിടെ വളരുന്ന പൂക്കളും കേരളത്തിൽ വളരും എന്നും പറയാറുണ്ട്. ഇതിനുകാരണം കേരളത്തിന്റെ സവിശേഷമായ കാർഷിക കാലാവസ്ഥാ വൈവിദ്ധ്യവും ഭൂപ്രകൃതിയുമാണ് എന്ന് നമ്മുക്കറിയാം. സമുദ്രനിരപ്പിനു താഴെ സ്ഥിതിചെയ്യുന്ന കുട്ടനാടുമുതൽ സമുദ്രനിരപ്പിൽ നിന്ന് രണ്ടായിരം മീറ്റർ ഉയരത്തിലുള്ള ഹൈറേഞ്ച് മലനിരകൾ

വരെയുള്ള കാലാവസ്ഥാ വൈവിദ്ധ്യം ആണ് ഇതിന് നിദാനം. വാസ്തവത്തിൽ പൂച്ചെടി നട്ടും കാശുണ്ടാക്കാമെന്ന് മലയാളിക്ക് വൈകിക്കിട്ടിയ അറിവായിരുന്നെങ്കിലും പുഷ്പകൃഷിയിൽ ആദായം ഒളിഞ്ഞിരിക്കുന്നു എന്ന യാഥാർത്ഥ്യം ബോധ്യമായതോടെ വാണിജ്യ പുഷ്പകൃഷി (Commercial floriculture) ഒരു കാർഷിക വ്യവസായി സംരംഭം എന്ന നിലയിലേയ്ക്ക് രൂപാന്തരം പ്രാപിക്കുകയായിരുന്നു. പുഷ്പങ്ങളുടെ അവാച്യമായ ഭംഗി ആസ്വദിക്കുന്നതോടൊപ്പം പൂവിൽ നിന്നും പൊന്ന് എന്ന ആശയം പ്രവൃത്തിപഥത്തിലെത്തിക്കുക എന്നത് വർത്തമാന സമൂഹം നമ്മോടാവശ്യപ്പെടുന്നത് അനുകൂല സാഹചര്യങ്ങൾ എല്ലാമുണ്ടായിട്ടും ശക്തമായ ആഭ്യന്തര പുഷ്പ വിപണിയുടെ സാന്നിദ്ധ്യമുണ്ടായിട്ടും ഈ മേഖലയിൽ നാം ഇനിയും ഏറെ മുന്നേറേണ്ടതായിട്ടുണ്ട്.

## സാധ്യതാ മേഖലകൾ അറിയാം

പ്രകൃതിയുടെ വ്യത്യാസമനുസരിച്ച് കേരളത്തിലെ വിവിധ സ്ഥലങ്ങളെ പുഷ്പകൃഷിയുമായി ബന്ധപ്പെടുത്തി നമുക്ക് തരം തിരിക്കാം.

**(i) സമുദ്രനിരപ്പിൽ നിന്ന് 1000 മീറ്റർ വരെ ഉയർന്ന ഇടങ്ങൾ**

മഴയിലെ വ്യത്യാസമാണ് ഇവിടെ ശ്രദ്ധേയമാകുന്നത്. മഴകുറഞ്ഞ സ്ഥലങ്ങളിൽ നമ്മുടെ നാട്ടുപൂക്കളായ മുല്ല, വാടാമല്ലി, ചെണ്ടുമല്ലി, അരളി, കനകാംബരം മുതൽ അത്യാവശ്യം ട്യൂബ് റോസ് വരെ കൃഷി ചെയ്യാം. മഴ കൂടിയ സ്ഥലങ്ങളിലാകട്ടെ വെട്ടുപൂക്കൾ (കട്ട് ഫ്ളവേഴ്സ്) വളർത്താം. ഡെൻഡ്രോബിയം, കാറ്റ്ലിയ, വാൻഡ, അരാന്തെറ, അരാൻഡ, മൊക്കാറ തുടങ്ങിയ ഓർക്കിഡുകൾ, ആന്തൂറിയം, ഹെലിക്കോണിയ, അലങ്കാര ഇഞ്ചികൾ എന്നിവയ്ക്കു പുറമെ വിവിധതരം അലങ്കാര ഇലച്ചെടികളും വളർത്താം.

**(ii) സമുദ്ര നിരപ്പിൽ നിന്ന് 1000 1200 മീറ്റർ വരെ ഉയർന്ന ഇടങ്ങൾ**

വിവിധതരം ഓർക്കിഡുകൾ, ജെമന്തി പോലുള്ള നാട്ടുപൂക്കൾ, ആന്തൂറിയം, ഹെലിക്കോണിയ, അലങ്കാര ഇലച്ചെടികൾ എന്നിവയാണ് ഈ പ്രദേശത്ത് വളരാനും വളർത്താനും അനുയോജ്യം.

**(iii) 1500 മീറ്ററിന് മീതെ ഉയർന്ന ഇടങ്ങൾ**

ശരിയായ ഹൈറേഞ്ച് മേഖലകൾ ഈ പരിധിയിലാണ് വരുന്നത്. മൂന്നാർ മലനിരകൾ, വട്ടവട, കാന്തല്ലൂർ, കണ്ണൻദേവൻ മലനിരകൾ തുടങ്ങിയവ. ഇവിടെ റോസ്, ജർബറ, കാർണേഷൻ, അസേലിയ, ലില്ലി, ഇലച്ചെടികൾ തുടങ്ങിയവയ്ക്കുപുറമെ, നല്ല തണുപ്പിൽ വളരാനിഷ്ടപ്പെടുന്ന സിംബിഡിയം, ഫലനോപ്പിസ്സ്, പാഫിയോപെഡിയം പോലുള്ള ഓർക്കിഡുകൾ വിപുലമായി വളർത്താൻ കഴിയും.

## മാറുന്ന പുഷ്പചാരുതകൾ

ഒരു വീടായാൽ നാലു പൂച്ചെടി വേണം എന്നതായിരുന്നു മലയാളികളുടെ ആദ്യകാല ഇഷ്ടം. ഇതിന് മുല്ലയും പിച്ചിയും ചെമ്പരത്തിയും കനകാംബരവും, നന്ത്യാർവട്ടവും അരളിയുമൊക്കെ മിഴിവേകി. നേരത്തെ തന്നെ നാട്ടുപൂക്കളിലേറെയും നമ്മുക്ക് ഓർമ്മപ്പൂക്കളായി മാറിയിരുന്നു എന്നത് വാസ്തവം. ഇങ്ങനെ തുമ്പയും മുക്കുറ്റിയും കാക്കപ്പൂവും ശംഖുപുഷ്പവും ഓടപ്പൂവും ഈച്ചപ്പൂവും കണ്ണാന്തളിയും കുറിഞ്ഞിയും തെച്ചിയും മന്ദാരവും അശോകവും കൊങ്ങിണിയുമൊക്കെ ഏതാണ്ട് വിസ്മൃതിയിലായിക്കഴിഞ്ഞു. പിന്നീടു വന്നത് അലങ്കാരപ്പൂക്കൾ എന്ന പദവിയലങ്കരിച്ച ഓർക്കിഡുകളും ആന്തൂറിയവുമായിരുന്നു. നാടൻ പൂക്കളിൽ നിന്ന് പരദേശിപ്പൂക്കളിലേക്കുള്ള ഒരു ചുവടുമാറ്റം.

ഫാഷൻ ലോകത്തെക്കാളും ദ്യതഗതിയിൽ മാറ്റങ്ങൾ സംഭവിക്കുന്ന പുഷ്പ വിപണിയിൽ പഴയ പൂക്കൾ പലപ്പോഴും അണിയറയിലേയ്ക്ക് പിൻവാങ്ങുകയും പുതിയ സുമറാണിമാർ കൂടുതൽ താരപ്പകിട്ടോടെ രംഗപ്രവേശം ചെയ്യുകയും സ്വാഭാവികമാണ്. ആഗോള പുഷ്പവിപണിയിലും രീതി ഇതുതന്നെ. നാടൻ പൂക്കൾ നുള്ളു പൂക്കൾ (ലൂസ് ഫ്ളവേഴ്സ്) ആയിരുന്നെങ്കിൽ ഓർക്കിഡും മറ്റും വെട്ടു പൂക്കളാണ്. (കട്ട് ഫ്ളവേഴ്സ്) ഇക്കൂട്ടത്തിൽ






ട്യൂബ് റോസ്, ജർബെറ, ക്രിസാന്തിമം, ഗ്ലാഡിയോലസ്, ആസ്റ്റർ, കാർണേഷൻ തുടങ്ങി തണ്ടോടെ മുറിച്ചെടുക്കുന്ന പൂക്കളും ഉൾപ്പെടുന്നു. കണ്ടു പരിചയിച്ച നാട്ടുപൂക്കൾക്ക് ചെടിയിൽനിന്നു വേറിട്ട് ആയുസ്സ് കുറവാണ് എന്ന തിരിച്ചറിവ് ദീർഘായുസ്സുകളായ ഓർക്കിഡ്, ആന്തൂറിയം, തുടങ്ങിയവയോടുള്ള പ്രിയം വർദ്ധിച്ചു. മാത്രമല്ല ഇവയ്ക്ക് ഡിമാന്റും വിപണിയും വിലയും പതിന്മടങ്ങ്.

മലയാളികളുടെ പുഷ്പപ്രേമം പിന്നെയും മാറി. നീളൻ പൂക്കൾ വളർത്തിയും നേട്ടം കൊയ്യാം എന്ന തിരിച്ചറിവായിരുന്നു പിന്നെ. ഇങ്ങനെയാണ് നീളൻ പൂക്കളുടെ ചന്തവുമായി ഹെലിക്കോണിയകളും, ജിഞ്ചർ ഇനങ്ങളും മഞ്ഞൾ ഇനങ്ങളും സിഗാർ, റാറ്റിൽ, കംഗാരുപാദം തുടങ്ങിയ പുതുമുഖങ്ങളും ഉദ്യാനങ്ങളിലേയ്ക്ക് രംഗപ്രവേശം ചെയ്തത്. ഇവയിൽ ചിലതാകട്ടെ റബ്ബർതോട്ടത്തിലും തെങ്ങിൻ തോപ്പിലും ഇടവിളയായി ആദായകരമായി വളർത്താം എന്നത് അധിക മേന്മയായി. അധികം പരിചരണം വേണ്ടാത്ത ഒറ്റസീസണിൽ മാത്രമേ പൂക്കൾ തരൂ എന്ന് നിർബന്ധമില്ലാത്ത ഹെലിക്കോണിയ, ടോർച്ച് ജിഞ്ചർ, കോസർറസ് പോലുള്ളവ ഇന്ന് പുഷ്പവിപണിയിലെ താരങ്ങളാണ് എന്നറിയുക. പുഷ്പവിപണിയുടെ ഏറ്റവും വലിയ സവിശേഷതയും കാലാനുസൃതമായി മാറുന്ന ഈ അഭിരുചികൾ അഥവാ ട്രൻഡുകൾ ആണ്. ഇവിടെ ഒരു കാര്യം കൂടെ പറയേണ്ടതുണ്ട് - പുതിയ പുഷ്പറാണികൾ വന്നാലും വിപണിയിൽ മാറ്റങ്ങൾ എത്രത്തോളം സംഭവിച്ചാലും നമ്മുടെ മുല്ലക്കും ബന്തിക്കും കനകാമ്പരത്തിനും താമരക്കും പിച്ചകത്തിനും അരളിക്കും ഒക്കെ ഇന്നും ഡിമാന്റുണ്ട്. പ്രത്യേകിച്ച് ഓണം വിഷു പോലുള്ള ഉത്സവവേളകളിൽ

## സേ ഇറ്റ് വിത്ത് എ ഫ്ളവർ

പൂക്കളിലൂടെ നമുക്ക് പറയാൻ കഴിയാത്തതായി പ്രകടിപ്പിക്കാൻ കഴിയാത്തതായി ഒന്നുമില്ല. പൂക്കൾ നൽകുകയാണെങ്കിൽ നിങ്ങൾ അതിലൂടെ പറയാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞു എന്നു കരുതാം.

പൂക്കളുടെ വാചാലമായ നിശബ്ദഭാഷയാണ് സേ ഇറ്റ് വിത്ത് എ ഫ്ളവർ എന്നതിലൂടെ അർത്ഥമാക്കുന്നത്. ഈ പുഷ്പഭാഷയ്ക്ക് ഫ്ളോറിയോഗ്രഫി എന്ന പേരുമുണ്ട്. ഉപഹാരമായി നൽകുന്ന പൂക്കളുടെ നിറം ആസ്പദമാക്കി അത് നൽകുന്നയാളുടെ ഹൃദയവികാരങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നു എന്നാണ് വിശ്വാസം. ഈ തിരിച്ചറിവു കൂടെയാണ് വർത്തമാനകാല പുഷ്പവിപണിയുടെ കാതൽ. കേശാലങ്കാരത്തിനും ആരാധനാലയങ്ങളിൽ പൂജാദികർമ്മങ്ങൾക്കും പൂക്കൾ നിർബന്ധമാണ് എന്നതിന് പുറമെ ഹോട്ടലുകൾ, മാളുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, വ്യവസായ സ്ഥാപനങ്ങൾ, റിസോർട്ടുകൾ, ഓഫീസുകൾ, ആശുപത്രികൾ തുടങ്ങി ഏതാണ്ടെല്ലായിടങ്ങളിലും ഇന്ന് പുതുപൂക്കൾ തീർക്കുന്ന പുഷ്പാലങ്കാരങ്ങൾ കൂടിയേ തീരൂ എന്ന നില വന്നിരിക്കുന്നു. ഒരു പുതിയ പുഷ്പ സംസ്കാരത്തിലേയ്ക്ക് മലയാളിയുടെ പൊതു ബോധം മാറുന്നു എന്നതിന്റെ ഉത്തമദൃഷ്ടാന്തം കൂടെയാണിത്. ഇതിനുപുറമേ മെട്രോ നഗരങ്ങളിലേയ്ക്ക് പൂക്കൾ കയറ്റി അയച്ച് വരുമാനം നേടാനുള്ള സാധ്യതകളും ചെറുതല്ല.

പൂക്കൾ നേരിട്ടു വിൽക്കുന്നതിനേക്കാൾ പൂക്കൾ കൊണ്ട് ബൊക്കേ പോലുള്ള മൂല്യ വർദ്ധന നടത്തിയ ഉൽപ്പന്നങ്ങളുടെ വിപണനം കൂടുതൽ ലാഭകരമാണെന്നു തെളിയിച്ച പുഷ്പാലങ്കാര വിദഗ്ദരും കേരളത്തിലുണ്ട്. ബ്രൈഡൽ ബൊക്കേ, കാർ ഡെക്കറേഷൻ, ഹാൾ ഡെക്കറേഷൻ, ചർച്ച് ഡെക്കറേഷൻ, ഡ്രൈ ഫ്ളവേഴ്സ്, (ഉണക്കപ്പൂക്കൾ) നിർമ്മാണം തുടങ്ങിയവയും ഇത്തരം ഫ്ളോറിസ്റ്റുകൾ നിരന്തരം ചെയ്തു പോരുന്നു.

## പുഷ്പകൃഷി ഇന്നു ഹോബിയല്ല

കേരളത്തിലെ ചെറുകിട - ഇടത്തരം പുഷ്പകൃഷിക്കാർ ഇന്നും ഹോബി എന്ന നിലയ്ക്കാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത് എന്നു വേണം പറയാൻ. കാരണം, സാധാരണ പൂച്ചെടികൾ വളർത്തുന്നതുപോലെയാണ് ഇവർ വിപണിമൂല്യമുള്ള

അലങ്കാരപ്പൂക്കളും വളർത്തുന്നത്. പ്രാദേശിക വിണികളിൽ ഒരു വേള ഇവ വിറ്റു പോയേക്കാം. എന്നാൽ വലിയ വിപണികളിൽ ഇവർക്ക് കടക്കാൻ കഴിഞ്ഞു എന്നു വരില്ല. ഇതിന് ഇവർ ഒരിനത്തിന്റെ തന്നെ കൂടുതൽ എണ്ണം വളർത്തേണ്ടതുണ്ട്. വൻ വിപണികളിൽ നിന്നും പലപ്പോഴും ഓർഡറുകൾ വരുന്നത് ഒരേയിനത്തിന്റെ തന്നെ കൂടുതൽ പൂക്കളോ പൂങ്കുലകളോ ആവശ്യപ്പെട്ടുകൊണ്ടായിരിക്കും. അത് ശ്രദ്ധിക്കാതെ വിജയപഥത്തിലെത്താൻ കഴിയില്ല. ഡിമാന്റുള്ള ഇനങ്ങൾ നോക്കി കൂടുതൽ എണ്ണം വളർത്തുവാനാണ് ശ്രദ്ധിക്കേണ്ടത്. ഇത് ഓർക്കിഡുകൾക്കും ആന്തൂറിയത്തിനും ബാധകമാണ് എന്നോർക്കുക. ഉദാഹരണത്തിന് ചുമന്ന ആന്തൂറിയം പൂവിനുള്ളത്രയും ഡിമാന്റ് വെളുത്ത ആന്തൂറിയത്തിന് ഉണ്ടാകണമെന്നില്ല.







മറ്റൊന്ന് കേരളത്തിലെ അപ്രതീക്ഷിതമായ മഴയുടെ വരവാണ്. രോഗബാധകൾ അലട്ടുകയും വിളവ് കുറയുകയുമാണ് മഴക്കാലത്ത് പൂച്ചെടികളുടെ പ്രശ്നം. ഇവിടെ പോളി ഹൗസ് (മഴമറ) കൃഷി രീതികൾ അവലംബിക്കാതെ തരമില്ല.

തക്കസമയത്ത് മനസ്സിനിണങ്ങിയ വിപണി കിട്ടാത്തതാണ് പല സംരംഭകരെയും പുഷ്പകൃഷിയിൽ നിന്ന് പിന്തിരിപ്പിക്കുന്നത് എന്നു പറയാം. വിലയും ഡിമാന്റുമില്ലാത്ത വിപണികൾ ഏത് സംരംഭകന്റെയും ഉറക്കം കെടുത്തും. ചെറിയ തോതിൽ വളർത്തി തുടങ്ങി പ്രാദേശിക വിപണികളിൽ വിറ്റഴിച്ച് അവധാനതയോടെ വലിയ വിപണികൾ ലക്ഷ്യം വച്ച് നീങ്ങുകയാണ് ഇവിടെ കരണീയം. മറ്റു കാര്യങ്ങളുടെ കൂട്ടായ്മ പുഷ്പകൃഷി മേഖലയിലും ഗുണം ചെയ്യും. ഒരു പ്രദേശത്തെ പല കർഷകർ ചേർന്ന് സൊസൈറ്റിയുണ്ടാക്കി വിപണന രംഗത്തേയ്ക്ക് കടക്കാനായാൽ അത് കരുത്തും ആത്മ വിശ്വാസവും നൽകും എന്ന കാര്യത്തിൽ സംശയം വേണ്ട.

"ഒരു വല്ലം പൂവുമായി വന്ന
വസന്തമേ പറയു നീ എന്തേ
വൈകി ഒരു പൂവു ചോദിച്ചു
വന്നൊരാപ്പെൺകൊടി വെറുതേ
പിണങ്ങിപ്പോയി......."

വസന്തമെത്താൻ വൈകുന്നതിൽ കവി ഇങ്ങനെ പരിഭവിക്കുന്നു. പടിവാതിൽക്കൽ എത്തിയിട്ടും നമ്മൾ ഇനി വസന്തത്തോട് മുഖം തിരിച്ചിരിക്കരുത് എന്നും പറയട്ടെ. സാഗരം പോലും സാധ്യതകളുള്ള മലയാളക്കരയിൽ ഇനിയും പുതിയ വസന്തഋതുക്കൾ അഭംഗുരം വിടരട്ടെ.



**ലേഖനം**

**കിളിരൂർ രാധാകൃഷ്ണൻ**

# ഭൂമിയുടെ അവകാശികൾ

**ആർക്കും** എവിടെയും ആവശ്യാനുസരണം ഉപയോഗിക്കാ വുന്ന രണ്ടു മലയാള പദങ്ങൾ മാത്രമാണ് ഈ തലക്കെട്ടിലുള്ളത്. പക്ഷേ ഇതിന് കോപ്പിറൈറ്റുണ്ട്. വൈക്കം മുഹമ്മദ് ബഷീറിനെ ഒഴിവാക്കിനിർത്തിക്കൊണ്ട് ഈ വാക്കുകൾ ആർക്കും ഉപയോഗിക്കുവാനാവില്ല. ബേപ്പൂരിൽ രണ്ട് ഏക്കർ തെങ്ങിൻപറമ്പ് വിലക്ക് വാങ്ങി തീറാധാരം ഭദ്രമായി പെട്ടിയിൽ വച്ച് പൂട്ടിയിട്ട് ഉമ്മറത്ത് വന്നിരുന്നപ്പോഴാണ് പാവം ദിസ് ബോയി വലിയൊരു സത്യം മനസ്സിലാക്കുന്നത്. ഈ രണ്ടേക്കർ ഭൂമിയുടെ അവകാശി താനല്ല. മുറ്റത്തു വന്ന് നിന്ന് ഓരിയിടുന്ന കുറുക്കനും തേളും വിലങ്ങും പായുന്ന പെരുച്ചാഴികളും വൃക്ഷങ്ങളിലിരുന്ന് ചിലക്കുന്ന പക്ഷികളും മാളത്തിൽ നിന്ന് മെല്ലെ തല നീട്ടുന്ന പാമ്പുകളും മണ്ണിൽ നുരച്ചിറങ്ങുന്ന ഞാഞ്ഞൂലും ഈച്ചയും പൂച്ചയും പുഴുവും പഴുതാരയുമൊക്കെ ഈ ഭൂമിയുടെ അവകാശികളാണ്. ഈ സത്യം ബഷീർ വിളിച്ചു പറഞ്ഞപ്പോഴാണ് ആധാരക്കെട്ടും തലയിണക്കീഴിൽ വച്ചുറങ്ങുന്ന സർവമാന അറാംപൊറന്നോന്മാർക്കും വെളിവുണ്ടായത്. മനുഷ്യനു മാത്രമായി ഒരവകാശവുമില്ല.

പക്ഷേ, ദിം ഫലം ? ബഷീറിന് കിറുക്കായതുകൊണ്ട് എന്തൊക്കെ വിളിച്ചു പറയുന്നുവെന്നല്ലാതെ ഇതൊരു മറക്കരുതാത്ത മഹാസത്യമാണെന്ന് ഒരു മഹാനും കരുതിയിരുന്നതേയില്ല അന്നും ഇന്നും. ആധാരങ്ങളും പട്ടയങ്ങളും പട്ടയിലെത്തുവോളം അവർ വാരിക്കൂട്ടിക്കൊണ്ടേയിരിക്കും. മനുഷ്യനു മാത്രം നൂറു ശതമാനം അവകാശപ്പെട്ടതാണ് ഈ ഭൂമിയും ആകാശവും കടലും കടലാടിയുമെല്ലാം എന്ന കാര്യത്തിൽ അവന് സംശയമില്ല. വിശേഷബുദ്ധിയും വൈരുദ്ധ്യബുദ്ധിയും വൈരാഗ്യ ബുദ്ധിയും ഒക്കെ അവനു മാത്രമാണല്ലോ നിലവിൽ നിലനിൽക്കുന്നത്. നായ്ക്കൾ കുരച്ചാലും സ്വാർത്ഥവാഹാസംഘം മുന്നോട്ടുതന്നെ ഗമിക്കും. എന്നാൽ കുര നിർത്തി അവയെല്ലാംകൂടി ഒറ്റക്കെട്ടായി സംഘാങ്ങളെ കടിച്ചു കീറാനാണു ഭാവമെങ്കിലോ? ഹേയ് അതുണ്ടാവില്ല. അവറ്റയ്ക്ക് സംഘടിതരാവാൻ ഒരിക്കലും കഴിയില്ല. അതെ, അതാണ് മനുഷ്യന്റെ മുഷ്ക് ഇത്രയേറെ വർദ്ധിക്കാൻ കാരണവും. മറ്റ് അവകാശികളെയെല്ലാം അവൻ അവഗണിക്കുന്നതും അതുകൊണ്ടുതന്നെ.

മറിച്ചൊരവസ്ഥ ഉണ്ടായാലോ എന്നു വെറുതെ ഒരു നേരമ്പോക്കിനെങ്കിലും ആലോചിക്കാവുന്നതാണ്. ഇക്കഴിഞ്ഞ ദിവസം ഈ ലേഖകന്റെ വീട്ടിൽ സന്ധ്യയോടെ ഒരു സംഘടിതാക്രമണം ഉണ്ടായി. കുരുമുളകിന്റെ വലിപ്പവും നിറവും ആകൃതിയുമുള്ള ഒരു പ്രാണിയാണ് ഞങ്ങളെ നക്ഷത്രമെണ്ണിച്ചത്. ആയിരക്കണക്കിന് പ്രാണികൾ വെളിശം വീശുന്നിടത്തെല്ലാം പറന്നെത്തി. നിമിഷങ്ങൾക്കുള്ളിലാണവ പെരുകി വന്നത്. ദേഹത്തും മുടിയിലും മുഖത്തുമൊക്കെ അവ പ്രേമപൂർവ്വം അരിച്ചു നടന്നു. തൂത്തുമാറ്റാനും വീശിയകറ്റാനുമൊക്കെയുള്ള ശ്രമം പാഴായിപ്പോയി. ലൈറ്റ് കെടുത്തി നോക്കിയിട്ടും വിരുന്നുവന്നവർ പോകാൻ തയ്യാറായില്ല. അത്താഴം കഴിക്കാനോ വെള്ളം കുടിക്കാനോ പോലും ഈ ഇത്തിരിക്കുഞ്ഞന്മാർ സമ്മതിച്ചിട്ടില്ല. ആഹാരത്തിലും വെള്ളത്തിലുമൊക്കെ അവ വന്നു വീണുകൊണ്ടേയിരുന്നു. വാ തുറന്നാൽ വായ്ക്കുള്ളിലും ചാടി വീഴുമെന്ന അവസ്ഥ.

ഒടുവിൽ കിടക്കാൻ നോക്കുമ്പോൾ കിടക്കയിലാകമാനം അവർ വിഹരിക്കുന്നതാണ് കണ്ടത്. ഷീറ്റ് എടുത്ത് കുടഞ്ഞ് വിരിച്ചാൽ നിമിഷ

ങ്ങൾക്കകം പ്രാണികൾ വീണ്ടും പ്രമാണിത്തം കാട്ടും. ചുരുക്കത്തിൽ വീട് വിട്ട് ഓടേണ്ടി വരുമെന്ന അവസ്ഥയായി. അപ്പോഴാണ് ഭൂമിയുടെ അവകാശികളാണല്ലോ അവരും എന്ന ചിന്ത ഉദിച്ചത്. അവറ്റയുടെ മുന്നിൽ മനുഷ്യൻ എത്ര നിസ്സഹായനാണെന്നു ബോധ്യപ്പെട്ടു.

കുറച്ച് കാലം മുമ്പ് സമാനമായ മറ്റൊരനുഭവം ഉണ്ടായി. മുപ്ലിവണ്ട് എന്ന് നാമകരണം ചെയ്യപ്പെട്ട ചെറിയ വണ്ടുകളുടെ ആക്രമണമായിരുന്നു അത്. സന്ധ്യയാകുന്നതോടെ പതിനായിരക്കണക്കിന് ചെറിയ വണ്ടുകൾ പറന്നെത്തി വീടിനകവും പുറവും ഒരു പോലെ നിരക്കുകായിരുന്നു ചെയ്തത്. ഞങ്ങളുടെ അയൽ വീടുകളിലെല്ലാം ഇതുതന്നെയായിരുന്നു അവസ്ഥ. ഏതാനും ദിവസങ്ങളിൽ ഈ ആക്രമണം തുടർന്നു. ഒരു പരിഹാര മാർഗ്ഗവും ആരും കണ്ടെത്തിയില്ല. നിശബ്ദം സഹിക്കുക മാത്രമേ മനുഷ്യനു മാർഗ്ഗമുണ്ടായിരുന്നുള്ളു ഒടുവിൽ വണ്ടുകൾ പൊറുത്തു തന്നു.

നേരിട്ടനുഭവമില്ലെങ്കിലും പത്രങ്ങളിലും മറ്റും വായിച്ചറിഞ്ഞ മറ്റൊരു മനുഷ്യാവകാശ ലംഘനം നടത്തിയത് ഒച്ചുകളായിരന്നു. ഒരു പ്രത്യേകതരം ഒച്ചുകൾ കൂട്ടമായി വീടുകളിലേയ്ക്ക് ഇഴഞ്ഞെത്തുന്ന പ്രതിഭാസം. അവയുടെ വീരേതിഹാസങ്ങളും ഫോട്ടോകളും പത്ര മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും നിറയുകയായിരുന്നു ആ നാളുകളിൽ. ബഷീറിന്റെ എട്ടുകാലിമമ്മൂഞ്ഞ് സംഗതി അറിഞ്ഞ എന്നു പ്രഖ്യാപിച്ച ചൊറിയൻപുഴു യുദ്ധത്തെക്കുറിച്ച് ഓർമ്മയില്ലേ? ആനമാരി രാമൻ നായരുടെ ദേഹത്ത് വിതറാൻ ഒരു ചെറിയ കുടം നിറയെ ചൊറിയൻ പുഴുവുമായി പൊൻകുരിശുതോമാ വരുന്നു എന്നായിരുന്നു എട്ടുകാലി പരത്തിയ ഭീതിജനകമായ വാർത്ത. അതു പക്ഷേ ചൊറിയൻപുഴുവായിരുന്നില്ല. കശുവണ്ടി ചുട്ടു തല്ലിയതായിരുന്നു. അത് കഥാനായകന്മാർ സംഘടിതമായി സ്വാദോടെ തിന്നുകയും ചെയ്തു.

എന്നാൽ യഥാർത്ഥത്തിൽ ചൊറിയൻപുഴു ആക്രമണം ഉണ്ടായ കാലത്തായിരിക്കും അവസ്ഥ. ചില പ്രത്യേക കാലത്ത് വൃക്ഷങ്ങളുടെ ഇലകളിലെല്ലാം ചൊറിയൻപുഴു നിറയാറുണ്ട്. അവ കാറ്റിലും അല്ലാതെയും മനുഷ്യരുടെ മേൽ വീഴാറുണ്ട്. പുഴു വീഴണമെന്നില്ല, അതിന്റെ പൊടി ഒരല്പം ശരീരത്തിൽ വീണാൽപോലും മനുഷ്യൻ ശരീരമാകെ ചൊറിഞ്ഞ് പരക്കം പായുന്നത് കാണാം. ചിലരുടെ മുഖവും ദേഹവുമൊക്കെ തടിച്ചുവീങ്ങി ആളെ തിരിച്ചറിയാൻ വയ്യാത്തവിധമാകാറുണ്ട്. പക്ഷേ ചൊറിയൻപുഴു ഇതുവരേയും മനുഷ്യനോട് യുദ്ധം പ്രഖ്യാപിച്ചിട്ടില്ല എന്നതുകൊണ്ടാണ് നമ്മളൊക്കെ ഇങ്ങനെ കഴിയുന്നത്. അതൊരു മിടുക്കാണെന്നു കരുതേണ്ടതില്ല. കടന്നലും നേനീച്ചയുമൊന്നും മനപ്പൂർവ്വം മനുഷ്യരെ ഉപദ്രവിക്കാറില്ല. എന്തെങ്കിലും പ്രകോപനമുണ്ടായാൽ ഇവ പകയോടെ മനുഷ്യനെ ആക്രമിക്കാറുണ്ട്. ഓടി വെള്ളത്തിൽച്ചാടി മുങ്ങിക്കിടന്നാൽ പോലും പൊങ്ങിവരുന്നതും കാത്ത് അവ ജലോപരിതലത്തിൽ പറന്നു നിൽക്കുമെന്ന് അനുഭവസ്ഥർക്കറിയാം. പാമ്പും പട്ടിയും പഴുതാരയും തുടങ്ങി ഉറുമ്പുകൾ വരെ അവരുടെ പാട് നോക്കി ജീവിക്കുന്നതുകൊണ്ട് മാത്രമാണ് മനുഷ്യർ ഇങ്ങനെ സർവ്വാധികാരിയായി വിലസുന്നത്. ഇവയൊന്നും സംഘം ചേർന്ന് നമ്മെ ആക്രമിക്കാത്തത് മഹാഭാഗ്യമെന്നേ കരുതേണ്ടു. അവരെ സംഘടിപ്പിക്കാൻ രാഷ്ട്രീയക്കാർക്കും താത്പര്യമില്ല.

അങ്ങനെ സംഘം ചേർന്ന് ആക്രമിച്ചാൽ എന്താകും മനുഷ്യാവസ്ഥയെന്ന് വ്യക്തമാക്കുന്ന ഒരു ചലച്ചിത്രമുണ്ട്. ആൽബർട്ട് ഹിച്ച്കോക്ക് സംവിധാനം






ചെയ്ത ദ ബേർഡ്സ് എന്ന ചിത്രം കണ്ടവരാരും അതിലെ ഭയാനകമായ കാഴ്ചകൾ ഒരിക്കലും മറക്കുമെന്ന് തോന്നുന്നില്ല.

ഒരു മനുഷ്യൻ കടൽത്തീരത്തുവച്ച് വെറുമൊരു രസത്തിന് ഒരു കടൽക്കാക്കയെ വെടിവച്ചു കൊല്ലുന്നു. ഈ ക്രൂരവിനോദം വച്ചുപൊറുപ്പിക്കാനാവില്ലെന്ന് കടൽക്കാക്കകൾ കൂട്ടമായി തീരുമാനിക്കുന്നു. അവർ കൂട്ടം ചേർന്ന് മനുഷ്യനെ പാഠം പഠിപ്പിക്കാൻ തീരുമാനിക്കുകയാണ്. കടൽക്കാക്കകൾ മാത്രമല്ല സർവ്വമാന പക്ഷികളും ഇവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഒരു വലിയ ഐക്യമുന്നണി രൂപം കൊണ്ടു.


പിന്നീടങ്ങോട്ട് മനുഷ്യകുലം നേരിടുന്ന അതിഭയാനകവും ദയനീയവുമായ അവസ്ഥ വളരെ സമർത്ഥമായാണ് ഈ ചി ത്രം കാട്ടിത്തരുന്നത്. പക്ഷികൾ തങ്ങളുടെ പൊതു ശത്രുവായി കരുതുന്ന മനുഷ്യരെ കാണുന്നിടത്ത് വച്ചെല്ലാം അതിക്രൂരമായി ആക്രമിക്കാൻ തുടങ്ങിയപ്പോഴും അഹങ്കാരിയായ മനുഷ്യൻ അത്ര ഗൗരവത്തിൽ കണ്ടില്ല. പക്ഷേ നിരന്തരമായ സമരവീര്യത്തിനു മുന്നിൽ പിടിച്ചു നിൽക്കാനാവാതെ മനുഷ്യർ ഭയന്നു വിറച്ച് വീടുകൾക്കുള്ളിൽ ഒളിച്ചിരിക്കേണ്ട അവസ്ഥയായി. ഒളിച്ചും പാത്തും പുറത്തേയ്ക്ക് തല നീട്ടിയാൽ പുറത്ത് കാത്തിരിക്കുന്ന പക്ഷികൾ കൂട്ടമായി പറന്നെത്തി മരിക്കുവോളം നിർഭയമായി ആക്രമിക്കുന്ന സ്ഥിതിയായി. അതോടെ അത്യാവശ്യ കാര്യങ്ങൾക്കു പോലും മനുഷ്യൻ പുറത്തിറങ്ങാൻ കഴിയാതെ വലയുന്നു. സ്കൂൾ വിട്ട് പുറത്തേക്കിറങ്ങുന്ന കുട്ടികളുടെ കണ്ണുകൾ തന്നെ കൊത്തിപ്പൊട്ടിക്കാൻ പക്ഷിക്കൂട്ടം കാട്ടുന്ന വ്യഗ്രതയും ശുഷ്കാന്തിയും ഏറെ ചാതുര്യത്തോടെയാണ് ഹിച്ച്ഹോക്ക് ചിത്രീകരിച്ചത്. പടം കണ്ട് തീയേറ്ററിൽ നിന്നും പുറത്തിറങ്ങുന്ന കാഴ്ചക്കാർ ഒരു കാക്കയുടെ ചിറകടിശബ്ദം കേട്ടാൽ ഞെട്ടിവിറക്കുന്ന മാനസികാവസ്ഥയിലെത്തിച്ച സംവിധായകൻ ഉദ്ദേശിച്ചത് മനുഷ്യൻ അവന്റെ അപ്രമാദിത്വത്തിലും സർവ്വാധികാരഭാവത്തിലും നിന്നും ഒരു നിമിഷമെങ്കിലും മാറിനിന്ന് ചിന്തിക്കണമെന്നു തന്നെയാണ്. പക്ഷികൾക്കുമുണ്ട് ഭൂമിയിൽ ചില അവകാശങ്ങൾ.

നമ്മുടെ നാട്ടിൻ പുറങ്ങളിൽ ഇന്നും ആരും കാക്കയെ പിടിക്കാനോ കൊല്ലാനോ തയ്യാറാകാറില്ല. അങ്ങനെയുണ്ടായാൽ നിമിഷങ്ങൾക്കകം വലിയ കാക്കക്കൂട്ടം പറന്നെത്തി മനുഷ്യനു നേർക്ക് യുദ്ധം പ്രഖ്യാപിക്കുന്ന നേർക്കാഴ്ച കാണാം. അത് സിനിമയല്ല, ജീവിതം തന്നെയാണ്. പറഞ്ഞുവന്നത് കാലം മാറുകയാണെന്നും മനുഷ്യാഹങ്കാരം ഇത്രയധികം വെറുത്താൽ ഏതൊരു ജീവിക്കും മനുഷ്യനെതിരെ തിരിയാനും പാഠം പഠിപ്പിക്കാനും കഴിയും എന്ന് ഓർക്കണമെന്നുമാത്രമാണ്. അവരും ഭൂമിയുടെ അവകാശികളാകുന്നു.



പുസ്തകപരിചയം
**ആയൂർ ബിജു**

# സൂര്യ തേജസ്സോടെ മാണിസാർ




കെ. എം മാണി ധന്യസ്മൃതി എന്ന പുസ്തകം വളരെ യാദൃശ്ചികമായാണ് കാണാനിടയായത്. കേരളനിയമസഭ പ്രസിദ്ധീകരിച്ച മനോഹരമായ പുസ്തകം ചെയർമാൻ ശ്രീ. ജോസ് കെ മാണിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും വേണ്ടി നമ്മുടെ മന്ത്രി ശ്രീ റോഷി അഗസ്റ്റിനും, കേരള ഗവൺമന്റ് ചീഫ് വിപ്പ് ഡോ. എൻ ജയരാജും കൂടി ഏറ്റുവാങ്ങുകയുണ്ടായി.

അപൂർവ്വ ചിത്രങ്ങളാൽ സമ്പന്നമായ ആ പുസ്തകത്തിലൂടെ കടന്നുപോയപ്പോൾ അനിർവചനീയമായ ആനന്ദം ഉണ്ടായി.

നിയമസഭയിൽ അൻപതു വർഷം മാണിസാർ നടത്തിയ നിയമസഭാപ്രവർത്തനങ്ങളും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ സാർത്ഥകമായ ഇടപെടലുകളും ഈ പുസ്തകത്തിൽ സമഗ്രമായി സംഗ്രഹിച്ചു വിവരിച്ചിരിക്കുന്നു.

കെ എം മാണി എന്ന നിയമസഭാ സാമാജികന്റെ അത്ഭുതാവഹമായ സഭാപ്രവർത്തനങ്ങളും ചിട്ടയായ രീതികളും വരും തലമുറയ്ക്കു മനസ്സിലാക്കാൻ ഈ പുസ്തകം ഉത്തമ റഫറൻസ് ഗ്രന്ഥമാണെന്നതിൽ തർക്കമില്ല.

ഗവേഷകർക്കും പഠന വിദ്യാർത്ഥികൾക്കും ഈ പുസ്തകം തീർച്ചയായും ഉപയോഗപ്പെടും.

ജനാധിപത്യ ചരിത്രത്തിൽ തന്നെ സവിശേഷമായ നേട്ടമാണ് മാണിസാറിന്റേത്. ഒരേ മണ്ഡലത്തിൽ നിന്നും അമ്പതുവർഷത്തിലേറെ തുടർച്ചയായി കേരള നിയമസഭയിൽ അംഗമാവുക. അതിൽ 24 വർഷത്തിലേറെ കാലം മന്ത്രിയായി വിവിധ വകുപ്പുകളുടെ ചുമതല വഹിക്കുക. ആ വകുപ്പുകളിലെല്ലാം തന്റേതായ വ്യക്തി മുദ്ര പതിപ്പിക്കുകയും ചെയ്യുക. ധനമന്ത്രി എന്ന നിലയിൽ 13 ബജറ്റുകളിലൂടെ ഒട്ടേറെ ജനക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച മാണിസാർ നിയമസഭാംഗമെന്ന നിലയിൽ വിഷയങ്ങൾ പഠിച്ച് സഭയിൽ അവതരിപ്പിക്കുന്നതിന് എപ്പോഴും ശ്രദ്ധാലുവായിരുന്നു.

നിയമനിർമ്മാണ പ്രക്രിയയിലെ സജീവ പങ്കാളിത്തം കൊണ്ടും, സഭാനടപടികളിലെ ക്രിയാത്മകമായ ഇടപെടലുകളിലൂടെയും മികച്ച പാർലമെന്ററി പ്രവർത്തനമാണ് മാണിസാർ നിർവ്വഹിച്ചത്.

സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയായി നിയമസഭാ സാമാജികത്വത്തിന്റെ 52 വർഷം പൂർത്തീകരിച്ച് വിടവാങ്ങിയ മാണിസാറിനെക്കുറിച്ച് കേരളത്തിലെ രാഷ്ട്രീയ നേതാക്കളുടെ പ്രൗഢ ഗംഭീരമായ ലേഖനങ്ങളാൽ സമ്പന്നമാണീ പുസ്തകം.

ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച് കേരളത്തിലെ രാഷ്ട്രീയ സമവാക്യങ്ങളുടെ ഭീഷ്മാചാര്യനായിത്തീർന്ന മാണിസാറിന്റെ ജീവിതം വരച്ചുകാട്ടുന്ന **കെഎം മാണി ധന്യസ്മൃതി** എന്ന പുസ്തകം കേരളത്തിലെ എല്ലാ ഗ്രന്ഥശാലകളിലെങ്കിലും വായനയ്ക്കായി പൊതുജനങ്ങൾക്ക് ലഭിക്കാനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്.

**കഥ**

**കേറ്റ് ചോപ്**

**വിവർത്തനം - റ്റി.എസ്.രാജശ്രീ**

*അമേരിക്കൻ നോവലിസ്റ്റും ചെറുകഥാകൃത്തുമായിരുന്ന കേറ്റ് ചോപിനെ (1850–1904) ഇരുപതാം നൂറ്റാണ്ടിലെ ഫെമിനിസ്റ്റ് കഥാകാരികളിലൊരാളായി കരുതപ്പെടുന്നു. 1894–ൽ പ്രസിദ്ധീകരിക്കപ്പെട്ട 'ദ സ്റ്റോറി ഓഫ് ആൻ അവർ' എന്ന കഥ യാഥാർത്ഥ്യമല്ലാത്ത ഒരു ദുരന്തവാർത്തയിൽ തുടങ്ങി അപ്രതീക്ഷിതമായ ഒരു ദുരന്തത്തിൽ അവസാനിക്കുന്നു. പുരുഷമേധാവിത്വം വാഴുന്ന ഒരു സമൂഹത്തിലെ ഭാര്യമാരുടെ പ്രതീകമാണ് കഥാനായിക. എത്ര സന്തോഷമുള്ള ഒരു കുടുംബജീവിതമായാലും ഒരു വീട്ടമ്മയും സ്വന്തം വ്യക്തിത്വത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി കൊതിക്കുന്നു. ഇന്നത്തെ കാലത്തും ഈ കഥ പ്രസക്തം തന്നെയാണ്.*

# ഒരു മണിക്കൂറിന്റെ കഥ

'മിസിസ് മല്ലാർഡ് ഒരു ഹാർട്ട് പേഷ്യന്റാണ്. അതുകൊണ്ടുതന്നെ ഇക്കാര്യം വളരെ സൂക്ഷിച്ചുമാത്രമേ അവരെ അറിയിക്കാവൂ,'വാർത്തയറിഞ്ഞയുടൻ റിച്ചാർഡ്സ് ചിന്തിച്ചതിങ്ങനെയായിരുന്നു. പത്രമോഫീസിൽ ജോലി ചെയ്യുന്ന അയാൾ റെയിൽവേട്രാക്കിൽ നടന്ന അപകടത്തിൽ മരണപ്പെട്ടവരുടെ ലിസ്റ്റ് നോക്കുകയായിരുന്നു. കൊല്ലപ്പെട്ടവരുടെ കൂട്ടത്തിൽ മല്ലാർഡിന്റെ പേരുമുണ്ടായിരുന്നു. തന്റെ സുഹൃത്തിന്റെ ആകസ്മികമരണം അയാൾക്ക് വല്ലാത്ത ഷോക്കായി. വാർത്ത ഉറപ്പിക്കാനായി സംഭവസ്ഥലത്തുള്ള റിപ്പോർട്ടർക്ക് അയാൾ ടെലിഗ്രാം അയച്ചു. പക്ഷെ ആ വാർത്ത സ്ഥിരീകരിക്കപ്പെടുകയായിരുന്നു.

ഉടൻതന്നെ മല്ലാർഡിന്റെ വീട്ടിലെത്തിയ റിച്ചാർഡ്സിനെ എതിരേറ്റത് ജോസഫൈനായിരുന്നു, മിസിസ് മല്ലാർഡിന്റെ, ലൂയിസ് മല്ലാർഡിന്റെ സഹോദരി. അവരവിടെ ഉണ്ടായിരുന്നത് എന്തായാലും അയാൾക്ക് ആശ്വാസമായി. ഒരു നടുക്കത്തോടെ ജോസഫൈനും ദുഃഖവാർത്തയറിഞ്ഞു. അവർ തന്നെയാണ് ലൂയിസിനെ വിവരമറിയിച്ചത്. പ്രിയഭർത്താവിന്റെ വിയോഗവാർത്ത കേട്ടതും ലൂയിസ് പൊട്ടിക്കരഞ്ഞു. ജീവിതത്തിൽ പ്രതീക്ഷിക്കാത്തൊരു നിമിഷത്തിൽ ഒറ്റപ്പെട്ടു പോയതിന്റെ ആഘാതത്തോടെ അവൾ ജോസഫൈന്റെ തോളിലേക്ക് ചാഞ്ഞു. കണ്ണീരിന്റെ കൊടുങ്കാറ്റ് അൽപ്പമൊന്നടങ്ങിയപ്പോൾ അവൾ എഴുന്നേറ്റ് തന്റെ മുറിയിലേക്ക് പോയി. ആരും ഒപ്പം വരരുതെന്ന് അവൾ ആഗ്രഹിച്ചിരുന്നു. അവളുടെ ഏകാന്തതയ്ക്ക് ജോസഫൈനും റിച്ചാർഡ്സും തടസ്സം നിന്നതുമില്ല.

മുറിയിലെത്തിയ ലൂയിസ് തുറന്ന ജനാലയ്ക്കടുത്തുള്ള കസേരയിലിരുന്നു. ആ വാർത്ത അവളുടെ ശരീരത്തിലേക്കും മനസ്സിലേക്കും



ആഴ്ന്നിറങ്ങി. അവൾ പുറത്തേക്ക് കണ്ണോടിച്ചു. വസന്തകാലമായിരുന്നതുകൊണ്ട് മരങ്ങളെല്ലാം പൂത്തുലഞ്ഞിരുന്നു. അന്തരീക്ഷത്തിന് നനുത്ത മഴയുടെ ഗന്ധമുണ്ടായിരുന്നു. കുരുവികളുടെ പാട്ട് കാറ്റിലൂടെ ഒഴുകിവന്നു. ആകാശത്ത് അങ്ങിങ്ങ് ഒന്നിനു മീതെ ഒന്നായി നീല മേഘങ്ങൾ പറന്നുനീങ്ങി. ഒരു വികാരവുമില്ലാതെ അവൾ പുറത്തെ കാഴ്ചകൾ നോക്കിക്കണ്ടു. ഒരു വിതുമ്പൽ അവളുടെ തൊണ്ടയിൽ കുരുങ്ങിനിന്നു.

ശാന്തമായ മുഖവും വെളുത്ത നിറവുമുള്ള ആ ചെറുപ്പക്കാരിയുടെ കണ്ണുകൾക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു. പെട്ടെന്ന് ആകാശത്തിലെ നീലമേഘങ്ങളുടെ പ്രതിഫലനമെന്നോണം ഒരു ചിന്ത അവളുടെ മനസ്സിലേക്ക് കടന്നുവന്നു. അതിനുവേണ്ടി അവൾ കാത്തിരുന്നതുപോലെ. ആ വികാരത്തിന് എന്തു പേരിടണമെന്ന് അവൾക്കറിയില്ലായിരുന്നു. പുറത്തെ സുഗന്ധവും മധുരഗാനവും വർണങ്ങളും അവളുടെ മനസ്സിലേക്ക് പടർന്നു. തനിക്ക് സ്വന്തമാകാൻ പോകുന്ന എന്തിനെയോ ഇരുകൈകളും നീട്ടി സ്വീകരിക്കാൻ അവളുടെ മനസ്സ് ആശിച്ചു.

അവളുടെ ചുണ്ടുകൾ വീണ്ടും വീണ്ടും മന്ത്രിച്ചു."സ്വാതന്ത്ര്യം, സ്വാതന്ത്ര്യം, സ്വാതന്ത്ര്യം." അവളുടെ കണ്ണുകളിൽ ജീവന്റെ തുടിപ്പുണർന്നു. ഹൃദയമിടിപ്പ് വർദ്ധിച്ച് ചുടുരക്തം ശരീരത്തിന്റെ ഓരോ കോണിലും ഒഴുകിയെത്തി. താനനുഭവിക്കുന്നത് എന്താണെന്ന് അവൾക്കു തന്നെ അറിയില്ലായിരുന്നു. ഭർത്താവിന്റെ ചലനമറ്റ ശരീരം കാണുമ്പോൾ താൻ വീണ്ടും പൊട്ടിക്കരയുമെന്ന് അവൾക്കറിയാമായിരുന്നു. കാരണം അയാളോടുള്ള അവളുടെ സ്നേഹത്തിന് അപ്പോഴും കുറവൊന്നും വന്നിട്ടില്ലായിരുന്നു. പക്ഷെ ആ നിമിഷത്തിനപ്പുറമുള്ള നീണ്ട വർഷങ്ങളിലേക്ക് ദീർഘദൃഷ്ടിയോടെ അവളുടെ കണ്ണുകൾ പാഞ്ഞു. അവയെ ആഹ്ലാദത്തോടെ വാരിപ്പുണരാൻ അവൾ കൈകൾ നീട്ടി.




ഇനിയുള്ള വർഷങ്ങളിൽ അവൾ ഒറ്റയ്ക്കാണ്. അവളോടൊപ്പം ആരുമുണ്ടാവില്ല. മേധാവിത്വം കാട്ടുന്ന പുരുഷശക്തി ഇനി അവൾക്കൊപ്പമുണ്ടാവില്ല. ഭാവിയിലെ ജീവിതത്തിന്റെ തിളക്കം അവൾ കണ്ടു. ഭർത്താവിനോടുള്ള സ്നേഹത്തിനെക്കാളും ഇപ്പോൾ അവൾ പ്രാധാന്യം കൽപ്പിച്ചത് വിധവയായി മാറിയാൽ കിട്ടുന്ന സ്വാതന്ത്ര്യത്തിനും സമൂഹത്തിൽ കിട്ടുന്ന ആദരവിനുമായിരുന്നു. "സ്വതന്ത്രമാണ് ഇനിയെന്റെ ശരീരവും മനസ്സും,"അവൾ മന്ത്രിച്ചുകൊണ്ടേയിരുന്നു.

മുട്ടുകുത്തി നിന്നുകൊണ്ട് ജോസഫൈൻ ലൂയിസിന്റെ മുറിയുടെ അടഞ്ഞ വാതിൽപ്പഴുതിലൂടെ അകത്തേക്ക് നോക്കാൻ ശ്രമിച്ചു. അവൾ മുട്ടിവിളിച്ചു,"ലൂയിസ്, കതകു തുറക്കു, പ്ലീസ്. നീയവിടെ എന്താണു ചെയ്യുന്നത്? ദൈവത്തെയോർത്ത് കതകു തുറക്കൂ." ഭാവിജീവിതത്തിന്റെ ലഹരി നുകർന്നുകൊണ്ടിരുന്ന ലൂയിസ് പ്രതികരിച്ചു,"പേടിക്കേണ്ട, ജോസഫൈൻ, അയാം ഓൾ റൈറ്റ്." ജീവിതത്തിലെ ഇനിയുള്ള വേനലും മഴയും വസന്തവും എല്ലാം അവൾക്കു മാത്രം സ്വന്തം. എന്റെ ജീവിതം ദീർഘായുസ്സുള്ളതാക്കിത്തരണമേയെന്ന പ്രാർത്ഥനയോടെ അവൾ നിശ്വസിച്ചു. കാരണം അടിച്ചമർത്തപ്പെട്ട തന്റെ ജീവിതം ഇനി എത്ര കാലം കൂടിയുണ്ടാകുമെന്ന് തലേ ദിവസം കൂടി അവൾ ഓർത്തതേയുണ്ടായിരുന്നുള്ളൂ.

ലൂയിസ് എഴുന്നേറ്റ് വാതിൽ തുറന്നു. അവൾക്ക് ഒരു വിജയിയുടെ ഭാവമായിരുന്നു. ജോസഫൈനെ ചേർത്തു പിടിച്ചുകൊണ്ട് അവൾ സ്വീകരണമുറിയിലേക്കുള്ള പടികളിറങ്ങി. അവിടെ റിച്ചാർഡ്സ് അവരെ കാത്തുനിൽപ്പുണ്ടായിരുന്നു. പെട്ടെന്ന് താക്കോലിട്ട് തിരിച്ച് മുൻവാതിൽ തുറക്കപ്പെട്ടു. കയറിവന്നത് മി.മല്ലാർഡായിരുന്നു. കൈയിൽ ബാഗും കുടയുമുണ്ടായിരുന്നു. അയാൾക്ക് നല്ല യാത്രക്ഷീണവുമുണ്ടായിരുന്നു. സത്യത്തിൽ അയാൾ അപകടം നടന്ന സ്ഥലത്തു നിന്നും വളരെ ദൂരെയായിരുന്നു. അപകടത്തെക്കുറിച്ച് അയാൾ അറിഞ്ഞിട്ടുപോലുമുണ്ടായിരുന്നില്ല. ജോസഫൈന്റെ അടക്കിപ്പിടിച്ച കരച്ചിൽ അയാൾ കേട്ടു. റിച്ചാർഡ്സിന്റെ അത്ഭുതം നിറഞ്ഞ നോട്ടവും അയാൾ കണ്ടു. അയാൾക്കൊന്നും മനസ്സിലായില്ല. അടുത്ത നിമിഷം ലൂയിസ് മരണത്തിന് കീഴ്പ്പെട്ടു. ഹാർട്ട് പേഷ്യന്റായിരുന്ന അവളുടെ മരണകാരണം ഡോക്ടർമാർ വിലയിരുത്തിയതിങ്ങനെ : 'മരിച്ചുപോയെന്നു കരുതിയ ഭർത്താവിനെ കണ്ടപ്പോഴുള്ള സന്തോഷം.' ഭർത്താവിന്റെതിരിച്ചുവരവ് ലൂയിസിനെ സന്തോഷിപ്പിച്ചിരിക്കാം. എന്നാൽ ഭർത്താവിനെ കിട്ടിയാൽ താൻ സ്വപ്നം കണ്ട സ്വാതന്ത്ര്യം തനിക്കു നഷ്ടമാകുമല്ലോ എന്ന കടുത്ത നിരാശയാകുമോ ഒരുപക്ഷെ അവളുടെ മരണകാരണം?

കഥ

ജയദേവവർമ്മ

# ശ്രീധരന്റെ ആത്മാവ്

**ഇപ്പോൾ** പുറം വേദനയില്ല.

കാലിന് മരവിപ്പില്ല.

മഞ്ഞുകൊണ്ടാൽ നീരുവീഴ്ചയില്ല.

നഗ്നനാണെങ്കിലും തണുപ്പറിയില്ല.

പരമ സുഖം.

ശ്രീധരൻ താൻ പതിവായി ഇരിക്കാറുള്ള ചാരുകസേരയിൽ ഇരുന്നു.

ഇപ്പോൾ അങ്ങനെ ഇരിക്കണമെന്നില്ല. ഒഴുകി നടക്കാം. താക്കോൽ ദ്വാരത്തിലൂടെപ്പോലും കടന്നു ചെല്ലാം. എങ്കിലും ഇത്രയും നാൾ ഇരുന്ന് സുഖിച്ച കസേരയെ മറക്കുന്നതെങ്ങനെ.

ഉമ്മറത്ത് ദേവിക ഇരിപ്പുണ്ട്. എവിടേയ്ക്കോ നോക്കി. കണ്ണീർ വറ്റിയമുഖം. അഴിഞ്ഞുലഞ്ഞ തലമുടി. പെട്ടെന്നുണ്ടായ ആഘാതം അവൾക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഇടയ്ക്കിടയ്ക്ക് അവൾ ചാരുകസേരയിലേക്ക് നോക്കി നെടുവീർപ്പിടുന്നുണ്ട്.

"മോളേ ദേവികേ, നിന്റെ ശ്രീധരേട്ടൻ ഇവിടെ ഇരിപ്പുണ്ട്" എന്നയാൾ ഉറക്കെ പറഞ്ഞു.

പക്ഷേ ദേവിക അത് കേട്ടില്ല. സമയം സന്ധ്യയോടടുക്കുന്നു.

ഗേറ്റ് തുറക്കുന്ന ശബ്ദം. രണ്ടുപേർ ആ ഉമ്മറത്തേക്ക് വന്നു.

ദേവിക സാവധാനം എഴുന്നേറ്റു. അവളുടെ ചുണ്ടിൽ വിഷാദഛായയുള്ള ഒരു മന്ദഹാസം.

വന്നവരെ ശ്രീധരന് മനസ്സിലായി. രവിയും മാധവനും. തന്റെ ചങ്ങാതിമാർ. അവർ അവിടെ ഉണ്ടായിരുന്ന പ്ലാസ്റ്റിക് കസേരകളിൽ ഇരിപ്പുറപ്പിച്ചു.

ദേവിക അവരെയും നോക്കി ഒരു തൂണിൽ ചാരി നിൽക്കുകയാണ്. പാവം.

രവിയാണ് സംസാരിച്ചു തുടങ്ങിയത്.

"ദേവിക കുറച്ചുകൂടി പ്രാക്ടിക്കലാവണം. സംഭവിക്കാനുള്ളത് സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി കുട്ടിയുടെ കാര്യം, വീട്ടുകാര്യം ഇതെല്ലാം ദേവിക വേണം നോക്കാൻ"

ദേവിക ഒന്നും മിണ്ടാതെ നിൽക്കുകയാണ്.

"ശ്രീധരൻ മരിച്ചിട്ട് ഇന്നേക്ക് ഏഴ് ദിവസം കഴിഞ്ഞിരിക്കുന്നു." മാധവൻ പറഞ്ഞതും ദേവി തേങ്ങിത്തുടങ്ങി. ശ്രീധരന് അതു കണ്ടിട്ട് വലിയ വിഷമമായി. എന്തു ചെയ്യാം ഇപ്പോൾ അവളെ സമാധാനിപ്പിക്കാനുള്ള അവസ്ഥപോലും തനിക്കില്ലാതെ പോയല്ലോ."

മാധവൻ പോക്കറ്റിൽ നിന്നും ഒരു സിഗരറ്റ് എടുത്ത് കത്തിച്ചു.

"മോൻ എവിടെ?"

"അവൻ സെർവന്റിനൊപ്പം അപ്പുറത്തുണ്ട്."

ദേവി മറുപടി പറഞ്ഞു. വീണ്ടും നിശബ്ദത.

രവി ഇരുന്നിടത്തുനിന്നും എഴുന്നേറ്റു.

"സർവ്വീസിൽ ഇരുന്ന് മരിച്ചതു കൊണ്ട് ദേവിക്ക് ജോലികിട്ടും. അടുത്ത ദിവസം ഓഫീസിലേക്ക് വരണം. ചില പേപ്പറുകളിൽ സൈൻ ചെയ്യണം."

ദേവിക സമ്മതഭാവത്തിൽ തലയാട്ടി.

ഞങ്ങളിറങ്ങുന്നു. രവി ആദ്യം ഇറങ്ങി. പുറകേ മാധവനും. ഗേറ്റ് അടച്ച് അവർ അപ്രത്യക്ഷരാകുന്നത് ശ്രീധരൻ കണ്ടു. അയാൾ വീണ്ടും ദേവികയെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഇപ്പോഴാണ് അയാൾക്കതിനൊക്കെ സമയം കിട്ടുന്നത്. ഓഫീസ്, കണക്കുകൾ, ചിലവുകൾ, ടെൻഷനുകൾ ഇവയ്ക്കിടയ്ക്ക് ഭാര്യയെ നോക്കാൻ എവിടെയാണ് സമയം. വിവാഹം കഴിഞ്ഞിട്ട് പത്തുവർഷം കഴിഞ്ഞെങ്കിലും ദേവിയുമായി താൻ ലൈംഗികബന്ധം പുലർത്തിയത് വിരലിൽ എണ്ണിതീർക്കാവുന്ന അത്രയും മാത്രം. ഹോ! താനെന്തൊരു വിഡ്ഢിയായ മനുഷ്യനാണ്. കണക്കുകളുടെ ലോകത്ത് ജീവിച്ച താൻ സുന്ദരിയായ ഭാര്യയെ മറന്നു. അവളുടെ ഇഷ്ടങ്ങളെ മറന്നു. എത്രയോ രാത്രികളിൽ അവൾ ദാഹത്തോടെ തന്നെ നോക്കുന്നത് കണ്ടിട്ടുണ്ട്. ആ സമയത്തൊക്കെ എത്ര തീവ്രമായ സെക്സ് ആസ്വദിക്കാമായിരുന്നു. എത്ര ഊഷ്മളമാകുമായിരുന്നു ജീവിതം.

ദേവിക സാവധാനം എഴുന്നേറ്റ് അകത്തേക്ക് നടന്നു. വായുവിൽ ഒഴുകി ശ്രീധരനും.എത്ര താളാത്മകമാണ് അവളുടെ ചലനങ്ങൾ. ഇത്രയും നാൾ ഇതൊന്നും താൻ കണ്ടില്ലല്ലോ. അവളെ പുറകിൽ

നിന്നും ചുറ്റിപ്പിടിക്കാനും കോരിയെടുത്ത് അത്ഭുതപ്പെടുത്താനും അയാളുടെ കൈകൾ തരിച്ചു.

പക്ഷെ ശൂന്യമായ നിസ്സഹായതയിലേക്ക് അയാൾ അലിഞ്ഞുചേർന്നു.

അവൾ കുളിമുറിയിലേക്കാണ് പോയത്.

അപ്പോൾ വീണ്ടും ശ്രീധരന് ഒരാഗ്രഹം.

കൂടെ കയറിയാലോ. ശ്രീധരന് കൗമാരകാലത്ത് കുളിക്കടവിൽ കൂട്ടുകാരോടൊപ്പം കൈതക്കാട്ടിൽ മറഞ്ഞിരുന്ന് 'അർദ്ധനഗ്നത' കണ്ട് രസിച്ചത് ഓർമ്മ വന്നു.

ഛേ! താനെന്തൊക്കെയാണ് ചിന്തിക്കുന്നത്.

ഒരു വില്ലേജ് ഓഫീസറായി കഴിഞ്ഞ ദിവസം വരെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച താനാണോ...ഭാര്യയുടെ കുളിമുറിയിൽ നുഴഞ്ഞു കയറാൻ നോക്കുന്നത്. കഷ്ടം നാണക്കേട്. ആത്മാവിനും ആത്മാഭിമാനം വേണം എന്ന വാശിയിൽ ശ്രീധരൻ ഉമ്മറത്ത് വന്ന് ചാരുകസേരയിൽ വീണ്ടും ഇരുപ്പുറപ്പിച്ചു.

ഇതുവരെയുണ്ടാകാത്ത ആവേശത്തെക്കുറിച്ച് ഓർത്ത് ശ്രീധരന്റെ ആത്മാവ് അത്ഭുതം കൂറി. ശരീരമില്ലാതെ അന്തരീക്ഷത്തിൽ വിലയം പ്രാപിക്കാനുള്ള ജീവന്റെ തുടിപ്പാണതെന്ന സത്യം അത് മറന്നു പോയിരുന്നു.

കുളികഴിഞ്ഞ് ദേവി തിരിച്ചെത്തുന്ന ശബ്ദം ശ്രീധരൻ കേട്ടു. അയാൾ താക്കോൽ ദ്വാരത്തിലൂടെ ഉള്ളിൽ കടന്നുചെന്നു. ഈറൻ മാറാനായി മുടി തോർത്തിൽ കെട്ടിവച്ചിരിക്കുന്നു. പവന്റെ നിറമാണ് ദേവിക്ക്. പ്രായത്തിന്റെ ഇടിവ് തട്ടാത്ത ശരീരം. അവളുടെ ഓരോ അണുവിലും സൗന്ദര്യം തുടിച്ചു നിൽക്കുന്നതായി അപ്പോഴയാൾക്ക് തോന്നി. അവളുടെ ദേഹത്തുനിന്നും ഒരു പ്രത്യേക ഗന്ധം പരക്കുന്നതുപോലെ ശ്രീധരന് തോന്നി. അതേസമയം അതയാളെ വിഷമത്തിലാക്കുകയും ചെയ്തു. ഇത്രയും സവിശേഷതകൾ തന്റെ ഭാര്യയ്ക്ക് ഉണ്ടായിരുന്നോ. സത്യമായും ഇവളൊരു അപ്സരസ് തന്നെയാണ്. അത് തിരിച്ചറിയാതെ പോയ വിഡ്ഢി ഞാനും.

ഈ സമയം വേലക്കാരി നളിനി ഡൈനിംഗ് ഹാളിൽ ഭക്ഷണമെടുത്തു വച്ചിരുന്നു.

"നീയും മോനും കഴിച്ചിട്ട് കിടന്നുകൊള്ളൂ. ഞാൻ പിന്നീട് കഴിച്ചുകൊള്ളാം."

ദേവി പറഞ്ഞതുകേട്ട് നളിനി അടുത്ത മുറിയിലേക്ക് പോയി. അയാൾ ആ മുറിയിലേക്ക് ഒഴുകിച്ചെന്നു. നളിനി തന്റെ മകനെ ഉറക്കുന്ന കാഴ്ച അയാൾ കണ്ടു. ഒന്നുമറിയാത്ത കുട്ടി. അകാലത്തിൽ അച്ഛൻ നഷ്ടപ്പെട്ടതിന്റെ ദുഃഖമൊന്നും അവനിപ്പോൾ അറിയില്ല. കൂടുതൽ സമയം അവിടെ നോക്കിനിൽക്കാൻ അയാൾക്ക് കഴിഞ്ഞില്ല. അയാൾ ആ മുറിയിൽ നിന്നും പിൻവാങ്ങി.

അയാൾ തിരിച്ചുവന്നപ്പോൾ ദേവിയെ മുറിയിൽ കണ്ടില്ല. അയാൾ ഉമ്മറത്തേക്ക് ചെന്നു. അവിടെ കത്തിനിന്ന ട്യൂബ് അവൾ കെടുത്തിയിരിക്കുന്നു.

ആശംസകൾ....

KM FISHERIES
www.kmfisheries.com

**XIII / 2. LIGHT HOUSE JUNCTION**
**AZHIKODE P.O.,**
**KODUNGALLUR, THRISSUR,**
**KERALA, INDIA - 680666**
**PHONE: 0480 2817111.12, Fax: 0480 2817110**
**Mob. 9995805166, 9809475571**

അയാൾ നോക്കുമ്പോൾ ദേവി വരാന്തയിലെ പടിയിൽ തൂണും ചാരിയിരിക്കുകയാണ്. അയാൾക്കത് കണ്ടപ്പോൾ വലിയ വിഷമമായി.

"ദേവി ഇങ്ങനെ പട്ടിണി കിടക്കാതെ. എന്തെങ്കിലും എടുത്ത് കഴിക്കാൻ നോക്ക്." എന്നയാൾ ഉറക്കെ പറഞ്ഞെങ്കിലും അവളത് കേട്ടില്ല.

അന്നുവരെ ഉണ്ടാകാത്ത നിർവ്വചിക്കാനാവാത്ത സ്നേഹം അയാൾക്ക് ഭാര്യയോട് തോന്നി. ജീവിച്ചിരുന്നപ്പോൾ ഭാര്യയ്ക്ക് യാതൊരു പരിഗണനയും താൻ നൽകിയിരുന്നില്ലല്ലോ! ഒരു സിനിമയ്ക്കുപോലും കൊണ്ടുപോയിട്ടില്ല. നല്ല സാരിപോലും അവൾക്ക് വാങ്ങിക്കൊടുത്തിരുന്നില്ല. എന്തിനേറെ അവളുടെ ഒരു കാര്യവും താൻ ശ്രദ്ധിച്ചിരുന്നില്ലെന്ന് വേദനയോട് അയാൾ ഓർത്തു.

ക്ലോക്കിൽ പത്തടിച്ചു. അകത്തെ മുറിയിൽ നളിനിയും കുട്ടിയും ഉറങ്ങിക്കഴിഞ്ഞു.

ഈ സമയത്ത് ഗേറ്റു തുറക്കുന്ന ശബ്ദം ശ്രീധരൻ കേട്ടു. അയാൾ ഇരുട്ടിലേക്ക് നോക്കി.

"ങേ! ഈ രാത്രിയിൽ ആരാണ് ഇവിടേക്ക് ഇനി കയറിവരുന്നത്?"സഹായത്തിന് ആരുമില്ലാത്ത ഒരു സ്ത്രീ താമസിക്കുന്ന വീടാണെന്ന് അറിഞ്ഞ് വല്ല സാമൂഹ്യദ്രോഹികളും?

ശ്രീധരന് ആശങ്കയായി.

ഒരു നിഴൽരൂപം വീടിനു നേർക്ക് നടന്നടുക്കുന്നത് അയാൾ കണ്ടു. ഇരുട്ടു കാരണം അതാരാണെന്ന് അയാൾക്ക് മനസ്സിലായില്ല. ആ രൂപം വരാന്തയിലേക്ക് കയറി. വന്ന വ്യക്തിയെ തിരിച്ചറിഞ്ഞെന്നവണ്ണം ദേവി ഇരുന്നിടത്തുനിന്നും വേഗം എഴുന്നേറ്റു.

"എന്താണ് വരാൻ ഇത്ര താമസിച്ചത്?"ദേവിയുടെ ശബ്ദത്തിൽ പരിഭവം.

"രവിയെ അവന്റെ വീട്ടിൽ വിട്ടിട്ടാണ് വരുന്നത്."

ആ ശബ്ദം ശ്രീധരൻ തിരിച്ചറിഞ്ഞു.

മാധവൻ! അവൻ എന്തിനാണ് തിരിച്ചു വന്നത്?

മാധവന്റെ കൈകളിൽ ദേവി പിടിച്ചിരിക്കുന്നത് ഒരു ഞെട്ടലോടെ ശ്രീധരൻ കണ്ടു. അവർ രണ്ടുപേരും മുറിയിൽ കയറി വാതിലടച്ചു. ശ്രീധരന് എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലായില്ല. പക്ഷേ അരുതാത്തത് എന്തോ സംഭവിക്കാൻ പോകുന്നതുപോലെ ഒരു തോന്നൽ അയാളിൽ ഉണ്ടായി. അങ്ങനെയൊന്നും സംഭവിക്കരുതേ എന്നയാൾക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. ദേവി വഴിവിട്ട് സഞ്ചരിക്കുമെന്ന് അയാൾക്ക് ചിന്തിക്കാൻപോലും ശേഷിയുണ്ടായിരുന്നില്ല. താൻ അവളെ സ്നേഹിച്ചു തുടങ്ങിയിട്ടേയുള്ളൂ. ഭർത്താവുമരിച്ച് ഏഴ് തികയും മുൻപ് മറ്റൊരു പുരുഷനെ അവൾ കിടപ്പറയിലേക്ക് ക്ഷണിക്കുമോ? ഏയ് ഒരിക്കലുമില്ല. ഇത് മറ്റെന്തോ ആവശ്യത്തിന് മാധവൻ വന്നതാണ്.

അങ്ങനെ ആശ്വസിക്കാൻ അയാൾ ശ്രമിച്ചു. അവർക്ക് പുറകെ മുറിയിലേക്ക് ചെല്ലാൻ അയാൾക്ക് തോന്നിയില്ല. അരുതാത്തത് എന്തെങ്കിലും നടന്നാൽ അത് താങ്ങാൻ അയാൾക്ക് ആവുമായിരുന്നില്ല. എങ്കിലും കുറച്ചു സമയം കഴിഞ്ഞപ്പോൾ അയാളുടെ ക്ഷമ നശിച്ചു. എന്താണെന്നറിയാനുള്ള ആകാംക്ഷയാൽ അയാൾ ആ മുറിയിലേക്ക് സാവധാനം പ്രവേശിച്ചു.

ശ്രീധരന് പ്രതീക്ഷ നൽകുന്ന ഒന്നും ആ മുറിയിൽ ഉണ്ടായിരുന്നില്ല. വർഷങ്ങളായി അടക്കിപ്പിടിച്ചിരുന്ന വികാരം അണപൊട്ടി ഒഴുകുന്ന കാഴ്ചയാണ് അയാളെ കാത്തിരുന്നത്. ഒരു സർക്കസ്സുകാരിയുടെ മെയ്വഴക്കത്തോടെ മാധവനിലേക്ക് പടർന്നു കയറുന്ന ദേവിയെയാണ് ശ്രീധരന് കാണാൻ കഴിഞ്ഞത്.

"ഈശ്വരാ എന്താണിത്. ഇവൾ മനുഷ്യസ്ത്രീ തന്നെയാണോ കുറച്ചു മുൻപുവരെ കരഞ്ഞ് നിലവിളിച്ച് ഒരു മൂലയ്ക്കിരുന്ന പെണ്ണാണോ ഇപ്പോൾ."

അയാൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.

"മാധവൻ എത്ര സമർഥമായാണ് എന്നെ വഞ്ചിച്ചത്. ഒരു സഹോദരനെപ്പോലെ ഞാനവനെ സ്നേഹിച്ചു. വീട്ടിൽ സ്വാതന്ത്ര്യം നൽകി. ഒരു മൂത്ത ചേച്ചിയെക്കാൾ ബഹുമാനമായിരുന്നു ദേവികയോട് അവന്. എല്ലാം അഭിനയമായിരുന്നു. ഇത്രയും നാൾ രണ്ടുപേരും തങ്ങളുടെ വേഷം തന്റെ മുൻപിൽ നിറഞ്ഞാടി. കണക്കുകളുടെ കൂമ്പാരത്തിൽ മുഖം പൂഴ്ത്തിയിരുന്ന താനതൊന്നും അറിഞ്ഞതുമില്ല.

കാമകലയിൽ മാധവൻ തന്നേക്കാൾ എത്രയോ മുകളിലാണെന്ന് ശ്രീധരന് മനസ്സിലായി. ഒരു


ആശംസകൾ....

**The Kottayam Co-Operative**
**AGRICULTURAL AND RURAL DEVELOPMENT BANK LTD.**
No. K - 48 Kottayam

Post Box No.198, Kottayam-686 001.
Phone: 2562345, 2302684.
kcardbk48@gmail.com.

*President :*
*Sri. G Gopakumar*
*Mob:9447727555.*

*Secretary :*
*Sri. Sivaji C R*
*Mob.9447132684*

സ്ത്രീയെ ഉപയോഗിക്കുന്നതെങ്ങനെയെന്ന് അപ്പോഴാണ് ശ്രീധരൻ ശരിയായ രീതിയിൽ കണ്ട് മനസ്സിലാക്കുന്നത്. ഒരു നിമിഷം അത് തന്റെ ഭാര്യയും കാമുകനുമാണെന്ന് അയാൾ മറന്നു. ഉജ്ജ്വലമായി മുന്നേറുന്ന ആ രതിക്രീഡ അയാൾ ഒരുനിമിഷം ആസ്വദിച്ചു.

ഈ സമയം മാധവൻ സംസാരിച്ചു.

"ദേവീ, ഇപ്പോഴേ ഈ വീട്ടിൽ വച്ചിങ്ങനെ വേണ്ടായിരുന്നു എന്നാണ് എനിക്കിപ്പോൾ തോന്നുന്നത്."

അയാളുടെ ദേഹത്ത് നിന്നും മാറിക്കൊണ്ട് ദേവിക തിരിഞ്ഞു.

"അതെന്താ."

"അല്ല ചില വിശ്വാസങ്ങൾ ഓർത്തുപോയി."

"എന്തുവിശ്വാസം?"

"ഒരാൾ മരിച്ചു കഴിഞ്ഞാൽ ആത്മാവ് പന്ത്രണ്ട് ദിവസത്തോളം വീടിന്റെ പരിസരത്തു തന്നെ കാണുമെന്നാണ് ശാസ്ത്രം."

"അതുകൊണ്ട്?"

ദേവികയുടെ ശബ്ദം കനത്തു.

"ശ്രീധരന്റെ ആത്മാവ് ഈ കാഴ്ചയെങ്ങാനും കാണുന്നുണ്ടെങ്കിൽ കഷ്ടമല്ലേ ദേവീ"

മാധവൻ ചിരിച്ചു കൊണ്ട് ചോദിച്ചു.

അതിനു മറുപടിയായി അവൾ ശേഷിച്ച തന്റെ വസ്ത്രം കൂടി ഉരിഞ്ഞെറിഞ്ഞിട്ട് അവനിലേക്ക് വീണ്ടും പടർന്നു കയറി.

"കാണട്ടെ. അയാൾ എല്ലാം കാണട്ടെ. ഞാൻ പത്തുവർഷം നരകയാതന അനുഭവിച്ചത് കണ്ടു പഠിക്കട്ടെ ദുഷ്ടൻ"

മറുപടിയായി പൊട്ടിച്ചിരിച്ചുകൊണ്ട് മാധവൻ അവളെ ഇറുകെ പുണർന്നു.

ശ്രീധരന്റെ ആത്മാവ് സാവധാനം പുറത്തേക്ക് ഒഴുകിയിറങ്ങി. അയാൾക്ക് മതിയായിരുന്നു. ഉമ്മറത്തെത്തിയ അയാൾ ചില്ലിട്ടു പൂമാലവച്ച അയാളുടെ ഫോട്ടോയിലേക്ക് നിന്ദയോടെ നോക്കി.

താൻ ആർക്കുവേണ്ടിയാണ് ഇത്രയും നാൾ ജീവിച്ചതെന്ന് അയാൾ സ്വയം ചോദിച്ചു. ആർക്കും വേണ്ടാത്ത ഒരു പാഴ്ജന്മമായി പെടുമരണപ്പെട്ടത് എന്തിനുവേണ്ടി എന്നതിന് ശ്രീധരന് ഉത്തരം കണ്ടെത്താനായില്ല.

ശരീരം ഉപേക്ഷിച്ച ആത്മാവ് അടുത്ത ശരീരം തേടുമെന്ന് ഗീതയിൽ പറഞ്ഞിട്ടുള്ളത് അയാളോർത്തു. ഈ ജന്മം അവസാനിച്ചിരിക്കുന്നു. ശ്രീധരൻ എന്ന ശരീരത്തെ അയാൾ മനസ്സാ ശപിച്ചു. ഇനിയും ഒരു ജന്മമുണ്ടായാൽ സ്ത്രീകളെ കൊതിപ്പിക്കുന്ന കൊഞ്ചിക്കുന്ന ഒരു മാധവനായി ജനിക്കാൻ അയാൾ ആഗ്രഹിച്ചു.

വീടിനു പുറത്ത് എത്തിയ ശ്രീധരന്റെ ആത്മാവിന് ഈ ജന്മ ആഗ്രഹങ്ങൾ ഉപേക്ഷിച്ചതു വഴി മോക്ഷം ലഭിക്കുകയും ആ സൂക്ഷ്മ ശരീരം അന്തരീക്ഷത്തിൽ വിലയം പ്രാപിക്കുകയും ചെയ്തു.


ആശംസകൾ....

# കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 590

**Koratty P.O , Thrissur**
**Kerala**


0480 2732021, 2733492, 2733493,
2734320, 2734325 Mob: 7356606641

**scb590koratty@gmail.com**

**http://www.korattyscb.com**

പ്രസിഡന്റ്
**കെ.പി. തോമസ്**

സെക്രട്ടറി
**എൻ.ജി സുനിൽകുമാർ**




ആശംസകൾ....

## കർഷകയൂണിയൻ സംസ്ഥാന കമ്മിറ്റി



റെജി കുന്നംകോട്
**സംസ്ഥാന പ്രസിഡന്റ്**



ഡാന്റീസ് കൂനാനിക്കൽ
**സംസ്ഥാന ജനറൽ സെക്രട്ടറി**



ജോമോൻ മാമലശ്ശേരിൽ
**സംസ്ഥാന സെക്രട്ടറി**



ജോസ് തോമസ്
**വൈസ് പ്രസിഡന്റ്**



ജോയി നടയിൽ
**ട്രഷറർ**

ആശംസകൾ....

## കരോളിൻ ജെറിഷ് പെരിഞ്ചേരി

### തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലർ



ആശംസകൾ....



**പ്രിയ സുരേഷ്**

**വൈസ് ചെയർപേഴ്സൺ, നെയ്യാറ്റിൻകര നഗരസഭ**

ആശംസകൾ....

# AnnAi

# Nursing Home

## Ayoor



ആശംസകൾ....

# SURAJ POLY SACKS

Perumby Road, Koratty, Nalukettu P.O.
Thrissur Dist. Kerala - 680 308
e-mail : surajpoly@gmail.com

പ്ലാസ്റ്റിക്ക് ചാക്കുകൾ, ടാർപോളിനുകൾ

Mfrs. of: H.D.P.E. Sacks, FabricTarpaulins,
Shade Nets, Furniture, Toys etc...
9961604972,9447829958

*WITH BEST COMPLIMENTS FROM*

METRO SCANS & LABORATORY

Web: http://www.metroscans.in
Email: metroscanstvpm@gmail.com



# METRO SCANS & LABORATORY

**Near Medical College P.O,**
**Trivandrum-11,**
**Tel: 2551050, 2552050, 2554050, 9446440370**

**3 TESLA MRI SCAN FIRST TIME IN SOUTH KERALA**
**An ISO 9001: 2015 Certified Company & NABL Accredited Laboratory**

MRI SCAN (3T, 1.5T)
128 SLICE CARDIAC CT SCAN
DIGITAL X-RAY
DEXA SCAN
IOPA, OPG
3D/4DUSG,COLOR DOPPLER SCAN
ECHO CARDIOGRAM, ECG
TMT, PFT, EEG EMG, NCV, BERA
MAMMOGRAM
COMPLETE LABORATORY



1.5 MLD WATER TREATMENT PLANT, THRISSUR ZOOLOGICAL PARK PUTHUR











75 MLD WATER TREATMENT PLANT , THIRUVANANTHAPURAM








15 MLD WATER TREATMENT PLANT KOTTAPADI,GURUVAYUR

# CHICAGO CONSTRUCTIONS International(P)Ltd

*(An ISO 9001 2015 Certified Company)*

TC 9/1996(4-5) CHITHIRA LANE KOCHAR ROAD SASTHAMANGALAM THIRUVANANTHAPURAM-695010
TEL : 0471-2311906 , 0471-2314787 FAX : 0471-2720793
E-MAIL: chicagoconstructions@gmail.cm

**POINEERS IN THE CONSTRUCTION OF WATER TREATMENT PLANTS WITH INNOVATIVE TECHNOLOGY, OVER HEAD TANKS, PIPE LINE PROJECTS, GROUND LEVEL TANKS ETC.**

PURE AND SAFE DRINKING WATER TO ALL



JOSCO GROUP
ആശംസകളോടെ
100% 916 BIS JEWELLERY
KOTTAYAM: Rajiv Gandhi Complex,
Tel: 0481-2303555, 2302666
| KK Road, Tel: 0481-2564825
JOSCO
JEWELLERS
• Thiruvananthapuram • Nedumangadu • Kollam • Pathanamthitta • Thiruvalla • Kottayam • Thodupuzha • Kochi • Chavakkad • Thrissur • Palakkad • Coimbatore • Bengaluru
Shop Online: www.joscojewellers.in | office@joscogroup.com | /joscojewellers | Toll Free: 1800-12 111 2277